सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്

## 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തേത്

SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

## കേരള സർക്കാർ

2024 വർഷത്തെ റിപ്പോർട്ട് നമ്പർ 5

Presented to the Legislature on 15 October 2024

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്

## 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തേത്

## കേരള സർക്കാർ
## 2024 വർഷത്തെ റിപ്പോർട്ട് നമ്പർ 5

https://cag.gov.in

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| ആമുഖം | | | xi |
| മുഖ്യസാരം | | | xiii |
| അദ്ധ്യായം I: ഉപരിവീക്ഷണം | | | |
| 1.1 | | കേരളത്തിന്റെ രൂപരേഖ | 1 |
| 1.2 | | കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം | 1 |
| | 1.2.1 | മേഖലാ അടിസ്ഥാനത്തിൽ ജിഎസ്ഡിപിയിലേക്കുള്ള സംഭാവനകൾ | 3 |
| 1.3 | | സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും | 5 |
| 1.4 | | സർക്കാർ കണക്കുകളുടെ ഘടനയുടെ ഉപരിവീക്ഷണം | 6 |
| 1.5 | | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു സ്നാപ്പ് ഷോട്ട് | 9 |
| | 1.5.1 | സാമ്പത്തിക സ്ഥിതിയുടെ സ്നാപ്പ് ഷോട്ട് | 9 |
| | 1.5.2 | 2023 മാർച്ച് 31 ലെ ആസ്തികളുടേയും ബാധ്യതകളുടേയും സ്നാപ് ഷോട്ട് | 11 |
| 1.6 | | സാമ്പത്തിക സന്തുലിതാവസ്ഥ: കമ്മിയുടെയും മൊത്തം കടത്തിന്റെയും ലക്ഷ്യങ്ങളുടെ നിറവേറ്റൽ | 12 |
| | 1.6.1 | റവന്യൂക്കമ്മി | 12 |
| | 1.6.2 | ധനക്കമ്മി | 12 |
| | 1.6.3 | പ്രാഥമിക കമ്മി | 13 |
| | 1.6.4 | കമ്മി നികത്തുന്ന രീതി | 14 |
| | 1.6.5 | സാമ്പത്തിക ലക്ഷ്യങ്ങളുടെ കൈവരിക്കൽ | 15 |
| 1.7 | | ഓഡിറ്റ് പരിശോധനയ്ക്കു ശേഷമുള്ള കമ്മിയും മൊത്തം കടവും | 18 |
| | 1.7.1 | ഓഡിറ്റിനു ശേഷമുള്ള വിശകലനം | 18 |
| അദ്ധ്യായം II: സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ | | | |
| 2.1 | | 2021-22 നെ അപേക്ഷിച്ച് മുഖ്യ സാമ്പത്തിക സംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ | 21 |
| 2.2 | | ഫണ്ടുകളുടെ സ്രോതസ്സുകളും പ്രയോഗവും | 23 |
| 2.3 | | സംസ്ഥാനത്തിന്റെ വിഭവങ്ങൾ | 27 |
| | 2.3.1 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം | 28 |
| | 2.3.1.1 | റവന്യൂ വരവുകളുടെ വളർച്ചയും പ്രവണതയും | 29 |
| | 2.3.2 | സംസ്ഥാനത്തിന്റെ തനതുവരുമാനം | 30 |
| | 2.3.2.1 | തനതു നികുതി വരുമാനം | 31 |
| | 2.3.2.2 | സംസ്ഥാന ചരക്കു സേവന നികുതി | 32 |
| | 2.3.3 | വരുമാന കുടിശ്ശികകളുടെ വിശകലനം | 32 |
| | 2.3.3.1 | വരുമാന കുടിശ്ശിക | 32 |

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| | 2.3.3.2 | വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പുകൾ | 33 |
| | 2.3.4 | നികുതിയേതര വരുമാനം | 34 |
| | 2.3.4.1 | സംസ്ഥാന ഭാഗ്യക്കുറി | 36 |
| | 2.3.5 | വിഭവ സമാഹരണത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം | 36 |
| | 2.3.6 | മൂലധന വരവുകൾ (കടം, കടമിതര മൂലധന വരവുകൾ) | 38 |
| | 2.3.7 | കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം | 39 |
| | 2.3.7.1 | ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം | 41 |
| | 2.3.7.2 | സിംഗിൾ നോഡൽ ഏജൻസിയിലേയ്ക്ക് (എസ്എൻഎ) ഫണ്ട് മാറ്റുന്നത് | 42 |
| | 2.3.7.3 | 2022-23 കാലയളവിലേയ്ക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുക | 43 |
| 2.4 | | വിഭവങ്ങളുടെ പ്രയോഗം | 44 |
| | 2.4.1 | ചെലവിന്റെ പ്രവണത | 44 |
| | 2.4.1.1 | ചെലവിന്റെ ഘടകങ്ങളുടെ വളർച്ചയുടെ പ്രവണത | 45 |
| | 2.4.2 | റവന്യൂ ചെലവ് | 47 |
| | 2.4.2.1 | ബാധ്യതപ്പെട്ട ചെലവുകൾ | 50 |
| | 2.4.2.2 | ദേശീയ പെൻഷൻ പദ്ധതി | 53 |
| | 2.4.2.3 | സബ്സിഡികൾ | 54 |
| | 2.4.2.4 | തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും നൽകിയ സാമ്പത്തികസഹായം | 55 |
| | 2.4.2.5 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ ബുക്ക് ചെയ്ത ചെലവിന്റെ വകയിരുത്തൽ | 56 |
| | 2.4.2.6 | സംസ്ഥാന ധനകാര്യകമ്മീഷൻ | 56 |
| | 2.4.3 | മൂലധന ചെലവ് | 57 |
| | 2.4.3.1 | മൂലധനചെലവിലെ പ്രധാന വ്യതിയാനങ്ങൾ | 58 |
| | 2.4.3.2 | മൂലധനചെലവിന്റെ ഗുണനിലവാരം | 58 |
| | 2.4.3.3 | സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | 59 |
| | 2.4.3.4 | ചെലവിന്റെ മുൻഗണനകൾ | 60 |
| | 2.4.3.5 | ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ് | 61 |
| 2.5 | | പൊതു കണക്കുകൾ | 62 |
| | 2.5.1 | പൊതു കണക്കിലെ തനി നീക്കിയിരിപ്പ് | 62 |
| | 2.5.2 | കരുതൽ ഫണ്ടുകൾ | 63 |
| | 2.5.2.1 | സംസ്ഥാന ഡിസാസ്റ്റർ റിസ്ക്ക് മാനേജ്മെന്റ് ഫണ്ട് (എസ്ഡിആർഎംഎഫ്) | 64 |
| | 2.5.2.2 | സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട് | 65 |
| | 2.5.2.3 | ഏകീകൃത ഋണമോചന ഫണ്ട് | 66 |
| | 2.5.3 | ക്യാഷ് ബാലൻസ് മാനേജ്മെന്റ് | 66 |
| 2.6 | | പൊതു ബാധ്യതകളുടെ നിയന്ത്രണം | 68 |
| 2.7 | | സഞ്ചിതനിധിയിലെ ബാധ്യതകൾ | 69 |

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| | 2.7.1 | പൊതുകടത്തിന്റെ പ്രവണത | 71 |
| 2.8 | | സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ | 71 |
| | 2.8.1 | ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ | 72 |
| | 2.8.1.1 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 73 |
| | 2.8.1.2 | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (കെഎസ്എസ് പി എൽ) | 74 |
| | 2.8.2 | ഗ്യാരണ്ടികൾ | 75 |
| | 2.8.2.1 | ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത് | 75 |
| 2.9 | | പൊതുകടത്തിന്റെയും മറ്റു ബാധ്യതകളുടേയും ചെലവ് | 76 |
| 2.10 | | കടമെടുത്ത ഫണ്ടുകളുടെ വിനിയോഗം | 77 |
| 2.11 | | കടം സുസ്ഥിരത വിശകലനം (ഡി.എസ്.എ) | 78 |
| | 2.11.1 | കടത്തിന്റെ സ്ഥായിത്വം–കടം സുസ്ഥിരത സൂചകങ്ങൾ | 78 |
| | 2.11.1.1 | ബാക്കി നിൽക്കുന്ന കടവും ജി.എസ്.ഡി.പിയും തമ്മിലുള്ള അനുപാതം | 80 |
| | 2.11.1.2 | റവന്യൂ വരുമാനവും ബാക്കി നിൽക്കുന്ന ഒബിബി ഉൾപ്പെടെയുള്ള മൊത്തം കടവും തമ്മിലുള്ള അനുപാതം | 81 |
| | 2.11.1.3 | പൊതു കടമെടുപ്പിന്റെ ചെലവും ജിഎസ്ഡിപിയുടെ വളർച്ചയും പ്രാഥമിക ബാലൻസും | 81 |
| | 2.11.1.4 | കടം സ്ഥിരതയോടുള്ള ഡൊമാറിന്റെ സമീപനം | 82 |
| 2.12 | | പൊതുകടത്തിന്റെ കാലാവധിയും തിരിച്ചടവും | 84 |
| 2.13 | | നിഗമനങ്ങൾ | 84 |
| 2.14 | | ശുപാർശകൾ | 85 |
| അദ്ധ്യായം III: ബഡ്ജറ്റ് മാനേജ്മെന്റ് | | | |
| 3.1 | | ബഡ്ജറ്റ് പ്രക്രിയ | 87 |
| 3.2 | | കേരളത്തിലെ ജെൻഡർ ബഡ്ജറ്റിംഗ് | 90 |
| 3.3 | | 2022 - 23 ലെ ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം | 93 |
| | 3.3.1 | സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ | 93 |
| | 3.3.2 | സാമ്പത്തിക വർഷത്തിലെ മൊത്തം ബഡ്ജറ്റ് വകയിരുത്തൽ, യഥാർത്ഥ വിതരണം, മിച്ചം/അധിക ചെലവ് എന്നിവയുടെ സംഗ്രഹം | 94 |
| | 3.3.3 | ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ വിതരണങ്ങൾ | 95 |
| | 3.3.4 | ബഡ്ജറ്റ് മാർക്സ്മാൻഷിപ്പ് | 96 |
| | 3.3.4.1 | അഗ്രഗേറ്റ് ബഡ്ജറ്റ് ഔട്ട്ടേൺ | 96 |
| | 3.3.4.2 | എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ | 97 |
| 3.4 | | ധനവിനിയോഗ കണക്കുകൾ 2022-23 | 97 |
| 3.5 | | ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സമഗ്രതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | 98 |

| | | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|---|
| | 3.5.1 | അധിക ധനാനുമതി വഴി നേരിട്ട ചെലവ് ക്രമപ്പെടുത്താതിരിക്കൽ | 98 |
| | 3.5.2 | സർക്കാർ അക്കൗണ്ടുകളിലെ ചെലവുകളുടെ തെറ്റായ വർഗ്ഗീകരണം | 99 |
| | 3.5.3 | അനാവശ്യ/അമിതമായ സപ്ലിമെന്ററി ഗ്രാന്റുകൾ | 100 |
| | 3.5.4 | പുനർ ധനവിനിയോഗം | 100 |
| | 3.5.4.1 | ഫണ്ടുകളുടെ അനാവശ്യ/അമിതമായ/അപര്യാപ്തമായ പുനർധനവിനിയോഗം | 101 |
| | 3.5.5 | ബഡ്ജറ്റ് വകയിരുത്തലിന് എതിരെ ചെലവഴിക്കാത്ത വിഹിതവും ഭീമമായ മിച്ചവും/സറണ്ടറും | 101 |
| | 3.5.5.1 | വലിയ മിച്ചമുള്ള ഗ്രാന്റുകൾ | 102 |
| | 3.5.5.2 | മിച്ചങ്ങളുടെ സറണ്ടർ | 102 |
| | 3.5.6 | അധിക ചെലവും അതിന്റെ ക്രമപ്പെടുത്തലും | 104 |
| | 3.5.6.1 | 2022-23 സാമ്പത്തിക വർഷവുമായി ബന്ധപ്പെട്ട അധിക ചെലവ് | 104 |
| | 3.5.6.2 | മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവിന്റെ ക്രമ പ്പെടുത്തൽ | 106 |
| 3.6 | | ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സുതാര്യതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | 106 |
| | 3.6.1 | അസ്സൽ ഗ്രാന്റിലെ അനാവശ്യ ടോക്കൺ വകയിരുത്തൽ | 106 |
| 3.7 | | ബഡ്ജറ്റ് അക്കൗണ്ടിംഗ് പ്രക്രിയയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | 108 |
| | 3.7.1 | ബഡ്ജറ്റ് പ്രൊജക്ഷനും പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവും | 108 |
| | 3.7.2 | ബഡ്ജറ്റിൽ നിന്നുള്ള വ്യതിയാനത്തിന് ലഭ്യമല്ലാത്ത/ അപൂർണ്ണമായ വിശദീകരണം | 111 |
| | 3.7.3 | ബഡ്ജറ്റിലെ പ്രധാന നയപ്രഖ്യാപനങ്ങളും അവ നടപ്പാക്കുന്നതിനു വേണ്ടിയുള്ള യഥാർത്ഥ ഫണ്ടിംഗും | 112 |
| | 3.7.4 | ചെലവിന്റെ തിടുക്കം | 113 |
| 3.8 | | തിരഞ്ഞെടുത്ത ഗ്രാന്റിന്റെ അവലോകനം– ബഡ്ജറ്റ് പ്രക്രിയയും ധനവിനിയോഗ നിയന്ത്രണവും സംബന്ധിച്ച അവലോകനം | 116 |
| | 3.8.1 | ഗ്രാന്റ് നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും – അവലോകനം | 116 |
| | 3.8.1.1 | ആമുഖം | 116 |
| | 3.8.1.2 | ബഡ്ജറ്റ് വകയിരുത്തൽ, ചെലവ്, മിച്ചം | 117 |
| | 3.8.1.3 | നിരന്തരമായ മിച്ചം | 118 |
| | 3.8.1.4 | ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നേരിട്ടത് | 119 |
| | 3.8.1.5 | മുഴുവൻ ബഡ്ജറ്റ് വകയിരുത്തലും വിനിയോഗിക്കപ്പെടാതെ കിടന്നു | 121 |

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| | 3.8.1.6 | അനാവശ്യ/അമിതമായ സപ്ളിമെന്ററി ഗ്രാന്റുകൾ | 122 |
| | 3.8.1.7 | ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം | 123 |
| | 3.8.1.8 | വർഗ്ഗീകരണത്തിലെ പിശക് | 124 |
| | 3.8.2 | ഗ്രാന്റ് നമ്പർ XLII – വിനോദ സഞ്ചാരം | 125 |
| | 3.8.2.1 | ആമുഖം | 125 |
| | 3.8.2.2 | ബഡ്ജറ്റ് വിഹിതവും ചെലവും | 125 |
| | 3.8.2.3 | നിരന്തരമായ മിച്ചങ്ങൾ | 126 |
| | 3.8.2.4 | ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നേരിട്ടത് | 127 |
| | 3.8.2.5 | ബഡ്ജറ്റ് വിഹിതം മുഴുവനും വിനിയോഗിക്കപ്പെടാതെ കിടന്നു | 128 |
| | 3.8.2.6 | ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം | 128 |
| | 3.8.3 | ഗ്രാന്റ് നമ്പർ XL – തുറമുഖങ്ങൾ | 130 |
| | 3.8.3.1 | ആമുഖം | 130 |
| | 3.8.3.2 | നിരന്തരമായ മിച്ചം | 131 |
| | 3.8.3.3 | ബഡ്ജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത് | 132 |
| | 3.8.3.4 | മുഴുവൻ ബഡ്ജറ്റ് വിഹിതവും വിനിയോഗിക്കാതിരുന്നത് | 133 |
| | 3.8.3.5 | ഫണ്ടുകളുടെ അനാവശ്യ പുനർധനവിനിയോഗം | 133 |
| 3.9 | | നിഗമനങ്ങൾ | 134 |
| 3.10 | | ശുപാർശകൾ | 135 |
| അദ്ധ്യായം IV: അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും | | | |
| 4.1 | | സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് സംബന്ധിച്ച ബാധ്യത തീർപ്പാക്കാത്തത് | 137 |
| 4.2 | | പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ സംബന്ധമായ ബാധ്യത നിറവേറ്റാത്തത് | 138 |
| 4.3 | | കേന്ദ്ര പദ്ധതി ഫണ്ടുകൾ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകുന്നത് (സംസ്ഥാന ബഡ്ജറ്റിന് പുറമേ നൽകുന്ന ഫണ്ടുകൾ) | 139 |
| 4.4 | | കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് കോമ്പൗണ്ടിംഗ് ഫീ കൈമാറ്റം ചെയ്യാത്തതു സംബന്ധിച്ച് | 139 |
| 4.5 | | ക്രമീകരണം നടത്താത്ത അബ്സ്ട്രാക്ട് കണ്ടിജന്റ് (എസി)/ താൽക്കാലിക മുൻകൂർ ബില്ലുകൾ | 139 |
| 4.6 | | വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലെ കാലതാമസം | 140 |
| 4.7 | | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ | 141 |
| | 4.7.1 | ആമുഖം | 141 |
| | 4.7.2 | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള ഫണ്ടുകളുടെ തിരിച്ചെടുക്കൽ | 142 |
| 4.8 | | പൊതു ശീർഷകങ്ങളിൽ ബന്ധമില്ലാത്ത ചെലവ് ചേർത്തത് | 146 |

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| | 4.8.1 | മൈനർ ഹെഡ് 800– മറ്റ് വരവുകളുടേയും മറ്റ് ചെലവുകളുടെയും വിവേചനരഹിതമായ പ്രവർത്തനം | 146 |
| | 4.8.2 | ഒമ്നിബസ് ഒബ്ജക്ട് ഹെഡ് 34– മറ്റ് ചെലവുകളുടെ പ്രവർത്തനം | 148 |
| 4.9 | | പ്രധാനപ്പെട്ട സസ്പെൻസ്, ഡിഡിആർ ശീർഷകങ്ങൾക്ക് കീഴിലെ ബാക്കി നൽക്കുന്ന തുക | 150 |
| 4.10 | | നീക്കിയിരിപ്പ് പണത്തിന്റെ പൊരുത്തപ്പെടുത്തൽ | 152 |
| 4.11 | | ഡിഡിആർ ശീർഷകങ്ങൾക്കു കീഴിലെ പ്രതിലോമ നീക്കിയിരുപ്പുകൾ | 152 |
| 4.12 | | ഉപദേശം കൂടാതെ പുതിയ സബ് ഹെഡുകൾ /ഡീറ്റെയിൽഡ് അക്കൗണ്ട് ഹെഡുകൾ ആരംഭിക്കുന്നത് | 153 |
| 4.13 | | അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം | 153 |
| 4.14 | | ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ | 155 |
| 4.15 | | സിസിഒ മാരും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) യും തമ്മിൽ വരവുകളുടെയും ചെലവുകളുടെയും പൊരുത്തപ്പെടുത്തൽ | 156 |
| 4.16 | | സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സിന്റെയും/ പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റെയും സമർപ്പണം | 157 |
| 4.17 | | വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യ സംരംഭങ്ങൾ | 158 |
| 4.18 | | ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ | 160 |
| 4.19 | | സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ | 161 |
| 4.20 | | നിഗമനങ്ങൾ | 162 |
| 4.21 | | ശുപാർശകൾ | 162 |
| അദ്ധ്യായം V: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | | | |
| 5.1 | | സർക്കാർ കമ്പനികളുടെ നിർവചനം | 165 |
| 5.2 | | ഓഡിറ്റിന്റെ അധികാരം | 165 |
| 5.3 | | സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയിലേയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവന | 166 |
| 5.4 | | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപവും ബഡ്ജറ്റ് പിന്തുണയും | 167 |
| | 5.4.1 | പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി നിക്ഷേപങ്ങളും വായ്പകളും | 167 |
| | 5.4.2 | പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി മൂലധന നിക്ഷേപത്തിന്റെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ | 168 |
| | 5.4.3 | നിക്ഷേപം പിൻവലിക്കൽ, പുനഃക്രമീകരണം, സ്വകാര്യവൽക്കരണം | 168 |
| | 5.4.4 | ഊർജ്ജ വിതരണ കമ്പനികൾ | 168 |

| ഉള്ളടക്കം | | | പേജ് നമ്പർ |
|---|---|---|---|
| | 5.4.5 | കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകളുമായുള്ള പൊരുത്തപ്പെടുത്തൽ | 169 |
| 5.5 | | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം | 170 |
| | 5.5.1 | പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ ലാഭം | 170 |
| | 5.5.2 | പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന ലാഭവിഹിതം | 171 |
| 5.6 | | കടം തിരിച്ചടവ് | 171 |
| | 5.6.1 | പലിശ കവറേജ് അനുപാതം | 171 |
| 5.7 | | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം | 172 |
| | 5.7.1 | വിനിയോഗിച്ച മൂലധനത്തിന്മേലുള്ള വരവ് | 172 |
| | 5.7.2 | പിഎസ് യുകളുടെ മൂലധനത്തിന്മേലുള്ള വരവ് | 173 |
| 5.8 | | പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം | 174 |
| | 5.8.1 | പിഎസ് യുകൾ നേരിട്ട നഷ്ടം | 174 |
| | 5.8.2 | പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധന നഷ്ടം | 175 |
| 5.9 | | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് | 176 |
| 5.10 | | പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ സിഎജിയാലുള്ള നിയമനം | 176 |
| 5.11 | | പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ സമർപ്പിക്കൽ | 177 |
| | 5.11.1 | സമയബന്ധിതമായി സമർപ്പിക്കേണ്ടതിന്റെ ആവശ്യകത | 177 |
| | 5.11.2 | പൊതുമേഖലാ സ്ഥാപനങ്ങൾ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള സമയപരിധി | 178 |
| 5.12 | | സിഎജിയുടെ മേൽനോട്ടം – കണക്കുകളുടെ ഓഡിറ്റും സപ്ലിമെന്ററി ഓഡിറ്റും | 180 |
| | 5.12.1 | സാമ്പത്തിക റിപ്പോർട്ടിംഗിന്റെ ചട്ടക്കൂട് | 180 |
| | 5.12.2 | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരാൽ സർക്കാർ കമ്പനികളുടെ കണക്കുകളുടെ ഓഡിറ്റ് | 180 |
| | 5.12.3 | സർക്കാർ കമ്പനികളുടെ കണക്കുകളുടെ സപ്ളിമെന്ററി ഓഡിറ്റ് | 180 |
| 5.13 | | സിഎജിയുടെ മേൽനോട്ട ചുമതലയുടെ ഫലം | 181 |
| | 5.13.1 | 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 പ്രകാരമുള്ള സർക്കാർ കമ്പനികളുടെ കണക്കുകളുടെ ഓഡിറ്റ് | 181 |
| | 5.13.2 | ധനകാര്യ പത്രികകളുടെ ഭേദഗതി | 181 |
| | 5.13.3 | ഓഡിറ്റർമാരുടെ റിപ്പോർട്ടിന്റെ പരിഷ്കരണം | 181 |
| 5.14 | | മാനേജ്മെന്റ് കത്തുകൾ | 182 |
| 5.15 | | നിഗമനങ്ങൾ | 182 |
| 5.16 | | ശുപാർശകൾ | 183 |

## അനുബന്ധം


| നമ്പർ | | പേജ് നമ്പർ |
|---|---|---|
| 1.1 | കേരളത്തിന്റെ രൂപരേഖ | 185 |
| 1.2 | കേരള സർക്കാരിന്റെ സാമ്പത്തിക നിലയെപ്പറ്റിയുള്ള കാലാനുക്രമ വിവരം | 186 |
| 1.3 | കേരള സർക്കാരിന്റെ 2023 മാർച്ച് 31 ലെ സംഗ്രഹിത സാമ്പത്തിക സ്ഥിതി | 190 |
| 1.4 | മിതകാല സാമ്പത്തിക പദ്ധതി 2022-23 | 192 |
| 2.1 | 2021-22 നെ അപേക്ഷിച്ച് 2022-23 ലെ മൂലധന ചെലവ് | 194 |
| 2.2 എ | കിഫ്ബി എടുത്ത വായ്പകളുടെ 31 മാർച്ച് 2023 വരെയുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ | 195 |
| 2.2 ബി | 2022-23 കാലയളവിൽ കിഫ്ബി എടുത്ത വായ്പകളുടെ വിശദാംശങ്ങൾ | 195 |
| 2.3 എ | കെ.എസ്.എസ്.പി.എൽ എടുത്ത വായ്പകളുടേയും വായ്പാ കുടിശ്ശികയുടേയും 31 മാർച്ച് 2023 വരെയുള്ള സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ | 196 |
| 2.3 ബി | 2022-23 വർഷത്തിൽ കെ.എസ്.എസ്.പി.എൽ എടുത്ത വായ്പകളുടെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ | 196 |
| 2.4 | ഗ്യാരണ്ടി കമ്മീഷൻ നൽകാൻ പ്രധാനമായും വീഴ്ച വരുത്തിയവർ | 197 |
| 3.1 | 2022-23 കാലയളവിൽ 90-100 ശതമാനം വകയിരുത്തലുള്ള ജെൻഡർ ബഡ്ജറ്റ് പാർട്ട് എ: സ്ത്രീകൾക്കുള്ള പദ്ധതികളിലെ മിച്ചം | 198 |
| 3.2 | സപ്ലിമെന്ററി വിഹിതങ്ങൾ (₹ 50 ലക്ഷത്തിൽ കൂടുതൽ) അനാവശ്യമാണെന്ന് തെളിഞ്ഞ കേസുകളുടെ വിശദാംശങ്ങൾ | 202 |
| 3.3 | സപ്ലിമെന്ററി വകയിരുത്തൽ (ഓരോ കേസിലും ₹ 25 കോടിയോ അതിൽ കൂടുതലോ) അമിതമായിരുന്ന കേസുകളുടെ വിശദാംശങ്ങൾ | 204 |
| 3.4 | ഫണ്ടുകളുടെ അനാവശ്യമായ / അമിതമായ / അപര്യാപ്തമായ പുനർ ധനവിനിയോഗമുള്ള സ്കീമുകൾ | 206 |
| 3.5 | തന്നാണ്ടിൽ ഭീമമായ മിച്ചവും ( ₹ 100 കോടിയിൽ കൂടുതൽ മിച്ചം) സറണ്ടറും ഉള്ള ഗ്രാന്റുകളുടെ പട്ടിക | 210 |
| 3.6 | 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷ കാലയളവിൽ നിരന്തരമായി മിച്ചമുള്ള ഗ്രാന്റുകൾ (ബഡ്ജറ്റ് വകയിരുത്തലിനേക്കാൾ 10 ശതമാനത്തിലധികം) | 213 |
| 3.7 | മുൻ വർഷങ്ങളുമായി ബന്ധപ്പെട്ട ക്രമപ്പെടുത്തൽ ആവശ്യമായ അധിക ചെലവ് | 215 |

| അനുബന്ധം | | |
|---|---|---|
| നമ്പർ | | പേജ് നമ്പർ |
| 3.8 | 2018-19 മുതൽ 2022-23 വരെ ആവർത്തിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിച്ച സ്കീമുകൾ | 218 |
| 3.9 | 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളും അവയുടെ നടപ്പാക്കലും | 224 |
| 3.10 | ₹ ഒരു കോടിക്കും അതിനു മുകളിലും വരുന്ന മൊത്തം ചെലവും 2023 മാർച്ചിൽ നേരിട്ട സബ്ഹെഡുകൾ (പദ്ധതികൾ) (ചെലവ് തുകയുടെ കുറഞ്ഞു വരുന്ന ക്രമത്തിൽ) | 228 |
| 3.11 | ബജറ്റ് വിഹിതം ഇല്ലാതെയുള്ള ചെലവ് | 231 |
| 3.12 | അനാവശ്യമായ / അമിതമായ പുനർ ധനവിനിയോഗം (₹ 50 ലക്ഷമോ അതിലധികമോ ഉള്ള മിച്ചം) | 232 |
| 3.13 | ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത് | 234 |
| 4.1 | കേന്ദ്ര പദ്ധതി ഫണ്ടുകൾ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകിയത് (2022-23 ൽ ₹ 5 കോടിയും അതിലധികവും നൽകിയ പദ്ധതികൾ) | 235 |
| 4.2 | 2023 മാർച്ച് മാസത്തിൽ ഒബ്ജക്റ്റ് ഹെഡ് – 'മറ്റ ചെലവുകൾ' (₹ 10 ലക്ഷത്തിനു മുകളിൽ ) പ്രകാരം ബുക്ക് ചെയ്ത ചെലവിന്റെ വിശദാംശങ്ങൾ | 236 |
| 4.3 | സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രവർത്തനം കാണിക്കുന്ന പ്രസ്താവന | 255 |
| 4.4 | 2022-23 സാമ്പത്തിക വർഷം വരെ അക്കൗണ്ട് കുടിശ്ശികയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ | 261 |
| 4.5 | ദുരുപയോഗം, പണം വെട്ടിപ്പ് തുടങ്ങിയ കേസുകളുടെ വകുപ്പുകൾ തിരിച്ചുള്ള വിഭജനം | 262 |
| 5.1 | ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം നെഗറ്റീവ് അറ്റമൂല്യം ഉള്ള സർക്കാർ കമ്പനികളുടേയും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുടെയും ലിസ്റ്റ് | 264 |

# ആമുഖം

1. ഭരണഘടനയുടെ ആർട്ടിക്കിൾ 151 പ്രകാരം സംസ്ഥാന നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണർക്ക് സമർപ്പിക്കുവാൻ വേണ്ടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും വിവരിക്കുന്ന അദ്ധ്യായം I സർക്കാർ കണക്കുകളുടെ ഘടന, ബഡ്ജറ്റ് പ്രക്രിയ, പ്രധാന സൂചികകളുടെ മാക്രോ – സാമ്പത്തിക വിശകലനം , കമ്മി/മിച്ചം ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എന്നിവയുടെ ഉപരിവീക്ഷണം നൽകുന്നു.

3. 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക കണക്കുകളും ധന വിനിയോഗ കണക്കുകളും പരിശോധിച്ചതിൽ നിന്നും ഉയർന്നു വന്ന കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിന്റെ II, III അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നു. ആവശ്യമുള്ളിടത്ത് കേരള സർക്കാരിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടുണ്ട്.

4. 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സാമ്പത്തിക ചട്ടങ്ങൾ, നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുടെ സംസ്ഥാന സർക്കാരിന്റെ പാലനത്തിന്റെ സ്ഥിതിയും ഉപരിവീക്ഷണവും 'അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും' എന്ന അദ്ധ്യായം IV ൽ നൽകിയിരിക്കുന്നു.

5. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം അദ്ധ്യായം V ൽ അവതരിപ്പിക്കുന്നു.

6. നിയമാനുസൃത കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ കമ്പനികൾ, വിവിധ വകുപ്പുകൾ എന്നിവയിലെ ഇടപാടുകളെ കുറിച്ചുള്ള ഓഡിറ്റിന്റെയും പെർഫോർമൻസ് ഓഡിറ്റിന്റെയും കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും റവന്യൂ വരവുകളുടെ നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും പ്രത്യേകമായി സമർപ്പിക്കുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയവൈരുദ്ധ്യം തോന്നുന്ന പക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# മുഖ്യസാരം

# മുഖ്യസാരം

### *റിപ്പോർട്ടിനെ കുറിച്ച്*

*2022-23 വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ളതാണ് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട്. ഇത് സമ്പദ് വ്യവസ്ഥ, ബഡ്ജറ്റ് മാനേജ്മെന്റും കണക്കുകളുടെ ഗുണനിലവാരവും, സാമ്പത്തിക റിപ്പോർട്ടിംഗ് രീതികൾ, സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിക്കുന്ന മറ്റുകാര്യങ്ങൾ എന്നിവയുടെ ഒരു ഉപരിവീക്ഷണം നൽകുന്നു.*

*മുഖ്യസാരം ഈ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ എടുത്തു കാട്ടുന്നതിനൊപ്പം പ്രധാനപ്പെട്ട കണക്കുകളുടെയും വസ്തുതകളുടെയും സ്നാപ്ഷോട്ടുകൾ മുഖാന്തിരം സാമ്പത്തിക സുസ്ഥിരത, ബഡ്ജറ്റ് ഉദ്ദേശ്യവുമായി തുലനം ചെയ്യുമ്പോൾ യഥാർത്ഥ നിർവ്വഹണം, ചെലവിന്റെയും വരവിന്റെയും പ്രൊജക്ഷനുകൾ, വ്യതിയാനങ്ങളുടെ കാരണവും അവയുടെ ആഘാതവും എന്നിവയെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുകയും ചെയ്യുന്നു.*

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡിപി) (നിലവിലെ വിലയിൽ) 2018-19 ലെ ₹7,88,286 കോടിയിൽ നിന്നും 8.69 ശതമാനം ശരാശരി വളർച്ചാനിരക്കിൽ വർദ്ധിച്ച് 2022-23ൽ ₹ 10,46,188 കോടിയായി. സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വകയിരുത്തൽ 2018-19 ലെ ₹ 1,60,374.90 കോടിയിൽ നിന്നും 11.46 ശതമാനം ശരാശരി വളർച്ചാനിരക്കിൽ വർദ്ധിച്ച് 2022-23 ൽ ₹ 2,47,628.77 കോടിയായി.

2021-22 മായി തുലനം ചെയ്യുമ്പോൾ ജിഎസ്ഡിപി 11.95 ശതമാനം വർദ്ധിച്ചു. റവന്യൂ വരവുകൾ 13.79 ശതമാനം വർദ്ധിക്കുകയും ജിഎസ്ഡിപിയുമായുള്ള റവന്യൂ വരവുകളുടെ ശതമാനം 2021-22ലെ 12.48 ശതമാനത്തിൽ നിന്നും 2022-23ൽ 12.69 ശതമാനമായി നേരിയ തോതിൽ മെച്ചപ്പെടുകയും ചെയ്തു. ഈ കാലയളവിൽ നികുതി വരുമാനം 18.47 ശതമാനവും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 23.36 ശതമാനവും വർദ്ധിച്ചു. കേരളത്തിന്റെ മൊത്തം ചെലവ് (റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പകളും മുൻകൂറുകളും നൽകിയത്) 2021-22ലെ ₹1,63,225.53 കോടിയിൽ നിന്നും 2.75 ശതമാനം കുറഞ്ഞ് ₹1,58,738.42 കോടിയായി. റവന്യൂ ചെലവ് 2021-22 ൽ നിന്നും 2.89 ശതമാനം കുറഞ്ഞു. റവന്യൂ കമ്മി 2021-22 ലെ ₹ 29,539.27 കോടിയിൽ നിന്നും 68.77 ശതമാനം കുറഞ്ഞ് ₹9,226.28 കോടിയായി. ധനക്കമ്മി 2021-22ലെ ₹ 46,045.78 കോടിയിൽ നിന്നും 44.50 ശതമാനം കുറഞ്ഞ് 2022-23ൽ ₹ 25,554.54 കോടിയായി.

### *വരവ്-ചെലവ് കണക്കുകളിലെ പൊരുത്തമില്ലായ്മ*

വരവും ചെലവും തമ്മിലുള്ള നിരന്തരമായ പൊരുത്തമില്ലായ്മ വർദ്ധിക്കുന്ന സാമ്പത്തിക ഞെരുക്കത്തെ സൂചിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം, നികുതിയേതര വരുമാനം, സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിന്റെ കൈമാറ്റം, കേന്ദ്രസർക്കാരിൽ നിന്നുള്ള ധനസഹായവും കൈമാറ്റങ്ങളും, കടമിതര മൂലധന വരവുകൾ എന്നിങ്ങനെ വരുമാനത്തിന്റെ

വിവിധ സ്രോതസ്സുകൾ സംസ്ഥാനത്തിനുണ്ട്. റവന്യൂ ചെലവും മൂലധന ചെലവും (ആസ്തി സൃഷ്ടിക്കൽ, വായ്പകളും മുൻകൂറുകളും, നിക്ഷേപം മുതലായവ) ഉൾപ്പെടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ചെലവ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ വരവുകൾ 10.10 ശതമാനം ശരാശരി വളർച്ചാനിരക്കിൽ ₹92,854.47 കോടിയിൽ നിന്നും ₹1,32,724.65 കോടിയായി വർദ്ധിച്ചു. ഇതേകാലയളവിൽ മൂലധന വരവുകൾ ₹ 24,004.84 കോടിയിൽ നിന്നും ₹ 38,721.39 കോടിയായി വർദ്ധിച്ചു. റവന്യൂ വരവിൽ ധനസഹായത്തിന്റെ വിഹിതം 2018-19ലെ 12.27 ശതമാനത്തിൽ നിന്നും 2022-23ൽ 20.63 ശതമാനമായി വർദ്ധിച്ചത് ഭാരതസർക്കാരിൽ നിന്നുള്ള സഹായത്തിനെ കൂടുതലായി ആശ്രയിക്കുന്നതിനെ സൂചിപ്പിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സി.എസ്.എസ്.) കേന്ദ്ര വിഹിതമായി തന്നാണ്ടിൽ സംസ്ഥാന സർക്കാരിന് ₹4,587.79 കോടി ലഭിച്ചു.

സേവനങ്ങളുടെ നിലവിലെ സ്ഥിതി നിലനിർത്തുന്നതിനും മുൻകാല ബാദ്ധ്യതകൾ വീട്ടുന്നതിനുമാണ് റവന്യൂ ചെലവ് നേരിടുന്നത്. ആയതിനാൽ, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യത്തിന്റെയും സേവന ശൃംഖലയുടെയും വർദ്ധനവിന് ഇത് ഇടയാക്കുന്നില്ല. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ ചെലവ് ₹1,10,316 കോടിയിൽ (ജിഎസ്ഡിപിയുടെ 13.99 ശതമാനം) നിന്നും ₹1,41,950.93 കോടിയായി (ജിഎസ്ഡിപിയുടെ 13.57 ശതമാനം) വർദ്ധിച്ചു. ഇതേകാലയളവിൽ മൊത്തം ചെലവിന്റെ പ്രമുഖമായ പങ്കം (89 മുതൽ 92 ശതമാനം) 7.74 ശതമാനം ശരാശരി വാർഷിക നിരക്കിൽ വളർന്ന റവന്യൂ ചെലവിന്റേതാണ്.

### *പരിധിവിട്ട് ചെലവ് നേരിട്ടതിന്റെ ഫലം*

റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള വിടവ് റവന്യൂ കമ്മിക്ക് ഇട വരുത്തും. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2018-19ലെ ₹17,461.92 കോടിയിൽ നിന്നും (ജിഎസ്ഡിപിയുടെ 2.22 ശതമാനം) തന്നാണ്ടിൽ ₹9,226.28 കോടിയായി (ജിഎസ്ഡിപിയുടെ 0.88 ശതമാനം) കുറഞ്ഞു.

മൂലധന കണക്കിൽ സംസ്ഥാന സർക്കാർ ₹13,996.56 കോടി ചെലവാക്കി. ഇത് 2022-23ലെ മൊത്തം ചെലവിന്റെ 8.82 ശതമാനമാണ്. മൊത്തം കടമെടുപ്പിന്റെ 2.12ശതമാനം മാത്രമാണ് മൂലധന ചെലവ്. കടമെടുത്ത പണം ആസ്തി നിർമ്മാണത്തിനും/ വികസന പ്രവർത്തനങ്ങൾക്കും പകരം സാധാരണയായ ഉപഭോഗത്തിനും കടം തിരിച്ചടയ്ക്കുന്നതിനുമാണ് മുഖ്യമായും വിനിയോഗിച്ചത്.

സംസ്ഥാനത്തിന്റെ മൊത്തം ചെലവും മൊത്തം കടമിതര വരവുകളും തമ്മിലുള്ള വിടവ് ധനക്കമ്മിയ്ക്ക് ഇടയാക്കും. സംസ്ഥാനത്തിന്റെ ധനക്കമ്മി 2018-19ലെ ₹26,958.31 കോടിയിൽ നിന്നും (ജിഎസ്ഡിപിയുടെ 3.42 ശതമാനം) 2022-23 ൽ ₹ 25,554.54 കോടിയായി കുറഞ്ഞു (ജിഎസ്ഡിപിയുടെ 2.44 ശതമാനം).

റവന്യൂ ചെലവിൽ ബാധ്യതപ്പെട്ട ചെലവിന്റെ പങ്കാണ് ഏറ്റവും കൂടുതലായു

ള്ളത്. പലിശകൊടുക്കൽ, ശമ്പളം, വേതനം, പെൻഷൻ ചെലവുകൾ എന്നിവ ഉൾപ്പെടുന്ന ബാധ്യതപ്പെട്ട ചെലവാണ് വിഭവങ്ങളിൽ നിന്നും ആദ്യം നേരിടേണ്ടത്. പലിശ കൊടുക്കൽ, ശമ്പളം, പെൻഷൻ എന്നിവയുടെ ബാധ്യതപ്പെട്ട ചെലവ് 2018-19 (61.89 ശതമാനം) മുതൽ 2022-23 (63.86 ശതമാനം) വരെയുള്ള കാലയളവിൽ റവന്യൂ ചെലവിന്റെ 56 മുതൽ 68 ശതമാനം വരെ ആയിരുന്നു. ബാധ്യതപ്പെട്ട ചെലവ് 2018-19ലെ ₹68,280.52 കോടിയിൽ നിന്നും 7.28 ശതമാനം ശരാശരി നിരക്കിൽ വർദ്ധിച്ച് 2022-23ൽ ₹90,656.05 കോടിയായി {2021-22ലെ (₹95,981.59) കോടിയിൽ നിന്നും 5.55 ശതമാനം കുറഞ്ഞു.}

ബാദ്ധ്യതപ്പെട്ട ചെലവുകൾക്കു പുറമെ മാറ്റിവയ്ക്കുവാൻ പറ്റാത്ത ചെലവുകൾ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ ചെലവിന്റെ 17.24 ശതമാനത്തിൽ നിന്നും 12.66 ശതമാനമായി കുറഞ്ഞു. മാറ്റി വയ്ക്കുവാൻ പറ്റാത്ത ചെലവുകൾ 2021-22ലെ ₹16,549.96 കോടിയിൽ നിന്നും 2022-23ൽ ₹17,975.34 കോടിയായി 8.61 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

ബാദ്ധ്യതപ്പെട്ട ചെലവുകളും മാറ്റി വയ്ക്കാൻ പറ്റാത്ത ചെലവുകളും 2022-23ൽ ₹1,08,631.39 കോടിയാണ്; ഇത് റവന്യൂ ചെലവുകളുടെ 76.53 ശതമാനമാണ്. ബാധ്യതപ്പെട്ട ചെലവുകളുടെയും മാറ്റിവയ്ക്കുവാൻപറ്റാത്ത ചെലവുകളുടെയും റവന്യൂ ചെലവിലുള്ള ഉയർന്ന വിഹിതം മറ്റു മുൻഗണനാ മേഖലകൾക്കും ആസ്തി നിർമ്മാണത്തിനും വേണ്ടി ചെലവ് നേരിടുന്നതിന് സർക്കാരിന് കുറഞ്ഞ ഫ്ലക്സിബിലിറ്റി മാത്രമേ അനുവദിക്കുന്നുള്ളൂ.

### *ബാദ്ധ്യതപ്പെടാത്ത ചെലവുകളുടെ പ്രമുഖഭാഗം സബ്സിഡികൾക്കാണ്*

ബാദ്ധ്യതപ്പെടാത്ത ചെലവുകളിൽ സബ്സിഡികൾ ഒരു ഏറ്റക്കുറച്ചിലുകളുള്ള പ്രവണത കാണിക്കുന്നു. 2018-19ലെ ₹1,663.01 കോടിയിൽ നിന്നും 2022-23ൽ ₹1,847.04 കോടിയായി സബ്സിഡികൾ വർദ്ധിച്ചു. എന്നിരുന്നാലും റവന്യൂ ചെലവുകളുടെ ശതമാനമായി കണക്കാക്കുമ്പോൾ 2018-19 ലെ 1.51 ശതമാനത്തിൽ നിന്നും 2022-23ൽ 1.30 ശതമാനമായി സബ്സിഡികൾ കുറഞ്ഞു.

### *ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ*

പൊതുമേഖലാ സ്ഥാപനങ്ങൾവഴി സംസ്ഥാനം ₹8,058.91 കോടിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് നടത്തി. ഇത് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വരവുവയ്ക്കപ്പെടുന്നില്ലെങ്കിലും സംസ്ഥാനം ഈ കടമെടുപ്പുകൾ ബഡ്ജറ്റ് മുഖാന്തിരം തിരിച്ചടയ്ക്കുന്നു.

### *ഗ്യാരണ്ടികൾ മുഖാന്തിരമുള്ള ആകസ്മിക ബാധ്യതകൾ*

2022-23ൽ സംസ്ഥാന സർക്കാർ ₹ 6,184.94 കോടിയ്ക്ക് ഗ്യാരണ്ടികൾ നൽകി. ഗ്യാരണ്ടികൾ ഒന്നും തന്നെ തന്നാണ്ടിൽ ഇൻവോക് ചെയ്യപ്പെട്ടിട്ടില്ല.

### *സാമ്പത്തിക സുസ്ഥിരത*

മാക്രോ ഫിസ്കൽ ഘടകങ്ങളായ കമ്മികൾ, കടത്തിന്റെയും ബാധ്യതകളുടെയും നിലവാരം, ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ, ഗ്യാരണ്ടികൾ, സബ്സിഡികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സാമ്പത്തിക സുസ്ഥിരത

പരിശോധിക്കപ്പെടുന്നത്. ശമ്പളവും വേതനവും, പെൻഷൻ നൽകൽ പലിശ എന്നിവ ഉൾപ്പെടുന്ന ബാധ്യതപ്പെട്ട ചെലവുകളും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാധ്യത, കരുതൽ നിധിയിലേക്കുള്ള കൈമാറ്റം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള കൈമാറ്റം എന്നിവ ഉൾപ്പെടുന്ന ഒഴിവാക്കാൻ പറ്റാത്ത ചെലവുകളും ആണ് വരവും ചെലവും പൊരുത്തപ്പെടാതിരിക്കുന്നതിനുള്ള പ്രധാന കാരണം.

### *എഫ്ആർബിഎം ആവശ്യകതകളും സാമ്പത്തിക സൂചകങ്ങളുടെ പാലനവും*

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഎസ്ഡിപി) ശതമാനമെന്ന നിലയിൽ റവന്യൂകമ്മി, ധനക്കമ്മി, കടം എന്നിവയുടെ പരിധികൾ എഫ്ആർബിഎം നിയമം/റൂളുകളിൽ വ്യവസ്ഥ ചെയ്യുന്നു. 2022-23 വർഷത്തിൽ 0.80 ശതമാനം റവന്യൂ മിച്ചം എന്ന പരിധിയ്ക്ക് എതിരെ 0.88 ശതമാനം റവന്യൂ കമ്മിയായിരുന്നു. ധനക്കമ്മിയുടെ നാല് ശതമാനം എന്ന പരിധിയ്ക്കെതിരെ യഥാർത്ഥ ധനക്കമ്മി 2.44 ശതമാനമായിരുന്നു. കടത്തിന്റെ 34.50 ശതമാനം എന്ന പരിധിയ്ക്കെതിരെ യഥാർത്ഥ കടം 35.42 ശതമാനമായിരുന്നു.

മാത്രമല്ല, ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ കൂടി കടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയാണെങ്കിൽ, സർക്കാരിന്റെ മൊത്തം ബാധ്യത (പൊതുകടവും പൊതു കണക്കിലെ ബാധ്യതകളും ഉൾപ്പെടെ) ജിഎസ്ഡിപിയുടെ 38.23 ശതമാനമാണ്. സാമ്പത്തിക പ്രവണതകൾ കണക്കിലെടുത്താൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കനത്തതാണ്.

കടത്തിന്റെ സുസ്ഥിരതയുടെ വിശകലനത്തിൽ സംസ്ഥാന സർക്കാരിന്റെ പൊതുകടം 12.10 ശതമാനം ശരാശരി വാർഷിക വളർച്ച 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ കാണിക്കുന്നു. കേരളത്തിന്റെ പൊതുകടം–ജിഎസ്ഡിപി അനുപാതം 2018-19 ലെ 20.07 ശതമാനത്തിൽ നിന്നും 2022-23 ൽ 24.14 ശതമാനമായി വർദ്ധിച്ചു.

2020-21 ഒഴികെയുള്ള 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഡൊമാർ ഗ്യാപ് (ജി–ആർ) പോസിറ്റീവ് ആയിരുന്നു. 2018-19 മുതൽ 2019-20 വരെയുള്ള കോവിഡിനു മുന്നെയുള്ള കാലയളവിൽ ജിഎസ്ഡിപിയുടെ യഥാർത്ഥ വളർച്ചാനിരക്ക് 4.80 ശതമാനമായിരിക്കുകയും ഡൊമാർ ഗ്യാപ് (ജി–ആർ) പോസിറ്റീവ് ആയിരിക്കുകയും ചെയ്തു. എന്നിരുന്നാലും, സംസ്ഥാനത്ത് പ്രാഥമിക കമ്മി ഉണ്ടായിരുന്നു. കോവിഡ്–19 2020-21ലെ ജിഎസ്ഡിപിയുടെ യഥാർത്ഥ വളർച്ചാനിരക്കിനെ പ്രതികൂലമായി ബാധിക്കുകയും തന്നാണ്ടിൽ ഡൊമാർ ഗ്യാപ് നെഗറ്റീവ് ആകുകയും ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ (2021-22, 2022-23) ഡൊമാർ ഗ്യാപ് പോസിറ്റീവ് ആയി മാറി. ഇത് ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ പൊതുകടം സ്ഥിരത കൈവരിച്ചു എന്നും ആയതിനാൽ സുസ്ഥിരമാണെന്നും സൂചിപ്പിക്കുന്നു. കടത്തിന്റെ സ്റ്റോക്ക് അനുസരിച്ച് ഇത് ഭാവിയിൽ കൂടുകയോ കുറയുകയോ ചെയ്യുകയും പൂജ്യത്തിനേക്കാളും അധികമായ ഒരു സ്ഥിരതയുള്ള തലത്തിൽ എത്തുകയും ചെയ്യും. എന്നിരുന്നാലും സംസ്ഥാന സമ്പദ് വ്യവസ്ഥ ദീർഘകാലം യഥാർത്ഥ വളർച്ചാ നിരക്ക് നിലനിർത്തുന്നതിനെ ആശ്രയിച്ചാണ്

പൊതുകടത്തിന്റെ സുസ്ഥിരതയുടെ നിലനിൽപ്പ്.

*മുകളിൽ പറഞ്ഞിരിക്കുന്ന വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സമ്പദ് വ്യവസ്ഥയിലെ ബാദ്ധ്യതകളുടെ (കടം, ഗ്യാരണ്ടികൾ, സബ്സിഡികൾ, ഓഫ് ബഡ്ജറ്റ് കടമെടുക്കൽ മുതലായവ) വർദ്ധിച്ച് വരുന്ന പ്രവണത കടത്തിന്റെ സുസ്ഥിരതയുടെ ലക്ഷ്യത്തിനെ പ്രതികൂലമായി ബാധിക്കുന്നതിനിടയാക്കും.*

### ബഡ്ജറ്റ് നിർവ്വഹണം

### അഗ്രഗേറ്റ് എക്സ്പെൻഡീച്ചർ ഔട്ട്ടേൺ

അധിക ചെലവിന്റെയും മിച്ചത്തിന്റെയും അടിസ്ഥാനത്തിൽ അഗ്രഗേറ്റ് എക്സ്പെൻഡീച്ചർ ഔട്ട്ടേൺ പ്രാരംഭത്തിൽ അംഗീകാരം നൽകിയ തുകയെ എത്രമാത്രം പ്രതിഫലിപ്പിക്കുന്നു എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി ബഡ്ജറ്റ് ഉദ്ദേശ്യത്തിന്റെയും ബഡ്ജറ്റ് നടപ്പാക്കലിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് നിർവ്വഹണത്തെ പരിശോധിക്കുന്നു. മൂലധന വിഭാഗത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി തുലനം ചെയ്യുമ്പോൾ ഔട്ട്ടേണിലെ വ്യതിയാനം (-) 26.16 ശതമാനമാണ്. ഇത് ഏഴ് ഗ്രാന്റുകളിലെ ±25 ശതമാനം വരെയും, 12 ഗ്രാന്റുകളിലെ ± 25 ശതമാനത്തിനും ± 50 ശതമാനത്തിനുമിടയിലും, ആറു ഗ്രാന്റുകളിലെ ± 50 ശതമാനത്തിനും ± 75 ശതമാനത്തിനുമിടയിലും, മൂന്നു ഗ്രാന്റുകളിലെ ± 75 ശതമാനത്തിനും ± 100 ശതമാനത്തിനുമിടയിലും, രണ്ട് ഗ്രാന്റിലെ ± 100 ശതമാനത്തിലധികവുമായിട്ടുള്ള വ്യതിയാനങ്ങൾ മൂലമാണ് ഉണ്ടായത്.

### എക്സ്പെൻഡിച്ചർ കോമ്പസിഷൻ ഔട്ട്ടേൺ

നിർവ്വഹണത്തിനിടയിൽ പ്രമുഖമായ ബഡ്ജറ്റ് വിഭാഗങ്ങൾക്കിടയിലെ പുനർവകയിരുത്തൽ ചെലവിന്റെ ഘടനയിലെ വ്യതിയാനത്തിനെ എത്രത്തോളം സഹായിച്ചു എന്നതും ബഡ്ജറ്റ് നിർവ്വഹണത്തിൽ പരിശോധിക്കുന്നതാണ്. അന്തിമ ബഡ്ജറ്റിന്റെയും യഥാർത്ഥ ചെലവിന്റെയും വ്യതിയാനത്തിന്റെ തോതിനെ ഈ നടപടി സൂചിപ്പിക്കുന്നു. റവന്യൂ വിഭാഗത്തിൽ പുതുക്കിയ എസ്റ്റിമേറ്റുമായി തുലനം ചെയ്യുമ്പോൾ ഔട്ട്ടേണിലെ വ്യതിയാനം (-) 0.29 ശതമാനമാണ്. ഇത് 41 ഗ്രാന്റുകളിലെ ± 25 ശതമാനംവരെയും, നാല് ഗ്രാന്റുകളിലെ ± 25 ശതമാനത്തിനും ± 50 ശതമാനത്തിനും ഇടയിലുള്ള വ്യതിയാനങ്ങൾ കാരണമാണ് ഉണ്ടായത്. മൂലധനവിഭാഗത്തിൽ പുതുക്കിയ എസ്റ്റിമേറ്റുമായി തുലനം ചെയ്യുമ്പോൾ ഔട്ട്ടേണിലെ വ്യതിയാനം (-) 0.58 ശതമാനമാണ്. ഇത് 15 ഗ്രാന്റുകളിലെ ± 25 ശതമാനം വരെയും ഒൻപതു ഗ്രാന്റുകളിലെ ± 25 ശതമാനത്തിനും ± 50 ശതമാനത്തിനും ഇടയിലും ആറു ഗ്രാന്റുകളിലെ ± 50 ശതമാനത്തിനും ± 75 ശതമാനത്തിനും ഇടയിലുമുള്ള വ്യതിയാനങ്ങൾ മൂലമാണ്. മൂലധനവിഭാഗത്തിലെ 16 ഗ്രാന്റുകളിലും ഒരു ധനവിനിയോഗത്തിലും വകയിരുത്തൽ ഒന്നും നടത്തിയിരുന്നില്ല.

അസൽ ബഡ്ജറ്റ് വകയിരുത്തലിനൊപ്പം ചെലവ് വരാത്തതിനാൽ 16 കേസുകളിലായി (ഓരോ കേസിലും ₹50 ലക്ഷത്തിൽ അധികം ഉള്ളത്) 2022-23ൽ നൽകിയ ₹719.80 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ അനാവശ്യമായിരുന്നുവെന്ന് തെളിഞ്ഞു.

*യഥാർത്ഥ ചെലവും അന്തിമബഡ്ജറ്റും തമ്മിലുള്ള വ്യതിയാനം 18.07 ശതമാനമാണെങ്കിലും രണ്ട് ഗ്രാന്റുകളിൽ 30 ശതമാനത്തിനും അമ്പതു ശതമാനത്തിനുമിടയിൽ വ്യതിയാനങ്ങൾ ഉണ്ടായിരുന്നതായി മൊത്തത്തിലുള്ള ബജറ്റിന്റെ വിശ്വാസ്യത തിട്ടപ്പെടുത്തൽ നടപടി സൂചിപ്പിക്കുന്നു. ഇതുകൂടാതെ അസൽ ഗ്രാന്റിന്റെ അത്രയും ചെലവു വരാത്ത നിരവധി കേസുകളിൽ സപ്ലിമെന്ററി ഗ്രാന്റുകളും ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇത്തരം വ്യതിയാനങ്ങൾ നേരിടുന്നതിന് വിശ്വാസ്യത ഉള്ള ഒരു ബജറ്റ് സമ്പ്രദായം ആവശ്യമാണ്.*

### കണക്കുകളുടെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗും

നിർവഹണത്തിലെ വിടവ്, വ്യവസ്ഥിതി ദൗർബല്യങ്ങൾ, എന്നിവയെ സംബന്ധിക്കുന്ന വിഷയങ്ങൾ, ഇടപാടുകൾ, സംഭവങ്ങൾ, യഥാർത്ഥ ചെലവിനെ സാക്ഷ്യപ്പെടുത്തുന്ന അഡ്ജസ്റ്റ്മെന്റ് രേഖകളോ അക്കൗണ്ടിംഗ് രേഖകളോ ലഭിക്കുന്നതിലെ കാലതാമസത്തിനെ സംബന്ധിക്കുന്ന വിഷയങ്ങൾ എന്നിവയെ കണക്കുകളുടെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗും എന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. ഗവൺമെന്റ് അക്കൗണ്ടുകൾക്കുപുറത്ത് ഫണ്ടുകൾ പാർക്ക് ചെയ്യുക, ബാധ്യതകൾ നിറവേറ്റാതിരിക്കുകയോ ഭാഗികമായി നിറവേറ്റുകയോ ചെയ്യുക, ഇടപാടുകളുടെ തെറ്റായ വർഗ്ഗീകരണം, ഡേറ്റാ ഗ്യാപ്പുകൾ തുടങ്ങിയ അക്കൗണ്ടുകളെയും സാമ്പത്തിക റിപ്പോർട്ടിംഗിനേയും സംബന്ധിക്കുന്ന വിഷയങ്ങളും ഇതിൽ പ്രതിഫലിപ്പിക്കുന്നു.

### ഗ്രാന്റുകൾ/ ധനവിനിയോഗങ്ങൾക്കുപരിയായുള്ള അധിക ചെലവിന്റെ ക്രമപ്പെടുത്തൽ

ഭരണഘടനയുടെ 204, 205 (1) (ബി) എന്നീ അനുഛേദങ്ങൾ പ്രകാരം ഗ്രാന്റുകൾ/ധന വിനിയോഗങ്ങൾക്കുപരിയായുള്ള അധിക ചെലവുകളുടെ സംസ്ഥാന നിയമസഭയുടെ ക്രമപ്പെടുത്തൽ സംസ്ഥാന സർക്കാർ നേടേണ്ടതുണ്ട്. 2022-23ൽ മൂന്നു ധന വിനിയോഗങ്ങളിൽ ക്രമപ്പെടുത്തൽ ആവശ്യമായ ₹2.23 കോടിയുടെ അധിക ചെലവുണ്ടായതായി നിരീക്ഷിച്ചു. മാത്രവുമല്ല, 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ ₹10,546.40 കോടിയുടെ അധിക ചെലവ് ഇനിയും ക്രമപ്പെടുത്തിയിട്ടില്ല.

### കണക്കുകളിലെ തെറ്റായ വർഗ്ഗീകരണം

2022-23ൽ നാലുപദ്ധതികളിൽ മൂലധന ചെലവിന്റെ സ്വഭാവമുണ്ടായിട്ടും മൂലധന ചെലവായ ₹12.35 കോടി റവന്യൂ ചെലവായി തെറ്റായി വർഗീകരിച്ചു.

### ഐജിഎഎസ് മാനദണ്ഡങ്ങളുടെ പാലനം

ഇന്ത്യൻ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്സ് (ഐജിഎഎസ്) ആവശ്യകതകളായ, ഐജിഎഎസ്-1: സർക്കാർ നൽകിയ ഗ്യാരണ്ടികൾ– വെളിപ്പെടുത്തൽ ആവശ്യകതകളുടെ മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ പാലിച്ചു. എന്നിരുന്നാലും ഐജിഎഎസ്-2: ധനസഹായത്തിന്റെ അക്കൗണ്ടിംഗും വർഗീകരണവും, ഐജിഎ.എസ്-3: വായ്പകളും മുൻകൂറുകളും എന്നിവയുടെ മാനദണ്ഡങ്ങൾ സർക്കാർ ഭാഗികമായി മാത്രമേ പാലിക്കുകയുണ്ടായുള്ളൂ.

### ട്രഷറി സേവിംഗ്സ് ബാങ്ക് (റ്റിഎസ്ബി) അക്കൗണ്ടുകളുടെ പ്രവർത്തനം

സഞ്ചിത നിധിയിൽനിന്നും ഫണ്ടുകൾ കൈമാറ്റം ചെയ്ത് പദ്ധതികൾ നടപ്പിലാക്കുവാൻ പിഡി അക്കൗണ്ടുകളുടെ സമ്പ്രദായം കേരള സർക്കാർ നടപ്പിൽ വരുത്തിയിട്ടില്ല. കേരള ട്രഷറികോഡ് റൂൾ 37 പ്രകാരം സംസ്ഥാന ട്രഷറികളിൽ കൈകാര്യം ചെയ്യുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് ഈ ആവശ്യകത നിറവേറ്റുന്നത്. 2023 മാർച്ച് 31ന് റ്റി.എസ്.ബി. അക്കൗണ്ടുകളിൽ 8031-00-102-99 എന്ന അക്കൗണ്ട് ശീർഷകത്തിൽ ₹833.56 കോടി ഉണ്ട്. ട്രഷറികളിൽ ടേം ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ടുകളിലായി 2023 മാർച്ച് 31ന് ₹73,900.05 കോടി '8031-00-102-98' എന്ന അക്കൗണ്ട് ശീർഷകത്തിൽ കിടപ്പുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ റ്റി.എസ്.ബി. അക്കൗണ്ടുകളിൽ പാർക്ക് ചെയ്തിരുന്ന ₹6,859.18 കോടി സംസ്ഥാന സർക്കാർ 2023 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്തു. തിരിച്ചെടുത്ത ₹6,859.18 കോടിയിൽ ₹6243.94 കോടിയും '2075-00-911-94 അധികമായി നൽകിയ തുകയുടെ കിഴിവ്– നിർജ്ജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ തിരിച്ചു നൽകൽ' എന്ന പൊതു ശീർഷകത്തിലേക്കാണ് തന്നാണ്ടിൽ തിരിച്ചെടുത്തത്.

കേരള സാമൂഹിക സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ (കെഎസ്എസ്പിഎൽ) എസ്റ്റിഎസ്ബി അക്കൗണ്ടിൽ നിന്നും ₹1,116.87 കോടി തിരിച്ചെടുക്കുകയും 2075-00-911-94 എന്ന ശീർഷകത്തിലേക്ക് തിരിച്ചെഴുതുകയും (ഡിഡക്ട് ഡെബിറ്റ്) ചെയ്തു. കെഎസ്എസ്പിഎൽ സ്വരൂപിച്ച ഫണ്ടുകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്ത നടപടി ക്രമരഹിതമാണ്. വർഷത്തിലെ അവസാന ദിവസം നടത്തിയ ഇത്തരം തിരിച്ചെടുക്കൽ വഴി സംസ്ഥാന സർക്കാർ റവന്യൂ കമ്മിയും ധനക്കമ്മിയും അത്രതന്നെ താഴ്ത്തി കാണിക്കുകയും ചെയ്തു.

### സിംഗിൾ നോഡൽ ഏജൻസിയിലേക്ക് ഫണ്ട് മാറ്റുന്നത്

ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും (സിഎസ്എസ്) നിർവ്വഹണത്തിനും ഫണ്ട് നൽകുന്നതിനുംവേണ്ടി ഭാരതസർക്കാരും, സംസ്ഥാന സർക്കാരും സിംഗിൾ നോഡൽ ഏജൻസി (എസ്എൻഎ) സമ്പ്രദായം നടപ്പിലാക്കി. ഭാരതസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം സർക്കാർ കണക്കുകളുടെ പുറത്തുള്ള എസ്എൻഎയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നു. പി.എഫ്.എം.എസ്. പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ₹8,349.22 കോടി (ഭാരതസർക്കാർ വിഹിതമായി ₹4,031.43 കോടിയും സംസ്ഥാന സർക്കാർ വിഹിതമായി ₹4,317.79 കോടിയും)എസ്എൻഎകൾക്ക് 31 മാർച്ച് 2023 വരെ കൈമാറ്റം ചെയ്തു. 2023 മാർച്ച് 31ന് എസ്എൻഎകളുടെ ബാങ്ക് അക്കൗണ്ടുകളിൽ ₹3,407.28 കോടി ചെലവഴിയ്ക്കാതെ കിടക്കുന്നുണ്ട്.

### *കണ്ടീഷണൽ ഗ്രാന്റുകൾക്കെതിരെയുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ*

ഗ്രാന്റുകൾക്കെതിരെ നിശ്ചിതകാലയളവിനുള്ളിൽ വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെങ്കിലും 2023 മാർച്ച് 31ന് ₹89.44 കോടിയുടെ 126 വിനിയോഗ സാക്ഷ്യപത്രങ്ങൾ കുടിശ്ശികയിലാണ്.

### *അഡ്വാൻസ് കണ്ടിജന്റ് ബില്ലുകൾ*

2023 മാർച്ച് 31ന് ₹1,951.09 കോടിയുള്ള 24,867 അഡ്വാൻസ് കണ്ടിജന്റ് ബില്ലുകൾ/താൽക്കാലിക മുൻകൂർ ബില്ലുകൾ ക്രമീകരണം നടത്തുവാൻ കുടിശ്ശികയിലാണ്.

### *സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം*

2023 മാർച്ച് 31ന് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിഎജി) ഓഡിറ്റ് അധികാരപരിധിയ്ക്കുള്ളിൽ നാല് നിയമാനുസൃത കോർപറേഷനുകളും 130 സർക്കാർ കമ്പനികളും (9 പ്രവർത്തന രഹിതമായ സർക്കാർ കമ്പനികൾ ഉൾപ്പെടെ) 15 സർക്കാർ നിയന്ത്രിത മറ്റു കമ്പനികളും ഉൾപ്പെടെ 149 പൊതുമേഖലാ സ്ഥാപനങ്ങൾ (പിഎസ്‌യു കൾ) കേരളത്തിൽ ഉണ്ട്. സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുവാൻ നിഷ്കർഷിക്കുന്ന സമയക്രമം 115 പിഎസ് യുകൾ പാലിച്ചിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇവയുടെ 270 അക്കൗണ്ടുകൾ കുടിശ്ശികയിലാണ്. പ്രവർത്തനക്ഷമമായ 58 പിഎസ്‌യുകൾ നേടിയ ₹1,368.72 കോടിയുടെ മൊത്തം ലാഭത്തിൽ 61.50 ശതമാനവും രണ്ട് പിഎസ് യുകൾ ആണ് നേടിയത്. 66 പ്രവർത്തനക്ഷമമായ പിഎസ് യുകൾ നേരിട്ട ₹1,873.89 കോടിയുടെ മൊത്തം നഷ്ടത്തിൽ ₹1,113.99 കോടിയുടെ നഷ്ടവും നേരിട്ടത് രണ്ട് പിഎസ് യുകൾ ആണ്. പിഎസ്‌യുകളുടെ സിഎജിയുടെ സപ്ലിമെന്ററി ഓഡിറ്റിന്റെ ഫലമായി സാമ്പത്തിക പത്രികകളിൽ വരുത്തിയ ഭേദഗതികളുടെ സാമ്പത്തിക സ്വാധീനം ലാഭക്ഷമതയിൽ ₹35.17 കോടിയും ആസ്തികളും ബാധ്യതകളിലും ₹35.72 കോടിയുമാണ്.

*സാമ്പത്തിക സ്റ്റേറ്റുമെന്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നത് ഉറപ്പു വരുത്തുവാൻ പിഎസ് യുകളുടെ മാനേജ്മെന്റിൽ സർക്കാർ സ്വാധീനം ചെലുത്തണം. അന്തിമ അക്കൗണ്ടുകളുടെ അഭാവത്തിൽ, അത്തരം പിഎസ്‌യുകളിലെ സർക്കാരിന്റെ മുതൽമുടക്ക് സംസ്ഥാന നിയമസഭയുടെ മേൽനോട്ടത്തിനു വെളിയിലായിരിക്കും. നഷ്ടം നേരിടുന്ന പിഎസ്‌യുകളുടെ നഷ്ടത്തിന്റെ കാരണങ്ങൾ സർക്കാർ വിശകലനം ചെയ്യേണ്ടതും അവയുടെ പ്രവർത്തനം കാര്യക്ഷമവും ലാഭകരവും ആക്കുന്നതിനുള്ള നടപടികൾ തുടങ്ങേണ്ടതുമാണ്.*

# അദ്ധ്യായം I

# ഉപരിവീക്ഷണം

# അദ്ധ്യായം I
# ഉപരിവീക്ഷണം

## 1.1 കേരളത്തിന്റെ രൂപരേഖ

രാജ്യത്തിന്റെ തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന കേരള സംസ്ഥാനം തമിഴ്നാടും കർണാടകവുമായി അതിർത്തി പങ്കുവയ്ക്കുന്നു. 38,863 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള കേരളം രാജ്യത്തെ ഭൂവിസ്തീർണത്തിന്റെ കാര്യത്തിൽ 22–ാം സ്ഥാനത്താണ്. 3.58 കോടി ജനസംഖ്യയുള്ള സംസ്ഥാനം (രാജ്യത്ത് 14–ാമത്) ചതുരശ്ര കിലോമീറ്ററിന് 921 ആളുകളെന്നുള്ള ജനസാന്ദ്രതാനിരക്കോടെ ജനസാന്ദ്രതയിൽ ഏഴാംസ്ഥാനത്താണ്. ദശാബ്ദത്തിലെ ജനസംഖ്യാവളർച്ചാ നിരക്കായ 5.61 ശതമാനം ഇന്ത്യൻ സംസ്ഥാനങ്ങളിലെ രണ്ടാമത്തെ കുറഞ്ഞ നിരക്കാണ്. സംസ്ഥാനത്തിന്റെ സാക്ഷരതാ നിരക്ക് (94 ശതമാനം) ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതാണ്. സംസ്ഥാനത്തെ സംബന്ധിച്ച പൊതുവായ വിവരങ്ങൾ **അനുബന്ധം 1.1**ൽ നൽകിയിരിക്കുന്നു.

## 1.2 കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം

ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും മൂല്യമാണ് മൊത്തം ആഭ്യന്തര ഉൽപാദനം (ജിഡിപി). സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം (ജിഎസ്ഡിപി) എന്നത് സംസ്ഥാനത്തിനുള്ളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും മൂല്യമാണ്.

ഒരു നിശ്ചിത കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന നിലവാരത്തിലുണ്ടാകുന്ന മാറ്റങ്ങളുടെ അളവ് സൂചിപ്പിക്കുന്നതിനാൽ ജിഎസ്ഡിപിയുടെ വളർച്ച സംസ്ഥാന സമ്പദ്ഘടനയുടെ ഒരു പ്രധാനപ്പെട്ട സൂചകമാണ്. ജിഎസ്ഡിപി 2021-22ലെ ₹ 9,34,542 കോടിയിൽ നിന്നും 2022-23ൽ ₹10,46,188 കോടിയായി 11.95 ശതമാനം വർദ്ധനവ് കാണിച്ചുവെങ്കിലും ജിഡിപി വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കുറവായിരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ജിഡിപിയുടേയും ജിഎസ്ഡിപിയുടേയും വളർച്ചാനിരക്കുകൾ **പട്ടിക 1.1.**ൽ കാണിച്ചിരിക്കുന്നു

**പട്ടിക 1.1 : ജിഡിപിയുമായി താരതമ്യം ചെയ്യുമ്പോൾ ജിഎസ്ഡിപിയിലെ പ്രവണതകൾ (നിലവിലെ വിലയിൽ)**

| ക്രമ നമ്പർ | വർഷം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| ഇന്ത്യ | | | | | | |
| 1 | ജിഡിപി (₹ കോടിയിൽ) (2011-12 സീരീസ്) | 1,88,99,668 | 2,01,03,593 | 1,98,29,927 | 2,34,71,012 | 2,72,40,712 |

| ക്രമ നമ്പർ | വർഷം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 2 | ജിവിഎ (₹ കോടിയിൽ) | 1,71,75,128 | 1,83,81,117 | 1,81,88,780 | 2,14,38,883 | 2,47,42,871 |
| 3 | മുൻവർഷത്തെ അപേക്ഷിച്ച് ജിഡിപി യുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 10.59 | 6.37 | (-)1.36 | 18.36 | 16.06 |
| 4 | മുൻവർഷത്തെ അപേക്ഷിച്ച് ജിവിഎയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 10.77 | 7.02 | (-) 1.05 | 17.87 | 15.41 |
| 5 | പ്രതിശീർഷ ജിഡിപി (₹ യിൽ) | 1,42,424 | 1,49,915 | 1,46,301 | 1,71,498 | 1,96,983 |
| **കേരളം**[1] | | | | | | |
| 6 | ജിഎസ്‌ഡിപി (₹ കോടിയിൽ) (2011-12 സീരീസ്) | 7,88,286 | 8,12,935 | 7,71,724 | 9,34,542 | 10,46,188 |
| 7 | ജിഎസ്‌വിഎ (₹ കോടിയിൽ) | 6,96,182 | 7,30,193 | 6,85,793 | 8,30,233 | 9,25,184 |
| 8 | മുൻവർഷത്തെ അപേക്ഷിച്ച് ജിഎസ്‌ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 12.36 | 3.13 | (-) 5.07 | 21.10 | 11.95 |
| 9 | മുൻവർഷത്തെ അപേക്ഷിച്ച് ജിഎസ്‌വിഎയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 9.66 | 4.89 | (-) 6.08 | 21.06 | 11.44 |
| 10 | പ്രതിശീർഷ ജിഎസ്‌ഡിപി (₹ യിൽ) | 2,27,397 | 2,33,338 | 2,20,400 | 2,65,560 | 2,95,787 |

*ഉറവിടം : ഇക്കണോമിക് അഡ്വൈസറും കേരളത്തിലെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്‌സ് ഡയറക്ടറേറ്റും നൽകിയ വിവരങ്ങൾ*

ദേശീയ ജിഡിപിയിലേക്കുള്ള സംഭാവനയിൽ കേരളം മൊത്തം സംസ്ഥാനങ്ങളിൽ 11–ാം സ്ഥാനത്താണ്. 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷകാലയളവിൽ 2021-22 ൽ ഒഴികെ ജിഎസ്‌ഡിപിയുടെ വളർച്ചാനിരക്ക് കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ജിഎസ്‌ഡിപിയുടെ 2021-22 ലെ ഗണ്യമായ വർദ്ധനവിനുകാരണം കോവിഡ് 19 മഹാമാരിമൂലം മുൻവർഷത്തിലെ ജിഎസ്‌ഡിപിയിലുണ്ടായ വീഴ്ചയാണ് (നെഗറ്റീവ് വളർച്ച).

2022-23ലെ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്‌ഡിപി ₹2,95,787 ആയിരുന്നപ്പോൾ രാജ്യത്തിന്റെ പ്രതിശീർഷ ജിഡിപി ₹1,96,983 ആയിരുന്നു. ഇത് സംസ്ഥാന പ്രതിശീർഷ ജിഎസ്‌ഡിപിയെക്കാൾ 33.40 ശതമാനം കുറവാണ്.

നികുതികളുടെയും സബ്സിഡികളുടെയും സ്വാധീനത്തെ അവഗണിക്കുന്നതിനാൽ ജിഡിപിയുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രോസ് വാല്യു ആഡഡ് (ജിവിഎ) സാമ്പത്തിക വളർച്ചയുടെ ഒരു മെച്ചപ്പെട്ട സൂചകമായി കണക്കാക്കപ്പെടുന്നു. ആയതിനാൽ ഭാരത സർക്കാരും ഐഎംഎഫ്, ലോകബാങ്ക് തുടങ്ങിയ അന്തർദേശീയ ഏജൻസികളും സാമ്പത്തിക വിശകലനത്തിനായി ജിവിഎ ഉപയോഗിക്കുന്നു. സമ്പദ് വ്യവസ്ഥയിലെ ഡിമാന്റിന്റെ നില

1 കേരള സർക്കാർ ഡയറക്ടറേറ്റ് ഓഫ് ഇകണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും കിട്ടിയത്

വാരത്തെ പ്രധാനമായും പ്രതിഫലിപ്പിച്ചുകൊണ്ട് സ്വകാര്യ ഉപഭോഗത്തിനു വേണ്ടിയുള്ള ചെലവുകളും, സർക്കാരിന്റെ ഉപഭോഗത്തിനുള്ള ചെലവുകളും, മൊത്തത്തിലുള്ള മൂലധന രൂപീകരണത്തിനും മുതൽ മുടക്കിനുമുള്ള ചെലവുകളും ഉൾപ്പെടുന്ന സമ്പദ് ഘടനയിലെ വിവിധ ചെലവുകളുടെ ആകെ തുകയെ ജിഡിപിയായി കണക്കാക്കാം. രണ്ടു രീതികളിലും തനി നികുതികളെ കണക്കിലെടുക്കുന്നത് വ്യത്യസ്ത രീതിയിൽ ആയതിനാൽ ജിഡിപിയിൽ നികുതികളെ ഉൾപ്പെടുത്തുന്നത് യഥാർത്ഥ ഔട്ട്പുട്ട് സാഹചര്യവുമായി വ്യത്യസ്തത വരുത്തുന്നതിന് ഇടയാക്കും. അതിനാൽ നയരൂപീകരണം നടത്തുന്നയാളിന്റെ വീക്ഷണകോണിൽ നിന്നും നോക്കുമ്പോൾ മികച്ച വിശകലനത്തിനും നയപരമായ ഇടപെടലുകൾക്കും വേണ്ടി ജിവിഎയുടേയും ജിഎസ്‌വിഎയുടേയും താരതമ്യം പ്രധാനമാണ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ജിഎസ്ഡിപിയുടേയും ജിഎസ് വിഎ യുടെയും പ്രവണത ചുവടെയുള്ള **ചാർട്ട് 1.1.** ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.1 : ജിഎസ്ഡിപിയുടേയും ജിഎസ്‌വിഎയുടേയും വളർച്ചാനിരക്കിന്റെ താരതമ്യം (2018-19 മുതൽ 2022-23 വരെ)**




*ഉറവിടം : ഇക്കണോമിക് അഡ്വൈസറും കേരളത്തിലെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റും നൽകിയ വിവരങ്ങൾ*

### 1.2.1 മേഖലാ അടിസ്ഥാനത്തിൽ ജിഎസ്ഡിപിയിലേക്കുള്ള സംഭാവനകൾ

സാമ്പത്തിക പ്രവർത്തനങ്ങളെ സാധാരണയായി കൃഷി, ഖനനം, വനവിഭവങ്ങൾ, മത്സ്യബന്ധനം തുടങ്ങിയവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയും ഉൽപാദനം, നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുന്ന ദ്വിതീയമേഖലയും, സേവനങ്ങൾ ഉൾപ്പെട്ട തൃതീയ മേഖലയുമായി തരംതിരിച്ചിരിക്കുന്നു.

2018-19 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ ജിഎസ്ഡിപിയിലേക്കുള്ള മേഖലാടിസ്ഥാനത്തിലുള്ള സംഭാവനകൾ ചുവടെയുള്ള **പട്ടിക 1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.2: ജിഎസ്ഡിപിയിലേക്ക് മേഖലാടിസ്ഥാനത്തിലുള്ള സംഭാവന**

***(ശതമാനത്തിൽ)***

| ക്രമ നമ്പർ | മേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | പ്രാഥമികം | 10.26 | 10.32 | 11.43 | 10.09 | 9.46 |
| 2 | ദ്വിതീയം | 21.58 | 20.93 | 21.89 | 21.84 | 22.27 |
| 3 | ത്രിതീയം | 56.48 | 58.57 | 55.55 | 56.91 | 56.70 |
| **4** | **ആകെ*** | **88.32** | **89.82** | **88.87** | **88.84** | **88.43** |

* നികുതികളും സബ്സിഡികളും ഒഴികെ

*ഉറവിടം : കേരള സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ*

കേരള സമ്പദ് വ്യവസ്ഥയുടെ പ്രമുഖ ഘടകമായി തുടരുന്ന തൃതീയ മേഖല തന്നാണ്ടിൽ ജിഎസ്ഡിപിയുടെ 56.70 ശതമാനം സംഭാവന നൽകി. ജിഎസ്ഡിപിയിലേയ്ക്കുള്ള പ്രാഥമിക മേഖലയുടെ സംഭാവന 2018-19ലെ 10.26 ശതമാനത്തിൽ നിന്നും 2022-23ൽ 9.46 ശതമാനമായി കുറഞ്ഞു. എന്നാൽ ദ്വിതീയ മേഖലയുടെ സംഭാവന 2018-19ലെ 21.58 ശതമാനത്തിൽ നിന്നും നേരിയതോതിൽ വർദ്ധിച്ച് തന്നാണ്ടിൽ 22.27 ശതമാനമായി. 2021-22നെ അപേക്ഷിച്ച് 2022-23ലെ ജിഎസ്ഡിപിയുടെ മേഖലാടിസ്ഥാനത്തിലുണ്ടായ വർദ്ധനവും പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ മുഖേന ജിഎസ്ഡിപിയിലേക്കുണ്ടായ സംഭാവനയുടെ ശതമാനവും ചുവടെയുള്ള **പട്ടിക 1.3**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക1.3: ചില പ്രധാന സാമ്പത്തിക പ്രവർത്തനങ്ങളും ജിഎസ്ഡിപിയിലേക്കുള്ള അവയുടെ സംഭാവനയും**

***(₹കോടിയിൽ)***

| ക്രമ നമ്പർ | മേഖല | ഘടകങ്ങൾ | 2021-22 (പി) | 2022-23 (ക്യു) | വർദ്ധനവ് /കുറവ് (–) ശതമാനത്തിൽ | ജിഎസ്ഡിപിയിലേക്കുള്ള സംഭാവന ശതമാനത്തിൽ |
|---|---|---|---|---|---|---|
| എ | പ്രാഥമികം | കൃഷി, വന വിഭവങ്ങൾ, മത്സ്യബന്ധനം | 91,801.29 | 96,146.45 | 4.73 | 9.19 |
| | | ഖനനവും ക്വാറിയും | 2,466.89 | 2,801.97 | 13.58 | 0.27 |
| ബി | ദ്വിതീയം | വ്യവസായം– ഉൽപാദനം | 77,185.55 | 88,008.23 | 14.02 | 8.41 |
| | | നിർമ്മാണം | 1,12,857.28 | 1,27,889.57 | 13.32 | 12.22 |
| | | വൈദ്യുതി, ഗ്യാസ്, ജല വിതരണം, മറ്റു യൂട്ടിലിറ്റി സേവനങ്ങൾ | 14,028.47 | 17,121.53 | 22.05 | 1.64 |

| ക്രമ നമ്പർ | മേഖല | ഘടകങ്ങൾ | 2021-22 (പി) | 2022-23 (ക്യൂ) | വർദ്ധനവ് /കുറവ് (–) ശതമാന ത്തിൽ | ജിഎസ്ഡിപി യിലേക്കുള്ള സംഭാവന ശതമാന ത്തിൽ |
|---|---|---|---|---|---|---|
| സി | തൃതീയം | വ്യാപാരം, റിപ്പയർ, ഹോട്ടലുകളും റെസ്റ്റോറന്റുകളും | 1,50,193.53 | 1,68,977.51 | 12.51 | 16.15 |
| | | റിയൽ എസ്റ്റേറ്റ്, ഭവനങ്ങളുടെ ഉടമസ്ഥതാവകാശവും പ്രൊഫഷണൽ സേവനങ്ങളും | 1,39,607.84 | 1,57,149.56 | 12.56 | 15.02 |
| | | മറ്റുള്ളവ + ഉൽപ ന്നങ്ങളുടെ നികുതി – സബ്സിഡികൾ | 3,46,400.90 | 3,88,093.32 | 12.04 | 37.10 |
| **ഡി** | | **ജിഎസ്ഡിപി** | **9,34,541.75** | **10,46,188.14** | **11.95** | **100.00** |

*പി– പ്രൊവിഷണൽ എസ്റ്റിമേറ്റ്*
*ക്യൂ – ക്വിക്ക് എസ്റ്റിമേറ്റ്*
*ഉറവിടം : എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ*

ജിഎസ്ഡിപിയിലെ പ്രധാന ഘടകങ്ങളായതും വികസനം നിശ്ചയിക്കുന്നതിൽ നിർണായകവുമായ കൃഷി, വ്യവസായം എന്നീ മേഖലകൾ മറ്റു മേഖലകളിൽ നിന്നും വളരെയേറെ പിന്നിലായി തുടരുന്നു. ഉൽപാദനം (14.02 ശതമാനം), നിർമ്മാണം (13.32 ശതമാനം), വൈദ്യുതി, ഗ്യാസ്, ജലവിതരണവും മറ്റ് യൂട്ടിലിറ്റി സേവനങ്ങളും (22.05 ശതമാനം) തുടങ്ങിയ എല്ലാ ഘടകങ്ങളിലുമുണ്ടായ വർദ്ധനവുകാരണം ദ്വിതീയമേഖലയിൽ 2022-23ൽ ഒരു വ്യക്തമായ വർദ്ധ നവ് രേഖപ്പെടുത്തി.

2022-23ൽ എല്ലാ മേഖലകളുടെയും വളർച്ചാനിരക്കിൽ കുറവുണ്ടാവുകയും തൽ ഫലമായി സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് 2021-22ലെ 21.10 ശതമാനത്തിൽ നിന്നും 2022-23ൽ 11.95 ശതമാനമായി കുറയുകയും ചെയ്തു.

## 1.3 സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 (2) അനുസരിച്ച് ഒരു സംസ്ഥാന ത്തിന്റെ കണക്കുകളുമായി ബന്ധപ്പെട്ട കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ ഗവർണർക്കു സമർപ്പിക്കേണ്ടതും, പ്രസ്തുത റിപ്പോർട്ടുകൾ ഗവർണർ നിയമസഭയിൽ സമർപ്പിക്കേണ്ടതുമാണ്. ഭരണഘടനയുടെ അനുച്ഛേദം 151 (2) അനുസരിച്ചാണ് സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് (എസ്എഫ്എആർ) തയ്യാറാക്കി സമർപ്പിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും പ്രാരംഭ, സബ്സിഡിയറി കണക്കുകൾ സൂക്ഷിക്കുന്നതിന് ഉത്തരവാദിത്തമുള്ളതു

മായ ട്രഷറികൾ, ഓഫീസുകൾ, വകുപ്പുകൾ എന്നിവ നൽകിയ വൗച്ചറുകൾ, ചെലാനുകൾ, പ്രാരംഭ, സബ്സിഡിയറി കണക്കുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ എന്നിവയിൽ നിന്നുമാണ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആൻഡ് എൻറൈറ്റിൽ മെന്റ്) സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും തയ്യാറാക്കുന്നത്. ഈ കണക്കുകൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) സ്വതന്ത്രമായി ഓഡിറ്റ് ചെയ്യുകയും സിഎജി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകളും ധനവിനിയോഗകണക്കുകളും ഈ റിപ്പോർട്ടിന്റെ പ്രധാന ഡേറ്റയാണ്. മറ്റ് സ്രോതസ്സുകളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

- **സംസ്ഥാന ബഡ്ജറ്റ്:** പ്രൊജക്ഷനുകളുമായി തുലനം ചെയ്ത് വകയിരുത്തലിന്റെ ധനപരമായ മുൻഗണനകളും സാമ്പത്തിക ഘടകങ്ങളും വിലയിരുത്തുന്നതിനും അതോടൊപ്പം അതിന്റെ നടപ്പാക്കലിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും പ്രസക്തമായ നിയമങ്ങളും നിർദ്ദിഷ്ട നടപടിക്രമങ്ങളും പാലിക്കുന്നത് വിലയിരുത്തുന്നതിനും വേണ്ടി;
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I, II) ഓഫീസുകൾ നടത്തിയ ഓഡിറ്റിന്റെ ഫലങ്ങൾ;
- വകുപ്പുതല അതോറിറ്റികളിലും ട്രഷറികളിലുമുള്ള മറ്റു വിവരങ്ങൾ (അക്കൗണ്ടിംഗും എംഐഎസും);
- ജിഎസ്ഡിപി ഡേറ്റയും സംസ്ഥാനവുമായി ബന്ധപ്പെട്ട മറ്റു സ്ഥിതിവിവര കണക്കുകളും;
- സിഎജി ഓഫ് ഇന്ത്യയുടെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ.

കേരള സർക്കാർ, ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി എൻട്രി മീറ്റിംഗ് നടത്തി (2023 ഒക്ടോബർ 25) ഓഡിറ്റ് രീതി വിശദമാക്കുകയും കരട് റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ പരാമർശങ്ങൾക്കായി അയച്ചു കൊടുക്കുകയും ചെയ്തു. എക്സിറ്റ് കോൺഫെറൻസ് 2023 ഡിസംബർ 12 ന് നടത്തുകയുണ്ടായി.

## 1.4 സർക്കാർ കണക്കുകളുടെ ഘടനയുടെ ഉപരിവീക്ഷണം

സംസ്ഥാന സർക്കാരിന്റെ കണക്കുകൾ മൂന്നുഭാഗങ്ങളായി സൂക്ഷിച്ചിരിക്കുന്നു:

1. **സംസ്ഥാനത്തിന്റെ സഞ്ചിതനിധി {ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 266 (1)}**

   സംസ്ഥാന സർക്കാരിന് ലഭിച്ച എല്ലാ വരവുകളും, സംസ്ഥാന സർക്കാർ സമാഹരിച്ച എല്ലാ വായ്പകളും (വിപണി വായ്പകൾ, ബോണ്ടുകൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ദേശീയ ചെറുകിട സമ്പാദ്യ ഫണ്ടിലേക്കു നൽകിയ പ്രത്യേക സെക്യൂരിറ്റികൾ മുതലായവ), റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നു ലഭിച്ച വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ, വായ്പ തിരിച്ചടവ് പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ച പണം എന്നിവ ചേർന്നതാണ്

ഈ നിധി. നിയമങ്ങൾക്കനുസരിച്ചും ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്ന രീതിയിലും ഉദ്ദേശ്യങ്ങൾക്കുമല്ലാതെ ഈ ഫണ്ടിൽ നിന്നും പണം വിനിയോഗിക്കാനാവില്ല. ചില വിഭാഗത്തിൽപെട്ട ചെലവുകൾ (ഉദാഹരണമായി ഭരണഘടനാ അധികാരികളുടെ ശമ്പളം, വായ്പാ തിരിച്ചടവ് മുതലായവ) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ ചാർജ് ചെയ്യപ്പെട്ടിരിക്കുന്നതിനാൽ (ചാർജ് ചെയ്ത ചെലവുകൾ) നിയമസഭയുടെ വോട്ടിന് വിധേയമല്ല. മറ്റെല്ലാ ചെലവുകളും (വോട്ട് ചെയ്ത ചെലവുകൾ) നിയമസഭയുടെ വോട്ടിന് വിധേയമാണ്.

2. **സംസ്ഥാനത്തിന്റെ ആകസ്മിക നിധി {ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 267 (2)}**

സംസ്ഥാന നിയമ സഭയുടെ അധികാരപ്പെടുത്തൽ ലഭിച്ചിട്ടില്ലാത്ത അപ്രതീക്ഷിതവും അടിയന്തിരവുമായ ചെലവുകളെ നേരിടാനായി മുൻകൂർ ഗവർണർക്ക് സമർപ്പിക്കുന്നതിനുവേണ്ടി ഇംപ്രസ്റ്റിന്റെ മാതൃകയിൽ സംസ്ഥാന നിയമസഭ രൂപീകരിച്ചതാണ് ആകസ്മിക നിധി. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുമായി ബന്ധപ്പെട്ട പ്രവർത്തന മേജർ ഹെഡിനെ ഡെബിറ്റ് ചെയ്ത് ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ തിരിച്ചടക്കുന്നു.

3. **സംസ്ഥാനത്തിന്റെ പൊതു കണക്കുകൾ {ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 266 (2)}**

മുകളിൽ പറഞ്ഞത് കൂടാതെ, സർക്കാർ ഒരു ബാങ്കർ അല്ലെങ്കിൽ ട്രസ്റ്റിയായി പ്രവർത്തിക്കുമ്പോൾ സർക്കാരിലേക്ക് ലഭിക്കുന്നതും സർക്കാരിനുവേണ്ടി ലഭിക്കുന്നതുമായ എല്ലാ പൊതു പണവും പൊതു കണക്കിൽ വരവ് വയ്ക്കുന്നു. ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ, നിക്ഷേപങ്ങൾ (പലിശയുള്ളതും പലിശ രഹിതവും), മുൻകൂറുകൾ, കരുതൽ ഫണ്ടുകൾ (പലിശയുള്ളതും പലിശരഹിതവും), സസ്പെൻസ് ശീർഷകങ്ങളും ഒടുക്കൽ ശീർഷകങ്ങളും (ഇവ രണ്ടും അന്തിമ ബുക്കിങ്ങ് ബാക്കി നിൽക്കുന്ന താൽക്കാലിക ശീർഷകങ്ങളാണ്) എന്നിവയിലെ തിരിച്ചു കൊടുക്കേണ്ട ഇടപാടുകൾ പൊതു കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ തനി ക്യാഷ് ബാലൻസും പൊതുകണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. പൊതുകണക്കുകൾ നിയമസഭയുടെ വോട്ടിന് വിധേയമല്ല.

ഓരോ സാമ്പത്തിക വർഷത്തിലേയും സർക്കാർ ഉദ്ദേശിക്കുന്ന വരവുകളുടേയും ചെലവുകളുടേയും പത്രികയാണ് പ്രധാന ബഡ്ജറ്റ് രേഖയായ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്. ബഡ്ജറ്റിൽ റവന്യൂ അക്കൗണ്ടിലെ ചെലവുകളെ മറ്റ് ചെലവുകളിൽ നിന്നും വേർതിരിച്ച് കാണിക്കേണ്ടതുണ്ട്.

**റവന്യൂ വരവുകളിൽ** നികുതിവരുമാനം, നികുതിയേതര വരുമാനം, കേന്ദ്ര നികുതി/ ചുങ്കത്തിന്റെ വിഹിതം, ഭാരതസർക്കാരിൽ നിന്നുള്ള ധനസഹായം എന്നിവ ഉൾപ്പെടുന്നു.

**റവന്യൂ ചെലവിൽ** ഭൗതികമോ സാമ്പത്തികമോ ആയ ആസ്തികൾ സൃഷ്ടിക്കുന്നതിന് കാരണമാകാത്ത സർക്കാരിന്റെ എല്ലാ ചെലവുകളും ഉൾപ്പെടുന്നു.

സർക്കാർ വകുപ്പുകളുടേയും വിവിധ സേവനങ്ങളുടേയും സാധാരണപ്രവർത്തനത്തിനുവേണ്ടിയുണ്ടായ ചെലവുകൾ, സർക്കാരിന്റെ വായ്പകൾക്കുള്ള പലിശ ഒടുക്കൽ, വിവിധ സ്ഥാപനങ്ങൾക്കു നൽകുന്ന ധനസഹായം (ചില ധനസഹായങ്ങൾ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയാണെങ്കിലും) എന്നിവയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

**മൂലധനവരവുകളിൽ** ഉൾപ്പെട്ടിട്ടുള്ളത്:

- **കടം വരവുകൾ:** വിപണി വായ്പകൾ, കടപ്പത്രങ്ങൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, വെയ്സ് ആൻഡ് മീൻസ് മുൻകൂറുകളുടെ കീഴിലുള്ള തനി ഇടപാടുകൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

- **കടം ഇതര വരവുകൾ :** ഓഹരി വിറ്റഴിക്കൽ, വായ്പകളുടേയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ എന്നിവ ഉൾപ്പെടുന്നു.

**മൂലധന ചെലവിൽ** ഭൂമി ഏറ്റെടുക്കൽ, കെട്ടിടം, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിലുള്ള ചെലവുകൾ, ഓഹരികളിലെ നിക്ഷേപം, പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും സർക്കാർ നൽകുന്ന വായ്പകളും മുൻകൂറുകളും തുടങ്ങിയവ ഉൾപ്പെടുന്നു.

**പൊതുകടവും പൊതു ബാധ്യതകളും:** ഈ റിപ്പോർട്ടിൽ 'പൊതുകടത്തിൽ' വിപണി വായ്പകൾ, സ്ഥാപന വായ്പകൾ, ദേശീയ ചെറുകിട സമ്പാദ്യനിധി (എൻഎസ്എസ്എഫ്) പുറപ്പെടുവിച്ച പ്രത്യേക കടപ്പത്രങ്ങൾ, കേന്ദ്ര സർക്കാർ നൽകിയ വായ്പകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതിനുവേണ്ടി 6003, 6004– പൊതുകടം എന്നീ മേജർ ഹെഡുകൾ കണക്കിലെടുത്തിട്ടുണ്ട്.

ഇതു കൂടാതെ, പൊതു കണക്കുകൾക്ക് കീഴിലുള്ള 'ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ', 'കരുതൽ നിധികൾ', 'നിക്ഷേപങ്ങളും മുൻകൂറുകളും' എന്നിവയെ സംബന്ധിക്കുന്ന ഇടപാടുകളിൽ ലഭ്യമായ പണം തിരികെ നൽകുന്നതിനുള്ള ബാധ്യതയും നൽകിയ പണം തിരിച്ചു പിടിക്കുന്നതിനുള്ള ക്ലെയിമും സർക്കാരിനുണ്ട്. പൊതു കണക്കിനു കീഴിലുള്ള 'പണം ഒടുക്കലുകൾ', 'സസ്പെൻസ് ' എന്നിവയെ സംബന്ധിക്കുന്ന ഇടപാടുകളിൽ 'ട്രഷറികൾ തമ്മിലും ഖജനാവുകൾ തമ്മിലും ഉള്ള പണം ഒടുക്കലുകൾ', 'വ്യത്യസ്ത അക്കൗണ്ടിംഗ് സർക്കിളുകൾക്കിടയിലെ കൈമാറ്റം' തുടങ്ങിയ വെറും അഡ്ജസ്റ്റിംഗ് ശീർഷകങ്ങളും ഉൾപ്പെടുന്നു. ഈ റിപ്പോർട്ടിൽ 8009 മുതൽ 8554 വരെയുള്ള മേജർഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള 'ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ', 'കരുതൽ നിധികൾ', 'നിക്ഷേപങ്ങളും മുൻകൂറുകളും' എന്നിവയെ സംബന്ധിക്കുന്ന ഇടപാടുകളും മേജർഹെഡ് 6003, 6004 എന്നിവയുടെ കീഴിലെ ഇടപാടുകളും 'പൊതു ബാധ്യതകളിൽ' ഉൾപ്പെടുത്തിയിരിക്കുന്നു.

താഴെ നൽകിയിട്ടുള്ള **ചാർട്ട് 1.2**ൽ സർക്കാർ കണക്കുകളുടെ ഒരു രൂപരേഖ നൽകിയിരിക്കുന്നു.

**ചാർട്ട് 1.2: സർക്കാർ കണക്കുകളുടെ ഘടന**




## 1.5 സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു സ്നാപ്പ് ഷോട്ട്

സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതിയുടെ വിവിധ ഘടകങ്ങളുടെ ഒരു സ്നാപ്പ് ഷോട്ട് ചുവടെ കൊടുത്തിരിക്കുന്നു.

### 1.5.1 സാമ്പത്തിക സ്ഥിതിയുടെ സ്നാപ്പ് ഷോട്ട്

2021-22 വർഷത്തെ യഥാർത്ഥത്തിലുള്ള ചെലവുകളുമായി താരതമ്യം ചെയ്ത് 2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾക്ക് എതിരെയുള്ള യഥാർത്ഥ സാമ്പത്തിക ഫലങ്ങൾ **പട്ടിക 1.4** ൽ നൽകിയിരിക്കുന്നു. അഞ്ച് വർഷത്തെ വിശദ വിവരങ്ങൾ **അനുബന്ധം 1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.4: സാമ്പത്തിക സ്ഥിതിയുടെ സ്നാപ് ഷോട്ട്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | 2021-22 (യഥാർത്ഥത്തിലുള്ളത്) | 2022-23 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) | 2022-23 (യഥാർത്ഥത്തിലുള്ളത്) | ബഡ്ജറ്റ് എസ്റ്റിമേറ്റുമായി യഥാർത്ഥ കണക്കുകളുടെ ശതമാനം | ജിഎസ്ഡിപിയുമായി യഥാർത്ഥ കണക്കുകളുടെ (2022-23) ശതമാനം |
|---|---|---|---|---|---|---|
| **1.** | **നികുതി വരുമാനം** | **76,160.61** | **91,818.30** | **90,228.84** | **98.27** | **8.62** |
| i | തനതു നികുതി വരുമാനം | 58,340.52 | 74,097.80 | 71,968.16 | 97.13 | 6.88 |
| ii | കേന്ദ്ര നികുതി/ചുങ്കത്തിന്റെ വിഹിതം | 17,820.09 | 17,720.50 | 18,260.68 | 103.05 | 1.75 |
| 2 | നികുതിയേതര വരുമാനം | 10,462.51 | 11,769.55 | 15,117.95 | 128.45 | 1.45 |
| 3. | ധനസഹായങ്ങളും സംഭാവനകളും | 30,017.12 | 30,509.95 | 27,377.86 | 89.73 | 2.62 |
| **4.** | **റവന്യൂ വരവുകൾ (1+2+3)** | **1,16,640.24** | **1,34,097.80** | **1,32,724.65** | **98.98** | **12.69** |
| 5. | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 479.24 | 323.50 | 409.29 | 126.52 | 0.04 |
| 6. | മറ്റു വരവുകൾ | 60.27 | 49.60 | 49.94 | 100.69 | 0 |
| 7. | കടമെടുപ്പും മറ്റു ബാധ്യതകളും | 45,958.35 | 39,086.02 | 26,031.09 | 66.60 | 2.49 |
| **8.** | **മൂലധന വരവുകൾ (5+6+7)** | **46,497.86** | **39,459.12** | **26,490.32** | **67.13** | **2.53** |
| 9 | **ആകെ വരവുകൾ (4+8)** | **1,63,138.10** | **1,73,556.92** | **1,59,214.97** | **91.74** | **15.22** |
| 10. | **റവന്യൂ ചെലവുകൾ** | **1,46,179.51** | **1,57,065.89** | **1,41,950.93** | **90.38** | **13.57** |
| 11. | പലിശ ഒടുക്കൽ (ക്രമ നമ്പർ 10ൽ ഉൾപ്പെടുത്തിയത്) | 23,302.82 | 25,965.86 | 25,176.36 | 96.96 | 2.41 |
| 12. | **മൂലധന ചെലവുകൾ** | **14,191.73** | **14,890.76** | **13,996.56** | **93.99** | **1.34** |
| 13 | വായ്പകളും മുൻകൂറുകളും | 2,854.29 | 1,630.87 | 2,790.93 | 171.13 | 0.27 |
| **14** | **ആകെ ചെലവുകൾ (10+12+13)** | **1,63,225.53** | **1,73,587.52** | **1,58,738.42** | **91.45** | **15.17** |
| **15** | **റവന്യൂ കമ്മി (4-10)** | **29,539.27** | **22,968.09** | **9,226.28** | **40.17** | **0.88** |
| **16** | **ധന കമ്മി {14-(4+5+6)}** | **46,045.78** | **39,116.62** | **25,554.54** | **65.33** | **2.44** |
| 17 | **പ്രാഥമിക കമ്മി (16-11)** | **22,742.96** | **13,150.76** | **378.18** | **2.88** | **0.04** |
| | **ഉയർച്ചയുടെ അനുപാതം** | | | | | |
| | **റവന്യൂ വരവുകൾ** | 0.92 | 0.20 | 1.15 | | |
| | **റവന്യൂ ചെലവുകൾ** | 0.87 | 0.52 | (-) 0.24 | | |

*ഉറവിടം: 2021-22ലെയും 2022-23ലെയും സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

2022-23 കാലയളവിൽ ജിഎസ്ടി നടപ്പാക്കിയതുമൂലം റവന്യൂ നഷ്ടമുണ്ടായതു കാരണം റവന്യൂ വരവുകൾക്കുകീഴിൽ ₹ 7,245.97 കോടിയുടെ ധനസഹായം സംസ്ഥാനത്തിന് ലഭിച്ചു.

മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ സംസ്ഥാനത്തിന്റെ റവന്യൂവരവുകൾ ₹16,084.41 കോടി (13.79 ശതമാനം) വർദ്ധിക്കുകയും റവന്യൂ ചെലവ് ₹4,228.58

കോടി (2.89 ശതമാനം) കുറയുകയും ചെയ്തു. ഇതുകാരണം തന്നാണ്ടിൽ റവന്യൂ കമ്മി മുൻ വർഷത്തെ അപേക്ഷിച്ച് ₹ 20,312.99 കോടി കുറഞ്ഞു. 2021-22നെ അപേക്ഷിച്ച് ധനക്കമ്മിയും 2022-23ൽ ₹ 20,491.24 കോടി കുറഞ്ഞു.

### 1.5.2 2023 മാർച്ച് 31ലെ ആസ്തികളുടേയും ബാധ്യതകളുടേയും സ്നാപ് ഷോട്ട്

നിലവിലുള്ള സർക്കാർ അക്കൗണ്ടിങ് സംവിധാനത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥിര ആസ്തികളായ ഭൂമി, കെട്ടിടങ്ങൾ തുടങ്ങിയവയുടെ സമഗ്രമായ അക്കൗണ്ടിംഗ് നടത്തുന്നില്ല. എന്നാൽ, സർക്കാരിന്റെ സാമ്പത്തിക ബാധ്യതകളും ചെലവായ പണത്തിൽ നിന്നും സൃഷ്ടിച്ച ആസ്തികളെ സംബന്ധിച്ച വിവരങ്ങളും സർക്കാർ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നു. 2023 മാർച്ച് 31നുള്ള ഇത്തരം ആസ്തികളുടെയും ബാധ്യതകളുടെയും സംക്ഷിപ്തരൂപം **പട്ടിക 1.5**ൽ നൽകിയിരിക്കുന്നു. ബാധ്യതകളിൽ പ്രധാനമായും ആഭ്യന്തര വായ്പകൾ, ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, പൊതു അക്കൗണ്ടിൽ നിന്നുള്ള വരവുകൾ എന്നിവയും ആസ്തികളിൽ പ്രധാനമായും മൂലധന നിക്ഷേപവും, സംസ്ഥാന സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും, ക്യാഷ് ബാലൻസും ഉൾപ്പെടുന്നു.

**പട്ടിക 1.5: ആസ്തികളുടേയും ബാധ്യതകളുടേയും സംഗ്രഹ സ്ഥിതി**

*(₹ കോടിയിൽ)*

| ബാധ്യതകൾ | | | | | ആസ്തികൾ | | | | |
|---|---|---|---|---|---|---|---|---|---|
| | | 2021-22 | 2022-23 | വർദ്ധനവിന്റെ(+)/ കുറവിന്റെ(–) ശതമാനം | | | 2021-22 | 2022-23 | വർദ്ധനവിന്റെ(+)/ കുറവിന്റെ(–) ശതമാനം |
| സഞ്ചിത നിധി | | | | | | | | | |
| എ | ആഭ്യന്തര കടം | 2,10,791.59 | 2,27,137.07 | 7.75 | എ | മൊത്തം മൂലധന ചെലവ് | 1,07,723.92 | 1,21,670.54 | 12.95 |
| ബി | ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 23,688.27 | 25,369.21 | 7.10 | ബി | വായ്പകളും മുൻകൂറുകളും | 22,086.89 | 24,468.53 | 10.78 |
| ആകസ്മിക നിധി | | 100 | 100 | 0.00 | | | | | |
| പൊതു കണക്കുകൾ | | | | | | | | | |
| എ | ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | 1,15,666.60 | 1,24,190.92 | 7.37 | എ | മുൻകൂറുകൾ | 60.29 | 59.64 | (-)1.08 |
| ബി | നിക്ഷേപങ്ങൾ | 6,419.34 | 7,603.72 | 18.45 | ബി | പണം ഒടുക്കലുകൾ | 1,473.31 | 1,125.12 | (-)23.63 |
| സി | കരുതൽ നിധികൾ | 3,374.97 | 3,452.19 | 2.29 | സി | സസ്പെൻസും പലവകയും | | | |
| ഡി | സസ്പെൻസും പലവകയും | 322.03 | 229.25 | (-)28.81 | ക്യാഷ് ബാലൻസ് (മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകളിലെ മുതൽ മുടക്ക് ഉൾപ്പെടെ) | | 7,477.96 | 9,991.68 | 33.62 |
| ഇ | പണം ഒടുക്കലുകൾ | | | | **മൊത്തം** | | **1,38,822.37** | **1,57,315.51** | **13.32** |
| | | | | | റവന്യൂ കണക്കിലെ കമ്മി | | 2,21,540.43 | 2,30,766.85 | 4.16 |
| **ആകെ** | | **3,60,362.80** | **3,88,082.36** | **7.69** | **ആകെ** | | **3,60,362.80** | **3,88,082.36** | **7.69** |

2023 മാർച്ച് 31ലെ ആസ്തികളുടെയും ബാധ്യതകളുടെയും സംക്ഷിപ്ത വിവരണം **അനുബന്ധം 1.3** ൽ നൽകിയിരിക്കുന്നു. 2023 മാർച്ച് 31 ൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനത്തിലുണ്ടായ ₹3,88,082.36 കോടിയുടെ സഞ്ചിത ബാധ്യതയിൽ ₹1,21,670.54 കോടി (31.35 ശതമാനം) മാത്രമാണ് മൂലധന രൂപീകരണത്തിന് ഉപയോഗിച്ചത്. ₹2,30,766.85 കോടി (59.46 ശതമാനം) സംസ്ഥാനം വിനിയോഗിച്ചത് സംസ്ഥാനത്തിന്റെ സഞ്ചിത റവന്യൂകമ്മി നികത്താനാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഓരോ സാമ്പത്തിക വർഷവും റവന്യൂ ചെലവ് നടത്താനായി അധിക ബാധ്യതകളുടെ 50 ശതമാനത്തിലേറെയും സൃഷ്ടിക്കപ്പെടുന്നു. ഇതേ മാതൃക 2022-23ലും ആവർത്തിച്ചപ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്താനായിട്ടാണ് അധിക ബാധ്യതകളിലെ 59.46 ശതമാനവും സൃഷ്ടിക്കപ്പെട്ടത്.

## 1.6 സാമ്പത്തിക സന്തുലിതാവസ്ഥ: കമ്മിയുടെയും മൊത്തം കടത്തിന്റെയും ലക്ഷ്യങ്ങളുടെ നിറവേറ്റൽ

സർക്കാർ റവന്യൂ പിരിച്ചെടുക്കുന്നതിനെക്കാൾ ചെലവാക്കുമ്പോൾ കമ്മി യുണ്ടാവുന്നു. സർക്കാരിന്റെ കമ്മി നികത്താനായി വിവിധ മാർഗ്ഗങ്ങളുണ്ട്.

ഇത്തരം കമ്മികളുടെ ധനാഗമം നടത്തുന്നതിന്റെ പ്രവണതകളും, രീതിയും, അളവും 2022-23 സാമ്പത്തിക വർഷത്തിലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൻ (കെ.എഫ്.ആർ) കീഴിൽ നിഷ്കർഷിക്കുന്ന ലക്ഷ്യങ്ങൾക്കെതിരെ റവന്യൂ, ധനക്കമ്മികളുടെ യഥാർത്ഥനില നിർണ്ണയിക്കുന്നതും ചുവടെ വിശദീകരിച്ചിരിക്കുന്നു.

### 1.6.1 റവന്യൂക്കമ്മി

സഞ്ചിതനിധിയിലെ റവന്യൂ ചെലവുകളും റവന്യൂ വരവുകളും തമ്മിലുള്ള വ്യത്യാസമാണ് റവന്യൂ കമ്മി. സർക്കാർ മിച്ചംവയ്ക്കാതിരിക്കുന്നു എന്നതിനേയും ഉപഭോഗ ചെലവുകളുടെ ഒരു പങ്ക് നേരിടാൻ സമ്പദ് വ്യവസ്ഥയുടെ മറ്റു മേഖലകളിൽ നിന്നുള്ള മിച്ചത്തെ വിനിയോഗിക്കുന്നു എന്നതിനേയും സർക്കാരിന്റെ റവന്യൂ കമ്മി സൂചിപ്പിക്കുന്നു. 2022 ലെ കെഎഫ്ആർ (ഭേദഗതി) നിയമമനുസരിച്ച്, ജിഎസ്ഡിപിയുടെ 0.80 ശതമാനം റവന്യൂ മിച്ചം സർക്കാർ 2022-23 ൽ നേടേണ്ടതാണ്. എന്നിരുന്നാലും, 2022-23ലെ റവന്യൂകമ്മി ₹9,226.28 കോടിയാണ്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2021-22 ലെ ₹29, 539.27 കോടിയിൽ നിന്നും ₹20,312.99 കോടി കുറഞ്ഞ് (68.77 ശതമാനം) 2022-23 ൽ ₹9,226.28 കോടിയായി.

### 1.6.2 ധനക്കമ്മി

സഞ്ചിതനിധിയിലെ (കടം എടുപ്പുകൾ ഒഴികെയുള്ള) മൊത്തം വരവും മൊത്തം ചെലവും തമ്മിലുള്ള വ്യത്യാസമാണ് ധനക്കമ്മി. ചെലവ് നിർവഹിക്കാൻ എത്രത്തോളം കടമെടുപ്പ് ആവശ്യമാണെന്നുള്ളതിന്റെ സൂചകമാണ് ധന ക്കമ്മി. 2021-22ൽ ₹46,045.78 കോടിയായിരുന്ന ധനക്കമ്മി 2022-23 ൽ ₹25,554.54 കോടിയായി. സർക്കാരിന്റെ മൊത്തം കടമെടുപ്പിനെ പ്രതിനിധീ കരിക്കുന്ന ധനക്കമ്മി മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ ₹20,491.24

കോടി (44.50 ശതമാനം)കുറഞ്ഞു. 2022 ലെ കെഎഫ്ആർ (ഭേദഗതി) നിയമം അനുസരിച്ച്, ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിലുള്ള ധന ക്കമ്മിയുടെ ലക്ഷ്യം 4 ശതമാനമായിരുന്നു. എഫ്.ഡി/ജിഎസ്ഡിപി അനു പാതം മുൻവർഷത്തെ 4.93 ശതമാനത്തിൽ നിന്നും തന്നാണ്ടിൽ 2.44 ശതമാന മായി കുറഞ്ഞു.

### 1.6.3 പ്രാഥമിക കമ്മി

പ്രാഥമിക കമ്മി ധനക്കമ്മിയിൽ നിന്നും പലിശനൽകൽ കുറച്ചത് സൂചിപ്പി ക്കുന്നു. 2022-23ലെ പ്രാഥമിക കമ്മി ₹ 378.18 കോടിയായിരുന്നു എന്നത് വായ്പ യെടുത്ത ₹ 25,554.54 കോടിയിൽ ₹ 25,176.36 കോടിയും (98.52 ശതമാനം) പലിശ നൽകുന്നതിന് വേണ്ടിയാണ് വിനിയോഗിച്ചത് എന്നും തുച്ഛമായ തുകയായ ₹378.18 കോടി മാത്രമേ വളർച്ചക്കും വികസന പ്രവർത്തനങ്ങൾക്കും ലഭ്യമാ യിരുന്നുള്ളൂ എന്നുമാണ് സൂചിപ്പിക്കുന്നത്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ കമ്മിയുടെ പ്രവണതകൾ **അനുബന്ധം 1.2** ൽ കാണിച്ചിരിക്കുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ കമ്മിയുടെ സൂചകങ്ങളുടെ പ്രവണതകൾ **ചാർട്ട് 1.3** ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.3: കമ്മിയുടെ സൂചകങ്ങളുടെ പ്രവണത**




| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| റവന്യൂ കമ്മി | -17,461.92 | -14,495.25 | -25,829.50 | -29,539.27 | -9,226.28 |
| ധനക്കമ്മി | -26,958.31 | -23,837.47 | -40,969.69 | -46,045.78 | -25,554.54 |
| പ്രാഥമിക കമ്മി | -10,210.39 | -4,622.77 | -19,994.33 | -22,742.96 | -378.18 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ*

ഭാരത സർക്കാരിന്റെ എഫ്ആർബിഎം നിയമം അനുസരിച്ച്, ഏതൊരു ദിവസത്തെയും ക്യാഷ് ബാലൻസ് കുറവ് വരുത്തിയതിന് ശേഷം, നിലവിലെ വിനിമയ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയ ബാഹ്യമായ കടമെടുപ്പ് ഉൾപ്പെ ടെയുള്ള ഇന്ത്യയുടെ സഞ്ചിത നിധിയുടെ ഈടിൽ ബാക്കിനിൽക്കുന്ന മൊത്തം ബാധ്യതകളും, ഇന്ത്യയുടെ പൊതു കണക്കിൽ ബാക്കിനിൽക്കുന്ന ബാധ്യതകളും, വാർഷിക ധനകാര്യ പത്രിക പ്രകാരം സർക്കാർ തന്നെ തിരിച്ചടവ് നടത്തുന്ന കേന്ദ്രസർക്കാർ ഉടമസ്ഥതയിൽ ഉള്ളതോ

നിയന്ത്രണത്തിലുള്ളതോ ആയ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതകളും, കേന്ദ്ര സർക്കാരിന്റെ പ്രസ്തുത ദിവസത്തെ കടത്തിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ഇത്തരമൊരു നിർവചനം കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം, 2003 ലോ അതിന്റെ തുടർന്നുള്ള ഭേദഗതികളിലോ കാണുവാൻ കഴിഞ്ഞിട്ടില്ല.

### 1.6.4 കമ്മി നികത്തുന്ന രീതി

കടമെടുപ്പിലൂടെയാണ് കമ്മി നികത്തുന്നത്. ഇത് സർക്കാർ കടത്തിന് വഴിവക്കുന്നു. കമ്മിയും കടമെടുപ്പും ബന്ധപ്പെട്ടിരിക്കുന്നു. കടത്തിന്റെ ശേഖരത്തിലേക്കുള്ള ഒരു ഒഴുക്കായി കമ്മിയെ കണക്കാക്കാം. ഓരോ വർഷവും സർക്കാർ തുടർച്ചയായി കടമെടുത്താൽ അത് കടം കുമിഞ്ഞ് കൂടാനും പലിശയടവിന്റെ ഭാരം വർദ്ധിക്കാനുമിടയാക്കുന്നു. ഇത്തരം പലിശ കൊടുക്കൽ കടം വീണ്ടും വർദ്ധിക്കുന്നതിനിടയാക്കുന്നു. സർക്കാരിന്റെ സാമ്പത്തിക ബാധ്യതകളിൽ സഞ്ചിതനിധിയിലെ ബാധ്യതകളും പൊതു കണക്കിലെ ബാധ്യതകളും ഉൾപ്പെടുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2022-23 ലെ ബാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെയുള്ള **പട്ടിക 1.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.6: സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ**

(₹ കോടിയിൽ)

| | സാമ്പത്തിക ബാധ്യതകൾ | 2021-22 | 2022-23 | വ്യത്യാസം വർദ്ധനവ് (+) കുറവ് (–) |
|---|---|---|---|---|
| **എ** | **മൊത്തം സഞ്ചിതനിധി ബാധ്യതകൾ** | **2,34,479.86** | **2,52,506.28** | **18,026.42** |
| i | വിപണി വായ്പകൾ | 1,83,522.04 | 1,99,142.04 | 15,620.00 |
| ii | ഭാരതസർക്കാരിൽ നിന്നുള്ള വായ്പകൾ * | 23,688.27 | 25,369.21 | 1,680.94 |
| iii | മറ്റ് വായ്പകൾ | 27,269.55 | 27,995.03 | 725.48 |
| **ബി** | **ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ** | **24,272.67** | **29,475.97** | **5203.30** |
| **സി** | **പൊതു കണക്കിലെ മൊത്തം ബാധ്യതകൾ** | **1,22,912.90** | **1,32,524.10** | **9,611.20** |
| i | ലഘു സമ്പാദ്യം, പി.എഫ്. തുടങ്ങിയവ | 1,15,666.60 | 1,24,190.92 | 8,524.32 |
| ii | പലിശ ഉള്ള ബാധ്യതകൾ | 472.25 | 395.01 | (-) 77.24 |
| iii | നിക്ഷേപങ്ങളും മറ്റ് നീക്കിവച്ച ഫണ്ടുകളും പോലുള്ള പലിശയില്ലാത്ത ബാധ്യതകൾ | 6,774.05 | 7,938.17 | 1,164.12 |
| | **ആകെ ബാധ്യതകൾ (എ+ബി+സി)** | **3,81,665.43** | **4,14,506.35** | **32,840.92** |

**സംസ്ഥാനത്തിന് കടം വരവുകളുടെ കീഴിൽ ബാക്ക് ടു ബാക്ക് വായ്പയായി നൽകിയ ₹ 14,505.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം, ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പ് തീരുമാനിച്ചത് കൊണ്ട് ഭാരത സർക്കാരിൽ നിന്നും ലഭിച്ച 2022-23 ലെ ഫലത്തിലുള്ള വായ്പകളും മുൻകൂറുകളും ₹ 10,863.90 കോടിയായിരിക്കും. (2021-22ൽ ഇത് ₹ 9,182.96 കോടിയാണ്).*

2021-22 നെ അപേക്ഷിച്ച് സഞ്ചിതനിധിയിലെ ബാധ്യതകൾ 7.69 ശതമാനവും പൊതു കണക്കിലെ ബാധ്യതകൾ 7.82 ശതമാനവും 2022-23 ൽ വർദ്ധിച്ചു.

### 1.6.5 സാമ്പത്തിക ലക്ഷ്യങ്ങളുടെ കൈവരിക്കൽ

റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുക, സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ നിയന്ത്രണം നടത്തുക, സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടുവരിക, സാമ്പത്തിക നയം മിതകാല ചട്ടക്കൂടിൽ നടപ്പാക്കുക, തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാർ 2003 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം നടപ്പിലാക്കി. വിവിധ ധനകാര്യ കമ്മീഷനുകൾ നിർദ്ദേശിച്ച സാമ്പത്തിക ഘടകങ്ങൾക്കനുസൃതമായി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ സാമ്പത്തിക ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്തു.

2022 ലെ കെ.എഫ്. ആർ. (ഭേദഗതി) നിയമം അനുസരിച്ച്, 2021- 22 മുതൽ 2025-26 വരെയുള്ള കാലയളവിൽ സർക്കാർ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതും, യഥാക്രമം ജി.എസ്.ഡി.പി.യുടെ 0.50 ശതമാനം, 0.80 ശതമാനം, 1.20 ശതമാനം, 1.70 ശതമാനം, 2.50 ശതമാനം എന്ന നിരക്കിൽ റവന്യൂമിച്ചം അതാത് വർഷങ്ങളിൽ കൈവരിക്കേണ്ടതുമാണ്. ആർഡി/ജിഎസ്ഡിപി അനുപാതം 2021-22 ലെ (-) 3.16 ശതമാനത്തിൽ നിന്നും 2022-23ൽ (-) 0.88 ശതമാനമായി കുറയ്ക്കുവാൻ സർക്കാരിനു സാധിച്ചു എന്നത് കമ്മി കുറയ്ക്കാനുള്ള നടപടികൾ എടുത്തുവരുന്നു എന്നതിന്റെ തെളിവാണ്. 2022 ലെ കെഎഫ്ആർ (ഭേദഗതി) നിയമത്തിൽ ലക്ഷ്യമിട്ട പ്രമുഖമായ സാമ്പത്തിക സൂചകങ്ങളും അവയുടെ യഥാർത്ഥ വിവരങ്ങളും **പട്ടിക 1.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.7: കെഎഫ്ആർ നിയമത്തിലെ വ്യവസ്ഥകളുടെ പാലനം**

| ക്രമ നമ്പർ | സാമ്പത്തിക സൂചകങ്ങൾ | സാമ്പത്തിക ലക്ഷ്യം | യഥാർത്ഥത്തിലുള്ളത് | | | | |
|---|---|---|---|---|---|---|---|
| | | | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 1 | റവന്യൂ കമ്മി (₹കോടിയിൽ) | പൂജ്യം | (-) 17,461.92 | (-) 14,495.25 | (-) 25,829.50 | (-) 29,539.27 | (-) 9,226.28 |
| 2 | ധനക്കമ്മി (ജിഎസ്ഡിപിയുടെ ശതമാനത്തിൽ) | 3 ശതമാനം (2019–20 വരെ) | 3.42 | 2.93 | - | - | - |
| 3 | | 2020–21ൽ 5 ശതമാനം, 2021–22ൽ 4 ശതമാനം, 2022–23ൽ 4 ശതമാനം | - | - | 5.31 | 4.93 | 2.44 |
| 4 | മൊത്തം മിച്ചം നിൽക്കുന്ന ബാധ്യതയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം (ശതമാനം) | 2022-23 ൽ[2] 34.50 ശതമാനം | 30.65 | 32.64 | 39.21 | 36.69 | 35.42 |

*ഉറവിടം: സാമ്പത്തിക കണക്കുകളിലെ പത്രിക 2ഉം കെഎഫ്ആർ നിയമവും*

[2] 2018–19ൽ 30.01 ശതമാനം, 2019–20ലും 2020–21ലും 29.67 ശതമാനം, 2021–22ൽ 34.70 ശതമാനം

ഭാരത സർക്കാർ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് വായ്പയായി കടം വരവുകൾക്ക് കീഴിൽ നൽകിയ ജിഎസ്ടി നഷ്ടപരിഹാരം ആയ ₹14,505.31 കോടിയെ ധനകാര്യ കമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ ഒന്നും തന്നെ കടമായി കണക്കാക്കരുതെന്ന് ഭാരതസർക്കാർ എക്സ്പെൻഡിച്ചർ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതിനാൽ പ്രസ്തുത തുകയെ ഒഴിവാക്കിയാണ് 2022-23ലെ സംസ്ഥാനത്തിന്റെ മിച്ചം നിൽക്കുന്ന ബാധ്യതയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം (35.42 ശതമാനം)കണക്കാക്കിയിട്ടുള്ളത്.

കിഫ്ബിയിലൂടെയും (₹17,742.68 കോടി), കെഎസ്എസ്പിഎൽലൂടെയും (₹11,733.29 കോടി) നേടിയ ഓഫ് ബഡ്ജറ്റ് കടമെടുപ്പിനെ സംബന്ധിച്ച് സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ വെളിപ്പെടുത്താത്തതിനാൽ സർക്കാരിന്റെ ബാധ്യതകൾ ₹29,475.97 കോടി കുറച്ചു കാണിക്കുന്നതിനിടയാക്കി. സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് കണക്കിലെടുക്കുമ്പോൾ ബാധ്യത/ജിഎസ്ഡിപി അനുപാതം 38.23 ശതമാനമായിത്തീരും.

കെഎഫ്ആർ ആക്ടിൽ പ്രതിപാദിച്ചിരുന്ന ലക്ഷ്യമനുസരിച്ച് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ കമ്മി പൂർണമായും ഒവിവാക്കി റവന്യൂ മിച്ചം കൈവരിക്കണമായിരുന്നെങ്കിലും, സംസ്ഥാനം പ്രസ്തുത കാലയളവിൽ റവന്യൂ കമ്മിയിൽ തന്നെ തുടർന്നു. മൊത്തം ബാക്കി നിൽക്കുന്ന ബാധ്യതയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതവും (35.42 ശതമാനം) 2022-23 വർഷത്തിലേക്ക് നിയമത്തിൽ നിശ്ചയിച്ച ലക്ഷ്യത്തിനു പുറത്താണ് (34.50 ശതമാനം). എങ്കിലും, സംസ്ഥാനത്തിന് ധനക്കമ്മിയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം 4 ശതമാനത്തിൽ താഴെ നിർത്തുവാൻ സാധിച്ചു.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ജിഎസ്ഡിപിയുമായി ബന്ധപ്പെട്ട കമ്മിയുടെ സൂചകങ്ങളുടെ പ്രവണത **ചാർട്ട് 1.4** ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.4: ജിഎസ്ഡിപിയുമായി ബന്ധപ്പെട്ട കമ്മി സൂചകങ്ങളുടെ പ്രവണത**




| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| പിഡി/ജിഎസ് ഡിപി | -1.3 | -0.57 | -2.59 | -2.43 | -0.04 |
| എഫ് ഡി/ജിഎസ് ഡിപി | -3.42 | -2.93 | -5.31 | -4.93 | -2.44 |
| ആർഡി/ജിഎസ് ഡിപി | -2.22 | -1.78 | -3.35 | -3.16 | -0.88 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിൽ നിന്നും സമാഹരിച്ചത്*

മുകളിൽ കാണിച്ചിരിക്കുന്നതിൽ നിന്നും, റവന്യൂകമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവയും ജിഎസ്ഡിപിയുമായുള്ള അനുപാതം മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ കുറഞ്ഞതായി കാണാവുന്നതാണ്. ഓഡിറ്റിനു ശേഷമുള്ള കമ്മിയുടെ വിവരങ്ങൾ ഖണ്ഡിക 1.7ൽ വിശദമാക്കിയിരിക്കുന്നു.

2022-23ൽ ജിഎസ്ഡിപിയുടെ ശതമാനമായി ധനക്കമ്മി 2.44 ശതമാനം ആയിരുന്നു. ഇത് നാലുശതമാനമെന്ന ലക്ഷ്യത്തെക്കാൾ കുറവാണ്. തന്നാണ്ടിൽ, റവന്യൂ ചെലവ് റവന്യൂ വരവിനെക്കാൾ 6.95 ശതമാനം മാത്രമേ കൂടിയിട്ടുള്ളൂ എന്നതുകൊണ്ടാണ് ഇത് പ്രധാനമായും സംഭവിച്ചത്. കൂടാതെ, 2022-23ലെ സംസ്ഥാനത്തിന്റെ മൊത്തം ചെലവ് മുൻവർഷത്തെക്കാൾ ₹4,487.11 കോടി (2.75 ശതമാനം) കുറയുകയും ചെയ്തു.

കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം 2003 അനുസരിച്ച്, സംസ്ഥാനം ഒരു മിതകാല സാമ്പത്തിക നയവും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും (എംടിഎഫ്പി) (**അനുബന്ധം 1.4** ൽ ഉൾപ്പെടുത്തിയിരിക്കുന്നു) സംസ്ഥാന നിയമസഭയ്ക്കു മുമ്പിൽ എല്ലാവർഷവും സമർപ്പിക്കുന്നു.

സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച എംടിഎഫ്പിയിൽ വിഭാവനം ചെയ്തിരിക്കുന്ന നടപ്പുവർഷത്തെ സാമ്പത്തിക സൂചകങ്ങളുടെ ലക്ഷ്യങ്ങളും യഥാർത്ഥ കാര്യങ്ങളും ആയുള്ള താരതമ്യം ചുവടെയുള്ള **പട്ടിക 1.8 ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 1.8: 2022-23 ലെ എംടിഎഫ്പിയിലെ പ്രൊജക്ഷനും യഥാർത്ഥത്തിലുള്ളതും**

*(₹കോടിയിൽ)*

| ക്രമ നമ്പർ | സാമ്പത്തിക ഘടകങ്ങൾ | എംടിഎഫ്പി യിലെ പ്രൊജക്ഷൻ | യഥാർത്ഥ കണക്ക് (2022–23) | എംടിഎഫ്പി യിലെ പ്രൊജക്ഷനു മായുള്ള വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | തനതു നികുതിവരുമാനം | 74,097.80 | 71,968.16 | (-) 2.87 |
| 2 | നികുതിയേതര വരുമാനം | 11,769.55 | 15,117.95 | 28.45 |
| 3 | കേന്ദ്രത്തിൽ നിന്നുള്ള സഹായം (ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായവും കേന്ദ്ര നികുതികളുടെ വിഹിതവും) | 48,230.45 | 45,638.54 | (-) 5.37 |
| 4 | റവന്യൂ വരവുകൾ (1+2+3) | 1,34,097.80 | 1,32,724.65 | (-) 1.02 |
| 5 | റവന്യൂ ചെലവ് | 1,57,065.89 | 1,41,950.93 | (-) 9.62 |
| 6 | റവന്യൂ കമ്മി (–) (4–5) | (-) 22,968.09 | (-) 9,226.28 | (-) 59.83 |
| 7 | ധനക്കമ്മി (–) / മിച്ചം (+) | (-) 39,116.61 | (-) 25,554.54 | (-) 34.67 |
| 8 | ധനക്കമ്മി/ ജിഎസ്ഡിപി | 3.91 | 2.44 | |
| 9 | ബാധ്യത – ജിഎസ്ഡിപി അനുപാതം (ശതമാനം) | 37.18 | 35.42* | |
| 10 | നിലവിലെ വിലനിലവാരമനുസരിച്ചുള്ള ജിഎസ്ഡിപി വളർച്ചാനിരക്ക് (ശതമാനം) | 10.83 | 11.95 | |

*ഉറവിടം : സാമ്പത്തിക കണക്കുകളിലെ പത്രിക 2 ഉം മിതകാല സാമ്പത്തിക നയവും.*

** ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോൺ (₹14,505.31 കോടി) കടമായി കണക്കാക്കിയിട്ടില്ല.*

സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ കണക്കിലെടുത്താൽ ബാധ്യത/ ജിഎസ്ഡിപി അനുപാതം 38.23 ശതമാനമായിരിക്കും.

റവന്യൂ, ധനക്കമ്മികൾ എംടിഎഫ്പിയിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറവായിരുന്നെങ്കിലും, 2022-23 ൽ സംസ്ഥാന സർക്കാർ എംടിഎഫ്പിയിൽ തീർച്ചപ്പെടുത്തിയിരുന്ന പല ലക്ഷ്യങ്ങളും കൈവരിക്കുവാനായില്ല. 2022-23 ൽ കൈവരിച്ച സാമ്പത്തിക ഘടകങ്ങൾ എംടിഎഫ്പിയിൽ പ്രസ്താവിച്ചിട്ടുള്ള സൂചകങ്ങൾക്കും സാമ്പത്തിക നയത്തിനും പുറത്താണെന്ന് ഇത് സൂചിപ്പിക്കുന്നു.

2022-23 ലെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനക്കമ്മിയും യഥാക്രമം ₹2,186.36 കോടിയും ₹1,998.71 കോടിയും കുറച്ചു കാണിച്ചതായി പോസ്റ്റ് ഓഡിറ്റ് വിശകലനത്തിൽ വെളിവായി. ഇതു കാരണം ജിഎസ്ഡിപിയുടെ ശതമാനം എന്ന നിലയിൽ ധനക്കമ്മി 2.63 ശതമാനം ആയി.

## 1.7 ഓഡിറ്റ് പരിശോധനയ്ക്കു ശേഷമുള്ള കമ്മിയും മൊത്തം കടവും

മൊത്തത്തിലുള്ള കമ്മിയേയും കടത്തിനെയും ബാധിക്കുന്ന കണക്കുകളിലെ തെറ്റായ വർഗീകരണവും ഓഫ് ബഡ്ജറ്റ് സാമ്പത്തിക പ്രവർത്തനങ്ങളും ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. ഓഡിറ്റ് പരിശോധനയ്ക്ക് ശേഷമുള്ള കമ്മിയുടെയും കടത്തിന്റെയും കണക്കുകൾ താഴെ വിശദമാക്കിയിരിക്കുന്നു.

### 1.7.1 ഓഡിറ്റിനു ശേഷമുള്ള വിശകലനം

റവന്യൂ ചെലവിനെ മൂലധനചെലവായി തെറ്റായി തരം തിരിച്ചതും ഓഫ് ബഡ്ജറ്റ് സാമ്പത്തിക പ്രവർത്തനങ്ങളും കമ്മിയുടെ കണക്കുകളെ ബാധിക്കുന്നു. കൂടാതെ, സെസ്സ്/ റോയൽറ്റി എന്നിവ സഞ്ചിത നിധിയിൽ നിക്ഷേപിക്കാത്തതും, പുതിയ പെൻഷൻ പദ്ധതിയിലേക്കും സിങ്കിങ് ഫണ്ടുകളിലേക്കും കുറഞ്ഞ അളവിൽ സംഭാവന ഒടുക്കുന്നതും, റവന്യൂ /ധനക്കമ്മികളുടെ കണക്കുകളെ ബാധിക്കുന്നു. യഥാർത്ഥത്തിലുള്ള കമ്മിയുടെ കണക്കുകൾ കണ്ടെത്തുന്നതിന് ഇത്തരം ക്രമക്കേടുകളുടെ അനന്തരഫലങ്ങളെ തിരുത്തേണ്ടതുണ്ട്.

**പട്ടിക 1.9: ഓഡിറ്റ് പരിശോധനയ്ക്കു ശേഷമുള്ള റവന്യൂ, ധനക്കമ്മി**

*(₹കോടിയിൽ)*

| ക്രമ നമ്പർ | വിവരണങ്ങൾ | റവന്യൂ കമ്മി | ധനക്കമ്മി | ഖണ്ഡിക സൂചിക |
|---|---|---|---|---|
| 1 | ഓഡിറ്റിനു മുമ്പുള്ള കമ്മികൾ | 9,226.28 | 25,554.54 | |
| 2 | കമ്മിയിൽ സ്വാധീനം ചെലുത്തുന്ന ഓഡിറ്റ് കണ്ടെത്തലുകൾ$ | | | |
| എ | ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേക്ക് സംഭാവന നൽകാത്തത് | (+) 268.45 | (+) 268.45 | 2.8.2 |
| ബി | മൂലധന ശീർഷകത്തിനുപകരം റവന്യൂ ശീർഷകത്തിൽ ചെലവ് കാണിച്ചത് | (-)12.35 | | 3.5.2 |
| സി | വളരെ വ്യക്തമായ ബാധ്യതകളുടെ മാറ്റിവയ്ക്കൽ | (+) 556.00 | (+) 556.00 | 4.1 |
| ഡി | പലിശ ബാധ്യതകൾ തീർക്കാത്തത്<br>• സംസ്ഥാന പരിഹാര്യ വനവൽക്കരണ നിധിയിലേക്കുള്ള പലിശ | (+) 1.83 | (+) 1.83 | 2.5.2.2 |

| ക്രമ നമ്പർ | വിവരണങ്ങൾ | റവന്യൂ കമ്മി | ധനക്കമ്മി | ഖണ്ഡിക സൂചിക |
|---|---|---|---|---|
| ഇ | സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം തിരിച്ചെടുത്തത് | (+) 200 | | 4.7.2 |
| എഫ് | കെഎസ്എസ്പിഎൽന്റെ സർക്കാരിതര ഫണ്ടുകളുടെ തിരിച്ചെടുക്കൽ | (+) 1,116.87 | (+) 1,116.87 | 4.7.2 |
| ജി | കേരള റോഡു സുരക്ഷാഫണ്ടിലേക്ക് പണം കൈമാറ്റം ചെയ്യാത്തത് | (+) 55.56 | (+) 55.56 | 4.4 |
| **3** | **ഓഡിറ്റിനു ശേഷമുള്ള കണ്ടെത്തലുകളുടെ ആകെ തുക** | **2,186.36** | **1,998.71** | |
| **4** | **ഓഡിറ്റിനു ശേഷമുള്ള കമ്മി (1+3)** | **11,412.64** | **27,553.25** | |

*ഉറവിടം : സാമ്പത്തിക കണക്കുകളിൽ നിന്നും സമാഹരിച്ചതും ഓഡിറ്റ് വിശകലനവും*
*$ കുറച്ചുകാണിച്ചത് (+) കൂടുതൽ കാണിച്ചത് (−)*

സംസ്ഥാനത്തിന്റെ റവന്യൂ/ധനക്കമ്മികൾ യഥാക്രമം ₹ 2,186.36 കോടിയും ₹ 1,998.71 കോടിയും കുറച്ചുകാണിച്ചു. ഓഡിറ്റിനുശേഷമുള്ള വിശകലനത്തിൽ, ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ, ധനക്കമ്മി 2.63 ശതമാനമായി.

സംസ്ഥാന സർക്കാർ 2022-23ൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലൂടെയും (കിഫ്ബി) (₹5,109.24 കോടി), കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിലൂടെയും (കെഎസ്എസ്പിഎൽ) (₹ 2,949.67 കോടി) ₹ 8,058.91 കോടിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് നടത്തിയെന്ന് ഓഡിറ്റിന് ശേഷമുള്ള വിശകലനത്തിൽ വെളിവായി. ഇത് 2022-23ലെ സാമ്പത്തിക കണക്കുകളിൽ പ്രതിപാദിച്ചിരിക്കുന്ന ₹ 3,85,030.38 കോടിയുടെ ബാധ്യതയ്ക്കു പുറമേയുള്ളതാണ്. 2023 മാർച്ച് 31ന് കിഫ്ബിയ്ക്കും കെഎസ്എസ്പിഎല്ലിനും കൂടെയുള്ള മൊത്തം ബാക്കി നിൽക്കുന്ന ബാധ്യത ₹ 29,475.97 കോടിയാണ് (അദ്ധ്യായം II). ബഡ്ജറ്റിനു പുറമേയുള്ള കടമെടുക്കൽ കൂടെ കണക്കിലെടുക്കുമ്പോൾ, സംസ്ഥാനത്തിന്റെ മൊത്തം ബാധ്യത ₹ 4,14,506.35 കോടിയും, ബാധ്യത/ജിഎസ്ഡിപി അനുപാതം 38.23 ശതമാനവുമാണ് (ബാക്ക് ടു ബാക്ക് വായ്പയായ ₹ 14,505.31 കോടി ഒഴിവാക്കിക്കൊണ്ട്). ഇത് സാമ്പത്തിക ലക്ഷ്യമായ 34.50 ശതമാനത്തിനേക്കാൾ വളരെ കൂടുതലാണ്.

# അദ്ധ്യായം II
# സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ

# അദ്ധ്യായം II
# സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ

സാമ്പത്തിക പ്രശ്നങ്ങളുടെയും കമ്മികളുടെയും കാരണങ്ങളെയും ഗുണപരമായ പ്രവണതകളെയും വെളിപ്പെടുത്തുന്നതിനുവേണ്ടി 2022–23 വർഷത്തെ സാമ്പത്തിക കണക്കുകളെ ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു.

## 2.1 2021-22 നെ അപേക്ഷിച്ച് മുഖ്യ സാമ്പത്തിക സംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ

മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ **പട്ടിക 2.1 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.1 : 2021-22നെ അപേക്ഷിച്ച് 2022-23ൽ മുഖ്യ സാമ്പത്തിക സംഗ്രഹങ്ങളിൽ ഉണ്ടായ വ്യതിയാനങ്ങൾ**

*(₹ കോടിയിൽ)*

| | വിശദാംശങ്ങൾ | | 2021-22 | 2022-23 | വർദ്ധനവ്(+)/ കുറവ്(–) (ശതമാനത്തിൽ) |
|---|---|---|---|---|---|
| എ | റവന്യൂ വരവുകൾ | **റവന്യൂവരവുകൾ** | **1,16,640.24** | **1,32,724.65** | **13.79** |
| | | തനതു നികുതി വരുമാനം | 58,340.52 | 71,968.16 | 23.36 |
| | | നികുതിയേതര വരുമാനം | 10,462.51 | 15,117.95 | 44.50 |
| | | കേന്ദ്ര നികുതികളുടെയും ചുങ്കങ്ങളുടെയും സംസ്ഥാന വിഹിതം | 17,820.09 | 18,260.68 | 2.47 |
| | | ഭാരത സർക്കാരിൽ നിന്നുമുള്ള ധനസഹായം | 30,017.12 | 27,377.86 | (-) 8.79 |
| | | തനതു നികുതി വരുമാനം ₹13,627.64 കോടിയും നികുതിയേതര വരുമാനം ₹4,655.44 കോടിയും വർദ്ധിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന്റെ റവന്യൂവരവുകൾ ₹16,084.41 കോടി വർദ്ധിച്ചു. | | | |
| ബി | റവന്യൂ ചെലവുകൾ | **റവന്യൂചെലവുകൾ** | **1,46,179.51** | **1,41,950.93** | **(-) 2.89** |
| | | സാമൂഹ്യ സേവനങ്ങൾ | 50,695.61 | 50,275.91 | (-) 0.83 |
| | | സാമ്പത്തിക സേവനങ്ങൾ | 15,713.81 | 12,280.82 | (-) 21.85 |
| | | പൊതു സേവനങ്ങൾ | 70,110.00 | 69,831.68 | (-) 0.40 |
| | | ധനസഹായം | 9,660.09 | 9,562.52 | (-) 1.01 |
| | | സാമ്പത്തിക സേവനങ്ങൾക്കായുള്ള റവന്യൂ ചെലവ് ₹3,432.99 കോടി കുറഞ്ഞതാണ് സംസ്ഥാനത്തെ മൊത്തം റവന്യൂ ചെലവിൽ ₹4,228.58 കോടിയുടെ കുറവുണ്ടായതിന് മുഖ്യകാരണം. | | | |

| | വിശദാംശങ്ങൾ | | 2021-22 | 2022-23 | വർദ്ധനവ്(+)/ കുറവ്(–) (ശതമാനത്തിൽ) |
|---|---|---|---|---|---|
| സി | മൂലധന വരവുകൾ | കടം മൂലധന വരവുകൾ | 64,932.14 | 54,007.17 | (-) 16.83 |
| | | കടമിതര മൂലധന വരവുകൾ | 539.51 | 459.23 | (-) 14.88 |
| | | കടം മൂലധന വരവുകളും കടമിതര മൂലധന വരവുകളും യഥാക്രമം 16.83 ശതമാനവും 14.88 ശതമാനവും കുറഞ്ഞു. | | | |
| ഡി | മൂലധന ചെലവ് | **മൂലധന ചെലവ്** | 14,191.73 | 13,996.56 | (-)1.38 |
| | | സാമൂഹ്യ സേവനങ്ങൾ | 3,342.63 | 3,030.08 | (-) 9.35 |
| | | സാമ്പത്തിക സേവനങ്ങൾ | 10,580.84 | 10,659.59 | 0.74 |
| | | പൊതു സേവനങ്ങൾ | 268.26 | 306.89 | 14.40 |
| | | സാമൂഹിക സേവനങ്ങൾക്ക് കീഴിലുള്ള മൂലധനച്ചെലവ് ₹312.55 കോടി കുറയുകയും സാമ്പത്തിക സേവനങ്ങൾ, പൊതു സേവനങ്ങൾ എന്നിവയിൽ യഥാക്രമം ₹78.75 കോടിയും ₹38.63 കോടിയും വർദ്ധിക്കുകയും ചെയ്തതിനാൽ സംസ്ഥാനത്തിന്റെ മൊത്തം മൂലധനച്ചെലവിൽ ₹195.17 കോടിയുടെ കുറവുണ്ടായി. | | | |
| ഇ | വായ്പകളും മുൻകൂറുകളും | വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം | 2,854.29 | 2,790.93 | (-) 2.22 |
| | | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 479.24 | 409.29 | (-)14.60 |
| | | മുൻവർഷത്തെ അപേക്ഷിച്ച് വായ്പകളുടേയും മുൻകൂറുകളുടേയും തിരിച്ചു പിടിക്കൽ ₹69.95 കോടി കുറഞ്ഞു. | | | |
| എഫ് | പൊതു കടം | പൊതുകടം വരവുകൾ * | 64,932.14 | 54,007.17 | (-) 16.83 |
| | | പൊതുകടം ചെലവഴിക്കൽ | 35,900.00 | 35,980.76 | 0.22 |
| ജി | പൊതു കണക്ക് | പൊതു കണക്ക് വരവുകൾ | 3,55,961.24 | 3,37,441.36 | (-) 5.20 |
| | | പൊതു കണക്ക് ചെലവഴിക്കൽ | 3,36,440.12 | 3,27,399.51 | (-) 2.69 |
| എച്ച് | പണത്തിന്റെ നീക്കിയിരിപ്പ് | അന്തിമ നീക്കിയിരിപ്പ് | 7,475.46 | 9,991.68 | 33.66 |

**കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയ ₹8,739.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു കീഴിൽ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ 2021-22-ലെ ഫലത്തിലുള്ള പൊതുകടം വരവുകൾ ₹56,192.83 കോടിയാണ്.*

ഈ സംഗ്രഹങ്ങളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഭാരത സർക്കാരിൽ നിന്നുള്ള പണം കൈമാറ്റമുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ റവന്യൂവരവുകൾക്ക് റവന്യൂചെലവിന്റെ 93.5 ശതമാനത്തിനു ധനാഗമം നടത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. തന്നാണ്ടിൽ റവന്യൂ ചെലവ് 2.89 ശതമാനം കുറഞ്ഞുവെങ്കിലും റവന്യൂ

ചെലവിന്റെ 6.5 ശതമാനം കടമെടുത്ത ഫണ്ടുകളിൽ നിന്നാണ് ഇപ്പോഴും കണ്ടെത്തിയത്.

2. മൊത്തം ചെലവിന്റെ 8.82 ശതമാനം മാത്രമേ മൂലധന ചെലവ് പ്രതിനിധീകരിക്കുന്നുള്ളൂ. റവന്യൂചെലവിനു വേണ്ട പണം കണ്ടെത്താൻ റവന്യൂവരവ് അപര്യാപ്തമായതാണ് ഇതിനു കാരണം.

## 2.2 ഫണ്ടുകളുടെ സ്രോതസ്സുകളും പ്രയോഗവും

മുൻ വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ഫണ്ടുകളുടെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും ഘടകങ്ങൾ **പട്ടിക 2.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2 : 2021-22ലെയും 2022-23ലെയും ഫണ്ടുകളുടെ സ്രോതസ്സിന്റെയും പ്രയോഗത്തിന്റെയും വിവരങ്ങൾ**

*(₹ കോടിയിൽ)*

| | വിശദാംശങ്ങൾ | 2021-22 | 2022-23 | വർദ്ധനവ് (+)/ കുറവ് (–) (ശതമാനത്തിൽ) |
|---|---|---|---|---|
| സ്രോതസ്സുകൾ | മുന്നിരിപ്പ് പണം | 4,967.98 | 7,477.96* | 50.52 |
| | റവന്യൂവരവുകൾ | 1,16,640.24 | 1,32,724.65 | 13.79 |
| | മൂലധന വരവുകൾ | 60.27 | 49.94 | (-) 17.14 |
| | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 479.24 | 409.29 | (-) 14.60 |
| | പൊതുകടം വരവുകൾ (തനി)** | 29,032.14 | 18,026.41 | (-) 37.91 |
| | പൊതുകണക്കിലെ വരവുകൾ (തനി) | 19,521.12 | 10,041.85 | (-) 48.56 |
| | ആകസ്മിക നിധി | 0.00 | 0.00 | 0.00 |
| | **ആകെ** | **1,70,700.99** | **1,68,730.10** | **(-) 1.15** |
| പ്രയോഗം | റവന്യൂചെലവ് | 1,46,179.51 | 1,41,950.93 | (-) 2.89 |
| | മൂലധന ചെലവ് | 14,191.73 | 13,996.56 | (-) 1.38 |
| | വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം | 2,854.29 | 2,790.93 | (-) 2.22 |
| | പണത്തിന്റെ അന്തിമ നീക്കിയിരിപ്പ് | 7,475.46 | 9,991.68 | 33.66 |
| | ആകസ്മിക നിധി | 0.00 | 0.00 | 0.00 |
| | **ആകെ** | **1,70,700.99** | **1,68,730.10** | **(-) 1.15** |

** മുൻ വർഷത്തെ വർഗീകരണത്തിലെ പിശക് തിരുത്തിയത് കാരണമാണ് വ്യത്യാസം ഉണ്ടായത്.*

*** കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയ ₹ 8,739.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് കീഴിൽ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ എക്സ്‌പെൻഡിച്ചർ വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ 2021-22ലെ ഫലത്തിലുള്ള പൊതുകടം വരവുകൾ (തനി) ₹ 20,292.83 കോടിയാണ്.*

*ഉറവിടം : 2021–22 ലെയും 2022–23 ലെയും സാമ്പത്തിക കണക്കുകൾ*

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ഫണ്ടുകളുടെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും വിശദാംശങ്ങൾ 'രൂപ എവിടെ നിന്നും വരുന്നു', 'രൂപ എവിടേയ്ക്ക് പോകുന്നു' എന്ന വിധത്തിൽ **ചാർട്ട് 2.1ലും ചാർട്ട് 2.2ലും** കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.1 സാമ്പത്തിക വിഭവങ്ങളുടെ ഘടന *(ശതമാനത്തിൽ)***




**ചാർട്ട് 2.2 സാമ്പത്തിക വിഭവങ്ങളുടെ പ്രയോഗം *(ശതമാനത്തിൽ)***




മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2022-23ൽ സംസ്ഥാനത്തിന് ലഭ്യമായ വിഭവങ്ങളുടെ വിവിധ ഘടകങ്ങളും അവയുടെ വളർച്ചാനിരക്കും **പട്ടിക 2.3**ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.3 : വിഭവങ്ങളുടെ വളർച്ചാ നിരക്ക്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | 2021-22 | 2022-23 |
|---|---|---|---|
| 1 | **നികുതി വരുമാനം** | **76,160.61 (28.60)** | **90,228.84 (18.47)** |
| | തനതു നികുതി വരുമാനം | 58,340.52 (22.41) | 71,968.16 (23.36) |
| | കേന്ദ്ര നികുതികളുടെ/ചുങ്കങ്ങളുടെ വിഹിതം | 17,820.09 (54.15) | 18,260.68 (2.47) |
| **2** | **നികുതിയേതര വരുമാനം** | **10,462.51 (42.79)** | **15,117.95 (44.50)** |
| **3** | **ധന സഹായവും അംശദാനവും** | **30,017.12 (-3.38)** | **27,377.86 (-8.79)** |
| **4** | **റവന്യൂ വരവുകൾ (1+2+3)** | **1,16,640.24 (19.49)** | **1,32,724.65 (13.79)** |
| 5 | വായ്പകളും മുൻകൂറുകളും തിരിച്ചു പിടിച്ചത് | 479.24 (81.65) | 409.29 (-14.60) |
| 6 | പലവക മൂലധന വരവുകൾ | 60.27 (76.49) | 49.94 (-17.14) |
| 7 | പൊതുകടം വരവുകൾ | 64,932.14 (-6.89) | 54,007.17 (-16.83) |
| 8 | പണം നീക്കിയിരിപ്പ് (തനി) ഉൾപ്പടെയുള്ള പൊതു കണക്കുകൾ (തനി) | 17,013.64 (68.66) | 7,528.13 (-55.75) |

*ബ്രാക്കറ്റിനുള്ളിലെ തുകകൾ മുൻ വർഷവുമായുള്ള വളർച്ചാ നിരക്കിനെ കാണിക്കുന്നു.*

- നികുതി വരുമാനത്തിന്റെ വാർഷിക വളർച്ചാനിരക്ക് 2021-22ലെ 28.60 ശതമാനത്തിൽ നിന്നും 2022-23ൽ 18.47 ശതമാനമായി കുറഞ്ഞു. എന്നാൽ ഇതേ കാലയളവിൽ നികുതിയേതര വരുമാനം 42.79 ശതമാനത്തിൽ നിന്നും 44.50 ശതമാനമായി വർദ്ധിച്ചു. ഭാരത സർക്കാരിൽ നിന്നുള്ള ധന സഹായം 2021-22 ലെ നെഗറ്റീവ് വളർച്ചാ നിരക്കായ 3.38 ശതമാനത്തിൽ നിന്നും 2022-2023 ൽ 8.79 ശതമാനമായി വീണ്ടും കുറഞ്ഞു.

- കടം ഇതര വരവുകളിൽ ഉൾപ്പെടുന്ന വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചുപിടിക്കലും പലവക മൂലധന വരവുകളും 2021-22 ലെ വളർച്ചാ നിരക്കായ 81.65 ശതമാനവും 76.49 ശതമാനവുമായി തുലനം ചെയ്യുമ്പോൾ 2022-23 ൽ യഥാക്രമം 14.60 ശതമാനത്തിന്റെയും 17.14 ശതമാനത്തിന്റെയും നെഗറ്റീവ് വാർഷിക വളർച്ചാ നിരക്ക് കാണിച്ചു.

- പൊതുകടം വരവുകൾ 2021-22ലും 2022- 23ലും യഥാക്രമം 6.89 ശതമാനത്തിന്റെയും 16.83 ശതമാനത്തിന്റെയും നെഗറ്റീവ് വളർച്ചാനിരക്ക് കാണിച്ചു.

2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെതിരെയുള്ള യഥാർത്ഥ വരവുകൾ **പട്ടിക 2.4** ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.4 : ബഡ്ജറ്റ് എസ്റ്റിമേറ്റുമായി തുലനം ചെയ്യുമ്പോൾ 2022-23ലെ യഥാർത്ഥ വരവുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | 2022-23 (ബഡ്ജറ്റ് എസ്റ്റിമേറ്റ്–ബിഇ) | 2022-23 (യഥാർത്ഥത്തിലുള്ളത്) | ബി ഇയുമായി തുലനം ചെയ്യുമ്പോൾ 2022-23 ലെ യഥാർത്ഥ വരവുകളുടെ ശതമാനം |
|---|---|---|---|---|
| **1** | **നികുതി വരുമാനം** | **91,818.30** | **90,228.84** | **98.27** |
| | തനതു നികുതി വരുമാനം | 74,097.80 | 71,968.16 | 97.13 |
| | കേന്ദ്ര നികുതികളുടെ/ചുങ്കങ്ങളുടെ വിഹിതം | 17,720.50 | 18,260.68 | 103.05 |
| **2** | **നികുതിയേതര വരുമാനം** | **11,769.55** | **15,117.95** | **128.45** |
| **3** | **ധന സഹായവും അംശദാനവും** | **30,509.95** | **27,377.86** | **89.73** |
| **4** | **റവന്യൂ വരവുകൾ (1+2+3)** | **1,34,097.80** | **1,32,724.65** | **98.98** |
| **5** | വായ്പകളും മുൻകൂറുകളും തിരിച്ചു പിടിച്ചത് | 323.50 | 409.29 | 126.52 |
| **6** | പലവക മൂലധന വരവുകൾ | 49.60 | 49.94 | 100.69 |
| **7** | പൊതുകടം വരവുകൾ | 83,053.77 | 54,007.17 | 65.03 |
| **8** | പണം നീക്കിയിരിപ്പ് (തനി) ഉൾപ്പെടെയുള്ള പൊതു കണക്കുകൾ (തനി) | 11,260.59 | 7,528.13 | 66.85 |

2022-23ലെ ബഡ്ജറ്റ് എസ്റ്റിമേറ്റായ ₹1,34,097.80 കോടിയുമായി തുലനം ചെയ്യുമ്പോൾ യഥാർത്ഥ റവന്യൂവരവുകൾ ₹1,32,724.65 കോടിയായിരുന്നു. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ 99 ശതമാനമാണ്. വായ്പകളും മുൻകൂറുകളും തിരിച്ചുപിടിച്ചതിന്റെയും പലവക മൂലധന വരവുകളുടെയും യഥാർത്ഥ വരവുകൾ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് കൂടുതലായിരുന്നു. എന്നിരുന്നാലും, പൊതു കടത്തിനു കീഴിലെ യഥാർത്ഥ വരവുകൾ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 65 ശതമാനം മാത്രമായിരുന്നു.

2021-22 മായി തുലനം ചെയ്യുമ്പോൾ 2022-23 ലെ ജിഎസ്ഡിപിയുമായുള്ള റവന്യൂവിന്റെയും നികുതി വരുമാനത്തിന്റെയും ഉയർച്ച **പട്ടിക 2.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5: ജിഎസ്ഡിപിയുമായി റവന്യുവിന്റെയും നികുതി വരുമാനത്തിന്റെയും ഉയർച്ച**

| ക്രമ നമ്പർ | ഘടകങ്ങൾ | 2021–22 | 2022–23 |
|---|---|---|---|
| 1 | ജിഎസ്ഡിപി (₹ കോടിയിൽ) | 9,34,542 | 10,46,188 |
| 2 | ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 21.10 | 11.95 |
| 3 | നികുതി വരുമാനം (₹ കോടിയിൽ) | 76,160.61 | 90,228.84 |
| 4 | നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 28.60 | 18.47 |
| 5 | മൊത്തം റവന്യൂ (₹ കോടിയിൽ) | 1,16,640.24 | 1,32,724.65 |
| 6 | മൊത്തം റവന്യുവിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 19.49 | 13.79 |
| 7 | ജിഎസ്ഡിപിയുമായി റവന്യുവിന്റെ ഉയർച്ച (അനുപാതം) | 0.92 | 1.15 |
| 8 | ജിഎസ്ഡിപിയുമായി നികുതി വരുമാനത്തിന്റെ ഉയർച്ച (അനുപാതം) | 1.36 | 1.55 |

**പട്ടിക 2.5** ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ മുൻവർഷവുമായി തുലനം ചെയ്യുമ്പോൾ 2022-23ൽ ജിഎസ്ഡിപിയുമായുള്ള റവന്യുവിന്റെയും നികുതി വരുമാനത്തിന്റെയും ഉയർച്ച മെച്ചപ്പെട്ടു.

## 2.3 സംസ്ഥാനത്തിന്റെ വിഭവങ്ങൾ

റവന്യൂവരവുകൾ, മൂലധന വരവുകൾ, പൊതുകണക്കിലെ തനിവരവുകൾ എന്നിവയിൽ നിന്നാണ് പ്രധാനമായും സംസ്ഥാനത്തിന്റെ വിഭവങ്ങൾ വരുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതിവരുമാനം, നികുതിയേതര വരുമാനം, കേന്ദ്രനികുതിയിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കുന്ന വിഹിതം, ഭാരതസർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂവരവുകൾ. മൂലധന വരവുകൾ (കടവും വായ്പയും) ഇതിനെ പരിപോഷിപ്പിക്കുന്നു. മൂലധന, റവന്യൂവരവുകൾ കൂടാതെ പൊതുകണക്കിലെ ഫണ്ടുകളും സർക്കാരിന്റെ കമ്മി നികത്താൻ വിനിയോഗിക്കുന്നു. എഫ്ആർബിഎം ആക്ട് അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിൽ റവന്യൂവരവിനെക്കാൾ കൂടി നിൽക്കുന്ന റവന്യൂചെലവിനെയാണ് റവന്യൂകമ്മി എന്നു പറയുന്നത്. സംസ്ഥാനത്തിന്റെ വരവുകളുടെ ഘടകങ്ങളെ **ചാർട്ട് 2.3**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.3: 2022-23 ലെ സംസ്ഥാനത്തെ വരവിന്റെ ഘടകങ്ങൾ**

*(₹ കോടിയിൽ)*




## 2.3.1 സംസ്ഥാനത്തിന്റെ റവന്യൂവരുമാനം

ഈ ഖണ്ഡികയിൽ **ചാർട്ട് 2.4** ൽ കാണിച്ചിരിക്കുന്നതുപോലെ അഞ്ചു വർഷക്കാലയളവിലെ (2018-2023) റവന്യൂവരുമാനത്തിന്റെ പ്രവണത, അതിന്റെ ഘടകങ്ങൾ, അതിനു ജിഎസ്ഡിപിയുമായുള്ള ബന്ധം എന്നിവ വിശദമാക്കിയിരിക്കുന്നു.

ചാർട്ട് 2.4 : റവന്യൂ വരവുകളുടെ പ്രവണത

(₹ കോടിയിൽ)




### *2.3.1.1 റവന്യൂ വരവുകളുടെ വളർച്ചയും പ്രവണതയും*

2022-23ലെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂവരവ് ₹1,32,724.65 കോടിയാണ്. 2021-22 ലെ ₹1,16,640.24 കോടിയെ അപേക്ഷിച്ച് ₹16,084.41 കോടിയുടെ (13.79 ശതമാനം) വർദ്ധനവുണ്ടായി. 2018-19 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം റവന്യൂവരവിൽ 42.94 ശതമാനത്തിന്റെ വർദ്ധനവുണ്ടായി.

2022-23 ൽ റവന്യൂ വരുമാനത്തിന്റെ പ്രധാന ഭാഗവും (65.61ശതമാനം) സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ നിന്നാണ് വന്നത്. റവന്യൂ വരവിന്റെ ഘടകങ്ങളുടെ പ്രവണത ചുവടെയുള്ള **പട്ടിക 2.6**ൽ നൽകിയിരിക്കുന്നു.

പട്ടിക 2.6: റവന്യൂവരവുകളുടെ പ്രവണത

| ഘടകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| **റവന്യൂ വരവ് (ആർ.ആർ) (₹ കോടിയിൽ)** | **92,854.47** | **90,224.67** | **97,616.83** | **1,16,640.24** | **1,32,724.65** |
| ആർആർന്റെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 11.85 | (-) 2.83 | 8.19 | 19.49 | 13.79 |
| തനതു നികുതി വരുമാനം (₹ കോടിയിൽ) | 50,644.10 | 50,323.14 | 47,660.84 | 58,340.52 | 71,968.16 |
| നികുതിയേതര വരുമാനം (₹ കോടിയിൽ) | 11,783.24 | 12,265.22 | 7,327.31 | 10,462.51 | 15,117.95 |

| ഘടകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| തനതു വരവിന്റെ വളർച്ചാ നിരക്ക് (തനതു നികുതിയും നികുതിയേതര വരുമാനവും) (ശതമാനത്തിൽ) | 8.27 | 0.26 | (-) 12.14 | 25.12 | 26.57 |
| ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം (₹ കോടിയിൽ) | 11,388.96 | 11,235.26 | 31,068.28 | 30,017.12 | 27,377.86 |
| ധനസഹായത്തിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 33.55 | (-)1.35 | 176.52 | (-)3.38 | (-)8.79 |
| സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം (ജിഎസ്ഡിപി) (₹ കോടിയിൽ) | 7,88,285.57 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 12.36 | 3.13 | (-)5.07 | 21.10 | 11.95 |
| ആർആർ/ ജിഎസ്ഡിപി (ശതമാനത്തിൽ) | 11.78 | 11.10 | 12.65 | 12.48 | 12.69 |
| **ഉയർച്ചാ അനുപാതങ്ങൾ [3]** | | | | | |
| **ജിഎസ്ഡിപിയെ അപേക്ഷിച്ച് റവന്യൂവിന്റെ വളർച്ച** | 0.96 | - | - | 0.92 | 1.15 |
| **ജിഎസ്ഡിപിയെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ വളർച്ച** | 0.67 | 0.08 | 2.39 | 1.19 | 2.22 |

*ഉറവിടം : അതാതുവർഷത്തെ സാമ്പത്തിക കണക്കുകൾ; ജിഎസ്ഡിപിയ്ക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്*

- മുൻ വർഷത്തെ അപേക്ഷിച്ച് 2022-23 ൽ സംസ്ഥാനത്തിന്റെ തനതു വരുമാനം (നികുതിയും നികുതിയേതരവും ചേർത്ത്) ₹18,283.08 കോടി വർദ്ധിച്ച് 26.57 ശതമാനത്തിന്റെ വളർച്ചാ നിരക്ക് രേഖപ്പെടുത്തി.
- ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ റവന്യൂ വരവുകൾ 2021-22 ലെ 12.48 ശതമാനത്തിൽ നിന്ന് 2022-23ൽ 12.69 ശതമാനമായി നാമമാത്രമായ വർദ്ധനവ് കാണിച്ചു.
- ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം 2018-19മുതൽ 2022-23 വരെയുള്ള കാലയളവിൽ 140.39 ശതമാനം വർദ്ധിച്ചു. എന്നിരുന്നാലും 2021-22 നെ അപേക്ഷിച്ച് ധനസഹായം 2022-23–ൽ ₹ 2,639.26 കോടി (8.79 ശതമാനം) കുറഞ്ഞു. 2022-23 ൽ, പോസ്റ്റ് ഡിവൊല്യൂഷൻ റവന്യൂ കമ്മി ഗ്രാന്റ് കുറഞ്ഞതാണ് ധനസഹായം പ്രധാനമായും കുറയുന്നതിന് കാരണമായത്.

### 2.3.2 സംസ്ഥാനത്തിന്റെ തനതുവരുമാനം

സംസ്ഥാനത്തിന്റെ വരുമാനം തനതു നികുതിവരുമാനവും നികുതിയേതര വരുമാനവുമുൾപ്പെട്ടതാണ്.

3 അടിസ്ഥാന സൂചകങ്ങൾക്കുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ഒരു സാമ്പത്തിക സൂചകത്തിനുണ്ടാകുന്ന പ്രതികരണത്തിന്റെ അളവിനെയാണ് ഉയർച്ചാ അനുപാതം സൂചിപ്പിക്കുന്നത്.

### *2.3.2.1 തനതു നികുതി വരുമാനം*

സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ സംസ്ഥാനത്തിന്റ പ്രത്യേക നികുതികളായ സംസ്ഥാന ജിഎസ്ടി, എക്സൈസ് തുടങ്ങിയവ ഉൾപ്പെടുന്നു. 2018-2023 കാലയളവിലെ തനതു നികുതി വരുമാനത്തിന്റെ പ്രവണതകളും അതിന്റെ ഘടകങ്ങളുടെ വിശകലനവും **പട്ടിക 2.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക2.7: സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഘടകങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വരുമാന ശീർഷകം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2022-23 ലെ തനതു നികുതി വരുമാന ത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 21,014.71 | 20,446.95 | 20,028.31 | 24,169.81 | 29,513.28 | 41.01 |
| 2 | വിൽപ്പന നികുതി | 19,225.75 | 19,649.64 | 17,689.17 | 22,487.42 | 26,875.78 | 37.34 |
| 3 | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3,693.17 | 3,615.01 | 3,489.59 | 4,857.33 | 6,216.71 | 8.64 |
| 4 | സംസ്ഥാന എക്സൈസ് | 2,521.40 | 2,255.28 | 2,329.22 | 2,032.23 | 2,875.95 | 4.00 |
| 5 | വാഹന നികുതികൾ | 3,708.61 | 3,721.14 | 3,386.28 | 4,037.10 | 5,386.81 | 7.48 |
| 6 | ഭൂനികുതി | 202.78 | 332.42 | 493.35 | 470.84 | 718.90 | 1.00 |
| 7 | ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റ് നികുതികളും തീരുവകളും | 37.57 | 39.31 | 48.80 | 56.04 | 67.89 | 0.09 |
| 8 | മറ്റുള്ളവ | 240.11 | 263.39 | 196.12 | 229.75 | 312.84 | 0.44 |
| 9 | **ആകെ** | **50,644.10** | **50,323.14** | **47,660.84** | **58,340.52** | **71,968.16** | **100.00** |
| 10 | വളർച്ചാനിരക്ക് (ശതമാനത്തിൽ) | 9.01 | (-) 0.63 | (-) 5.29 | 22.41 | 23.36 | |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 3*

- സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2021-22 ലെ ₹ 58,340.52 കോടിയിൽ നിന്ന് ₹13,627.64 കോടി വർദ്ധിച്ച് 2022-23 ൽ ₹ 71,968.16 കോടിയായി 23.36ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2022-23 കാലയളവിൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം റവന്യൂ വരവുകളുടെ 54.22 ശതമാനമായിരുന്നു.
- 2022-23 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ എല്ലാ ഘടകങ്ങളിലും വരുമാനം വർദ്ധിക്കുന്ന പ്രവണതയാണ് കാണുന്നത്.

മുദ്രപത്രങ്ങളും, രജിസ്ട്രേഷൻ ഫീസും, വിൽപ്പന നികുതി തുടങ്ങിയവയിലെ വരുമാനത്തിലെ വളർച്ചാ നിരക്ക് 2021-22 ൽ യഥാക്രമം 39.19 ശതമാനവും 27.13 ശതമാനവും ആയിരുന്നത് 2022-23ൽ 27.99 ശതമാനമായും 19.51 ശതമാനമായും കുറഞ്ഞു.

### *2.3.2.2 സംസ്ഥാന ചരക്ക സേവന നികുതി*

2017 ജൂലൈ 1 മുതൽ ചരക്കുസേവന നികുതി (ജി എസ് റ്റി) നിലവിൽ വന്നു. 2022-23ൽ, എസ്റ്റിമേറ്റ് ചെയ്യപ്പെട്ട സംസ്ഥാന ചരക്കുസേവന നികുതിയുടെ പിരിവായ ₹ 36,818.28 കോടിയുമായി തുലനം ചെയ്യുമ്പോൾ സംസ്ഥാനം യഥാർത്ഥത്തിൽ ₹ 29,513.28 കോടി സമാഹരിച്ചു.2021- 22 മായി തുലനം ചെയ്യുമ്പോൾ (₹ 24,169.81 കോടി) 2022-23ൽ ₹ 5,343.47 കോടിയുടെ വർദ്ധനവ് ഉണ്ടായി (22.11 ശതമാനം). ഇതിൽ ഐജിഎസ് റ്റിയിൽ നിന്നുള്ള മുൻകൂർ വിഹിതമായ ₹ 960.14 കോടിയും ഉൾപ്പെടുന്നു. ഇതിനുപുറമെ, കേന്ദ്ര ചരക്കുസേവന നികുതിയുടെ കീഴിൽ സംസ്ഥാനത്തിന് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള തനി വരവുകളുടെ വിഹിതമായി ₹ 5,165.39 കോടി സംസ്ഥാനത്തിന് ലഭിച്ചു. ചരക്ക സേവന നികുതികളുടെ കീഴിലെ മൊത്തം വരവ് ₹ 34,678.67 കോടിയാണ്. ജിഎസ് റ്റി നടപ്പിലാക്കിയത് കൊണ്ട് ഉണ്ടായ വരുമാന നഷ്ടം നികത്തുന്നതിന് വേണ്ടി ₹ 7,245.97 കോടി ഭാരതസർക്കാരിൽ നിന്നും ധനസഹായമായി 2022-23ൽ ലഭിച്ചു. 2022-23ൽ, 2017-18 മുതൽ 2021-22 വരെയുള്ള മുൻ വർഷങ്ങളെ സംബന്ധിക്കുന്ന ₹ 584.30 കോടിയുടെ സംസ്ഥാന ജിഎസ്റ്റിയുടെള്ള (എസ് ജി എസ് റ്റി) ക്രമീകരണ രേഖപ്പെടുത്തലുകൾ, സാമ്പത്തിക കണക്കുകളിൽ കൊള്ളിച്ച സംഖ്യകളും ആർബിഐയുടെ സംഖ്യകളും തമ്മിലുള്ള വ്യത്യാസം കാരണം, ട്രഷറി വകുപ്പിൽ നിന്നും ലഭിച്ച പരിവർത്തന മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) യുടെ ഓഫീസ് നടത്തുകയുണ്ടായി. 2022-23 - ൽ എസ്ജിഎസ് റ്റിയിലുണ്ടായ ₹ 584.30 കോടിയുടെ വർദ്ധനവ് ഈ ക്രമീകരണം കാരണമാണ് ഉണ്ടായത്.

## 2.3.3 വരുമാന കുടിശ്ശികകളുടെ വിശകലനം

സർക്കാർ വരുമാന പിരിവിൽ വരുത്തുന്ന കാലതാമസമാണ് വരുമാന കുടിശ്ശിക കാണിക്കുന്നത്. വരുമാന കുടിശ്ശിക കാരണം സർക്കാരിന് ലഭിക്കേണ്ട വരുമാനം ഇല്ലാതാവുകയും ഒടുവിൽ റവന്യൂ കമ്മിയെ ബാധിക്കുകയും ചെയ്യും.

### *2.3.3.1 വരുമാന കുടിശ്ശിക*

പതിനഞ്ച് വകുപ്പുകളിലായി 16 കേസുകളിൽ വൻ വരുമാന കുടിശ്ശികയാണ് ഓഡിറ്റ് നിരീക്ഷിച്ചത്. 2023 മാർച്ച് 31ൽ വരുമാന കുടിശ്ശിക ₹ 27,902.45 കോടിയാണ്. ഇതിൽ ₹ 1,204.79 കോടിയും അഞ്ച് വർഷത്തിലധികമായി കുടിശ്ശികയിലാണെന്ന് **പട്ടിക 2.8** ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.8: 2023 മാർച്ച് 31 ലെ വരുമാന കുടിശ്ശിക**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക | 5 വർഷത്തിൽ കൂടുതലായി കുടിശ്ശിക യിലുള്ളത് |
|---|---|---|---|
| 1 | പോലീസ് വകുപ്പ് (മുഖ്യശീർഷകം 0055) | 454.35 | 239.83 |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുഖ്യ ശീർഷകം 0070) | 105.49 | 20.63 |
| 3 | ഫാക്ടറികളും ബോയിലറുകളും (മുഖ്യ ശീർഷകം 0230) | 1.90 | 0.06 |
| 4 | ധനകാര്യ വകുപ്പ് – പലിശ വരവിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0049) | 6,855.62 | 0 |
| 5 | ധനകാര്യ വകുപ്പ് – ഗ്യാരണ്ടി കമ്മീഷനിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0075) | 323.68 | 0 |
| 6 | വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും (മുഖ്യ ശീർഷകം 0043) | 3,800.92 | 0 |
| 7 | രജിസ്ട്രേഷൻ വകുപ്പ് (മുഖ്യ ശീർഷകം 0030) | 719.95 | 0 |
| 8 | എക്സൈസ് വകുപ്പ് (മുഖ്യ ശീർഷകം 0039) | 285.26 | 285.26 |
| 9 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് (മുഖ്യ ശീർഷകം 0853) | 198.96 | 0 |
| 10 | അച്ചടി വകുപ്പ് (മുഖ്യ ശീർഷകം 0058) | 52.74 | 40.32 |
| 11 | സ്റ്റേഷനറി വകുപ്പ് (മുഖ്യ ശീർഷകം 0058) | 31.02 | 22.87 |
| 12 | തൊഴിൽ വകുപ്പ് (മുഖ്യ ശീർഷകം 0230) | 2.56 | 0.17 |
| 13 | കേരള മാരിടൈം ബോർഡ് (മുൻപത്തെ തുറമുഖ വകുപ്പ്) (മുഖ്യ ശീർഷകം 1051) | 2.48 | 0.39 |
| 14 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 13,559.58 | 0.06 |
| 15 | മോട്ടോർ വാഹന വകുപ്പ് (മുഖ്യ ശീർഷകം 0041) | 1,109.91 | 328.45 |
| 16 | വനം വകുപ്പ് (മുഖ്യ ശീർഷകം 0406) | 398.03 | 266.75 |
| | **മൊത്തം കുടിശ്ശിക** | **27,902.45** | **1,204.79** |

### *2.3.3.2 വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പുകൾ*

വകുപ്പുകൾ കണ്ടെത്തിയ നികുതിവെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയ കേസുകൾ, അധിക നികുതി ചുമത്തിയ കേസുകൾ തുടങ്ങിയവ സംസ്ഥാന സർക്കാരിന്റെ വരുമാന സമാഹരണ ശ്രമങ്ങളുടെ സൂചകങ്ങളാണ്. ഇത്തരം കേസുകളുടെ യഥാസമയത്തുള്ള തീർപ്പാക്കൽ, ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനക്ഷമതയുടെ ഒരു പ്രധാന സൂചകമാണ്.

വകുപ്പുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം അഞ്ച് വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയ കേസുകൾ, അധിക നികുതി ഡിമാന്റുകൾ എന്നിവയുടെ വിവരങ്ങൾ ചുവടെയുള്ള **പട്ടിക 2.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.9 : നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | | 0030- മുദ്രപത്ര ങ്ങളും രജിസ്ട്രേ ഷനും | 0029 – ഭൂനികുതി | 0406– വനവൽക്ക രണവും വന്യ ജീവിസംര ക്ഷണവും | 0041- മോട്ടോർ വാഹനം | എസ്. ജി എസ് റ്റി |
|---|---|---|---|---|---|---|---|
| 1 | 2022 മാർച്ച് 31–ന് തീർപ്പാക്കാത്ത കേസുകളുടെ എണ്ണം | | 1,47,394 | 2,585 | 3 | 38 | 12,355 |
| 2 | 2022–23–ൽ കണ്ടെത്തിയ കേസുകളുടെ എണ്ണം | | 16,066 | 2,907 | 0 | 1 | 16,081 |
| 3 | **ആകെ** | | **1,63,460** | **5,492** | **3** | **39** | **28,436** |
| 4 | നികുതി നിർണ്ണയം/ പരിശോധന പൂർത്തിയാക്കിയതും അധിക നികുതിയും പിഴയും ചുമത്തിയതും | കേസുകളുടെ എണ്ണം | 21,610 | 3,031 | 0 | 23 | 9,331 |
| | | ചുമത്തിയതുക (₹ കോടിയിൽ) | 20.81 | 4.87 | 0 | 1.11 | 1,189.76 |
| 5 | 2023 മാർച്ച് 31 ന് തീർപ്പാക്കാത്ത കേസുകളുടെ എണ്ണം | | 1,41,850 | 2,461 | 3 | 16 | 19,105 |

*ഉറവിടം: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ*

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പിന്റെ കേസുകളുടെ വിവരങ്ങൾ 16 വകുപ്പുകളിൽ നിന്നും ഓഡിറ്റ് ആവശ്യപ്പെട്ടു. അഞ്ച്[4] വകുപ്പുകൾ നികുതി വെട്ടിപ്പിന്റെ കേസുകളൊന്നും തന്നെ കണ്ടെത്തിയില്ല. ആരോഗ്യം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, അച്ചടി, പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ, ഗതാഗതം എന്നീ വകുപ്പുകളിൽ നിന്നും വിശദവിവരങ്ങൾ ചോദിച്ചിട്ടുണ്ട് (2023 സെപ്റ്റംബർ), മറുപടി ലഭിച്ചിട്ടില്ല.

തീർപ്പാക്കാതെ നിൽക്കുന്ന നികുതിവെട്ടിപ്പ് കേസുകൾ പെട്ടന്ന് തീർപ്പാക്കുവാനായി ഒരു നിർദ്ദേശം സംസ്ഥാന സർക്കാരിനു നൽകിയിട്ടുണ്ടെന്ന് രജിസ്ട്രേഷൻ വകുപ്പ് മറുപടി നൽകി (2023 ഡിസംബർ).

### 2.3.4 നികുതിയേതര വരുമാനം

**പട്ടിക 2.10** ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയേതര വരുമാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി, ഡിവിഡന്റുകളും ലാഭവും, വനവൽകരണവും വന്യജീവി സംരക്ഷണവും, പലിശ വരവിനങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

*4 എക്സൈസ് വകുപ്പ്, സ്റ്റേഷനറി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ലോട്ടറി വകുപ്പ്, കൃഷി വകുപ്പ്*

**പട്ടിക 2.10 : സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വരവ് ശീർഷകം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | സംസ്ഥാന ഭാഗ്യക്കുറി | 9,264.66 | 9,973.67 | 4,873.01 | 7,134.93 | 11,892.87 |
| 2 | ഡിവിഡന്റുകളും ലാഭവും | 132.12 | 100.33 | 110.19 | 227.98 | 48.93 |
| 3 | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 287.21 | 255.85 | 236.61 | 200.57 | 290.61 |
| 4 | പലിശ വരവിനങ്ങൾ | 132.38 | 84.95 | 246.64 | 177.05 | 171.95 |
| 5 | മറ്റു നികുതിയേതര വരുമാനം | 1,966.87 | 1,850.42 | 1,860.86 | 2,721.98 | 2,713.60 |
| **6** | **നികുതിയേതര വരുമാനം** | **11,783.24** | **12,265.22** | **7,327.31** | **10,462.51** | **15,117.96** |
| 7 | മൊത്തം റവന്യൂ വരവുകൾ | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.65 |
| 8 | നികുതിയേതര വരുമാനം റവന്യൂവരവുകളുടെ ശതമാനത്തിൽ | 12.69 | 13.59 | 7.51 | 8.97 | 11.39 |
| 9 | ജിഎസ്ഡിപി | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| 10 | ജിഎസ്ഡിപിയുടെ ശതമാനമായി നികുതിയേതര വരുമാനം | 1.49 | 1.51 | 0.95 | 1.12 | 1.45 |
| | **നികുതിയേതര വരുമാനത്തിലെ വിഹിതം (ശതമാനത്തിൽ)** | | | | | |
| 11 | ഭാഗ്യക്കുറിയുടെ വിഹിതം | 78.63 | 81.32 | 66.50 | 68.20 | 78.67 |
| 12 | ഡിവിഡന്റ്/ലാഭത്തിന്റെ വിഹിതം | 1.12 | 0.82 | 1.50 | 2.18 | 0.32 |
| 13 | വനവൽക്കരണവും വന്യജീവി സംരക്ഷണത്തിന്റെയും വിഹിതം | 2.44 | 2.09 | 3.23 | 1.92 | 1.92 |
| 14 | പലിശ വരവിനങ്ങളുടെ വിഹിതം | 1.12 | 0.69 | 3.37 | 1.69 | 1.14 |
| 15 | മറ്റ് നികുതിയേതര വരുമാനത്തിന്റെ വിഹിതം | 16.69 | 15.08 | 25.40 | 26.01 | 17.95 |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 14*

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 7.51 ശതമാനം മുതൽ 13.59 ശതമാനം വരെയുണ്ടായിരുന്ന നികുതിയേതര വരുമാനം 2022-23–ൽ മുൻ വർഷത്തെ അപേക്ഷിച്ച് ₹ 4,655.45 കോടി (44.50 ശതമാനം) വർദ്ധിച്ചു. സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരവുകളാണ് നികുതിയേതര വരുമാനത്തിന്റെ പ്രമുഖ സ്രോതസ്സ്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ നികുതിയേതര വരുമാനത്തിലെ ഭാഗ്യക്കുറിയുടെ വിഹിതം 66 ശതമാനം മുതൽ 81 ശതമാനം വരെയായിരുന്നു. 2022-23 കാലയളവിൽ, സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 66.69 ശതമാനം വർദ്ധിക്കുകയും (₹ 4,757.94 കോടി) അത് നികുതിയേതര വരുമാനത്തിന്റെ 78.67 ശതമാനം ആയിരിക്കുകയും ചെയ്തു.

#### *2.3.4.1 സംസ്ഥാന ഭാഗ്യക്കുറി*

ഭാഗ്യക്കുറിയിൽ നിന്നും ലഭിക്കുന്ന വിൽപ്പനവിലയുടെ ജിഎസ്ടി, ടിക്കറ്റിന്റെ വിൽപ്പനവിലയിൽ നിന്നും ലഭിക്കുന്ന നികുതിയേതര വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 2.11** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.11: 2018-2023 കാലയളവിലെ സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | വിൽപ്പന വരുമാനം | 9,264.66 | 9,973.67 | 4,873.01 | 7,134.93 | 11,892.87 |
| 2 | ജിഎസ്ടി | 1,111.52 | 1,273.56 | 1,375.03 | 2,000.47 | 1,660.52 |
| 3 | **മൊത്തം വരുമാനം** | **10,376.18** | **11,247.23** | **6,248.04** | **9,135.40** | **13,553.39** |

ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ സംഘടിപ്പിക്കുന്ന ഭാഗ്യക്കുറികൾ കേന്ദ്രവിഷയമാണെങ്കിലും ഭാഗ്യക്കുറിയുടെ വിൽപ്പനനികുതി ഒരു സംസ്ഥാന വിഷയമാണ്. 1998 ലെ 'ലോട്ടറീസ് റെഗുലേഷൻ ആക്ടിലേയും' അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളുടെയും വ്യവസ്ഥകളനുസരിച്ച് സംസ്ഥാനങ്ങൾക്ക് ഭാഗ്യക്കുറികൾ സംഘടിപ്പിക്കാവുന്നതാണ്. 2022-23ലെ യഥാർത്ഥ വിൽപ്പന മൂല്യമായ ₹ 11,892.87കോടിയുടെ വിൽപ്പനയ്ക്കെതിരെ വിലയിൽ നിന്നും ലഭിച്ച ജിഎസ്ടി ₹1,660.52 കോടിയാണ്. അങ്ങനെ, സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച ₹ 13,553.39 കോടിയുടെ വരുമാനം സർക്കാരിന്റെ തനതു വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ്.

### 2.3.5 വിഭവ സമാഹരണത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം

സംസ്ഥാനത്തിന്റെ 2022-23 – ലെ യഥാർത്ഥ നികുതി, നികുതിയേതര വരവ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നടത്തിയ പ്രൊജക്ഷൻ, ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നിവ ചുവടെയുള്ള **പട്ടിക 2.12**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.12: 2022-23-ലെ പ്രൊജക്ഷനെതിരെയുള്ള നികുതി, നികുതിയേതര വരവുകൾ**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻ | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരവ് | യഥാർത്ഥ വരവിന്റെ വ്യതിയാനം ശതമാനത്തിൽ | |
|---|---|---|---|---|---|
| | | | | ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻ | ബഡ്ജറ്റ് എസ്റ്റിമേറ്റ് |
| തനത് നികുതി വരുമാനം | 74,868.00 | 74,097.80 | 71,968.16 | (-) 3.87 | (-) 2.87 |
| നികുതിയേതര വരുമാനം | 4,080.00 | 11,769.55 | 15,117.95 | 270.54 | 28.45 |
| ആകെ | **78,948.00** | **85,867.35** | **87,086.11** | **10.31** | **1.42** |

*ഉറവിടം : പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്, 2022-23ലെ സാമ്പത്തിക കണക്കുകളിലെ പത്രിക 2, വാർഷിക ധനകാര്യ പത്രിക*

സംസ്ഥാനത്തിന്റെ 2022-23–ലെ യഥാർത്ഥ തനതു വരുമാനം പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ പ്രതീക്ഷിച്ചതിനേക്കാളും മുകളിലായിരുന്നു. ഇതിനു പ്രധാന കാരണം യഥാർത്ഥ നികുതിയേതര വരുമാനം ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാളും പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷനെക്കാളും കൂടുതലായിരുന്നതിനാലാണ്.

മുകളിലെ പട്ടികയിൽ കാണുന്നതുപോലെ, തനതു നികുതിവരുമാനത്തെ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻ 2022-23ൽ നേടാനായില്ല. ധനകാര്യ കമ്മീഷൻ പ്രൊജക്ഷനിൽ നിന്നും 3.87ശതമാനവും ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 2.87 ശതമാനവും വ്യതിയാനം കാണിച്ചു.

സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിന്റെ വലിയൊരു ഭാഗം പെട്രോളിയം, മദ്യം, ഭാഗ്യക്കുറി തുടങ്ങിയവയിൽ നിന്നാണ് ശേഖരിക്കുന്നത്. സംസ്ഥാനത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച്, സംസ്ഥാനത്തിന്റെ മൊത്തം തനതു വരുമാനം ₹85,867.35 കോടിയായിരുന്നു. എന്നാൽ തന്നാണ്ടിലെ യഥാർത്ഥ തനതുവരുമാനം ₹87,086.11 കോടി ആയിരുന്നു. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 1.42 ശതമാനം കൂടുതലായിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി ഒഴികെയുള്ള എല്ലാ ഘടകങ്ങളിലും ഗണ്യമായ വർദ്ധനവ് ഉണ്ടായി. സംസ്ഥാന ചരക്ക് സേവനനികുതിയിലെ വരവ് 19.84 ശതമാനം കുറഞ്ഞു.

**പട്ടിക 2.13 : ബഡ്ജറ്റ് എസ്റ്റിമേറ്റുമായി തുലനം ചെയ്ത് 2022 - 23 ലെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ വിശകലനം**

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|---|
| എ | തനതു നികുതിവരുമാനം | *(₹ കോടിയിൽ)* | | | *(ശതമാനത്തിൽ)* |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 36,818.28 | 29,513.28 | (-)7,305.00 | (-)19.84 |
| 2 | ഭൂനികുതി | 509.51 | 718.90 | 209.39 | 41.10 |
| 3 | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 4,687.40 | 6,216.71 | 1,529.31 | 32.63 |
| 4 | സംസ്ഥാന എക്സൈസ് | 2,655.52 | 2,875.95 | 220.43 | 8.30 |
| 5 | വിൽപ്പന നികുതി | 24,964.65 | 26,875.78 | 1,911.13 | 7.66 |
| 6 | വാഹന നികുതി | 4,138.59 | 5,386.81 | 1,248.22 | 30.16 |
| 7 | ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റ് നികുതികളും തീരുവകളും | 52.19 | 67.89 | 15.70 | 30.08 |
| 8 | മറ്റുള്ളവ | 271.66 | 312.84 | 41.18 | 15.15 |
| 9 | ആകെ (1 മുതൽ 8 വരെ) | **74,097.80** | **71,968.16** | **(-) 2,129.64** | **(-) 2.87** |

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|---|
| ബി | നികുതിയേതര വരുമാനം | | | | |
| 10 | സംസ്ഥാന ഭാഗ്യക്കുറി | 8,402.00 | 11,892.87 | 3,490.87 | 41.55 |
| 11 | ലാഭവും ലാഭവിഹിതവും | 257 | 48.93 | (-) 208.07 | (-) 80.96 |
| 12 | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 292.15 | 290.61 | (-) 1.54 | (-) 0.53 |
| 13 | പലിശ വരവിനങ്ങൾ | 128.42 | 171.95 | 43.53 | 33.90 |
| 14 | മറ്റ് നികുതിയേതര വരുമാനം | 2,689.98 | 2,713.59 | 23.61 | 0.88 |
| 15 | ആകെ (10 മുതൽ 14 വരെ) | **11,769.55** | **15,117.95** | **3,348.40** | **28.45** |
| 16 | മൊത്തം (9 + 15) | **85,867.35** | **87,086.11** | **1,218.76** | **1.42** |

*ഉറവിടം : വാർഷിക ധനകാര്യ പത്രിക, 2022–23ലെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

### 2.3.6 മൂലധന വരവുകൾ (കടം, കടമിതര മൂലധന വരവുകൾ)

പൊതുകടം വരവുകളും കടം ഇതര വരവുകളും ചേർന്നതാണ് മൂലധന വരവുകൾ. **പട്ടിക 2.14**ൽ കാണിച്ചിരിക്കുന്നത് പ്രകാരം മൂലധന വരവിന്റെ 98.81 ശതമാനമാണ് 2022-23 ലെ പൊതുകടം വരവിന്റെ വിഹിതം.

**പട്ടിക 2.14: മൂലധന വരവിന്റെ ഘടനയുടേയും വളർച്ചയുടേയും പ്രവണതകൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | സംസ്ഥാന വരവിന്റെ സ്രോതസ്സ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | **മൂലധന വരവ്** | **24,004.84** | **24,984.68** | **40,810.58** | **42,597.17** | **38,721.39** |
| 2 | **കടം ഇതര വരവ്** | **257.04** | **322.80** | **297.97** | **539.51** | **459.23** |
| | i) *പലവക മൂലധന വരവ്* | 46.50 | 27.48 | 34.15 | 60.27 | 49.94 |
| | ii) *വായ്പകളും മുൻകൂറുകളും തിരിച്ച് പിടിച്ചത്* | 210.54 | 295.32 | 263.82 | 479.24 | 409.29 |
| 3 | **പൊതുകടം വരവുകൾ*** | **23,747.80** | **24,661.88** | **40,512.61** | **42,057.66** | **38,262.16** |
| 4 | *ആഭ്യന്തര കടം* | 23,295.63 | 22,511.19 | 33,493.87 | 32,592.64 | 35,737.73 |
| 5 | *ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും* | 452.17 | 2,150.69 | 7,018.74 | 9,465.02 | 2,524.43 |
| 6 | കടംമൂലധന വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | (-) 0.63 | 3.85 | 64.27 | 3.81 | (-)9.02 |
| 7 | കടം ഇതര മൂലധന വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | (-) 32.40 | 25.58 | (-) 7.69 | 81.06 | (-)14.88 |
| 8 | ജിഎസ്ഡിപി | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| 9 | ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 12.36 | 3.13 | (-)5.07 | 21.10 | 11.95 |
| 10 | കടം വരവ്/ മൂലധന വരവ് (ശതമാനത്തിൽ) | 98.93 | 98.71 | 99.27 | 98.73 | 98.81 |
| 11 | മൂലധനവരവിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | (-) 1.13 | 4.08 | 63.34 | 4.38 | (-)9.10 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2ഉം 6ഉം; ജിഎസ്ഡിപിയ്ക്ക് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റിൽ നിന്നുള്ള വിവരങ്ങൾ*

* *വെയ്സ് ആന്റ് മീൻസ് മുൻകൂർ ഒഴിവാക്കി*

മൂലധന വരവ് 2021-22ലെ ₹ 42,597.17 കോടിയിൽ നിന്ന് 9.10 ശതമാനം കുറഞ്ഞു 2022-23 ൽ ₹38,721.39 കോടിയായി. 2022-23 ൽ മൂലധന വരവിന്റെ 92.29 ശതമാനവും തനി ആഭ്യന്തര കടത്തിൽ നിന്നായിരുന്നു.

### 2.3.7 കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ കേന്ദ്ര നികുതികളുടെ വിഹിതങ്ങളും ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായവുമുൾപ്പെടെയുള്ള ഭാരത സർക്കാരിൽ നിന്നുള്ള കൈമാറ്റം **ചാർട്ട് 2.5 ൽ** കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.5: കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം**

***(₹ കോടിയിൽ)***




| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| കേന്ദ്ര നികുതിയിൽ നിന്നുള്ള വിഹിതം | 19,038.17 | 16,401.05 | 11,560.40 | 17,820.09 | 18,260.68 |
| കേന്ദ്രത്തിൽ നിന്നുള്ള ധനസഹായം | 11,388.96 | 11,235.26 | 31,068.28 | 30,017.12 | 27,377.86 |
| ആകെ | 30,427.13 | 27,636.31 | 42,628.68 | 47,837.21 | 45,638.54 |

**വർഷം**

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

മുൻ വർഷവുമായി തുലനം ചെയ്യുമ്പോൾ 2022-23 ൽ കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റുകൾ 8.79 ശതമാനം കുറഞ്ഞതായി മുകളിലെ ചാർട്ടിൽ നിന്നും വ്യക്തമാകും. മുൻവർഷത്തെ അപേക്ഷിച്ച് പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ കമ്മി ഗ്രാന്റിൽ ഉണ്ടായ 33.77 ശതമാനം കുറവാണ് ധനസഹായത്തിലുണ്ടായ കുറവിന് പ്രധാന കാരണം. ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരമാണ് പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ കമ്മി ഗ്രാന്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. ഡെവല്യൂഷന് ശേഷം സംസ്ഥാനങ്ങളുടെ റവന്യൂ കണക്കുകളിലെ വിടവ് നികത്തുന്നതിനായി ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രകാരമാണ് സംസ്ഥാനങ്ങൾക്ക് ഈ ധനസഹായം നൽകുന്നത്.

2022-23 കാലയളവിൽ കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റങ്ങളുടെ ഘടകങ്ങൾ **ചാർട്ട് 2.6 ൽ** കൊടുത്തിരിക്കുന്നു.

**ചാർട്ട് 2.6: കേന്ദ്രത്തിൽ നിന്നും കൈമാറ്റം ചെയ്ത ഫണ്ടിന്റെ ഘടകങ്ങൾ**

*(₹ കോടിയിൽ)*




കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം 2018-19 ലെ ₹ 30,427.13 കോടിയിൽ നിന്ന് 2021-22ൽ ₹ 47,837.21 കോടിയായി ഉയർന്നു, എന്നാൽ 2022-23 ൽ ₹ 45,638.54 കോടിയായി കുറഞ്ഞു. പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ കമ്മി ഗ്രാന്റ്, എസ്ഡിആർഎഫ്, മറ്റ് ഗ്രാന്റുകൾ എന്നിവ ധനകാര്യ കമ്മീഷന്റെ ധനസഹായത്തിൽ ഉൾപ്പെടുന്നു.

### *കേന്ദ്ര നികുതിയുടെ വിഹിതം*

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2022-23 വർഷത്തിൽ കേന്ദ്ര നികുതികളുടെ തനി വരവുകളുടെ (ഡിവിസിബിൾ പൂൾ) 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു കൊടുക്കാൻ ശുപാർശ ചെയ്തു. കേന്ദ്ര നികുതികളുടെ തനി വരവുകളുടെ (ഡിവിസിബിൾ പൂൾ) 41 ശതമാനത്തിൽ 1.925 ശതമാനമാണ് കേരളത്തിന്റെ വിഹിതമായി കമ്മീഷൻ ശുപാർശ ചെയ്തത്. പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതികളുടെ സംസ്ഥാനങ്ങളുടെ വിഹിതം 42 ശതമാനമായും 2015-20 അവാർഡ് കാലയളവിൽ കേന്ദ്രനികുതിയുടെയും സേവന നികുതിയുടെയും തനി വരവുകളിൽ കേരളത്തിന്റെ വിഹിതമായി യഥാക്രമം 2.500 ശതമാനവും 2.526 ശതമാനവും ശുപാർശ ചെയ്തിരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ കേന്ദ്ര നികുതികൈമാറ്റത്തിന്റെ കൂടുതൽ വിവരങ്ങൾ **പട്ടിക 2.15**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.15: സംസ്ഥാനത്തിനായുള്ള കേന്ദ്ര നികുതിയുടെ വിഹിതത്തിന്റെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ശീർഷകം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | **പ്രത്യക്ഷ നികുതികൾ** | | | | | |
| 2 | കോർപ്പറേഷൻ നികുതി | 6,621.02 | 5,592.06 | 3,546.02 | 5,238.12 | 6,109.21 |
| 3 | കോർപ്പറേഷൻ നികുതി ഒഴികെയുള്ള ആദായ നികുതികൾ | 4,876.10 | 4,381.76 | 3,642.70 | 5,104.81 | 5,983.30 |
| 4 | സമ്പത്ത് നികുതി | 2.44 | 0.25 | 0 | 1.48 | 0 |
| **5** | **ആകെ പ്രത്യക്ഷ നികുതികൾ (എ)** | **11,499.56** | **9,974.07** | **7,188.72** | **10,344.41** | **12,092.51** |
| **6** | **പരോക്ഷ നികുതികൾ** | | | | | |
| **7** | കേന്ദ്ര ചരക്ക് സേവന നികുതി (സിജിഎസ്ടി) | 4,699.14 | 4,654.19 | 3,325.63 | 4,832.67 | 5,165.39 |
| **8** | സംയോജിത ചരക്ക് സേവന നികുതി (ഐജിഎസ്ടി) | 375.00 | 0 | 0 | 0 | 0 |
| **9** | കസ്റ്റംസ് | 1,349.57 | 1,039.60 | 591.59 | 1,431.33 | 718.62 |
| **10** | കേന്ദ്ര എക്സൈസ് തീരുവകൾ | 897.00 | 722.80 | 380.78 | 898.09 | 225.48 |
| **11** | സേവന നികുതി | 174.00 | 0.00 | 62.54 | 294.96 | 28.59 |
| **12** | മറ്റ് നികുതികൾ[5] | 44.31 | 10.39 | 11.14 | 18.63 | 30.09 |
| **13** | **ആകെ പരോക്ഷ നികുതികൾ (ബി)** | **7,538.61** | **6,426.98** | **4,371.68** | **7,475.68** | **6,168.17** |
| **14** | **കേന്ദ്ര നികുതികൈമാറ്റങ്ങൾ (എ+ബി)** | **19,038.17** | **16,401.05** | **11,560.40** | **17,820.09** | **18,260.68** |
| **15** | മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവിന്റെ ശതമാനം | 13.10 | (-) 13.85 | (-) 29.51 | 54.15 | 2.47 |
| **16** | റവന്യൂവരവുകളിലെ കേന്ദ്ര നികുതി കൈമാറ്റത്തിന്റെ ശതമാനം | 20.50 | 18.18 | 11.84 | 15.28 | 13.76 |

*ഉറവിടം : അതാത് വർഷങ്ങളിലെ  സാമ്പത്തിക കണക്കുകളിലെ പത്രിക 3*

2022-23 ലെ കേന്ദ്ര നികുതി കൈമാറ്റം ₹ 18,260.68 കോടിയായിരുന്നു. മുൻ വർഷത്തേക്കാൾ 2.47 ശതമാനം (₹ 440.59 കോടി) വർദ്ധന രേഖപ്പെടുത്തി. കേന്ദ്ര നികുതി കൈമാറ്റങ്ങളിൽ, പ്രത്യക്ഷ നികുതികളുടെ കൈമാറ്റം ₹ 12,092.51 കോടിയും പരോക്ഷ നികുതികളുടെ കൈമാറ്റം ₹ 6,168.17 കോടിയുമാണ്. ഇതിൽ കേന്ദ്ര ചരക്ക് സേവന നികുതികളുടെ ₹ 5,165.39 കോടിയും ഉൾപ്പെട്ടിട്ടുണ്ട്.

### *2.3.7.1 ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം*

2022-23 കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂവരവിന്റെ 20.63 ശതമാനം ആയിരുന്നു ഭാരത സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഭാരത സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.16** ൽ നൽകിയിരിക്കുന്നു.

[5] വരവു ചെലവിൻമേലുള്ള മറ്റു നികുതികൾ, ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിക്കുന്ന മറ്റ് നികുതികളും തീരുവകളും എന്നിവ ഉൾപ്പെടുന്നു.

**പട്ടിക 2.16: ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | പ്ലാൻ സ്കീമുകൾക്കായുള്ള ഗ്രാന്റുകൾ | (-)0.97 | -- | -- | (-) 0.74 | 0 |
| 2 | കേന്ദ്രാവിഷ്കൃത സ്കീമുകൾക്കായുള്ള ഗ്രാന്റുകൾ | 3,771.07 | 3,262.65 | 5,141.92 | 3,801.74 | 4587.79 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ | 1,646.22 | 2,343.01 | 18,048.80 | 22,171.13 | 15,382.30 |
| 4 | സംസ്ഥാനങ്ങൾക്കും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങൾക്കുമുള്ള ഗ്രാന്റുകൾ/ മറ്റു കൈമാറ്റങ്ങൾ | 5,972.64 | 5,629.60 | 7,877.56 | 4,044.99 | 7,407.77 |
| **5** | **ആകെ** | **11,388.96** | **11,235.26** | **31,068.28** | **30,017.12** | **27,377.86** |
| **6** | **മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായ വർദ്ധനവിന്റെ ശതമാനം** | 33.55 | (-)1.35 | 176.52 | (-) 3.38 | (-) 8.79 |
| **7** | **റവന്യൂ വരവുകളിലെ ഭാരതസർക്കാർ ധനസഹായത്തിന്റെ ശതമാനം** | 12.27 | 12.45 | 31.83 | 25.73 | 20.63 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 3*

2022-23 വർഷത്തിൽ ഭാരത സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം മുൻ വർഷത്തെ അപേക്ഷിച്ച് ₹ 2,639.26 കോടി (8.79 ശതമാനം) കുറഞ്ഞു. ധനകാര്യ കമ്മീഷൻ ധനസഹായത്തിലെ ₹ 6,788.83 കോടിയുടെ കുറവാണ് ഇതിനു കാരണം (ഇതിൽ ₹ 6,717 കോടിയും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ കമ്മി ഗ്രാന്റിലെ കുറവു മൂലമാണ്). എന്നിരുന്നാലും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ, സംസ്ഥാനങ്ങൾക്കും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങൾക്കുമുള്ള ഗ്രാന്റുകൾ/മറ്റു കൈമാറ്റങ്ങൾ എന്നിവ യഥാക്രമം ₹ 786.05 കോടിയും ₹ 3,362.78 കോടിയും വർദ്ധിച്ചു.

### *2.3.7.2 സിംഗിൾ നോഡൽ ഏജൻസിയിലേക്ക് (എസ്എൻഎ) ഫണ്ട് മാറ്റുന്നത്*

2021 മാർച്ച് 23 ലെ കത്ത് നമ്പർ. 1(13) പിഎഫ്എംഎസ്/എഫ്സിഡി/2020 പ്രകാരം ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കീഴിൽ (സിഎസ്എസ്) ഫണ്ടുകൾ നൽകുന്നതിനും എസ്എൻഎയിലൂടെ നൽകുന്ന ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. സംസ്ഥാന സർക്കാരിന് സർക്കാർ കാര്യങ്ങൾ നടത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളിൽ ഓരോ സിഎസ്എസ്-നും അവയുടെ സ്വന്തം അക്കൗണ്ടിനോടൊപ്പം എസ്എൻഎ ക്രമീകരിച്ചിട്ടുണ്ട്. നടപടിക്രമമനുസരിച്ച്, സംസ്ഥാന സർക്കാർ അതിന്റെ അക്കൗണ്ടുകളിൽ ലഭിച്ച കേന്ദ്രവിഹിതം തത്തുല്യമായ സംസ്ഥാന വിഹിതത്തോടൊപ്പം ബന്ധപ്പെട്ട എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

പിഎഫ്എംഎസ് പോർട്ടലിന്റെ എസ്എൻഎ റിപ്പോർട്ട് പ്രകാരം (2022-23), സംസ്ഥാന സർക്കാരിന് അതിന്റെ ട്രഷറി അക്കൗണ്ടുകളിലേക്ക് 2022-23 വർഷത്തിലെ കേന്ദ്രവിഹിതമായി ₹4,171.95 കോടി ലഭിച്ചു. 2023 മാർച്ച് 31 ന്, സംസ്ഥാന സർക്കാർ, കേന്ദ്ര വിഹിതമായി ട്രഷറി അക്കൗണ്ടുകളിൽ ലഭിച്ച ₹4,031.43 കോടിയും, സംസ്ഥാന വിഹിതമായി ₹ 4,317.79 കോടിയും എസ്എൻഎകളിലേക്ക് മാറ്റിയിട്ടുണ്ട്. 2023 മാർച്ച് 31 ൽ എസ്എൻഎ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ നിൽക്കുന്ന തുക ₹ 3,407.28 കോടിയാണ്.

### *2.3.7.3 2022-23 കാലയളവിലേയ്ക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുക*

ഭരണ ഘടനയുടെ 280–ാം അനുച്ഛേദം പ്രകാരം ഇന്ത്യയുടെ പ്രസിഡന്റ് രൂപീകരിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ (XVഎഫ്സി) (i)കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിലുള്ള നികുതികളുടെ തനിവരവുകളുടെ വിതരണം (ii) സംസ്ഥാനങ്ങളുടെ വരുമാനമായ ധനസഹായത്തെ നിയന്ത്രിക്കേണ്ട തത്വങ്ങൾ (iii) തദ്ദേശ സ്ഥാപനങ്ങളുടെ വിഭവങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ സഞ്ചിത നിധി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, എന്നിവയിൽ ശുപാർശകൾ നൽകേണ്ടതാണ്.

പിന്നീട്, പതിനഞ്ചാം ധനകാര്യ കമ്മീഷനെ, 2020-21വർഷത്തേക്ക് ഒരു റിപ്പോർട്ടും, 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലേക്ക് അന്തിമ റിപ്പോർട്ടും, എന്ന രീതിയിൽ രണ്ട് റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി. പതിനഞ്ചാം ധനകാര്യകമ്മീഷൻ 2020-21 സാമ്പത്തിക വർഷം ഉൾക്കൊള്ളുന്ന ആദ്യ റിപ്പോർട്ട് 2019 ഡിസംബർ 5 ന് രാഷ്ട്രപതിയ്ക്ക് സമർപ്പിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 275 പ്രകാരം പതിനഞ്ചാം ധനകാര്യകമ്മിഷൻ ശുപാർശചെയ്ത കേരള സംസ്ഥാനത്തിനുള്ള 2022-23ലെ ധനസഹായം ₹ 15,922 കോടിയാണ്.

കേന്ദ്ര നികുതികളിലും തീരുവകളിലും സംസ്ഥാനത്തിന്റെ വിഹിതം : ധനകാര്യ കമ്മീഷൻ പ്രൊജക്ഷനും യഥാർത്ഥ കൈമാറ്റവും തമ്മിലുള്ള താരതമ്യം **പട്ടിക 2.17**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.17: കേന്ദ്ര നികുതികളിലും തീരുവകളിലും സംസ്ഥാന വിഹിതം : യഥാർത്ഥ കൈമാറ്റവും ധനകാര്യ കമ്മീഷന്റെ പ്രൊജക്ഷനും തമ്മിലുള്ള താരതമ്യം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻ | യഥാർത്ഥ നികുതി കൈമാറ്റം | വ്യത്യാസം | |
|---|---|---|---|---|---|
| | | | | തുക | ശതമാനത്തിൽ |
| 1 | 2020-21 | 16,616 | 11,560 | (-) 5,056 | (-) 30.43 |
| 2 | 2021-22 | 12,678 | 17,820 | 5,142 | 40.56 |
| 3 | 2022-23 | 14,103 | 18,261 | 4,158 | 29.48 |

*ഉറവിടം : പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടും സാമ്പത്തിക കണക്കുകളിലെ പത്രിക 2ഉം*

2021-22 മുതൽ, യഥാർത്ഥ നികുതി കൈമാറ്റത്തിന്റെ തുക ധനകാര്യ കമ്മീഷൻ പ്രൊജക്ഷനേക്കാൾ കൂടുതലാണ്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായവും സംസ്ഥാനത്തിന് വിതരണം ചെയ്ത ധനസഹായവും **പട്ടിക 2.18**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.18: 2022-23ൽ കേരള സംസ്ഥാനത്തിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഗ്രാന്റുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2022-23 ലേയ്ക്കുള്ള അവാർഡ് തുക | നൽകിയ തുക |
|---|---|---|---|
| 1 | റവന്യൂ കമ്മി ഗ്രാന്റ് | 13,174.00 | 13,174.00 |
| 2 | തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ | 1,859.00 | 1,850.00 |
| 3 | ദുരന്ത നിവാരണ ഗ്രാന്റുകൾ | 330.00 | 264.00 |
| 4 | ആരോഗ്യ മേഖലയ്ക്കുള്ള ഗ്രാന്റുകൾ | 558.98 | 94.30 |
| | **ആകെ** | **15,921.98** | **15,382.30** |

*ഉറവിടം : 2022–23 സാമ്പത്തിക കണക്കുകളിലെ പത്രിക 2*

2022-23 അവാർഡ് കാലയളവിൽ, സംസ്ഥാനത്തിന് ₹ 15,382.30 കോടി ധനസഹായമായി ലഭിച്ചു, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത തുകയേക്കാൾ ₹ 539.68 കോടി (ദുരന്തനിവാരണ ഗ്രാന്റുകൾ – ₹66 കോടി, ആരോഗ്യ മേഖലയ്ക്കുള്ള ഗ്രാന്റുകൾ– ₹ 464.68 കോടി) കുറഞ്ഞാണ് സംസ്ഥാനത്തിന് ലഭിച്ചത്.

## 2.4 വിഭവങ്ങളുടെ പ്രയോഗം

ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ തങ്ങളുടെ വിഭവങ്ങൾ വിനിയോഗിച്ച് പൗരന്മാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ചെലവുകളുടെ വളർച്ചയുടെയും ഘടനയുടെയും വിശകലനം തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### 2.4.1 ചെലവിന്റെ പ്രവണത

സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ റവന്യൂചെലവ്, മൂലധന ചെലവ്, വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം എന്നിവ ഉൾപ്പെടുന്നു. ഇത് **പട്ടിക 2.19**–ൽ നൽകിയിരിക്കുന്നു.

മൊത്തം ചെലവ് 2019-20 ലെ ₹ 1,14,384.94 കോടിയിൽ നിന്ന് ക്രമമായ വർദ്ധനവ് കാണിച്ച് 2021-22 ൽ ₹ 1,63,225.53 കോടിയായി. 2022-23ൽ മൊത്തം ചെലവ് ₹ 1,58,738.42 കോടിയായി കുറഞ്ഞു. മൂലധനച്ചെലവ് 2018-19 ലെ ₹ 7,430.54 കോടിയിൽ നിന്ന് 2021-22ൽ ₹ 14,191.73 കോടിയായി വർദ്ധിക്കുകയും 2022-23 ൽ ₹ 13,996.56 കോടിയായി കുറയുകയും ചെയ്തു.

**പട്ടിക 2.19 : മൊത്തം ചെലവും അതിന്റെ ഘടനയും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സൂചികകൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | മൊത്തം ചെലവ് (റ്റി.ഇ) | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 | 1,58,738.42 |
| 2 | വ്യത്യാസം (ശതമാനത്തിൽ) | 8.92 | (-)4.73 | 21.42 | 17.53 | (-) 2.75 |
| 3 | റവന്യൂചെലവ് (ആർ.ഇ) | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 |
| 4 | വ്യത്യാസം (ശതമാനത്തിൽ) | 10.37 | (-)5.07 | 17.88 | 18.42 | (-) 2.89 |
| 5 | മൂലധന ചെലവ് (സിഇ) | 7,430.54 | 8,454.80 | 12,889.65 | 14,191.73 | 13,996.56 |
| 6 | വ്യത്യാസം (ശതമാനത്തിൽ) | (-)15.07 | 13.78 | 52.45 | 10.10 | (-) 1.38 |
| 7 | വായ്പയും മുൻകൂറുകളും | 2,322.89 | 1,210.22 | 2,548.51 | 2,854.29 | 2,790.93 |
| 8 | വ്യത്യാസം (ശതമാനത്തിൽ) | 50.78 | (-) 47.90 | 110.58 | 12.00 | (-) 2.22 |

*ഉറവിടം : അതാത് വർഷത്തിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

2022-23 ൽ റവന്യൂചെലവിന്റെയും മൂലധന ചെലവിന്റെയും വളർച്ചാനിരക്ക് യഥാക്രമം നെഗറ്റീവ് 2.89 ശതമാനവും 1.38 ശതമാനവുമായിരുന്നു.

### *2.4.1.1 ചെലവിന്റെ ഘടകങ്ങളുടെ വളർച്ചയുടെ പ്രവണത*

വികസന പ്രവർത്തനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള വായ്പകളും മുൻകൂറുകളും വിതരണം ചെയ്യുന്നതിനേക്കാളും റവന്യൂചെലവുകളിലായിരുന്നു വർഷങ്ങളായി ചെലവ് കേന്ദ്രീകരിച്ചിരിക്കുന്നത്.

2018-19 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ റവന്യൂചെലവ്, മൂലധന ചെലവ്, വായ്പകളും മുൻകൂറുകളും നൽകിയത് എന്നിവയുടെ വിഹിതം **ചാർട്ട് 2.7 ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 2.7 : മൊത്തം ചെലവ് : അതിന്റെ ഘടകങ്ങളുടെ വിഹിതത്തിലെ പ്രവണത**




| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| വായ്പകളും മുൻകൂറുകളും | 1.93 | 1.06 | 1.84 | 1.75 | 1.76 |
| മൂലധന ചെലവ് | 6.19 | 7.39 | 9.28 | 8.69 | 8.82 |
| റവന്യു ചെലവ് | 91.88 | 91.55 | 88.88 | 89.56 | 89.42 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, പലിശ ഒടുക്കലുകൾ ഉൾപ്പെടെയുള്ള പൊതു സേവനങ്ങൾ , സാമൂഹിക സേവനങ്ങൾ, സാമ്പത്തിക സേവനങ്ങൾ, മറ്റുള്ളവ എന്നിവയിലെ ചെലവുകൾ മൊത്തം ചെലവിൽ ഉൾക്കൊള്ളുന്നു. മൊത്തം ചെലവിൽ വിവിധ ഘടകങ്ങളുടെ ആപേക്ഷിക വിഹിതം **പട്ടിക 2.20ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.20 : ചെലവിലെ ഘടകങ്ങളുടെ ആപേക്ഷിക വിഹിതം**

*(₹ കോടിയിൽ)*

| വിവരണങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| പൊതു സേവനങ്ങൾ | 51,025.09 (42.50) | 55,661.45 (48.66) | 50,620.56 (36.45) | 70,380.26 (43.12) | 70,138.58 (44.19) |
| സാമൂഹിക സേവനങ്ങൾ | 39,995.06 (33.31) | 35,135.41 (30.72) | 47,110.34 (33.92) | 54,113.75 (33.15) | 53,345.02 (33.61) |
| സാമ്പത്തിക സേവനങ്ങൾ | 17,828.06 (14.85) | 16,313.99 (14.26) | 29,112.63 (20.96) | 29,051.70 (17.80) | 25,039.10 (15.77) |
| മറ്റുള്ളവ (തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ധനസഹായവും, വായ്പകളും മുൻകൂറുകളും) | 11,221.61 (9.34) | 7,274.09 (6.36) | 12,040.96 (8.67) | 9,679.82 (5.93) | 10,215.72 (6.43) |
| **ആകെ** | **1,20,069.82** | **1,14,384.94** | **1,38,884.49** | **1,63,225.53** | **1,58,738.42** |

*ബ്രാക്കറ്റിലുള്ള തുകകൾ മൊത്തം ചെലവിന്റെ ശതമാനമാണ്.*

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ പൊതുസേവനങ്ങളുടെയും, സാമൂഹിക സേവനങ്ങളുടെയും സാമ്പത്തിക സേവനങ്ങളുടെയും ആപേക്ഷിക വിഹിതം ഒരു സ്ഥിരതയില്ലാത്ത പ്രവണത കാണിക്കുന്നു. 2021-22നെ അപേക്ഷിച്ച് 2022-23ൽ പൊതുസേവനങ്ങളുടെയും സാമൂഹിക സേവനങ്ങളുടെയും മൊത്തം ചെലവിലെ ആപേക്ഷിക വിഹിതം വർദ്ധിച്ചപ്പോൾ സാമ്പത്തിക സേവനങ്ങളുടെ വിഹിതം തന്നാണ്ടിൽ കുറഞ്ഞു. മുൻ വർഷവുമായി തുലനം ചെയ്യുമ്പോൾ 2022-23ൽ പൊതു സേവനങ്ങൾക്കും സാമൂഹിക സേവനങ്ങൾക്കും കീഴിലെ ചെലവ് യഥാക്രമം ₹ 241.68 കോടിയും ₹768.73 കോടിയും കുറഞ്ഞുവെങ്കിലും മൊത്തം ചെലവിൽ അവയുടെ വിഹിതം തന്നാണ്ടിൽ വർദ്ധിച്ചു. ഇതിനുകാരണം തന്നാണ്ടിൽ സാമ്പത്തിക സേവനങ്ങൾക്കു കീഴിലെ ചെലവിലുണ്ടായ ₹ 4,012.60 കോടിയുടെ ഭീമമായ കുറവാണ്. തന്നാണ്ടിൽ സാമ്പത്തിക സേവനങ്ങൾക്കു കീഴിലെ ചെലവ് കുറഞ്ഞത് പ്രധാനമായും '2408– ഭക്ഷ്യം, സംഭരണം, വെയർഹൗസിംഗ്' (₹ 2,227.64 കോടി), '5054 –റോഡുകളെയും പാലങ്ങളെയും സംബന്ധിച്ച മൂലധന ചെലവ്' (₹ 819.09 കോടി), '3054 –റോഡുകളും പാലങ്ങളും' (₹ 313.05 കോടി), '2403- മൃഗസംരക്ഷണം' (₹ 152.96 കോടി) എന്നിവയിലാണ്.

**പട്ടിക 2.21 : ജിഎസ്ഡിപിയുമായി ചെലവിന്റെ താരതമ്യം**

| ക്രമ നമ്പർ | സൂചികകൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | ജിഎസ്ഡിപി (₹ കോടിയിൽ) | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| 2 | റ്റിഇ/ ജിഎസ്ഡിപി | 15.23 | 14.07 | 18.00 | 17.47 | 15.17 |
| 3 | ആർഇ/ ജിഎസ്ഡിപി | 13.99 | 12.88 | 16.00 | 15.64 | 13.57 |
| 4 | സിഇ/ ജിഎസ്ഡിപി | 0.94 | 1.04 | 1.67 | 1.52 | 1.34 |
| 5 | വായ്പകളും മുൻകൂറുകളും/ ജിഎസ്ഡിപി | 0.29 | 0.15 | 0.33 | 0.31 | 0.27 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിൽ നിന്നും സമാഹരിച്ചത്; ജിഎസ്ഡിപി വിവരങ്ങൾ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ് നൽകിയത്*

ജിഎസ്ഡിപിയുമായുള്ള മൊത്തം ചെലവിന്റെയും, റവന്യൂ ചെലവിന്റെയും മൂലധന ചെലവിന്റെയും അനുപാതങ്ങൾ മുൻ വർഷത്തെയപേക്ഷിച്ച് 2022-23ൽ കുറഞ്ഞു.

### 2.4.2 റവന്യൂ ചെലവ്

സേവനങ്ങളുടെ നിലവിലെ സ്ഥിതി നിലനിർത്താനും മുൻകാല ബാധ്യതകൾ തീർക്കാനുമായാണ് റവന്യൂ ചെലവ് നേരിടുന്നത്. അതിനാൽ ഇത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവന ശൃംഖലയുടെയും അഭിവൃദ്ധിക്ക് കാരണമാകാറില്ല.

ആകെയുള്ള റവന്യൂ ചെലവ്, അതിന്റെ വളർച്ചാനിരക്ക്, മൊത്തം ചെലവുമായുള്ള റവന്യൂ ചെലവിന്റെ അനുപാതം, ജിഎസ്ഡിപിയും റവന്യൂവരവുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ ചെലവിലെ ഉയർച്ച എന്നിവ **പട്ടിക 2.22** ൽ നൽകിയിരിക്കുന്നു. 2022-23 ലെ റവന്യൂ ചെലവിന്റെ മേഖലാ അടിസ്ഥാനത്തിലുള്ള വിതരണം **ചാർട്ട് 2.8** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.22: റവന്യൂ ചെലവുകൾ അടിസ്ഥാന സൂചികകൾ**

***(₹ കോടിയിൽ)***

| സൂചികകൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| **മൊത്തം ചെലവ് (റ്റിഇ)** | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 | 1,58,738.42 |
| **റവന്യൂ ചെലവ് (ആർഇ)** | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 |
| റവന്യൂ ചെലവിന്റെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 10.37 | (-)5.07 | 17.88 | 18.42 | (-)2.89 |
| റവന്യൂവരവുകൾ (ആർആർ) | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.65 |
| റവന്യൂ വരവിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 11.85 | (-)2.83 | 8.19 | 19.49 | 13.79 |
| ജിഎസ്ഡിപി | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 12.36 | 3.13 | (-) 5.07 | 21.10 | 11.95 |

| സൂചികകൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| മൊത്തം ചെലവിന്റെ ശതമാനമായി റവന്യൂ ചെലവ് | 91.88 | 91.55 | 88.88 | 89.56 | 89.42 |
| റവന്യൂ വരവിന്റെ ശതമാനമായി റവന്യൂ ചെലവ് | 118.81 | 116.07 | 126.46 | 125.33 | 106.95 |
| ആർഇ/ജിഎസ്‌ഡിപി (ശതമാനത്തിൽ) | 13.99 | 12.88 | 16.00 | 15.64 | 13.57 |
| **റവന്യൂ ചെലവിന്റെ ഉയർച്ച** | | | | | |
| ജിഎസ്‌ഡിപി (അനുപാതം) | 0.84 | - | - | 0.87 | - |
| റവന്യൂ വരവുകൾ (അനുപാതം) | 0.88 | 1.79 | 2.18 | 0.94 | - |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ ; ജിഎസ്‌ഡിപിയുടെ വിവരങ്ങൾ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ് നൽകിയത്*

**ചാർട്ട് 2.8: റവന്യൂ ചെലവിന്റെ മേഖല അടിസ്ഥാനത്തിലുള്ള വിതരണം**

***(ശതമാനത്തിൽ)***




*ഉറവിടം : സാമ്പത്തിക കണക്കുകൾ*

- 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ ചെലവ് മൊത്തം ചെലവിന്റെ 89 മുതൽ 92 ശതമാനം വരെ ആയിരുന്നതിനാൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള വിഭവങ്ങളുടെ അപര്യാപ്തത ഉണ്ടായിരുന്നുവെന്ന് സംസ്ഥാനത്തിന്റെ ചെലവിന്റെ രീതി വെളിപ്പെടുത്തുന്നു.
- 2022-23 ലെ മൊത്തം ചെലവിൽ റവന്യൂചെലവിന്റെ വിഹിതം 2021-22 ലെ 89.56 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 89.42 ശതമാനമായിരുന്നു. ഇത് തന്നാണ്ടിൽ മൂലധന ചെലവിന് നൽകിയ മുൻഗണനയിലെ നാമമാത്രമായ പുരോഗതിയെ സൂചിപ്പിക്കുന്നു.
- തൻ വർഷത്തെ റവന്യൂ ചെലവ് നേരിടുന്നതിന് റവന്യൂ വരവ് പര്യാപ്തമായിരുന്നില്ല. റവന്യൂ ചെലവ് വഹിക്കാൻ സംസ്ഥാനത്തിന് കടമെടുത്ത ഫണ്ടുകളെ അവലംബിക്കേണ്ടി വരുന്നത് വിവേകപരമായ സാമ്പത്തിക നടപടികളുടെ ഒരു നല്ല സൂചകം അല്ല.

- 2021-22നെ അപേക്ഷിച്ച് 2022-23ൽ റവന്യൂ ചെലവ് ₹4,228.58 കോടി (2.89 ശതമാനം) കുറഞ്ഞു.
- 'കൃഷിയും ബന്ധപ്പെട്ട പ്രവർത്തനങ്ങളും' (35.22 ശതമാനം), 'പ്രത്യേക പ്രദേശ പരിപാടികൾ' (23.31 ശതമാനം), 'ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും' (23.76 ശതമാനം), 'വ്യവസായവും ധാതുക്കളും' (8.17 ശതമാനം), 'ഗതാഗതം' (15.75 ശതമാനം), 'പൊതു സാമ്പത്തിക സർവ്വീസുകൾ' (17.02 ശതമാനം) എന്നീ ഘടകങ്ങളിലെ ചെലവിൽ വന്ന കുറവും 'ഗ്രാമ വികസനം' (26.04 ശതമാനം), 'ശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി' (5.71 ശതമാനം) എന്നീ ഘടകങ്ങളുടെ ചെലവിൽ വന്ന വർദ്ധനവും മൂലം 2021-22 നെ അപേക്ഷിച്ച് 2022-23 കാലയളവിൽ സാമ്പത്തിക സേവനങ്ങൾക്കു കീഴിലെ ചെലവിൽ (റവന്യൂ മേഖല) ₹3,432.98 കോടിയുടെ കുറവുണ്ടായി.
- 2021-22നെ അപേക്ഷിച്ച്, 2022-23ൽ പൊതു സേവനങ്ങൾ, സാമൂഹിക സേവനങ്ങൾ എന്നിവയിലെ ചെലവിൽ നേരിയ കുറവുണ്ടായി (ഒരു ശതമാനത്തിൽ താഴെ).

മുൻവർഷത്തെ അപേക്ഷിച്ച് തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽ സാരമായ വ്യതിയാനം (₹ 1,000 കോടിയും അതിനു മുകളിലും) ഉണ്ടായ അഞ്ച് മേജർ ഹെഡുകളുടെ വിവരങ്ങൾ **പട്ടിക 2.23** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.23 : 2021-22 നെ അപേക്ഷിച്ച് 2022-23 ലെ റവന്യൂ ചെലവിൽ ഉണ്ടായ വ്യതിയാനങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | മേജർ ഹെഡ് | 2021-22 | 2022-23 | വർദ്ധനവ് (+) / കുറവ് (–) | വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|---|
| 1 | 2049 - പലിശ കൊടുക്കൽ | 23,302.82 | 25,176.36 | 1,873.54 | 8.04 |
| 2 | 2202 - പൊതു വിദ്യാഭ്യാസം | 23,258.38 | 20,543.81 | (-) 2,714.57 | (-) 11.67 |
| 3 | 2210 - വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും | 10,910.66 | 9,270.90 | (-) 1,639.76 | (-) 15.03 |
| 4 | 2235 - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 8,661.04 | 12,940.59 | 4,279.55 | 49.41 |
| 5 | 2408 - ഭക്ഷ്യം, സംഭരണം, വെയർ ഹൗസിങ് | 3,656.16 | 1,428.53 | (-) 2,227.63 | (-) 60.93 |

*ഉറവിടം : സാമ്പത്തിക കണക്കുകളിലെ പത്രിക 15*

- '2049 പലിശ കൊടുക്കലിൽ' ചെലവിന്റെ വർദ്ധനയ്ക്ക് പ്രധാന കാരണം 'മാർക്കറ്റ് ലോണുകളുടെ പലിശ' (₹725.40 കോടി), 'എൻഎസ്എസ്എഫ് ലേക്ക് നൽകിയ പ്രത്യേക സെക്യൂരിറ്റികളിൻമേലുള്ള പലിശ' (₹377.01 കോടി), 'മറ്റ് സേവിംഗ് ഡെപ്പോസിറ്റുകൾക്കുള്ള പലിശ' (₹613.73 കോടി) എന്നീ ശീർഷകങ്ങളിൽ ഉണ്ടായ ചെലവിന്റെ വർദ്ധനവ് ആണ്.
- '2235- സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും' എന്ന ശീർഷകത്തിലെ വർദ്ധനവിനു പ്രധാന കാരണം 'സാമൂഹിക സുരക്ഷിതത്വ പദ്ധതിയനുസരിച്ചുള്ള പെൻഷൻ' (₹4,162.88 കോടി) എന്നിവയിൽ ഉണ്ടായ ചെലവിന്റെ വർദ്ധനവാണ്.

- '2202–പൊതുവിദ്യാഭ്യാസം' എന്ന ശീർഷകത്തിൻ കീഴിലെ ചെലവിൽ വന്ന കുറവിന് പ്രധാന കാരണം 'സർക്കാരിതര പ്രൈമറി സ്‌കൂളുകൾക്കുള്ള ധനസഹായം' (₹945.22 കോടി), 'സർക്കാർ പ്രൈമറി സ്‌കൂളുകൾ' (₹443.53 കോടി), 'സർക്കാർ സെക്കൻഡറി സ്‌കൂളുകൾ' (₹541.82 കോടി)', 'സർക്കാർ ഇതര സെക്കൻഡറി സ്‌കൂളുകൾക്കുള്ള സഹായം' (₹955.41 കോടി) എന്നിവയിൽ വന്ന കുറവാണ്.
- '2210– വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും' എന്ന ശീർഷ കത്തിൽ വന്ന ചെലവിലെ കുറവ് പ്രധാനമായും 'ആശുപത്രികളും ഡിസ്‌പെൻസറികളും' (₹374.64 കോടി), 'പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ' (₹114.97 കോടി), 'രോഗ പ്രതിരോധവും നിയന്ത്രണവും' (₹410.74 കോടി), 'പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായം' (₹513.33 കോടി) എന്നിവയിൽ വന്ന കുറവ് കാരണമാണ് ഉണ്ടായത്.
- '2408 - ഭക്ഷ്യം, സംഭരണം, വെയർ ഹൗസിങ്' എന്ന ശീർഷകത്തിൽ വന്ന കുറവ് പ്രധാനമായും 'പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായം' (₹1,424.83 കോടി), 'ഭക്ഷ്യ സബ്‌സിഡികൾ' (₹803.66 കോടി) എന്നിവയിൽ വന്ന ചെലവിലെ കുറവ് മൂലമാണ് ഉണ്ടായത്.

### *2.4.2.1 ബാധ്യതപ്പെട്ട ചെലവുകൾ*

സംസ്ഥാന സർക്കാരിന്റെ വിഭവങ്ങളിൽ ആദ്യം ചുമത്തേണ്ട ബാധ്യതപ്പെട്ട ചെലവുകൾ പ്രധാനമായും പലിശ നൽകൽ, ശമ്പളം, വേതനം, പെൻഷൻ എന്നിവയാണ്. ഉയർന്ന ബാധ്യതപ്പെട്ട ചെലവ് വികസന മേഖലയിൽ വിഭവങ്ങളുടെ കുറഞ്ഞ ലഭ്യതയ്ക്ക് കാരണമാകുന്നു.

മേൽപ്പറഞ്ഞവ കൂടാതെ, മൂലധനചെലവ് പോലുള്ള അസ്ഥിരമായ ഇടപാടു കൾക്ക് വിഭിന്നമായി സാധാരണഗതിയിൽ മാറ്റം വരുത്താനോ വ്യത്യാസപ്പെടുത്താനോ പറ്റാത്തതോ അല്ലെങ്കിൽ വാർഷികാടിസ്ഥാനത്തിൽ നിയമാനുസൃതമായി നൽകേണ്ടതോ ആയ മാറ്റം വരുത്തുവാൻ സാധിക്കാത്ത കുറച്ച് ചെലവുകളും ഉണ്ട്. ഉദാഹരണത്തിന്, ഇനിപ്പറയുന്ന ഇനങ്ങൾ മാറ്റം വരുത്തുവാൻ സാധിക്കാത്ത ചെലവുകളായി കണക്കാക്കാം.

i) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള കൈമാറ്റം – ശമ്പളത്തിനും ബത്തകൾക്കു മായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിയമപരമായ കൈമാറ്റം (മൂലധനച്ചെലവിനുള്ള കൈമാറ്റം).

ii) കരുതൽ ഫണ്ടുകളിലേക്കുള്ള അംശദാനത്തിന്റെ നിയമപരമായ ആവശ്യകത – ഏകീകൃത ഋണ മോചന ഫണ്ട്, ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട്, സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്/ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് തുടങ്ങിയവയിലേക്കുള്ള അംശദാനം.

iii) കേന്ദ്ര ഫണ്ട് ലഭിച്ചതിന് എതിരായി നൽകിയ സിഎസ്എസ്ന്റെ വിഹിതം – എസ്എൻഎകൾക്ക് കൈമാറേണ്ട സംസ്ഥാന വിഹിത ത്തിന്റെ തുക/സംസ്ഥാനം ചെലവഴിച്ചത്.

iv) കരുതൽ ഫണ്ടിലേക്കോ/ മറ്റ് ബോഡിയിലേക്കോ നിയമാനുസൃതമായി

ആവശ്യമുള്ള സെസ് കൈമാറ്റം.

v) പലിശയുള്ള ഫണ്ടുകളുടെ ബാക്കി നിൽക്കുന്ന തുകയ്ക്ക് അവ ഇൻവെസ്റ്റ് ചെയ്തിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന പലിശ, പൊതുകടത്തിന്റെ പലിശ എന്നിവ ചാർജ് ചെയ്ത ചെലവായി നൽകുന്നത് – പലിശ നൽകൽ

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബാധ്യതപ്പെട്ട ചെലവിന്റെയും മാറ്റം വരുത്തുവാൻ സാധിക്കാത്ത ചെലവിന്റെയും ഘടകങ്ങളുടെ പ്രവണത **പട്ടിക 2.24**–ൽ നൽകിയിരിക്കുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ റവന്യൂ ചെലവിലെ ഘടകം തിരിച്ചുള്ള ബാധ്യതപ്പെട്ട ചെലവിന്റെ ശതമാനം **ചാർട്ട് 2.9**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.24 : ബാധ്യതപ്പെട്ട ചെലവിന്റെയും മാറ്റിവയ്ക്കുവാൻ പറ്റാത്ത ചെലവിന്റെയും ഘടകങ്ങൾ**

*(₹ കോടിയിൽ)*

| ബാധ്യതപ്പെട്ട ചെലവിന്റെ ഘടകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| ശമ്പളവും വേതനവും | 32,520.66 | 32,942.28 | 28,767.46 | 45,780.08 | 39,389.65 |
| പെൻഷൻ ചെലവ് | 19,011.94 | 19,064.29 | 18,942.85 | 26,898.69 | 26,090.04 |
| പലിശ നൽകൽ | 16,747.92 | 19,214.70 | 20,975.36 | 23,302.82 | 25,176.36 |
| **മൊത്തം ബാധ്യതപ്പെട്ട ചെലവ്** | **68,280.52** | **71,221.27** | **68,685.67** | **95,981.59** | **90,656.05** |
| **മാറ്റി വയ്ക്കുവാൻ പറ്റാത്ത ചെലവിന്റെ ഘടകങ്ങൾ** | **2018-19** | **2019-20** | **2020-21** | **2021-22** | **2022-23** |
| തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള നിയമാനുസൃത കൈമാറ്റം | 13,710.02 | 8,007.35 | 12,345.16 | 10,186.09 | 12,375.71 |
| കരുതൽ ഫണ്ടുകളിലേക്കുള്ള അംശദാനം/എസ്ഡിആർഎഫ് | 214.00 | 225.00 | 419.00 | 335.20 | 352.00 |
| കേന്ദ്ര ഫണ്ടുകൾ ലഭിച്ചതിന് എതിരായി സിഎസ്എസ് ന് നൽകിയ വിഹിതം | 3,476.22 | 2,091.50 | 4,959.78 | 3,859.50 | 2,739.00 |
| കിഫ്ബിയിലേക്ക് മോട്ടോർ വാഹന നികുതി/സെസ് നൽകിയത് | 1,600.68 | 2,200.00 | 2,172.86 | 2,068.08 | 2,469.69 |
| പലിശയുള്ള ഫണ്ടുകളുടെ നീക്കിയിരുപ്പിന് അവ ഇൻവെസ്റ്റ് ചെയ്തിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന പലിശ നൽകിയത് – എസ്ഡിആർഎഫ് | 19.17 | 24.27 | 171.85 | 101.09 | 38.94 |
| **മൊത്തം മാറ്റിവയ്ക്കുവാൻ പറ്റാത്ത ചെലവ്** | **19,020.09** | **12,548.12** | **20,068.65** | **16,549.96** | **17,975.34** |
| റവന്യൂ വരവിന്റെ ശതമാനത്തിൽ | | | | | |
| **ബാധ്യതപ്പെട്ട ചെലവ്** | | | | | |
| ശമ്പളവും വേതനവും | 35.02 | 36.51 | 29.47 | 39.25 | 29.68 |
| പെൻഷൻ ചെലവ് | 20.47 | 21.13 | 19.41 | 23.06 | 19.66 |
| പലിശ നൽകൽ | 18.04 | 21.30 | 21.49 | 19.98 | 18.97 |
| **ആകെ** | **73.53** | **78.94** | **70.37** | **82.29** | **68.30** |

| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| മാറ്റി വയ്ക്കുവാൻ പറ്റാത്ത ചെലവ് | | | | | |
| **ആകെ** | **20.48** | **13.91** | **20.56** | **14.19** | **13.54** |
| റവന്യൂ ചെലവിന്റെ ശതമാനമായി | | | | | |
| ശമ്പളവും വേതനവും | 29.48 | 31.46 | 23.3 | 31.32 | 27.75 |
| പെൻഷൻ ചെലവ് | 17.23 | 18.21 | 15.35 | 18.4 | 18.38 |
| പലിശ നൽകൽ | 15.18 | 18.35 | 16.99 | 15.94 | 17.74 |
| **ആകെ** | **61.89** | **68.02** | **55.64** | **65.66** | **63.86** |
| മാറ്റി വയ്ക്കുവാൻ പറ്റാത്ത ചെലവ് | | | | | |
| **ആകെ** | **17.24** | **11.98** | **16.26** | **11.32** | **12.66** |
| ബാധ്യതപ്പെടാത്ത റവന്യൂ ചെലവ് | 42,035.87 | 33,498.65 | 54,760.66 | 50,197.92 | 51,294.88 |
| മൊത്തം റവന്യൂ ചെലവുമായുള്ള ബാധ്യതപ്പെടാത്ത റവന്യൂ ചെലവിന്റെ ശതമാനം | 38.11 | 31.98 | 44.36 | 34.34 | 36.14 |

*ഉറവിടം : അതാതുവർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് 2–ഉം 4–ഉം*

**ചാർട്ട് 2.9 : റവന്യൂ ചെലവിൽ ശമ്പളം, പെൻഷൻ, പലിശ എന്നിവയുടെവിഹിതം**

***(ശതമാനത്തിൽ)***




*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിൽ നിന്ന് സമാഹരിച്ചത്*

2022-23 ലെ സംസ്ഥാനത്തിന്റെ റവന്യൂചെലവിന്റെ 63.86 ശതമാനവും ശമ്പളം, പെൻഷൻ, പലിശ ചെലവ് എന്നിവയായിരുന്നു. അത് തൻവർഷത്തെ റവന്യൂ വരുമാനത്തിന്റെ 68.30 ശതമാനത്തിനുമേൽ ആയിരുന്നു. റവന്യൂ ചെലവിന്റെ ശതമാന കണക്കിൽ ബാധ്യതപ്പെട്ട ചെലവുകൾ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ സ്ഥിരതയില്ലാത്ത പ്രവണത കാണിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ ബാധ്യതപ്പെട്ട ചെലവുകൾ ₹5,325.54 കോടി (5.55 ശതമാനം) കുറഞ്ഞു.

ബാധ്യതപ്പെട്ട ചെലവുകളുടെ ഘടകങ്ങൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

**ശമ്പളവും വേതനവും**

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ശമ്പളത്തിനും വേതനത്തിനുമുള്ള ചെലവ് സ്ഥിരതയില്ലാത്ത ഒരു പ്രവണത കാണിക്കുന്നു. 2021-22ൽ സംസ്ഥാനം 11–ാം സംസ്ഥാന ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനാൽ ശമ്പളവും വേതനത്തിന്റെയും ചെലവ് 59.14 ശതമാനം വർദ്ധിച്ചു. എന്നാൽ തന്നാണ്ടിൽ ശമ്പളത്തിന്റെയും വേതനത്തിന്റെയും ചെലവ് മുൻ വർഷത്തെയപേക്ഷിച്ച് 13.96 ശതമാനം കുറഞ്ഞു. 2018-19 മുതൽ 2022-23 വരെയുള്ള അഞ്ചുവർഷ കാലയളവിൽ ശമ്പളവും വേതനവും നൽകുന്നതിലെ ചെലവ് 21.12 ശതമാനം വർദ്ധിച്ചു.

2022-23ൽ ശമ്പളത്തിന്റെയും വേതനത്തിന്റെയും ചെലവ് മൊത്തം റവന്യൂചെലവിന്റെ 27.75 ശതമാനം ആണ്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂ ചെലവിന്റെ 23.30 മുതൽ 31.46 ശതമാനം വരെയാണ് ശമ്പളത്തിനും വേതനത്തിനും വേണ്ടിയുള്ള ചെലവ്. ശമ്പളവും വേതനവും 2021-22 ൽ റവന്യൂ വരവിന്റെ 39.25 ശതമാനമായിരുന്നത് 2022-23 ൽ 29.68 ശതമാനമായി കുറഞ്ഞു.

**പെൻഷൻ**

സംസ്ഥാന സർക്കാർ ജീവനക്കാർ, എയിഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് തുടങ്ങിയവർക്ക് പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും നൽകാൻ 2022-23 ലുണ്ടായ ചെലവ് ₹ 26,090.04 കോടിയായിരുന്നു (റവന്യൂ വരവിന്റെ 19.66 ശതമാനം). ഇത് 2021-22 വർഷത്തെ ₹ 26,898.69 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ₹ 808.65 കോടിയുടെ കുറവ് കാണിക്കുന്നു.

**പലിശ കൊടുക്കൽ**

പലിശ കൊടുക്കൽ 2018-19 ലെ ₹16,747.92 കോടിയിൽ നിന്നും 2022-23 ൽ ₹25,176.36 കോടിയായി വർദ്ധിച്ചു. 2022-23 ൽ പലിശ കൊടുക്കലുകൾ മുൻ വർഷത്തേക്കാൾ ₹1,873.54 കോടി (8.04 ശതമാനം) വർദ്ധിച്ചു. മൊത്തം പലിശയുടെ 56.68 ശതമാനം (₹14,269.28 കോടി) വിപണിയിൽ നിന്നുള്ള വായ്പയുടെ പലിശയാണ്. ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് മുതലായവയ്ക്ക് നൽകിയ പലിശ മൊത്തം പലിശ ചെലവിന്റെ 32.61 ശതമാനം (₹8,210.73 കോടി) ആണ്.

പലിശ കൊടുക്കൽ 2021-22 ൽ റവന്യൂ വരവിന്റെ 19.98 ശതമാന മായിരുന്നത് 2022-23ൽ 18.97 ശതമാനമായി കുറയാൻ കാരണം തന്നാണ്ടിൽ റവന്യൂ വരുമാനത്തിൽ ₹16,084.41 കോടിയുടെ വർദ്ധനവ് ഉണ്ടായതാണ്.

### *2.4.2.2 ദേശീയ പെൻഷൻ പദ്ധതി*

2013 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ പുതിയ പ്രവേശകർക്കും വേണ്ടി സംസ്ഥാന സർക്കാർ നിർവ്വചിത അംശദാന പെൻഷൻ സമ്പ്രദായം (എൻ.പി.എസ്.) ആരംഭിച്ചു.

പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളനുസരിച്ച്, എല്ലാ മാസവും ജീവനക്കാർ അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടെയും 10 ശതമാനം വിഹിതമായി നൽകും. അതിന് തത്തുല്യമായ വിഹിതം സംസ്ഥാന സർക്കാർ നൽകുകയും ചെയ്യുന്നു. മുഴുവൻ തുകയും നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററീസ് ലിമിറ്റഡ് (എൻഎസ്ഡിഎൽ)/ട്രസ്റ്റീ ബാങ്ക് മുഖാന്തിരം നിയുക്ത ഫണ്ട് മാനേജർക്ക് കൈമാറ്റം ചെയ്യുന്നു. ജീവനക്കാരുടേയും സർക്കാരിന്റെയും വിഹിതം തുടക്കത്തിൽ പൊതു കണക്കുകളുടെ കീഴിൽ വരവു വയ്ക്കുകയും പിന്നീട് എൻഎസ്ഡിഎൽ/ട്രസ്റ്റീ ബാങ്ക് മുഖേന നിയുക്ത ഫണ്ട് മാനേജർക്ക് കൈമാറ്റം നടത്തുകയും ചെയ്യുന്നു.

2022-23 വർഷത്തിൽ നിർവ്വചിത അംശദാന പെൻഷൻ സമ്പ്രദായത്തിലുള്ള മൊത്തം അംശദാനം ₹ 1,763.66 കോടിയാണ് (ജീവനക്കാരുടെ വിഹിതം ₹ 881.36 കോടിയും സർക്കാർ വിഹിതം ₹ 882.30 കോടിയും). ഇത് 8342-117 നിർവ്വചിത അംശദാന പെൻഷൻ പദ്ധതി എന്ന മേജർ ഹെഡിന് കീഴിൽ പൊതുകണക്കിലേക്ക് മാറ്റി.

മൊത്തം അംശദാനമായ ₹1,764.00 കോടിയിൽ (പ്രാരംഭ നീക്കിയിരിപ്പായ ₹0.35 കോടി ഉൾപ്പെടെ) ₹ 1,763.81 കോടി 2022-23 ൽ എൻഎസ്ഡിഎൽ/ട്രസ്റ്റി ബാങ്കിലേക്ക് കൈമാറ്റം ചെയ്തു.

### *2.4.2.3 സബ്സിഡികൾ*

സബ്സിഡിയിലുണ്ടായ ചെലവ് 2021-22ലെ ₹4,153.97 കോടിയിൽ നിന്ന് ₹2,306.93 കോടി കുറഞ്ഞ്, 2022-23ൽ ₹1,847.04 കോടിയായി. താഴെയുള്ള **പട്ടിക 2.25 ൽ** വിശദമാക്കിയിരിക്കുന്ന പ്രകാരം തന്നാണ്ടിലെ സബ്സിഡികൾ റവന്യൂവരവുകളുടെയും റവന്യൂചെലവുകളുടെയും യഥാക്രമം 1.39 ശതമാനവും 1.30 ശതമാനവും ആണ്.

**പട്ടിക 2.25: 2018-2023 കാലയളവിലെ സബ്സിഡി ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | സബ്സിഡികൾ | 1,663.01 | 1,429.01 | 6,547.48 | 4,153.97 | 1,847.04 |
| 2 | റവന്യൂ വരവുകൾ | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.65 |
| 3 | റവന്യൂ ചെലവ് | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 |
| 4 | സബ്സിഡികൾ റവന്യൂ വരവിന്റെ ശതമാനത്തിൽ | 1.79 | 1.58 | 6.71 | 3.56 | 1.39 |
| 5 | സബ്സിഡികൾ റവന്യൂ ചെലവിന്റെ ശതമാനത്തിൽ | 1.51 | 1.36 | 5.30 | 2.84 | 1.30 |

*ഉറവിടം : അതാതുവർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ഗ്രാന്റായി നൽകിയത് (₹400.00 കോടി), റേഷൻ സബ്സിഡി (₹699.63 കോടി), കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റു ഏജൻസികളും വഴിയുള്ള നെല്ല് സംഭരണം (₹274.36

കോടി), ഹഡ്കോയിൽ നിന്നെടുത്ത വായ്പയ്ക്ക് കേരള അർബൻ ആൻഡ് റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന് (കെയുആർഡിഎഫ്സി) നൽകിയ പലിശ സബ്സിഡി (₹259.48കോടി) എന്നിവയായിരുന്നു 2022-23 വർഷത്തിൽ നൽകിയ സബ്സിഡികളിലെ പ്രധാന ഇനങ്ങൾ.

### *2.4.2.4 തദ്ദേശസ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും നൽകിയ സാമ്പത്തിക സഹായം*

ശമ്പളവും വേതനവും നൽകാനും, മറ്റ് പലവക ചെലവുകൾക്കും, മൂലധന ആസ്തികൾ സ്ഥാപിക്കാനും വേണ്ടി തദ്ദേശസ്ഥാപനങ്ങൾക്കും മറ്റു സ്ഥാപന ങ്ങൾക്കും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയി സാമ്പത്തിക സഹായം നൽകുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തദ്ദേശ സ്ഥാനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും ഗ്രാന്റുകളായി നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.26** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.26 : തദ്ദേശ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം**

*(₹ കോടിയിൽ)*

| സ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| (എ) തദ്ദേശ സ്ഥാപനങ്ങൾ | | | | | |
| മുൻസിപ്പൽ കോർപ്പറേഷനും മുൻസിപ്പാലിറ്റികളും | 3,287.46 | 2,296.24 | 3,653.02 | 2,584.33 | 3,676.97 |
| പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ | 10,426.56 | 5,711.11 | 8,692.14 | 7,601.76 | 8,698.74 |
| **ആകെ (എ)** | **13,714.02** | **8,007.35** | **12,345.16** | **10,186.09** | **12,375.71** |
| **(ബി) മറ്റുള്ളവ** | | | | | |
| പൊതുമേഖലാ സ്ഥാപനങ്ങൾ (സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും) | 478.80 | 365.92 | 774.92 | 972.19 | 770.45 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർവ്വകലാശാലകൾ) | 1,524.64 | 1,564.63 | 1,569.61 | 1,713.01 | 1,714.52 |
| സഹകരണ സ്ഥാപനങ്ങൾ | 64.70 | 50.50 | 91.71 | 47.43 | 54.96 |
| മറ്റു സ്ഥാപനങ്ങൾ | 1,277.57 | 933.42 | 3,174.94 | 3,339.83 | 928.07 |
| **ആകെ (ബി)** | **3,345.71** | **2,914.47** | **5,611.18** | **6,072.46** | **3,468.00** |
| **ആകെ (എ + ബി)** | **17,059.73** | **10,921.82** | **17,956.34** | **16,258.55** | **15,843.71** |
| ശമ്പളത്തിനുള്ള ധനസഹായം | 1,843.99 | 1,958.11 | 1,915.98 | 1,938.79 | 1,871.62 |
| മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായം | 5,957.22 | 4,107.55 | 7,170.60 | 7,136.33 | 7,024.58 |
| ശമ്പള ഇതര ആവശ്യങ്ങൾക്കുള്ള ധനസഹായം | 1,203.21 | 798.99 | 1,452.32 | 1,626.76 | 974.26 |

| സ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| തരമായി നൽകിയ ഗ്രാന്റ് ഇൻ എയ്ഡ് | സംസ്ഥാന സർക്കാർ വിവരങ്ങൾ നൽകിയിട്ടില്ല. | | | | |
| റവന്യൂ ചെലവ് | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 |
| സഹായത്തുക റവന്യൂ ചെലവിന്റെ ശതമാനത്തിൽ | 15.46 | 10.43 | 14.55 | 11.12 | 11.16 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 10*

തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും നൽകുന്ന സാമ്പത്തിക സഹായം 2021-22 ലെ ₹16,258.55 കോടിയിൽ നിന്നും 2022-23 ൽ ₹15,843.71 കോടിയായി കുറഞ്ഞു. റവന്യൂ ചെലവിന്റെ ശതമാനമെന്ന നിലയിൽ സാമ്പത്തിക സഹായം 2021-22 ൽ 11.12 ശതമാനമായിരുന്നപ്പോൾ 2022-23 ൽ 11.16 ശതമാനമായിരുന്നു എന്ന് മുകളിലെ പട്ടിക സൂചിപ്പിക്കുന്നു.

മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, 2022-23 ൽ ശമ്പളത്തിനും, ശമ്പള ഇതര ഇനങ്ങൾക്കും, മൂലധന ആസ്തികളുടെ സൃഷ്ടിക്കും വേണ്ടി നൽകിയ ധനസഹായം കുറഞ്ഞു.

#### *2.4.2.5 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ ബുക്ക് ചെയ്ത ചെലവിന്റെ വകയിരുത്തൽ*

2023 മാർച്ച് 31 ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ (സി.എസ്.എസ്) ബുക്ക് ചെയ്ത മൊത്തം ചെലവ് ₹2,739.00 കോടിയാണ് (റവന്യൂ ചെലവ് ₹1,520.51 കോടിയും മൂലധന ചെലവ് ₹1,218.49 കോടിയും). ഇതിൽ കേന്ദ്ര സഹായത്തിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംസ്ഥാന വിഹിതത്തിൽ നിന്നും നേരിട്ട ചെലവുകൾ ഉൾപ്പെടുന്നു.

#### *2.4.2.6 സംസ്ഥാന ധനകാര്യ കമ്മീഷൻ*

പഞ്ചായത്തുകളുടെയും നഗരതദ്ദേശ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്ഥിതി പഠിച്ച് ഗവർണർക്ക് ശുപാർശകൾ സമർപ്പിക്കാൻ വേണ്ടി കേരളസർക്കാർ[6] സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിച്ചു.

1994ൽ രൂപീകരിച്ച ഒന്നാം സംസ്ഥാന ധനകാര്യകമ്മീഷനിൽ തുടങ്ങി ഇന്ന് സംസ്ഥാനം 2019 നവംബർ 1ന് പ്രവർത്തനമാരംഭിച്ച ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ മധ്യത്തിലാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്ന ധനകാര്യകമ്മീഷൻ ഡെവല്യൂഷനേയും, നോൺ ഡെവല്യൂഷനേയും കുറിച്ചുള്ള ശുപാർശകൾ യഥാക്രമം 2020 ഡിസംബറിലും 2021 ഓഗസ്റ്റിലും നൽകേണ്ടതാണ്.

മുകളിൽ പറഞ്ഞതിൻ പ്രകാരം, 2020 ഡിസംബറിലെ ഒന്നാം റിപ്പോർട്ടിലും 2021 സെപ്റ്റംബറിലെ രണ്ടാം റിപ്പോർട്ടിലുമായി ആറാം ധനകാര്യ കമ്മീഷൻ ശുപാർശകൾ നൽകി.

6 ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 243 (ഐ) (വൈ) എന്നിവയിലെ ഉപവാക്യം 1, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 186, 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് സെക്ഷൻ 205 എന്നിവ പ്രകാരം

സംസ്ഥാന സർക്കാർ 2022 ജൂൺ 22ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതികളോടെ അംഗീകരിച്ചു.

### 2.4.3 മൂലധന ചെലവ്

സ്ഥിര അടിസ്ഥാന സൗകര്യ ആസ്തികളായ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കാനാവശ്യമായ ചെലവിനെയാണ് മൂലധന ചെലവ് എന്നു പറയുന്നത്. കഴിഞ്ഞ അഞ്ച് വർഷകാലയളവിലെ (2018-2023) മൊത്തം മൂലധന ചെലവ്, മുൻവർഷങ്ങളെ അപേക്ഷിച്ച് അതിന്റെ വളർച്ച, ജിഎസ്ഡിപിയുമായി അതിന്റെ ശതമാനം എന്നിവ **പട്ടിക 2.27** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.27 : കഴിഞ്ഞ അഞ്ചു വർഷങ്ങളിലായുള്ള മൂലധന ചെലവിന്റെ പ്രവണത (2018-23)**

*(₹ കോടിയിൽ)*

| ഇനം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| മൂലധന ചെലവ് (സിഇ) | 7,430.54 | 8,454.80 | 12,889.65 | 14,191.73 | 13,996.56 |
| മൂലധനചെലവിന്റെ വർദ്ധന (ശതമാനത്തിൽ) | (-)15.08 | 13.78 | 52.45 | 10.10 | (-) 1.38 |
| മൊത്തം ചെലവ് (റ്റിഇ) | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 | 1,58,738.42 |
| സിഇ/ റ്റിഇ (ശതമാനത്തിൽ) | 6.19 | 7.39 | 9.28 | 8.69 | 8.82 |
| ജിഎസ്ഡിപി | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| സിഇ/ ജിഎസ്ഡിപി (ശതമാനത്തിൽ) | 0.94 | 1.04 | 1.67 | 1.52 | 1.34 |
| മൂലധന ചെലവിന്റ ബഡ്ജറ്റ്* | 13,050.66 | 17,179.27 | 15,455.54 | 18,086.52 | 19,438.36 |
| മൂലധന ചെലവ്/ ബഡ്ജറ്റ് (ശതമാനത്തിൽ) | 56.94 | 49.22 | 83.40 | 78.47 | 72.00 |

** സപ്ലിമെന്ററി ബഡ്ജറ്റ് ഉൾപ്പെടെ*

*ഉറവിടം : അതാതുവർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2*

മൂലധനചെലവ് 2018-19ലെ ₹7,430.54 കോടിയിൽ നിന്നും 2021-22ൽ ₹14,191.73 കോടിയായി വർദ്ധിച്ചു, പക്ഷേ, 2022-23ൽ ₹13,996.56 കോടിയായി കുറഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് മൂലധന ചെലവ് 9.35 ശതമാനം കുറഞ്ഞ സാമൂഹിക സേവനങ്ങളിലായിരുന്നു പ്രധാനമായും കുറവുണ്ടായത്. 2022–23 ലെ മൊത്തം മൂലധന ചെലവായ ₹13,996.56 കോടിയിൽ ₹3,997.49 കോടി (28.56 ശതമാനം) 'മറ്റു പൊതു സാമ്പത്തിക സേവനങ്ങൾക്കും', ₹2,451.90 കോടി (17.52 ശതമാനം) 'റോഡുകൾക്കും പാലങ്ങൾക്കും' ആയിരുന്നു നേരിട്ടത്. ഈ അഞ്ചു വർഷക്കാലയളവിൽ മൂലധന ചെലവ് ജിഎസ്ഡിപിയുടെ 0.94 മുതൽ 1.67 ശതമാനം വരെയായിരുന്നു. 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ മൂലധന ചെലവിനുള്ള ബഡ്ജറ്റിന്റെ വിനിയോഗം 49 ശതമാനത്തിനും 83 ശതമാനത്തിനും ഇടയിലായിരുന്നു.

### *2.4.3.1 മൂലധന ചെലവിലെ പ്രധാന വ്യതിയാനങ്ങൾ*

മൂലധനചെലവിനെ സംബന്ധിച്ച് തൻ വർഷവും മുൻ വർഷവും വിവിധ അക്കൗണ്ട് ശീർഷകങ്ങളിലുണ്ടായ കാര്യമായ വ്യതിയാനങ്ങൾ **അനുബന്ധം 2.1**ൽ കൊടുത്തിരിക്കുന്നു.

സാമൂഹിക സേവനങ്ങൾക്ക് കീഴിലുള്ള 'ശുദ്ധ ജലവിതരണവും ശുചീകരണവും' എന്ന ഘടകത്തിന് കീഴിലുള്ള മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 2022-23 വർഷത്തിൽ ₹397.21 കോടി കുറഞ്ഞു. ഇതിന് കാരണം 'ജല ജീവൻ മിഷൻ (എൻആർഡിഡബ്ല്യൂപി–50 ശതമാനം സിഎസ്എസ്)' പദ്ധതിക്ക് വന്ന ₹188.30 കോടിയുടെ കുറവ്, 'റൂറൽ വാട്ടർ സപ്ലൈ സ്കീമുകളിൽ' വന്ന ₹ 51.87 കോടിയുടെ കുറവ്, 'ഒപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ ആന്റ് ട്രാൻസ്മിഷൻ' പദ്ധതിക്ക് വന്ന ₹127.95 കോടിയുടെ കുറവും ആണ്. 2022-23 ൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പുനർഗേഹം എന്ന പുതിയ പദ്ധതി പ്രകാരം ₹ 83.73 കോടിയുടെ മൂലധനച്ചെലവ് നടത്തി.

### *2.4.3.2 മൂലധന ചെലവിന്റെ ഗുണനിലവാരം*

സർക്കാർ നടത്തിയ മുതൽ മുടക്കിന്റെയും മറ്റ് മൂലധന ചെലവിന്റെയും ഒരു വിശകലനം ഈ വിഭാഗത്തിൽ നൽകിയിരിക്കുന്നു.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ചട്ടക്കൂട് നിലവിൽ വന്നതിന് ശേഷം സംസ്ഥാനം അതിന്റെ ധനക്കമ്മി (കടമെടുപ്പും) താഴ്ന്ന നിലയിൽ നിർത്തുന്നതിനോടൊപ്പം, അതിന്റെ മൂലധന ചെലവും/മുതൽ മുടക്കും (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) സ്വന്തം റവന്യു സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഇതുകൂടാതെ, വിപണിയടിസ്ഥാനത്തിലുള്ള വിഭവങ്ങളെ പൂർണ്ണമായി ആശ്രയിക്കുന്നതിലേയ്ക്കുള്ള പരിവർത്തനത്തിൽ, സംസ്ഥാനം അതിന്റെ മുതൽ മുടക്കിൽ നിന്നും ആദായം കണ്ടെത്തുന്നതിനും, കടമെടുപ്പ് പണത്തിന്റെ ചെലവ് ബഡ്ജറ്റിൽ കൂടി അന്തർലീനമായ സബ്സിഡികളുടെ രൂപത്തിൽ വഹിക്കാതെ അവ വീണ്ടെടുക്കുന്നതിനും ഉള്ള നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്. മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് തന്നാണ്ടിൽ സർക്കാർ നടത്തിയ മുതൽ മുടക്കിന്റെയും മറ്റു മൂലധന ചെലവിന്റെയും വിശാലമായ സാമ്പത്തിക വിശകലനമാണ് ഈ വിഭാഗത്തിൽ നൽകിയിരിക്കുന്നത്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ മുതൽ മുടക്കിൽ നിന്നുള്ള വരുമാനം **പട്ടിക 2.28** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.28: മുതൽ മുടക്കിൽ നിന്നുള്ള ആദായം**

*(₹ കോടിയിൽ)*

| നിക്ഷേപം/ ആദായം /കടമെടുപ്പുകളുടെ ചെലവ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| വർഷാവസാന നിക്ഷേപം (₹കോടിയിൽ) | 8,246.22 | 8,775.35 | 9,354.02 | 9,767.48 | 10602.67 |

| നിക്ഷേപം/ ആദായം /കടമെടുപ്പുകളുടെ ചെലവ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| ആദായം (₹ കോടിയിൽ) | 132.12 | 100.33 | 110.19 | 227.98 | 48.93 |
| ആദായം (ശതമാനത്തിൽ) | 1.60 | 1.14 | 1.18 | 2.33 | 0.46 |
| സർക്കാർ കടമെടുപ്പുകളുടെ ശരാശരി പലിശനിരക്ക് (ശതമാനത്തിൽ) [7] | 7.34 | 7.58 | 7.31 | 7.00 | 6.78 |
| പലിശ നിരക്കും ആദായവും തമ്മിലുള്ള വ്യത്യാസം (ശതമാനത്തിൽ) | 5.74 | 6.44 | 6.13 | 4.67 | 6.32 |
| സർക്കാർ കടമെടുപ്പുകളുടെ പലിശയും നിക്ഷേപങ്ങളിൽ നിന്നുള്ള ആദായവും തമ്മിലുള്ള വ്യത്യാസം (₹കോടിയിൽ)[8] | (-)473.33 | (-)565.13 | (-)573.40 | (-)456.14 | (-)670.09 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 8*

2022-23 കാലയളവിൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളിൽ ₹212.67 കോടിയും, സർക്കാർ കമ്പനികളിൽ ₹213.97 കോടിയും, ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ ₹212.16 കോടിയും, സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ₹235.78 കോടിയും സർക്കാർ നിക്ഷേപിച്ചു. സർക്കാർ നിക്ഷേപങ്ങളിലെ ക്രമാനുഗത ചെലവ് സർക്കാർ കമ്പനികളിൽ ₹10.54 കോടി വർദ്ധിക്കുയും സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ₹49.94 കോടി കുറയുകയും ചെയ്തു. സർക്കാർ നിക്ഷേപങ്ങൾ 2018-19 ലെ ₹8,246.22 കോടിയിൽ നിന്നും ₹2,356.45 കോടി വർദ്ധിച്ച് 2022-23 ൽ ₹10,602.67 കോടിയായി.

2018-23 കാലയളവിൽ ഇത്തരം കമ്പനികൾ/കോർപ്പറേഷനുകൾ/ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ നിക്ഷേപങ്ങളുടെ ശരാശരി ആദായം 1.34 ശതമാനമായിരുന്നു. അതേസമയം ഇതേകാലയളവിൽ സർക്കാർ കടമെടുപ്പിന് 7.20 ശതമാനം ശരാശരി പലിശ നൽകി.

### *2.4.3.3 സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും*

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സൊസൈറ്റികൾ എന്നിവയിൽ നടത്തുന്ന നിക്ഷേപങ്ങൾക്കു പുറമേ സർക്കാർ ഈ സ്ഥാപനങ്ങൾക്ക് വായ്പകളും മുൻകൂറുകളും നൽകുന്നു. 2018-19 മുതൽ 2022-23 വരെ വിതരണം ചെയ്ത വായ്പകളുടെയും മുൻകൂറുകളുടെയും സ്ഥിതി, തിരിച്ചടവ്, പലിശ ലഭിച്ചത്, സംസ്ഥാന സർക്കാർ കടം വാങ്ങലിനുവേണ്ടി കൊടുത്ത പലിശ തുടങ്ങിയവ **പട്ടിക 2.29** ൽ കാണിച്ചിരിക്കുന്നു.

7 *പലിശ നൽകൽ/[(മുൻ വർഷത്തെ സാമ്പത്തിക ബാദ്ധ്യതകൾ + തന്നാണ്ടിലെ സാമ്പത്തിക ബാദ്ധ്യതകൾ )/ 2] *100*

8 *വർഷാവസാന നിക്ഷേപം * പലിശ നിരക്കും ആദായവും തമ്മിലുള്ള വ്യത്യാസം*

**പട്ടിക 2.29 : അഞ്ചു വർഷക്കാലയളവിൽ വിതരണം ചെയ്തതും തിരിച്ചു പിടിച്ചതുമായ വായ്പകളുടെ അളവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിതരണം ചെയ്തതും തിരിച്ചു പിടിച്ചതുമായ വായ്പകളുടെ അളവ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| **1** | ബാക്കിയുള്ള വായ്പയുടെ ആരംഭ നീക്കിയിരിപ്പ് | **15,163.04**[9] | **16,557.18**[10] | **17,472.08** | **19,725.39**[11] | **22,086.89**[12] |
| **2** | ഈ വർഷം കൊടുത്ത മുൻകൂറുകളുടെ തുക | **2,322.89** | **1,210.22** | **2,548.51** | **2,854.29** | **2,790.93** |
| 3 | ഈ വർഷംതിരിച്ചു പിടിച്ച തുക | 210.54[13] | 295.32[14] | 263.82[15] | 479.24[16] | 409.29[17] |
| 4 | ബാക്കിയുള്ള വായ്പയുടെ അവസാന നീക്കിയിരിപ്പ് | 17,275.39 | 17,472.08 | 19,756.77 | 22,100.44 | 24,468.53 |
| 5 | തനി വർദ്ധനവ് | 2,112.35 | 914.90 | 2,284.69 | 2,375.05 | 2,381.64 |
| 6 | ലഭിച്ച പലിശ | 40.81 | 50.59 | 42.83 | 53.36 | 118.98 |
| 7 | സർക്കാർനൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും പലിശ നിരക്ക്[18] (ശതമാനത്തിൽ) | 0.25 | 0.30 | 0.23 | 0.26 | 0.51 |
| 8 | സർക്കാരിന്റെ കടമെടുപ്പുകൾക്ക് കൊടുത്ത പലിശ നിരക്ക് (ശതമാനത്തിൽ) | 7.34 | 7.58 | 7.31 | 7.00 | 6.78 |
| 9 | കൊടുത്ത പലിശയുടെയും കിട്ടിയ പലിശയുടെയും നിരക്കിന്റെ വ്യത്യാസം (ശതമാനത്തിൽ) | 7.09 | 7.28 | 7.08 | 6.74 | 6.27 |

*ഉറവിടം : അതാതുവർഷത്തെ സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് 7*

### *2.4.3.4 ചെലവിന്റെ മുൻഗണനകൾ*

മാനവ വികസനത്തിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രധാന സാമൂഹ്യ സേവനങ്ങൾക്കായിട്ടുള്ള ചെലവ് സംസ്ഥാനങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഒരു പ്രത്യേക മേഖലയ്ക്ക് കൊടുക്കുന്ന ധനപരമായ മുൻഗണന (മൊത്തം ചെലവുമായി ഒരു മേഖലയിലെ

9 *സാമ്പത്തിക കണക്കുകൾ 2018–19 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18 ലെ അടിക്കുറിപ്പ് (പി) യിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മുൻ വർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹ 96 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.*

10 *സാമ്പത്തിക കണക്കുകൾ 2019–20 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18 ലെ അടിക്കുറിപ്പ് (ക്യൂ) പ്രകാരം മുൻവർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹ 718 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.*

11 *കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനിയുള്ള വായ്പ (₹ 31.38 കോടി) ഇക്വിറ്റിയായി മാറ്റി തരംതിരിച്ചതുമൂലം പ്രൊഫോർമയായി കുറഞ്ഞു.*

12 *സാമ്പത്തിക കണക്കുകൾ 2022–23 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18 ലെ അടിക്കുറിപ്പ് ( എഫ് ) ൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ മുൻ വർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹ 13.55 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.*

13 *തിരിച്ചു പിടിയ്ക്കാൻ കഴിയാത്തതിനാൽ എഴുതിത്തള്ളിയ ₹ 0.40 കോടി ഉൾപ്പെടെ*

14 *തിരിച്ചു പിടിയ്ക്കാൻ കഴിയാത്തതിനാൽ എഴുതിത്തള്ളിയ ₹ 0.30 കോടി ഉൾപ്പെടെ*

15 *തിരിച്ചു പിടിയ്ക്കാൻ കഴിയാത്തതിനാൽ എഴുതിത്തള്ളിയ ₹ 0.23 കോടി ഉൾപ്പെടെ*

16 *തിരിച്ചു പിടിയ്ക്കാൻ കഴിയാത്തതിനാൽ എഴുതിത്തള്ളിയ ₹ 0.15 കോടി ഉൾപ്പെടെ*

17 *തിരിച്ചു പിടിയ്ക്കാൻ കഴിയാത്തതിനാൽ എഴുതിത്തള്ളിയ ₹ 0.38 കോടി ഉൾപ്പെടെ*

18 പലിശ ലഭിച്ചത്/[(ആരംഭ നീക്കിയിരിപ്പ് + വായ്പകളുടെയും മുൻകൂറുകളുടെയും അന്തിമ നീക്കിയിരിപ്പ് )/2]* 100

ചെലവിന്റെ അനുപാതം) ദേശീയ ശരാശരിയേക്കാൾ താഴെയാണെങ്കിൽ ആ മേഖലയ്ക്ക് നൽകുന്നത് ധനപരമായി താഴ്ന്ന മുൻഗണനയാണ്. മൊത്തം ചെലവുമായി ഈ ഘടകങ്ങൾക്കുള്ള അനുപാതം കൂടുതലാണെങ്കിൽ ചെലവിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതാണെന്ന് കണക്കാക്കും.

2018-19 വർഷത്തിലും 2022-23വർഷത്തിലും ആരോഗ്യം, വിദ്യാഭ്യാസം, മൂലധന ചെലവ് എന്നിവയെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ധനപരമായ മുൻഗണനയെ **പട്ടിക 2.30** ൽ വിശകലനം ചെയ്യുന്നു.

**പട്ടിക 2.30 : ആരോഗ്യം, വിദ്യാഭ്യാസം, മൂലധന ചെലവ് തുടങ്ങിയവയിലെ സംസ്ഥാനത്തിന്റെ ചെലവിന്റെ മുൻഗണന**

| | റ്റിഇ / ജിഎസ്‌ഡിപി | സിഇ/ റ്റിഇ | വിദ്യാഭ്യാസം/ റ്റിഇ | ആരോഗ്യവും കുടുംബക്ഷേമവും/ റ്റിഇ |
|---|---|---|---|---|
| പൊതു വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങൾ (2018–19) | 16.38 | 15.58 | 14.76 | 5.07 |
| കേരളം (2018–19) | 15.23 | 6.19 | 15.86 | 6.05 |
| പൊതു വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങൾ (2022–23) | 15.79 | 15.22 | 14.85 | 5.68 |
| കേരളം (2022–23) | 15.17 | 8.82 | 14.02 | 6.43 |
| **റ്റി ഇ – മൊത്തം ചെലവ്, സി ഇ – മൂലധന ചെലവ്** | | | | |

*ഉറവിടം : സാമ്പത്തിക കണക്കുകളും, ധനകാര്യ ഉപദേഷ്ടാവ് നൽകിയ വിവരങ്ങളും*

2022-23 ൽ, പൊതു വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ മൂലധന ചെലവിന്റെ ശതമാനം വളരെ കുറവായിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ ആരോഗ്യവും കുടുംബക്ഷേമത്തിന്റെയും ശതമാനവിഹിതം പൊതുവിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടേതിനേക്കാൾ ഉയർന്നതാണ്.

### *2.4.3.5 ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ്*

2022-23 ലെ മൊത്തം ചെലവ് ₹1,58,738.42 കോടിയായിരുന്നു. ചുവടെയുള്ള **ചാർട്ട് 2.10 ൽ** ചെലവിന്റെ ലക്ഷ്യം/ഉദ്ദേശ്യം സംബന്ധിച്ച വിവരങ്ങൾ നൽകിയിരിക്കുന്നു.

**ചാർട്ട് 2.10 : ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ്**

(₹കോടിയിൽ)



മൊത്തം ചെലവിൽ ശമ്പളത്തിന്റെയും വേതനത്തിന്റെയും ചെലവ് ഏറ്റവും കൂടുതലായിരുന്നുവന്നും പെൻഷനും പലിശ നൽകുന്നതിന്റെയും ചെലവാണ് ബാക്കിയുള്ള ചെലവുകളിൽ കൂടുതലായിരുന്നത് എന്നും ചാർട്ടിൽ നിന്നും കാണാവുന്നതാണ്.

## 2.5 പൊതുകണക്കുകൾ

സഞ്ചിത നിധിയിൽ ഉൾപ്പെടാത്ത ഇടപാടുകളായ ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ, കരുതൽ ഫണ്ടുകൾ, നിക്ഷേപങ്ങൾ, സസ്പെൻസ്, പണമൊടുക്കലുകൾ എന്നിവയെ സംബന്ധിച്ച വരവും ചെലവും ഭരണഘടനയുടെ അനുഛേദം 266(2) പ്രകാരം രൂപീകരിച്ച പൊതുകണക്കിൽ സൂക്ഷിച്ചിരിക്കുന്നു. ഇവയെ സംബന്ധിക്കുന്ന ഇടപാടുകൾ നിയമസഭയുടെ വോട്ടിനു വിധേയമല്ല. ഇവയെ സംബന്ധിച്ച് സർക്കാർ ഒരു ബാങ്കർ ആയി പ്രവർത്തിക്കുന്നു. ഫണ്ടിൽ തൻവർഷത്തെ ചെലവുകൾക്കു ശേഷമുള്ള മിച്ചം വരുന്ന തുക വിവിധ ആവശ്യങ്ങൾക്കായി സർക്കാരിന് വിനിയോഗിക്കാവുന്നതാണ്.

### 2.5.1. പൊതുകണക്കിലെ തനി നീക്കിയിരിപ്പ്

2023 മാർച്ച് 31ന് സംസ്ഥാനത്തിന്റെ പൊതുകണക്കിന്റെ ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള തനി നീക്കിയിരിപ്പ് **പട്ടിക 2.31ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.31 : ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള തനി നീക്കിയിരിപ്പ് തുകകൾ**

**(₹കോടിയിൽ)**

| മേഖല | ഉപമേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| ഐ. ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | ലഘു സമ്പാദ്യം, പ്രോ വിഡന്റ് ഫണ്ടുകൾ | 9,619.21 | 8,274.11 | 11,547.96 | 18,447.47 | 8,524.31 |
| ജെ. കരുതൽ ഫണ്ടുകൾ | (എ) പലിശയുള്ള കരുതൽ ഫണ്ടുകൾ | 1,826.90 | (-)1,478.41 | 83.97 | (-)247.82 | (-)77.08 |
| | (ബി) പലിശ രഹിത കരുതൽ ഫണ്ടുകൾ | 154.12 | 127.99 | 260.08 | (-)11.49 | (-)20.43 |
| കെ. നിക്ഷേപങ്ങളും മുൻകൂറുകളും | (എ)പലിശയുള്ള നി ക്ഷേപങ്ങൾ | (-)0.30 | 0.23 | (-)0.15 | 0.17 | (-)0.15 |
| | (ബി) പലിശരഹിത നിക്ഷേപങ്ങൾ | 392.70 | 584.93 | 497.22 | 1,786.29 | 1,184.53 |
| | (സി)മുൻകൂറുകൾ | (-)0.23 | (-)59.42 | (-)2.19 | 1.98 | 0.65 |
| എൽ. സസ്പെൻസും പലവകയും | (എ) സസ്പെൻസ് | (-)534.98 | 17.05 | (-)328.46 | 814.09 | (-)127.94 |
| | (ബി) മറ്റുകണക്കുകൾ | (-)226.68 | (-)270.19 | 967.49 | (-)3,432.55 | 1,827.29 |
| | (സി) വിദേശരാജ്യങ്ങളിലെ ഗവൺമെന്റുകളുമായുള്ള കണക്കുകൾ | 0 | 0 | 0 | 0 | 0 |
| | (ഡി) പലവക | (-)0.57 | (-)0.06 | (-)20.39 | (-)0.81 | (-)0.14 |

| മേഖല | ഉപമേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| **എം. പണം ഒടുക്കലുകൾ** | (എ) മണി ഓർഡറുകളും മറ്റു പണമൊടുക്കലുകളും | (-)90.82 | 35.18 | 86.49 | (-)460.35 | 349.65 |
| | (ബി) ഗവൺമെന്റുകൾ തമ്മിലുള്ള കണക്കൊപ്പിക്കൽ | 39.30 | 82.36 | (-)47.08 | 29.23 | (-)1.45 |
| **ആകെ** | | **11,178.65** | **7,313.77** | **13,044.94** | **16,926.21** | **8,004.67** |

ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ

പൊതു കണക്കിൽ നിന്നുള്ള തനി വരവുകൾ 2021-22 ലെ ₹16,926.21 കോടിയിൽ നിന്നും ₹8,921.54കോടി (52.71 ശതമാനം) കുറഞ്ഞ് 2022-23 ൽ ₹8,004.67 കോടിയായതിനു പ്രധാനകാരണം ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയിലുണ്ടായ കുറവാണ് (₹ 9,923.16 കോടി).

### 2.5.2 കരുതൽ ഫണ്ടുകൾ

സംസ്ഥാന സർക്കാരിന്റെ പൊതുകണക്കിനു കീഴിൽ പ്രത്യേക ആവശ്യങ്ങൾക്കായി തുടങ്ങുന്നതാണ് കരുതൽ ഫണ്ടുകൾ. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് നൽകുന്ന ഗ്രാന്റുകൾ കൊണ്ടാണ് ഈ ഫണ്ടുകൾ പ്രവർത്തിക്കുന്നത്. 2023 മാർച്ച് 31ന് കരുതൽ ഫണ്ടുകളിൽ കിടക്കുന്ന ഫണ്ടുകളുടെ നീക്കിയിരിപ്പ് **പട്ടിക 2.32 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.32 : കരുതൽ ഫണ്ടുകളുടെ വിശദവിവരങ്ങൾ**

*(₹കോടിയിൽ)*

| ക്രമ നമ്പർ | കരുതൽ ഫണ്ടിന്റെ പേര് | 2023 മാർച്ച് 31 ലെ നീക്കിയിരിപ്പ് |
|---|---|---|
| **1** | **പലിശയുള്ള കരുതൽ ഫണ്ടുകൾ** | **394.65** |
| 2 | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് | 165.47 |
| 3 | സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് | 182.76 |
| 4 | സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട് | 46.42 |
| **5** | **പലിശരഹിത കരുതൽ ഫണ്ടുകൾ** | **3,057.54** |
| 6 | ഋണമോചന ഫണ്ട് | 2,706.84 |
| 7 | കാർഷിക ആവശ്യങ്ങൾക്കുള്ള വികസന ഫണ്ടുകൾ | 10.27 |
| 8 | ഖനി ക്ഷേമനിധി | 0.89 |
| 9 | കൺസ്യൂമർ വെൽഫെയർ ഫണ്ട് | 21.08 |
| 10 | മറ്റു വികസന ക്ഷേമനിധികൾ | 318.46 |
| | **ആകെ** | **3,452.19** |

പ്രധാനപ്പെട്ട കരുതൽ ഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു:

**പലിശയുള്ള കരുതൽ ഫണ്ടുകൾ**

### *2.5.2.1 സംസ്ഥാന ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് ഫണ്ട് (എസ്ഡിആർഎംഎഫ്)*

ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ആവശ്യങ്ങളുടെ ഘടകങ്ങളായ പ്രതികരണവും ആശ്വാസവും, പുനരുദ്ധാരണവും പുനർനിർമ്മിതിയും, തയ്യാറെടുപ്പ്, ശേഷി വികസനം, ലഘൂകരണം എന്നിവ നടപ്പിലാക്കാൻ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് എസ്ഡിആർഎംഎഫിനെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്ഡിആർഎഫ്) എന്നും സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (എസ്ഡിഎംഎഫ്) എന്നും വിഭജിച്ചു. എസ്ഡിആർഎംഎഫിന്റെ മൊത്തം വിഹിതത്തിന്റെ 80 ശതമാനം എസ്ഡിആർഎഫിനും 20 ശതമാനം എസ്ഡിഎംഎഫിനുമാണ് വകയിരുത്തിയിരിക്കുന്നത്.

**സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്ഡിആർഎഫ്)**

ആർബിഐയുടെ ഓവർ ഡ്രാഫ്റ്റ് റഗുലേഷൻ മാർഗനിർദ്ദേശങ്ങൾ പ്രകാരം, ഓവർ ഡ്രാഫ്റ്റിനു ബാധകമായ അതേ നിരക്കിൽ, സംസ്ഥാന സർക്കാരുകൾ എസ്ഡിആർഎഫിന് പലിശ നൽകേണ്ടതാണ്. എസ്ഡിആർഎഫിന്റെ നിക്ഷേപങ്ങൾക്ക് ലഭിച്ച വരുമാനവും എസ്ഡിആർഎഫ്-ൽ മിച്ചം നിൽക്കുന്ന തുകയും കേന്ദ്ര സർക്കാർ സെക്യൂരിറ്റികളിലും, ലേലം ചെയ്ത ട്രഷറി ബില്ലുകളിലും, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ പലിശ ലഭിക്കുന്ന നിക്ഷേപങ്ങളിലും നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇതുവരെയും ഇത് ചെയ്തിട്ടില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2022-23 ലേക്ക് കേരളത്തിന് നിശ്ചയിച്ച ഫണ്ടിന്റെ തുക ₹352.00 കോടിയാണ്. അതിൽ 75 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും സംഭാവന ചെയ്യേണ്ടതുമാണ്.

കേന്ദ്രസർക്കാർ വിഹിതമായ ₹264.00 കോടിയും, സംസ്ഥാന വിഹിതമായ ₹88.00 കോടിയും, ഇൻവെസ്റ്റ്മെന്റ് നടത്താതെ വർഷത്തിൽ (സെപ്റ്റംബർ 2022 വരെ) ബാക്കി നിന്ന തുകയുടെ പലിശയായ ₹35.63 കോടിയും ഉൾപ്പെടെ തൻവർഷം ₹387.63 കോടി ഫണ്ടിലേക്ക് വരവ് വച്ചു. 2022-23 ന്റെ ആരംഭത്തിൽ ഫണ്ടിൽ ₹333.26 കോടി ബാക്കിയുണ്ടായിരുന്നു. 2020–21ൽ എസ്ഡിആർഎഫ്-ൽ വരവു വച്ച ₹ 95.71 കോടി 2022-23 ൽ പുനർ വർഗ്ഗീകരിക്കുകയും എസ്ഡിഎംഎഫ്-ലേക്ക് വരവു വയ്ക്കുകയും ചെയ്തു. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ചെലവായ ₹459.71 കോടി കിഴിച്ചതിനു ശേഷം എസ്ഡിആർഎഫ്-ൽ 2023 മാർച്ച് 31ന് ബാക്കിയുണ്ടായിരുന്നത് ₹165.47 കോടിയാണ്.

**സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (എസ്ഡിഎംഎഫ്)**

സംസ്ഥാനത്തിന്റെ പൊതുകണക്കിൽ പലിശയുള്ള കരുതൽ ഫണ്ടിനു

കീഴിൽ മേജർ ഹെഡ് 8121–പൊതുവായതും മറ്റുമായുള്ള കരുതൽ ശേഖര നിധികൾ–130–സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് എന്ന ശീർഷകത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് രൂപീകരിച്ചു (2021-22). മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, സംസ്ഥാന സർക്കാർ, എസ്ഡിഎംഎഫ്–ലെ തുക ഇൻവെസ്റ്റ് ചെയ്യേണ്ടതും, ഇൻവെസ്റ്റ്മെന്റ് നടത്താത്ത തുകയ്ക്ക് ആർബിഐയുടെ ഓവർ ഡ്രാഫ്റ്റ് റഗുലേഷൻ മാർഗനിർദ്ദേശങ്ങളിൽ ഓവർഡ്രാഫ്റ്റിന് ബാധകമായ നിരക്കിൽ പലിശ എസ്ഡിഎംഎഫ്–ന് നൽകേണ്ടതുമാണ്.

2022 ഏപ്രിൽ 01 ലെ എസ്ഡിഎംഎഫിന്റെ പ്രാരംഭ നീക്കിയിരിപ്പ് ₹83.80 കോടിയാണ്. 2020-21 കാലയളവിൽ എസ്ഡിആർഎഫ്ന് കീഴിൽ ക്രെഡിറ്റ് ചെയ്ത ₹95.71 കോടി (2020-21 വർഷത്തെ എസ്ഡിഎംഎഫ് സംഭാവനയും പലിശയും) 2022-23 വർഷത്തിൽ പുനർ വർഗ്ഗീകരിക്കുകയും എസ്ഡിഎംഎഫ് ലേക്ക് വരവ് വയ്ക്കുകയുമുണ്ടായി. ഈ വർഷം, 2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെയുള്ള കാലയളവിലെ പലിശയിനത്തിൽ ₹3.31 കോടിയും ഫണ്ടിലേക്ക് വരവ് വയ്ക്കപ്പെട്ടു. ഫണ്ടിൽ നിന്ന് ₹0.07 കോടി ചെലവഴിച്ചു. 2023 മാർച്ച് 31 ന് എസ്ഡിഎംഎഫ്–ന് കീഴിലുള്ള ബാക്കി തുക ₹182.75 കോടിയാണ്.

### *2.5.2.2 സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട്*

യൂസർ ഏജൻസികളിൽ നിന്നും വനവൽക്കരണ നഷ്ടപരിഹാരം, അധിക വനവൽക്കരണ നഷ്ടപരിഹാരം, വനവൽക്കരണ നഷ്ടപരിഹാര പിഴ, നെറ്റ് പ്രസന്റ് വാല്യു എന്നിവയായി ഈടാക്കിയ തുക, വന (സംരക്ഷണ) നിയമം, 1980 ന്റെ കീഴിൽ അത്തരം ഏജൻസികളിൽ നിന്നും ഈടാക്കിയ മറ്റെല്ലാ തുകകളും വരവു വയ്ക്കാൻ ഓരോ സംസ്ഥാനത്തേയും പൊതുകണക്കിലും ഭാരതത്തിന്റെ പൊതുകണക്കിനു കീഴിലും ഫണ്ട് രൂപീകരിക്കുന്നതിന് 2016 ലെ പരിഹാര്യ വനവൽക്കരണ ഫണ്ട് നിയമം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, ഈ ഫണ്ടിന്റെ നിർവഹണത്തിനും കൃത്രിമ പുനരുജ്ജീവനം (തോട്ടങ്ങൾ), പ്രകൃതിദത്ത പുനരുജ്ജീവനം, വനസംരക്ഷണം, വന അധിഷ്ഠിത അടിസ്ഥാന സൗകര്യവികസനം, ഹരിതഭാരത പദ്ധതി, വന്യജീവിസംരക്ഷണം, മറ്റു ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി, വസൂലാക്കിയ പണം ചെലവു ചെയ്യുന്നതിനുമായി ദേശീയ തലത്തിലും, ഓരോ സംസ്ഥാനത്തിലും കേന്ദ്ര ഭരണ പ്രദേശത്തും ഒരു അതോറിറ്റിയെ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

സംസ്ഥാന സർക്കാരിന് യൂസർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന പണം, പൊതുകണക്കിലെ പലിശ ലഭിക്കുന്ന വിഭാഗത്തിനു കീഴിലുള്ള മേജർ ഹെഡ് 8336- 'സിവിൽ നിക്ഷേപങ്ങൾക്കു' കീഴിലുള്ള 'സംസ്ഥാന പരിഹാര്യ വനവൽക്കരണ ഡെപ്പോസിറ്റ്' എന്ന ശീർഷകത്തിൽ വരവ് വയ്ക്കുന്നു. കൂടാതെ നിയമത്തിലെ വിഭാഗം 3(4) അനുസരിച്ച്, വാർഷികാടിസ്ഥാനത്തിൽ, ഫണ്ടിന്റെ 90 ശതമാനം സംസ്ഥാനത്തിന്റെ പൊതു കണക്കിലെ 8121 - 'പൊതുവായുള്ളതും മറ്റുമായുള്ള കരുതൽ ശേഖര നിധികളിലും' എന്ന മേജർ ഹെഡിലേയ്ക്ക് മാറ്റേണ്ടതും, ബാക്കി 10 ശതമാനം ദേശീയ നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതുമാണ്.

ഫണ്ടിൽ ₹54.66 കോടിയുടെ മുന്നിരിപ്പ് ഉണ്ടായിരുന്നു. ഫണ്ടിൽ നിന്ന് ₹8.24 കോടി ചെലവഴിച്ചു. 2023 മാർച്ച് 31ന് സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ടിലെ ബാക്കി തുക ₹46.42 കോടിയാണ്. 2022-23 വർഷത്തിൽ കേന്ദ്ര ഫണ്ടിൽ നിന്ന് ഒരു തുകയും ലഭിച്ചിട്ടില്ല. സാമ്പത്തിക കണക്കുകൾ പ്രകാരം, ഫണ്ടിലെ മുന്നിരിപ്പിന് നൽകേണ്ട പലിശ ₹1.83 കോടിയാണ്. പലിശ നൽകാത്തതിന്റെ ഫലമായി റവന്യൂകമ്മിയും ധനക്കമ്മിയും ₹1.83 കോടി കുറച്ചു കാണിക്കാൻ ഇടയായി.

**പലിശ ലഭിക്കാത്ത കരുതൽ ഫണ്ടുകൾ :**

### *2.5.2.3 ഏകീകൃത ഋണ മോചന ഫണ്ട്*

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച്, സംസ്ഥാന സർക്കാർ ഏകീകൃത ഋണ മോചന ഫണ്ട് 2007-08 സാമ്പത്തിക വർഷം രൂപീകരിച്ചു. സർക്കാരിന്റെ ബാക്കി നിൽക്കുന്ന ബാധ്യതകൾ തീർക്കാനായി ഒരു കടം തിരിച്ചടയ്ക്കൽ ഫണ്ടായി സാമ്പത്തിക വർഷം 2012-13 മുതൽ വിനിയോഗിക്കുവാനുള്ളതാണ് പ്രസ്തുത ഫണ്ട്. മുൻ സാമ്പത്തിക വർഷാവസാനം ബാക്കി നിൽക്കുന്ന ബാധ്യതയുടെ 0.50 ശതമാനമെങ്കിലും ഏകീകൃത ഋണ മോചന ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ സംഭാവന ചെയ്യേണ്ടതാണ്. ₹1,786.96 കോടിയുടെ ആവശ്യകതയ്ക്കെതിരെ (2022 ഏപ്രിൽ 01 ന് ബാക്കി നിൽക്കുന്ന ബാധ്യതയായ ₹3,57,392.76 കോടിയുടെ 0.50 ശതമാനം) സംസ്ഥാന സർക്കാർ ഒരു തുകയും ഫണ്ടിലേക്ക് തന്നാണ്ടിൽ സംഭാവന ചെയ്തിട്ടില്ല. മുകളിൽ പറഞ്ഞ സംഭാവന നൽകാത്തതിന്റെ ഫലമായി റവന്യൂകമ്മിയും ധനക്കമ്മിയും കുറച്ചു കാണിക്കപ്പെട്ടു.

## 2.5.3 ക്യാഷ് ബാലൻസ് മാനേജ്മെന്റ്

ഭാരതീയ റിസർവ്വ് ബാങ്കുമായുള്ള ഉടമ്പടി അനുസരിച്ച്, സംസ്ഥാന സർക്കാർ പ്രതിദിനം മിനിമം നീക്കിയിരിപ്പ് പണമായി ₹1.66 കോടി ബാങ്കിൽ നിലനിർത്തേണ്ടതാണ്. മിനിമം നീക്കിയിരിപ്പ് പണത്തിനേക്കാൾ കൂടുതലുള്ള തുക ഹ്രസ്വകാല ട്രഷറി ബില്ലുകളിൽ റിസർവ്വ് ബാങ്ക് നിക്ഷേപിക്കുന്നു. അത്തരം നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ '0049–പലിശ വരവിനങ്ങൾ' എന്ന ശീർഷകത്തിൽ വരവുവയ്ക്കുന്നു. 2022-23 വർഷത്തിൽ ഹ്രസ്വകാല നിക്ഷേപങ്ങളിൽ നിന്ന് നേടിയ പലിശ ₹15.85 കോടിയും 14 ദിവസ ട്രഷറി ബില്ലുകളിലെ വർഷാന്ത്യ നീക്കിയിരിപ്പ് ₹7,092.74 കോടിയുമായിരുന്നു.

ഏതെങ്കിലും ദിവസത്തെ നീക്കിയിരിപ്പ് പണം മിനിമം തുകയേക്കാൾ കുറഞ്ഞാൽ സമയാസമയങ്ങളിൽ അത്തരം കുറവ് സാധാരണ വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ (ഡബ്ള്യൂഎംഎ) / സ്പെഷ്യൽ ഡ്രോയിങ്ങ് ഫെസിലിറ്റി (എസ്ഡിഎഫ്) / ഓവർഡ്രാഫ്റ്റ് (ഒ.ഡി) എന്നിവയിലൂടെ പരിഹരിക്കും. സാധാരണ ഡബ്ള്യൂഎംഎ യുടെ 2022-23ലെ സംസ്ഥാന സർക്കാരിന്റെ പരിധി ₹1,683.00 കോടിയാണ്.

- തൻവർഷത്തിൽ, സംസ്ഥാന സർക്കാർ ₹15,745.01 കോടി വെയ്സ് ആന്റ് മീൻസ് മുൻകൂറുകളായി എടുക്കുകയും പലിശയിനത്തിൽ ₹5.66 കോടി നൽകുകയും ചെയ്തു. മുൻകൂറുകൾ ഒന്നും തന്നെ എടുക്കാതെ കുറഞ്ഞ നീക്കിയിരുപ്പ് പണമായ ₹1.66 കോടി 313 ദിവസം നിലനിർത്തുവാൻ

2022-23–ൽ സംസ്ഥാന സർക്കാരിന് സാധിച്ചു. എന്നാൽ കുറഞ്ഞ നീക്കിയിരിപ്പ് പണത്തിൽ കുറവ് വന്നപ്പോൾ, കുറവ് നികത്തുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് 50 ദിവസം വെയ്സ് ആന്റ് മീൻസ് മുൻകൂറുകളേയും (₹14,385.13 കോടി), നാല് ദിവസം സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയേയും (₹1,130.98 കോടി) ആശ്രയിക്കേണ്ടി വന്നു. സമ്മതിച്ചപ്രകാരമുള്ള മിനിമം നീക്കിയിരിപ്പ് പണത്തിൽ ₹1.66 കോടിയുടെ കുറവ് ഉണ്ടായി.

- ഒരു ദിവസം ഓവർ ഡ്രാഫ്റ്റ് (₹227.24 കോടി) എടുത്തു.

സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ എന്നിവയുടെ കീഴിൽ ലഭിച്ച ₹15,745.01 കോടി സംസ്ഥാന സർക്കാർ തിരിച്ചടച്ചതിനാൽ തിരിച്ചടക്കുവാനായി തുകകൾ ഒന്നും തന്നെ ബാക്കിയില്ല. തന്നാണ്ടിലെ നീക്കിയിരിപ്പ് പണവും, സംസ്ഥാന സർക്കാർ നീക്കിയിരിപ്പ് പണത്തിൽ നടത്തിയ നിക്ഷേപങ്ങളും **പട്ടിക 2.33** ൽ പ്രതിപാദിച്ചിരിക്കുന്നു..

**പട്ടിക 2.33 നീക്കിയിരിപ്പ് പണവും അതിന്റെ നിക്ഷേപവും**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | ഇനം | 2022 ഏപ്രിൽ 01 ലെ പ്രാരംഭ നീക്കിയിരിപ്പ് | 2023 മാർച്ച് 31 ലെ അന്തിമ നീക്കിയിരിപ്പ് |
|---|---|---|---|
| | **എ. പൊതുവായ നീക്കിയിരിപ്പ് പണം** | | |
| 1 | ട്രഷറിയിലെ പണം | 35.92 | 35.99 |
| 2 | ഭാരതീയ റിസർവ് ബാങ്കിലെ നിക്ഷേപം | (-)330.31 | 146.16[19] |
| 3 | മറ്റു ബാങ്കുകളിലെ നിക്ഷേപം[20] | | |
| 4 | റെമിറ്റൻസ് ഇൻ ട്രാൻസിറ്റ് – ലോക്കൽ | 0.54 | 0.54 |
| | **ആകെ** | **(-)293.85** | **182.69** |
| | ക്യാഷ് ബാലൻസ് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ടിലെ നിക്ഷേപം (14 ദിവസ ട്രഷറി ബില്ലുകൾ) | 5,230.30 | 7,092.74 |
| | **ആകെ (എ)** | **4,936.45** | **7,275.43** |
| | **ബി. മറ്റുപണം നീക്കിയിരിപ്പും നിക്ഷേപവും** | | |
| **1** | പൊതുമരാമത്ത്, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പക്കലുള്ള ക്യാഷ് | (-)7.63 | (-)7.63 |
| **2** | വകുപ്പ് ഉദ്യോഗസ്ഥരുടെ കൈവശമുള്ള ആകസ്മിക ചെലവുകൾക്കായുള്ള സ്ഥിരം മുൻകൂറുകൾ | 1.13 | 1.15 |
| **3** | പ്രത്യേകം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകളിലേയ്ക്കുള്ള നിക്ഷേപം | 2,548.01 | 2,722.73 |
| | **ആകെ(ബി)** | **2,541.51** | **2,716.25** |
| | **ആകെ (എ+ബി)** | **7,477.96** | **9,991.68** |
| | **ലഭിച്ച പലിശ** | **14.80** | **15.85** |

ഉറവിടം : സാമ്പത്തിക കണക്കുകളിലെ പത്രിക 2

ഒരു റവന്യൂകമ്മി സംസ്ഥാനമായതിനാൽ ഭാരത സർക്കാരിന്റെ ദീർഘകാല സെക്യൂരിറ്റികളിൽ സംസ്ഥാന സർക്കാർ നിരവധി വർഷങ്ങളായി നിക്ഷേപം

19 2023 മാർച്ച് 31 ലെ കണക്കുകളിൽ കാണിച്ചിരിക്കുന്ന തുകയും (₹146.16 കോടി ഡെബിറ്റ് ഇനം) ഭാരതീയ റിസർവ്വ് ബാങ്ക് അറിയിച്ച തുകയും (₹ 0.72 കോടി ക്രെഡിറ്റ് ഇനം ) തമ്മിലുള്ള വ്യത്യാസം ₹ 145.44 കോടി (ക്രെഡിറ്റ് ) ആയിരുന്നു. ഈ വ്യത്യാസത്തിൽ നിന്നും ₹ 0.04 കോടി (തനി ക്രെഡിറ്റ് ) 2022–23 ൽ തീർപ്പാക്കിയിരുന്നു. ₹ 145.40 കോടി (തനി ഡെബിറ്റ് ) യുടെ ബാക്കി വ്യത്യാസം പൊരുത്തപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

20 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശം ഉള്ള പണത്തെ പ്രതിനിധീകരിക്കുന്നു (തുച്ഛമായ തുക)

നടത്തിയിട്ടില്ല.

## 2.6 പൊതു ബാധ്യതകളുടെ നിയന്ത്രണം

സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യതയിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം (വിപണി വായ്പ, ആർബിഐയിൽ നിന്നുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ, ദേശീയ ലഘുസമ്പാദ്യ ഫണ്ട് പുറത്തിറക്കിയ പ്രത്യേക സെക്യൂരിറ്റികൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവ),കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, പൊതുകണക്ക് ബാധ്യതകൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ, സർക്കാർ നടത്തുന്ന ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളും സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യതയിൽ ഉൾപ്പെടുന്നു.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ഘടകം തിരിച്ചുള്ള കട ബാധ്യതയുടെ പ്രവണതകൾ **പട്ടിക 2.34** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.34 : മൊത്തം ബാധ്യതയിലെ ഘടകങ്ങൾ**

*(₹കോടിയിൽ)*

| സാമ്പത്തിക ബാധ്യതകളുടെ ഘടകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| ബാക്കി നിൽക്കുന്ന മൊത്തം ബാധ്യതകൾ | 2,41,614.50 | 2,65,362.36 | 3,02,620.01 | 3,42,887.45 | 3,70,525.07 |
| പൊതു കടം | 1,58,234.44 | 1,74,640.22 | 1,99,681.73 | 2,19,974.55 | 2,38,000.97 |
| ആഭ്യന്തര കടം | 1,50,991.03 | 1,65,960.03 | 1,90,474.09 | 2,10,791.59 | 2,27,137.07 |
| ഭാരത സർക്കാരിൽ നിന്നുള്ള വായ്പകൾ * | 7,243.41 | 8,680.19 | 9,207.64 | 9,182.96 | 10,863.90 |
| പൊതു കണക്കിലെ ബാധ്യതകൾ | 83,380.06 | 90,722.14 | 1,02,938.28 | 1,22,912.90 | 1,32,524.10 |
| ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | 77,397.06 | 85,671.17 | 97,219.13 | 1,15,666.60 | 1,24,190.92 |
| പലിശയുള്ള കരുതൽ ഫണ്ടുകൾ | 2,113.98 | 635.57 | 719.55 | 471.73 | 394.65 |
| പലിശ രഹിത കരുതൽ ഫണ്ടുകൾ | 318.37 | 279.59 | 366.72 | 355.23 | 334.81 |
| പലിശയുള്ള ഡെപ്പോസിറ്റുകൾ | 0.27 | 0.49 | 0.34 | 0.52 | 0.36 |
| പലിശ രഹിത ഡെപ്പോസിറ്റുകൾ | 3,550.38 | 4,135.32 | 4,632.54 | 6,418.82 | 7,603.36 |
| ബാക്കി നിൽക്കുന്ന മൊത്തം ബാധ്യതകളുടെ വളർച്ചാ നിരക്ക് (ശതമാനം) | 12.63 | 9.83 | 14.04 | 13.31 | 8.06 |
| സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| ബാധ്യത / ജിഎസ്ഡിപി (ശതമാനം) | 30.65 | 32.64 | 39.21 | 36.69 | 35.42 |
| **കടമെടുപ്പും മറ്റു ബാധ്യതകളും (സാമ്പത്തിക കണക്കുകളിലെ പത്രിക 6 പ്രകാരം)** | | | | | |
| മൊത്തം വരവുകൾ # | 1,46,499.36 | 1,83,509.21 | 2,45,780.87 | 2,40,321.38 | 2,16,432.9 |

| സാമ്പത്തിക ബാധ്യതകളുടെ ഘടകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| മൊത്തം തിരിച്ചടവുകൾ | 1,19,403.07 | 1,59,761.36 | 2,02,757.22 | 1,91,314.63 | 1,88,795.28 |
| ഫണ്ടുകളുടെ തനി ലഭ്യത | 27,096.29 | 23,747.85 | 43,023.65 | 49,006.75 | 27,637.62 |
| തിരിച്ചടവ് / വരവുകൾ (ശതമാനം) | 81.50 | 87.06 | 87.06 | 82.50 | 87.23 |
| ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ (ഒബിബി) | 9,925.39 | 14,142.20 | 16,469.05 | 24,272.67 | 29,475.97 |
| ഒ.ബി.ബി ഉൾപ്പെടെയുള്ള ബാക്കി നിൽക്കുന്ന ബാധ്യതകൾ | 2,51,539.89 | 2,79,504.56 | 3,19,089.06 | 3,67,160.12 | 4,00,001.04 |
| ഒബിബി ഉൾപ്പെടെയുള്ള ബാധ്യതകൾ/ജിഎസ്ഡിപി | 31.91 | 34.38 | 41.35 | 39.29 | 38.23 |

*****ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോണുകൾ ധനകാര്യ കമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കാത്തതിനാൽ 2020–21, 2021–22, 2022–23 വർഷങ്ങളിൽ യഥാക്രമം ₹ 5,766 കോടി, ₹14,505.31 കോടി (₹5,766.00 + ₹8,739.31), ₹14,505.31 കോടിയും ഉൾപ്പെടുത്തിയിട്ടില്ല.*

*# ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോണുകൾ ധനകാര്യ കമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കാത്തതിനാൽ 2020–21ലും 2021–22ലും യഥാക്രമം ₹5,766കോടിയും ₹8,739.31 കോടിയും ഉൾപ്പെടുത്താതെയാണ് ഇത് കണക്കാക്കിയിട്ടുള്ളത്.*

സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യതകൾ 2018-19ലെ ₹2,41,614.50 കോടിയിൽ നിന്നും അവസാന അഞ്ചു വർഷ കാലയളവിൽ 53.35 ശതമാനം വർദ്ധിച്ച് 2022-23 ൽ ₹3,70,525.07 കോടിയായി. സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ കൂടി കണക്കിലെടുത്താൽ, സംസ്ഥാനത്തിന്റെ മൊത്തം ബാധ്യതകൾ 2018-19 ലെ ₹2,51,539.89 കോടിയിൽ നിന്നും 59.02 ശതമാനം വർദ്ധിച്ച് 2022-23ൽ ₹4,00,001.04 കോടിയായി. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ പൊതുകടം ₹79,766.53 കോടിയുടെ (50.41 ശതമാനം) വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ, ആഭ്യന്തര കടം ₹76,146.04 കോടിയും (50.43 ശതമാനം), ഭാരത സർക്കാരിൽ നിന്നുള്ള വായ്പകൾ ₹3,620.49 കോടിയും (49.98 ശതമാനം) വർദ്ധിച്ചു. ഇതേ കാലയളവിൽ പൊതു കണക്കിലെ ബാധ്യതകൾ ₹49,144.04 കോടി (58.94 ശതമാനം) വർദ്ധിച്ചു. പ്രധാനപ്പെട്ട വർദ്ധനവ് ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിലാണ് (₹46,793.86 കോടി: 60.46 ശതമാനം).

## 2.7 സഞ്ചിതനിധിയിലെ ബാധ്യതകൾ

പൊതു കടത്തിൽ, ആഭ്യന്തര കടവും കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഉൾപ്പെടുന്നു. ആഭ്യന്തര കടത്തിൽ, വിപണി വായ്പകൾ, കേന്ദ്ര സർക്കാരിന്റെ ദേശീയ ലഘു സമ്പാദ്യ നിധിയിലേയ്ക്ക് നൽകിയ സ്പെഷ്യൽ സെക്യൂരിറ്റികളിൽ നിന്നുള്ള വായ്പകൾ, ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, ആർബിഐയിൽ

നിന്നുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ എന്നിവ ഉൾപ്പെടുന്നു. പൊതുകടത്തിന്റെ വിവിധ ഘടകങ്ങളിലായി ബാക്കി നിൽക്കുന്ന തുകയും 2022-23 ലെ വരവും തിരിച്ചടക്കലും **പട്ടിക 2.35 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.35: പൊതുകടത്തിന്റെ വിവിധ ഘടകങ്ങളിലായി ബാക്കി നിൽക്കുന്ന വായ്പകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഇനം | 2022-23 | | | | |
|---|---|---|---|---|---|---|
| | | ഒബി | വരവ് | തിരിച്ചടവ് | തനി | സിബി |
| **1** | **എ. ആഭ്യന്തര കടം** | | | | | |
| 2 | വിപണി വായ്പകൾ | 1,83,522.03 | 30,839.00 | 15,219.00 | 15,620.00 | 1,99,142.03 |
| 3 | കേന്ദ്രസർക്കാരിന്റെ ദേശീയ ലഘുസമ്പാദ്യ ഫണ്ടിലേക്ക് നൽകിയ സ്പെഷ്യൽ സെക്യൂരിറ്റികൾ | 22,566.54 | 4,108.54 | 3,075.08 | 1,033.46 | 23,600.00 |
| 4 | ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ | 495.97 | 307.04 | 106.43 | 200.61 | 696.58 |
| 5 | നബാർഡ് വായ്പകൾ | 2,973.46 | 483.15 | 659.03 | (-)175.88 | 2,797.58 |
| 6 | ഹൗസ് ബിൽഡിംഗ് മുൻകൂറിന്റെ സെക്യൂരിറ്റൈസേഷൻ-ബാങ്കിൽ നിന്നുള്ള വായ്പകൾ | 587.85 | 0 | 123.35 | (-)123.35 | 464.50 |
| 7 | ബാങ്കുകളിൽ നിന്നും ധന കാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ | 645.74 | 0 | 209.36 | (-)209.36 | 436.38 |
| 8 | ആർബിഐയിൽ നിന്നുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ | 0.00 | 15,745.01 | 15,745.01 | 0 | 0 |
| 9 | ആകെ (എ) | 2,10,791.59 | 51,482.74 | 35,137.26 | 16,345.48 | 2,27,137.07 |
| **10** | **ബി കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും** | | | | | |
| 11 | ബാഹ്യസഹായമുള്ള പദ്ധതികൾക്കുള്ള വായ്പകൾ | 8,134.56 | 621.69 | 841.72 | (-)220.03 | 7,914.53 |
| 12 | മൂലധന പദ്ധതികൾക്കുള്ള വായ്പകൾ | 321.53 | 1,902.74 | 0 | 1,902.74 | 2,224.27 |
| 13 | ജിഎസ്ടി നഷ്ട പരിഹാരത്തിലെ കുറവിനു വേണ്ടി നൽകിയ വായ്പകൾ | 14,505.31 | 0 | 0 | 0 | 14,505.31 |
| 14 | മറ്റുള്ളവ | 726.87 | 0 | 1.77 | (-)1.77 | 725.10 |
| 15 | ആകെ (ബി) | 23,688.27 | 2,524.43 | 843.49 | 1,680.94 | 25,369.21 |
| **16** | **ആകെ(എ+ബി)** | **2,34,479.86** | **54,007.17** | **35,980.75** | **29,032.14** | **2,52,506.28*** |

**ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കൊന്നും തന്നെ ജിഎസ്ടി നഷ്ടപരിഹാരമായി കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിനു നൽകിയിട്ടുള്ള ₹14,505.31 കോടി (2021– 22ൽ ₹8,739.31 കോടിയും 2020–21ൽ ₹5,766 കോടിയും)യുടെ ബാക്ക് ടു ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ തീരുമാനിച്ചിട്ടുള്ളതിനാൽ 2023 മാർച്ച് 31ലെ ഫലത്തിലുള്ള ബാക്കിയുള്ള പൊതുകടം ₹2,38,000.97 കോടിയാണ് (2021 മാർച്ചിൽ ₹1,99,681.73 കോടിയും 2022 മാർച്ചിൽ ₹2,19,974.55 കോടിയും).*

### 2.7.1 പൊതുകടത്തിന്റെ പ്രവണത

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ തിരിച്ചടക്കുവാനുള്ള കടം, കടത്തിന്റെ തിരിച്ചടവ്, സംസ്ഥാനത്തിന് യഥാർത്ഥത്തിൽ ലഭ്യമായിട്ടുള്ള കടത്തിന്റെ അളവ് എന്നിവ **പട്ടിക 2.36** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.36: പൊതുകടത്തിന്റെ പ്രവണത**

(₹കോടിയിൽ)

| ക്രമ നമ്പർ | ഇനം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | തിരിച്ചടക്കുവാൻ ബാക്കിയുള്ള പൊതുകടം | 1,58,234.45 | 1,74,640.22 | 2,05,447.73 | 2,34,479.86 | 2,52,506.28[21] |
| 2 | തിരിച്ചടക്കുവാനുള്ള കടത്തിന്റെ വളർച്ചാ നിരക്ക് (ശതമാനം) | 10.67 | 10.37 | 17.64 | 14.13 | 7.69 |
| 3 | മൊത്തം പൊതുകടം വരവുകൾ | 33,445.92 | 60,407.05 | 69,735.36 | 64,932.13 | 54,007.17 |
| 4 | മൊത്തം പൊതുകടം തിരിച്ചടവ് | 18,196.00 | 44,001.28 | 38,927.85 | 35,900.00 | 35,980.75 |
| 5 | പൊതുകടത്തിന്റെ പലിശ | 12,086.29 | 13,273.79 | 14,409.57 | 15,774.79 | 16,882.59 |
| 6 | ലഭ്യമായിട്ടുള്ള തനി പൊതു കടം | 3,163.63 | 3,131.98 | 16,397.94 | 13,257.34 | 1,143.83 |
| 7 | കടം തിരിച്ചടവ് (പലിശയുൾപ്പെടെ) / കടം വരവ് (ശതമാനം) | 90.54 | 94.82 | 76.49 | 79.58 | 97.88 |

2018-2023ലെ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ തിരിച്ചടക്കുവാനുള്ള പൊതുകടം ₹1,58,234.45 കോടിയിൽ നിന്നും ₹2,52,506.28 കോടിയായി വർദ്ധിച്ചു. 2023 മാർച്ച് 31ലെ തിരിച്ചടക്കുവാനുള്ള കടം മുൻവർഷത്തെ അപേക്ഷിച്ച് 7.69 ശതമാനം വർദ്ധിച്ചു. ഈ വർഷം സമാഹരിച്ച മൊത്തം പൊതുകടം ₹10,924.96 കോടി (16.83 ശതമാനം) കുറഞ്ഞത് സർക്കാരിന് ഒരു ശുഭ സൂചകമാണ്. എന്നാൽ, കടത്തിന്റെ തിരിച്ചടവിനാണ് കടം വരവിന്റെ 76.49 ശതമാനം മുതൽ 97.88 ശതമാനം വരെ വിനിയോഗിച്ചത് എന്ന് **പട്ടിക 2.36** ൽ നിന്നും വ്യക്തമാവുന്നു. സംസ്ഥാന സർക്കാരിന്റെ മോശപ്പെട്ട കടം നിയന്ത്രണത്തിനെയാണ് ഇത് കാണിക്കുന്നത്.

## 2.8 സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ

ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ/സർക്കാർ കമ്പനികൾ, തദ്ദേശ സ്ഥാപനങ്ങൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ എടുക്കുന്ന വായ്പകളുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് സർക്കാർ നൽകുന്ന ഗ്യാരണ്ടി തുടങ്ങിയ

*21. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കൊന്നും തന്നെ ജിഎസ്ടി നഷ്ടപരിഹാരമായി കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിനു നൽകിയിട്ടുള്ള ₹14,505.31 കോടി (2021– 22ൽ ₹8,739.31 കോടിയും 2020–21ൽ ₹5,766 കോടിയും) യുടെ ബാക്ക് ടു ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ തീരുമാനിച്ചിട്ടുള്ളതിനാൽ 2023 മാർച്ച് 31ലെ ഫലത്തിലുള്ള ബാക്കിയുള്ള പൊതുകടം ₹2,38,000.97 കോടിയാണ്. (2021 മാർച്ചിൽ ₹1,99,681.73 കോടിയും 2022 മാർച്ചിൽ ₹2,19,974.55 കോടിയും)*

ബാധ്യതകളും സംസ്ഥാന സർക്കാരിനുണ്ട്. 2021-22ലെയും 2022-23 ലെയും മറ്റു ബാധ്യതകൾ **പട്ടിക 2.37** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.37: മറ്റു ബാധ്യതകളുടെ വിവരങ്ങൾ**

**(₹കോടിയിൽ)**

| ക്രമ നമ്പർ | ഇനം | 2022 മാർച്ചിൽ | 2023 മാർച്ചിൽ |
|---|---|---|---|
| 1 | ഓഫ് ബഡ്ജറ്റ് കടം എടുപ്പുകൾ | 24,272.67 | 29,475.97 |
| 2 | ഗ്യാരണ്ടികൾ | 44,369.85 | 50,374.49 |
| | ആകെ | **68,642.52** | **79,850.46** |

സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ 2021-22 ലെ ₹68,642.52 കോടിയിൽ നിന്നും ₹11,207.94 കോടി (16.33 ശതമാനം) വർദ്ധിച്ച് 2022-23 ൽ ₹ 79,850.46 കോടിയായി.

### 2.8.1 ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ

സംസ്ഥാന ബഡ്ജറ്റിലൂടെയോ, നികുതി/സെസ്, സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും വരുമാനം എന്നിവയുടെ കൈമാറ്റത്തിലൂടെയോ, മുതലിന്റെയും പലിശയുടെയും തിരിച്ചടവ് നടത്തുന്ന സംസ്ഥാന പൊതുമേഖലാ കമ്പനികൾ/കോർപറേഷനുകൾ, സ്പെഷ്യൽ പർപസ് വെഹിക്കിളുകൾ (എസ് പി വി) എന്നിവ എടുക്കുന്ന ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 293 (3) നു കീഴിലെ അനുമതി നൽകുന്നതിനായി സംസ്ഥാനത്തിന്റെ കടമെടുപ്പായി കണക്കാക്കാവുന്നതാണ്.

എല്ലാ ബാധ്യതപ്പെട്ട ചെലവുകളും, വികസന ചെലവുകളും ഓഫ് ബജറ്റ് കടമെടുപ്പു വഴിയോ സുതാര്യമല്ലാത്ത മറ്റേതെങ്കിലും സാമ്പത്തിക സ്രോതസ്സു വഴിയോ നേരിടുന്നതിനു പകരം സംസ്ഥാന സർക്കാരുകൾക്ക് ശുപാർശ ചെയ്തിട്ടുള്ള വർദ്ധിപ്പിച്ച വായ്പാ വിന്യാസത്തിനുള്ളിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന് 15–ാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്യുന്നു.

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടി കിഫ്ബിയിലൂടെയും സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾക്കു വേണ്ടി കെഎസ്എസ് പിഎല്ലിലൂടെയും സംസ്ഥാന സർക്കാർ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് നടത്തി. കിഫ്ബിയും കെഎസ്എസ്പിഎല്ലും നടത്തിയ കടമെടുപ്പുകൾക്ക് 2023 മാർച്ച് 31 ന് തിരിച്ചടയ്ക്കുവാനുള്ളത് യഥാക്രമം ₹17,742.68 കോടിയും **(അനുബന്ധം 2.2– ഭാഗം എ)** ₹11,733.29 കോടിയും **(അനുബന്ധം 2.3–ഭാഗം എ)** ആണ്. ഈ രണ്ടു സ്ഥാപനങ്ങളുടെയും തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന മൊത്തം ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ ₹29,475.97 കോടിയാണ്. ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളുടെ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 2.38ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.38 : സ്ഥാപനങ്ങളുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ**

(₹കോടിയിൽ)

| സ്ഥാപനത്തിന്റെ പേര് | 2022 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ | 2022-23 ലെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ | 2022-23 ലെ തിരിച്ചടവ് | | വർഷാന്ത്യ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | 13,066.18 | 5,109.24 | 432.74 | 1,254.56 | 17,742.68 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 11,206.49 | 2,949.67 | 2,422.87 | 833.17 | 11,733.29 |
| **ആകെ** | **24,272.67** | **8,058.91** | **2,855.61** | **2,087.73** | **29,475.97** |

*ഉറവിടം : കിഫ്ബിയും കെഎസ്എസ്പിഎല്ലും നൽകിയ വിവരങ്ങൾ*

കിഫ്ബിയും, കെഎസ്എസ്പിഎല്ലും മുഖാന്തിരം നടത്തിയ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നു.

### 2.8.1.1 കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

കേരളത്തിലെ തന്ത്ര പ്രധാനവും ബൃഹത്തുമായ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് മുതൽ മുടക്ക് നടത്തുന്നതിനു വേണ്ടി, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് മാനേജ് ചെയ്യുന്നതിനു വേണ്ടിയുള്ള, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിനു കീഴിൽ കേരള സർക്കാർ സ്ഥാപിച്ച (1999 നവംബർ) സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെൻഡ്മെന്റ്) ആക്ട്, 2016 ലെ വിഭാഗം 9(1) അനുസരിച്ച്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എടുക്കുന്ന വായ്പകളുടെ മുതലും പലിശയും തിരിച്ചടയ്ക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നു. ആയതിനാൽ, കിഫ്ബി എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാകുകയും, അവ സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ ആവുകയും ചെയ്യുന്നു. സംസ്ഥാന സർക്കാർ പെട്രോളിയം സെസ്സും 50 ശതമാനം മോട്ടോർ വാഹന നികുതിയും കിഫ്ബിയുടെ വായ്പ തിരിച്ചടവിനായി നീക്കിവച്ചിരിക്കുന്നു.

2022-23 ൽ വിവിധ സ്രോതസ്സുകളിൽ നിന്നായി കിഫ്ബി എടുത്ത ₹5,109.24 കോടിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 2.2 (ഭാഗം ബി)** ൽ വിശദമാക്കിയിരിക്കുന്നു.

കിഫ്ബിയുടെ വായ്പകൾ കേരള ഗവൺമെന്റിന്റെ ബഡ്ജറ്റ് വഴിയുള്ളതോ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളോ അല്ലെന്നും കേരള സർക്കാരിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ നിർമ്മിക്കുന്നതിനുള്ള ഏജൻസി പ്രവർത്തനത്തിന്റെ ഭാഗമായി കിഫ്ബി നടത്തുന്ന കടമെടുപ്പാണെന്നും സർക്കാർ മറുപടി നൽകി (നവംബർ 2023). സംസ്ഥാന സർക്കാരിന്

കിഫ്ബിയുടെ കടമെടുപ്പിന്റെ ബാധ്യതകളുമായി ബന്ധപ്പെട്ട ബാധ്യതയോ അനിശ്ചിതാവസ്ഥയോ ഇല്ലെന്നും സർക്കാർ മറുപടി നൽകി. കിഫ്ബിയ്ക്ക് സ്വന്തമായി വരുമാനമില്ലാത്തതിനാലും സംസ്ഥാന സർക്കാർ എല്ലാവർഷവും ബഡ്ജറ്റിലൂടെ സംസ്ഥാനത്തിന്റെ കമ്മിക്ക് ധനാഗമം നടത്തുവാൻ കഴിയുമായിരുന്ന സ്വന്തം വരുമാനം മാറ്റി കിഫ്ബിയുടെ കടബാധ്യതകൾ തീർക്കുന്നതിനാലും സർക്കാരിന്റെ വാദം സ്വീകാര്യമല്ല.

### *2.8.1.2 കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (കെഎസ്എസ്പിഎൽ)*

കമ്പനീസ് ആക്ട് 2013 നു കീഴിൽ 2018 ഓഗസ്റ്റിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് സ്ഥാപിച്ചു. കമ്പനി പൂർണമായും കേരള സർക്കാർ ഉടമസ്ഥതയിലും ധനകാര്യ വകുപ്പിനു കീഴിലുമാണ്. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ക്ഷേമപെൻഷനുകളും കേരളത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് മെച്ചപ്പെടുത്താൻ വേണ്ടിയാണ് കമ്പനി സ്ഥാപിച്ചത്.

ധനകാര്യ (എസ്എസ് ) വകുപ്പിന്റെ 2018 ജൂൺ 26 ലെ സർക്കാർ ഉത്തരവ് (കൈ) നം. 232/2018/ധനകാര്യം അനുസരിച്ച് സാമൂഹ്യസുരക്ഷാ പെൻഷന് പ്രതീക്ഷിക്കുന്ന ചെലവ് ഓരോ വർഷവും ബഡ്ജറ്റിലൂടെ കമ്പനിക്ക് നൽകും. ഇതു കൂടാതെ ഭാരത സർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതി (എൻഎസ്എപി) യുടെ കീഴിൽ ലഭിക്കുന്ന തുകയും കമ്പനിയ്ക്കു നൽകും. പെൻഷൻ വിതരണത്തിനായി കമ്പനിയ്ക്കുണ്ടാകുന്ന ബാധ്യതകൾ സർക്കാർ വഹിക്കും. കമ്പനിക്ക് പൊതുജനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങളും വായ്പകളുമുൾപ്പെടെയുള്ള അനുയോജ്യമായ രീതിയിലുള്ള ഫിനാൻഷ്യൽ ഇൻസ്ട്രമെന്റ്സ് മുഖേന പണം കണ്ടെത്താവുന്നതും സർക്കാർ ബജറ്റിലൂടെ നൽകുന്ന പണമുപയോഗിച്ച് തിരിച്ചടയ്ക്കാവുന്നതുമാണ്. വായ്പകൾ തിരിച്ചടയ്ക്കുന്നതിനാവശ്യമായ പണം, ഹ്രസ്വകാല ഫിനാൻഷ്യൽ ഇൻസ്ട്രമെന്റ്സ് മുഖേനയും സർക്കാർ ധനസഹായവുമുപയോഗിച്ച് സമാഹരിക്കുന്നു.

കെഎസ്എസ്പിഎൽ എടുക്കുന്ന വായ്പകൾ സർക്കാരിന്റെ ബാധ്യതകൾ തീർക്കാനായിട്ടുള്ളത് ആയതിനാലും വായ്പയുടെ തിരിച്ചടവും പലിശ നൽകുന്നതും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുമായതിനാലും കെഎസ്എസ്പിഎൽ എടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാരിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളായി കണക്കാക്കാം. **അനുബന്ധം 2.3 (ഭാഗം ബി)** യിൽ വിശദമാക്കിയിരിക്കുന്നതു പോലെ 2022-23ൽ കെഎസ്എസ് പിഎൽ ₹2,949.67 കോടിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് നടത്തി.

കെഎസ്എസ്പിഎല്ലിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച്, **അനുബന്ധം 2.3 (ഭാഗം എ)** യിൽ വിശദീകരിച്ചിരിക്കുന്നതു പോലെ, 2023 മാർച്ച് 31 ന് ₹11,733.29 കോടിയുടെ വായ്പാ തുക ബാക്കി നിൽക്കുന്നു. കെ.എസ്.എസ് പി.എൽ സ്വന്തമായി വരുമാനമില്ലാത്ത ഒരു സർക്കാർ കമ്പനി ആയതിനാൽ ബാക്കി നിൽക്കുന്ന വായ്പാ തുകയായ ₹11,733.29 കോടി സർക്കാരിന്റെ

അധിക ബാധ്യതയാണ്.

മുകളിൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളിലൂടെയും 2022-23ൽ സംസ്ഥാന സർക്കാർ നടത്തിയ ഓഫ് ബജറ്റ് കടമെടുപ്പ്, ഖജനാവിൽ അധികബാധ്യത വരുത്തുന്നതിനു പുറമേ ബാധ്യത – ജിഎസ്ഡിപി അനുപാതത്തിനെയും ബാധിക്കുന്നു. 2022-23ലെ സംസ്ഥാനത്തിന്റെ ബാധ്യത–ജിഎസ്ഡിപി അനുപാതം 35.42 ശതമാനമാണ് **(പട്ടിക 1.8).** എന്നാൽ, ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾകൂടി കണക്കിലെടുക്കുകയാണെങ്കിൽ, യഥാർത്ഥത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന ബാധ്യത–ജിഎസ്ഡിപി അനുപാതം 38.23 ശതമാനമാകും. ഇത് സാമ്പത്തിക ലക്ഷ്യമായ 34.50 ശതമാനത്തിനേക്കാളും വളരെ കൂടുതലാണ്.

### 2.8.2 ഗ്യാരണ്ടികൾ

സർക്കാർ ഗ്യാരണ്ടി നൽകിയ സ്ഥാപനം കടം തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം ഗ്യാരണ്ടികൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലുണ്ടാകുന്ന ആകസ്മിക ബാധ്യതകളാകും.

നിയമാനുസൃത കോർപറേഷനുകൾ, സർക്കാർ കമ്പനികൾ, സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ തുടങ്ങിയവ എടുക്കുന്ന വായ്പകളുടെ തിരിച്ചടവിന് സർക്കാർ ഗ്യാരണ്ടി നിൽക്കുന്നു. 2022ലെ കേരളാ ഫിനാൻസ് (നം. 2) ആക്ട് പ്രകാരം ഭേദഗതി വരുത്തിയ 2003 ലെ സർക്കാർ ഗ്യാരണ്ടികൾ ആക്ടിലെ വിഭാഗം 3 അനുസരിച്ച്, മുൻ വർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂവരവുകളുടെ 100 ശതമാനമൊ, മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 10 ശതമാനമൊ, ഏതാണോ കുറവ്, അതായിരിക്കും ഏതൊരു വർഷത്തേയും ഏപ്രിൽ ഒന്നാം തീയതിയിലെ മൊത്തം സർക്കാർ ഗ്യാരണ്ടികൾ. 2022-23 വർഷത്തിൽ സംസ്ഥാന സർക്കാർ ₹6,184.94 കോടിയുടെ ഗ്യാരണ്ടി നൽകി. 2023 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ₹50,374.49 കോടിയുടെ ഗ്യാരണ്ടികൾ (മുതലും പലിശയും ഉൾപ്പെടെ) 2022-23 ലെ ജിഎസ്ഡിപിയുടെ (₹10,46,188.14 കോടി) 4.82 ശതമാനമാണ്. ഇത് ജിഎസ്ഡിപിയുടെ 10 ശതമാനം എന്ന പരിധിക്ക് അകത്താണ്.

ആക്ട് അനുസരിച്ച്, വർഷാരംഭത്തിൽ ബാക്കി നിൽക്കുന്ന ഗ്യാരണ്ടിയുടെ 0.75 ശതമാനം ഗ്യാരണ്ടി കമ്മീഷനായി ഓരോ വർഷവും ഈടാക്കാവുന്നതാണ്. തന്നാണ്ടിൽ ₹268.45 കോടി ഗ്യാരണ്ടി കമ്മീഷനായി ലഭിച്ചുവെങ്കിലും വിവിധ സ്ഥാപനങ്ങളിൽ നിന്നായി 2023 മാർച്ച് 31 ന് ₹323.68 കോടിയുടെ ഗ്യാരണ്ടി കമ്മീഷൻ കിട്ടാൻ ബാക്കിയുണ്ട്. ഗ്യാരണ്ടി കമ്മീഷൻ നൽകാത്ത പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 2.4** ൽ നൽകിയിരിക്കുന്നു.

#### 2.8.2.1 ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത്

പന്ത്രണ്ടാം ധനകാര്യകമ്മീഷൻ (2005-2010) ശുപാർശകളനുസരിച്ച്, സംസ്ഥാന സർക്കാരുകൾ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് (ജിആർഎഫ്) രൂപീകരിച്ച് സർക്കാർ നൽകുന്ന ഗ്യാരണ്ടിയിൽ നിന്നുണ്ടാകുന്ന ബാധ്യതകൾ തീർപ്പാക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്. ഈ ഫണ്ട്

സംസ്ഥാന സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിക്കേണ്ടതും ഭാരതീയ റിസർവ്വ് ബാങ്ക് കൈകാര്യം ചെയ്യേണ്ടതുമാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, വർഷാരംഭത്തിൽ ബാക്കി നിൽക്കുന്ന ഗ്യാരണ്ടികളുടെ 0.50 ശതമാനം എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞ വാർഷിക സംഭാവന സംസ്ഥാന സർക്കാർ നടത്തേണ്ടതാണ്. സംസ്ഥാന സർക്കാർ തന്നാണ്ടിൽ ₹221.85 കോടി ഫണ്ടിലേയ്ക്ക് നൽകേണ്ടതുണ്ട്.

കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടീസ് ആക്ട്, 2003 അനുസരിച്ച്, വർഷം തോറും ലഭിക്കുന്ന ഗ്യാരണ്ടി കമ്മീഷൻ പൊതു കണക്കിലേക്ക് മാറ്റേണ്ടതും അവ സംസ്ഥാനത്തിന്റെ പൊതു കണക്കിനു കീഴിലുള്ള ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിന്റെ കോർപ്പസ് ആകേണ്ടതുമാണ്. സംസ്ഥാന സർക്കാർ ജിആർഎഫ് രൂപീകരിക്കാത്തതിനാൽ, 2003-04 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈടാക്കിയ ₹1,966.37 കോടിയുടെ ഗ്യാരണ്ടി കമ്മീഷൻ, റവന്യുവരവുകളുടെ ശീർഷകം '0075-108- ഗ്യാരണ്ടി ഫീസിനു' കീഴിൽ വരവ് വച്ചു.

## 2.9 പൊതുകടത്തിന്റെയും മറ്റു ബാധ്യതകളുടേയും ചെലവ്

കടത്തിന്റെ ചെലവ് എന്നത് സർക്കാർ അതിന്റെ ദീർഘകാല ബാധ്യതകൾക്ക് നൽകേണ്ട യഥാർത്ഥ പലിശ നിരക്കാണ്. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ പൊതു കടത്തിനും മറ്റു ബാധ്യതകൾക്കും നൽകിയ പലിശ **പട്ടിക 2.39**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.39: കടത്തിന്റെയും മറ്റു ബാധ്യതകളുടേയും ചെലവ്** *(₹കോടിയിൽ)*

| ഇനം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| ബാക്കി നിൽക്കുന്ന പൊതുകടം | 1,58,234.35 | 1,74,640.22 | 2,05,447.73 | 2,34,479.86 | 2,52,506.28* |
| വിപണി വായ്പകളുടെ പലിശ | 9,996.20 | 11,159.82 | 12,203.37 | 13,543.89 | 14,269.28 |
| മറ്റു വായ്പകളുടെ പലിശ | 2,090.09 | 2,113.97 | 2,206.20 | 2,230.90 | 2,613.31 |
| പൊതുകടത്തിന്റെ മൊത്തം പലിശ | 12,086.29 | 13,273.79 | 14,409.57 | 15,774.79 | 16,882.59 |
| പൊതുകടത്തിന്റെ ശരാശരി പലിശ നിരക്ക് ** | 8.02 | 7.98 | 7.58 | 7.17 | 6.93 |
| പൊതു കണക്കിലെ മിച്ചം | 83,380 | 90,722 | 1,02,938 | 1,22,913 | 1,32,524.10 |
| പൊതു കണക്കിന് നൽകിയ പലിശ | 4,812.35 | 5,911.47 | 6,531.40 | 7,510.29 | 8,249.70 |
| പൊതു കണക്കിന്റെ ശരാശരി പലിശ നിരക്ക് ** | 6.21 | 6.79 | 6.75 | 6.48 | 6.46 |
| മൊത്തം നൽകിയ പലിശ # | 16,898.64 | 19,185.26 | 20,940.97 | 23,285.08 | 25,132.29 |
| റവന്യൂ വരുമാനം | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.65 |
| മൊത്തം കടത്തിന് നൽകിയ പലിശ റവന്യൂ വരുമാനത്തിന്റെ ശതമാനത്തിൽ | 18.20 | 21.26 | 21.45 | 19.96 | 18.94 |

**ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ജിഎസ്ടി നഷ്ട പരിഹാരമായി കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് നൽകിയിട്ടുള്ള ₹ 14,505.31 കോടിയുടെ (2021–22ൽ ₹ 8,739.31 കോടിയും 2020–21 ൽ ₹5,766 കോടിയും) ബാക്ക് ടു ബാക്ക് ലോണുകൾ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ഡിപാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ തീരുമാനിച്ചിട്ടുള്ളതിനാൽ 2023 മാർച്ച് 31ലെ ഫലത്തിലുള്ള ബാക്കിയുള്ള പൊതുകടം ₹2,38,000.97 കോടിയാണ് (2021 മാർച്ചിൽ ₹1,99,681.73 കോടിയും 2022 മാർച്ചിൽ ₹2,19,974.55 കോടിയും)*

***ശരാശരി പലിശ നിരക്ക് = നൽകിയ പലിശ / (കടത്തിന്റെ വർഷാരംഭത്തിലേയും വർഷാന്ത്യത്തിലേയും ബാലൻസിന്റെ ശരാശരി)*100*

*# കടമെടുപ്പുകളുടെ നിർവ്വഹണത്തിനായി നൽകിയ തുക പലിശ നൽകിയതിൽ ഉൾപ്പെടുത്തിയിട്ടില്ല. 2022–23ൽ ഇതിലേക്ക് നൽകിയ തുക ₹44.25 കോടിയാണ്.*

കടത്തിന്റെ ശരാശരി പലിശ നിരക്ക് കുറയുന്ന പ്രവണത കാണിച്ചെങ്കിലും കടത്തിന് നൽകിയ യഥാർത്ഥ പലിശ അഞ്ചു വർഷക്കാലയളവിൽ ക്രമമായി വർദ്ധിച്ചു. പൊതുകടത്തിന് 2018-19 ൽ നൽകിയ പലിശ ₹12,086.29 കോടിയിൽ നിന്നും 39.68 ശതമാനം വർദ്ധിച്ച് 2022-23ൽ ₹16,882.59 കോടിയായതിനു കാരണം പൊതുകടത്തിലുണ്ടായ വർദ്ധനവാണ്. പൊതുകണക്കിനു നൽകിയ പലിശയും 2018-19 ലെ ₹4,812.35 കോടിയിൽ നിന്നും 2022-23 ൽ ₹8,249.70 കോടിയായി വർദ്ധിച്ചു. പലിശയായി നൽകിയ ₹8,249.70 കോടിയിൽ, ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് നൽകിയ പലിശ ₹4,818.76 കോടിയും സംസ്ഥാന പ്രോവിഡന്റ് ഫണ്ടിന് നൽകിയ പലിശ ₹2,607.25 കോടിയും ഇൻഷ്വറൻസും പെൻഷൻ ഫണ്ടിനും നൽകിയ പലിശ ₹784.71 കോടിയും എസ്ഡിആർഎഫിന് നൽകിയ പലിശ ₹38.94 കോടിയുമായിരുന്നു. ശരാശരി അടിസ്ഥാനത്തിൽ, റവന്യൂവരവിന്റെ 19 ശതമാനം സംസ്ഥാനത്തിന്റെ മൊത്തം കടത്തിന്റെ പലിശ നൽകുന്നതിനു മാത്രമായി വിനിയോഗിക്കുന്നു.

## 2.10 കടമെടുത്ത ഫണ്ടുകളുടെ വിനിയോഗം

2022-23 ൽ സർക്കാർ ₹54,007.17 കോടി വായ്പയെടുത്തു. വായ്പാ തുകയുടെ വിനിയോഗ വിവരങ്ങൾ **ചാർട്ട് 2.11**–ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 2.11 : കടമെടുത്ത ഫണ്ടുകളുടെ വിനിയോഗത്തിന്റെ പ്രവണത**




അഞ്ചു വർഷങ്ങളിലും, കടമെടുത്ത ഫണ്ടുകളുടെ സിംഹഭാഗവും കടം തിരിച്ചടവിനായി വിനിയോഗിച്ചു. കടമെടുത്ത തുക മൂലധന സൃഷ്ടിക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് വിനിയോഗിക്കേണ്ടത്. 2022-23 ൽ കടമെടുത്ത തുകയുടെ 97.88 ശതമാനവും കടത്തിന്റെ ചെലവുകൾക്കായാണ്

വിനിയോഗിച്ചത്. മൂലധന ചെലവുകൾക്ക് കടമെടുത്ത ഫണ്ടുകളുടെ 2.12 ശതമാനം മാത്രമാണ് ഉണ്ടായിരുന്നത്.

## 2.11 കടം സുസ്ഥിരത വിശകലനം (ഡിഎസ്എ)

ദീർഘകാലത്തേയ്ക്ക് ഒരു സ്ഥിരമായ കടം–ജിഎസ്ഡിപി അനുപാതം നിലനിർത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയാണ് കടത്തിന്റെ സുസ്ഥിരത എന്ന് നിർവചിക്കുന്നത്. കടം വീട്ടുന്നതിന്റെ കഴിവിനെ കുറിച്ചുള്ള ആശങ്കയും ഇതിലുണ്ട്. വർത്തമാനകാലം മുതൽ ഒരു നിശ്ചിത കാലയളവിലുള്ള കടവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിനുള്ള സാധ്യതയെ കടത്തിന്റെ സുസ്ഥിരതയുടെ വിശകലനം (ഡിഎസ്എ) കണക്കിലെടുക്കുന്നു. ഇത് സമ്പദ് വ്യവസ്ഥയുടെ സാമ്പത്തിക ആരോഗ്യം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന വസ്തുതയാണ്. ഡിഎസ്എയുടെ ഏറ്റവും പ്രധാന ആണിക്കല്ലാണ് കടം–ജിഎസ്ഡിപി അനുപാതം. ദീർഘകാല അടിസ്ഥാനത്തിൽ കടം– ജിഎസ്ഡിപി അനുപാതം സ്ഥായിയായി നിൽക്കുന്നതോ കുറഞ്ഞു വരുന്നതോ ആണ് സുസ്ഥിരമായ സാമ്പത്തികനയം.

### 2.11.1 കടത്തിന്റെ സ്ഥായിത്വം– കടം സുസ്ഥിരത സൂചകങ്ങൾ

പൊതുകടത്തിന്റ വളർച്ചാ നിരക്ക്, മൊത്തം മിച്ചം നിൽക്കുന്ന കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം, പലിശ ചെലവും റവന്യൂവരവും തമ്മിലുള്ള അനുപാതം, കടംതിരിച്ചടവും കടം വരവും തമ്മിലുള്ള അനുപാതം, സംസ്ഥാനത്തിനു ലഭ്യമായ തനി കടം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ കടത്തിന്റെ സുസ്ഥിരത ഈ ഭാഗത്തിൽ വിലയിരുത്തപ്പെടുന്നു. കടത്തിന്റെ സ്ഥിരത നിർണ്ണയിക്കുന്ന സാമ്പത്തിക സൂചകങ്ങളുടെ പ്രവണതയെ **പട്ടിക 2.40**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.40 : കടം സുസ്ഥിരത സൂചകങ്ങളുടെ പ്രവണതകൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | കടം സുസ്ഥിരത സൂചകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | ബാക്കി നിൽക്കുന്ന പൊതുകടം *(₹ കോടിയിൽ) | 1,58,234.45 | 1,74,640.22 | 1,99,681.73 | 2,19,974.55 | 2,38,000.97 |
| 2 | ബാക്കി നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാ നിരക്ക് | 10.67 | 10.37 | 14.34 | 10.16 | 8.19 |
| 3 | ബാക്കി നിൽക്കുന്ന ഒബിബി ഉൾപ്പെടെയുള്ള പൊതുകടം (₹ കോടിയിൽ) | 1,68,159.83 | 1,88,782.42 | 2,16,150.78 | 2,45,848.94 | 2,67,476.94 |
| 4 | ബാക്കി നിൽക്കുന്ന ഒബിബി ഉൾപ്പെടെയുള്ള പൊതുകടത്തിന്റെ വളർച്ചാ നിരക്ക് | 17.61 | 12.26 | 14.50 | 13.74 | 8.80 |

| ക്രമ നമ്പർ | കടം സുസ്ഥിരത സൂച കങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 5 | ജിഎസ്ഡിപി (₹ കോടിയിൽ) | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,34,541.75 | 10,46,188.14 |
| 6 | ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് | 12.36 | 3.13 | (-)5.07 | 21.10 | 11.95 |
| 7 | പൊതുകടം/ ജിഎസ്ഡിപി | 20.07 | 21.48 | 25.87 | 23.54 | 22.75 |
| 8 | ഒബിബി ഉൾപ്പെടെയുള്ള പൊതുകടം/ ജിഎസ്ഡിപി | 21.33 | 23.22 | 28.01 | 26.31 | 25.57 |
| 9 | പൊതുകടത്തിന് നൽകിയ പലിശ (₹കോടിയിൽ) | 12,086.29 | 13,273.79 | 14,409.57 | 15,774.79 | 16,882.59 |
| 10 | ഒബിബിക്ക് നൽകിയ പലിശ (₹കോടിയിൽ) | 156.79 | 1,018.06 | 1,241.43 | 1,483.60 | 2,087.73 |
| 11 | ഒബിബി ഉൾപ്പെടെയുള്ള പൊതുകടത്തിന് നൽകിയ പലിശ (₹കോടിയിൽ) | 12,243.08 | 14,291.85 | 15,651.00 | 17,258.39 | 18,970.32 |
| 12 | ബാക്കി നിൽക്കുന്ന പൊതുകടത്തിന്റെ ശരാശരി പലിശനിരക്ക്[22] | 8.02 | 7.98 | 7.70 | 7.52 | 7.37 |
| 13 | ബാക്കി നിൽക്കുന്ന ഒബിബി ഉൾപ്പെടെയുള്ള പൊതുകടത്തിന്റെ ശരാശരി പലിശ നിരക്ക് (₹കോടിയിൽ) | 7.87 | 8.01 | 7.73 | 7.47 | 7.39 |
| 14 | പലിശ നൽകിയതും റവന്യൂ വരുമാനവുമായുള്ള ശതമാനം | 13.02 | 14.71 | 14.76 | 13.52 | 12.72 |
| 15 | സംസ്ഥാനത്തിന് ലഭ്യമായ തനികടം [23] (₹ കോടിയിൽ) | 3,163.64 | 3,131.98 | 16,397.94 | 13,257.35 | 1,143.83 |
| 16 | കടം തിരിച്ചടവും കടം വരവുമായുള്ള അനുപാതം | 54.4 | 72.84 | 55.82 | 55.29 | 66.62 |

22 ശരാശരി പലിശ നിരക്ക് =പലിശ നൽകിയത്/(പൊതു കടത്തിന്റെ പ്രാരംഭ ബാലൻസ് + പൊതു കടത്തിന്റെ അന്തിമ ബാലൻസ്) / 2*100

23 സംസ്ഥാനത്തിന് ലഭ്യമായ തനികടം = തന്നാണ്ടിലെ പൊതുകടം വരവുകൾ – മുതലിന്റെ തിരിച്ചടയ്ക്കൽ – പൊതു കടത്തിന് പലിശ നൽകിയത്

| ക്രമ നമ്പർ | കടം സുസ്ഥിരത സൂചകങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 17 | പലിശ സ്പ്രെഡ്[24] | 4.34 | (-) 4.85 | (-)12.77 | 13.58 | 5.58 |
| 18 | ക്വാണ്ടം സ്പ്രെഡ്[25] | 6,867.38 | (-) 8,470.05 | (-) 25,499.36 | 29,872.54 | 10,900.44 |
| 19 | ധനക്കമ്മി (₹ കോടിയിൽ) | (-) 26,958.31 | (-) 23,837.47 | (-) 40,969.69 | (-) 46,045.78 | (-) 25,554.54 |
| 20 | പ്രാഥമിക കമ്മി (₹ കോടിയിൽ) | (-) 10,210.39 | (-) 4,622.78 | (-) 19,994.33 | (-) 22,742.96 | (-) 378.18 |
| 21 | കടത്തിന്റെ സ്ഥായിത്വം (ക്വാണ്ടം സ്പ്രെഡ് +പ്രാഥമിക കമ്മി) (₹ കോടിയിൽ) | (-)3,343.01 | (-) 13,092.83 | (-) 45,493.69 | 7,129.58 | 10,522.26 |

** ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോണുകൾ ധനകാര്യ കമ്മീഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കാത്തതിനാൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ യഥാക്രമം ₹ 5,766 കോടി, ₹14,505.31 കോടി (₹5,766.00 + ₹8,739.31), ₹14,505.31 കോടിയും ഉൾപ്പെടുത്തിയിട്ടില്ല.*

സംസ്ഥാനത്തിന്റെ കടത്തിന്റെ സുസ്ഥിരതയെ താഴെ പറയുന്ന കടം സുസ്ഥിരതാ സൂചകങ്ങളിലൂടെ വിശകലനം ചെയ്യുന്നു.

### *2.11.1.1 ബാക്കി നിൽക്കുന്ന കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം*

കടവും ജിഎസ്ഡിപിയുമായുള്ള അനുപാതം സംസ്ഥാനത്തിന്റെ പൊതുകടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും (ജിഎസ്ഡിപി) താരതമ്യം ചെയ്യാനുള്ള ഏകകമാണ്. സംസ്ഥാനം കൊടുത്തു തീർക്കാനുള്ളതും സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്നതും തമ്മിൽ താരതമ്യം ചെയ്യുന്നതിലൂടെ കടം-ജിഎസ്ഡിപി അനുപാതം കടം തിരിച്ചടയ്ക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ സൂചിപ്പിക്കുന്നു. കൂടുതൽ കടം എടുക്കാതെ കടം വീട്ടുന്നതിന് ആവശ്യമായ ചരക്കുകളും സേവനങ്ങളും സമ്പദ്‌വ്യവസ്ഥ ഉൽപാദിപ്പിക്കുന്നതായി താഴ്ന്ന നിലയിലുള്ള കടം-ജിഎസ്ഡിപി അനുപാതം സൂചിപ്പിക്കുന്നു. കുറഞ്ഞു വരുന്ന കടം- ജിഎസ്ഡിപി അനുപാതം സ്ഥിരതയിലേക്ക് നീങ്ങുന്നതായി കണക്കാക്കപ്പെടുന്നു. കടം-ജിഎസ്ഡിപി അനുപാതം വേഗത്തിൽ വർദ്ധിച്ച് ഒരു പരിധിയ്ക്കുമുകളിലേയ്ക്ക് ഉയർന്നാൽ, പ്രാഥമിക ബാലൻസിന്റെ ഇപ്പോഴുള്ള അവസ്ഥ, കടം- ജിഎസ്ഡിപി അനുപാതത്തെ സ്ഥിരമാക്കാൻ മതിയാകില്ല. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ കടം- ജിഎസ്ഡിപി അനുപാതം **ചാർട്ട് 2.12** ൽ നൽകിയിരിക്കുന്നു.

24 പലിശ സ്പ്രെഡ് = ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് – ബാക്കി നിൽക്കുന്ന പൊതു കടത്തിന്റെ ശരാശരി പലിശ നിരക്ക്

25 ക്വാണ്ടം സ്പ്രെഡ് = ബാക്കി നിൽക്കുന്ന പൊതു കടം * പലിശ സ്പ്രെഡ് /100

**ചാർട്ട് 2.12 : ബാക്കി നിൽക്കുന്ന മൊത്തം പൊതുകടവും ജിഎസ്ഡിപിയുമായുള്ള അനുപാതം**




കഴിഞ്ഞ അഞ്ച് വർഷത്തെ കാലയളവിൽ കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം 20.07 ശതമാനം മുതൽ 25.87 ശതമാനം വരെയായിരുന്നു.

ഓഫ് ബഡ്ജറ്റ് കടമെടുപ്പ് (ഒബിബി) ഉൾപ്പെടുന്ന കടം – ജിഎസ്ഡിപി അനുപാതം 2018-19 ലെ 21.33 ശതമാനത്തിൽ നിന്നും 2020-21 ൽ 28.01 ശതമാനമായി വർദ്ധിക്കുകയും അതിനുശേഷം 2021-22 ൽ 26.31 ശതമാനമായും 2022-23 ൽ 25.57 ശതമാനമായും കുറയുകയും ചെയ്തു.

### *2.11.1.2 റവന്യൂവരുമാനവും ബാക്കി നിൽക്കുന്ന ഒബിബി ഉൾപ്പെടെയുള്ള മൊത്തം കടവും തമ്മിലുള്ള അനുപാതം*

റവന്യൂവരുമാനവും മൊത്തം ബാക്കി നിൽക്കുന്ന കടവും തമ്മിലുള്ള അനുപാതം വർദ്ധിക്കുകയാണെങ്കിൽ സർക്കാരിന് സ്വന്തം വിഭവങ്ങളിൽ നിന്നും വായ്പ തിരിച്ചടയ്ക്കുന്നത് എളുപ്പമായിരിക്കും. റവന്യൂ വരവുകൾ 2018-19 ലെ ₹ 92,854.47 കോടിയിൽ നിന്നും 2022-23 ൽ ₹1,32,724.65 കോടിയായി വർദ്ധിച്ചുവെങ്കിലും, റവന്യൂ വരവുകളും ഒബിബി ഉൾപ്പെടെ കൊടുത്തു തീർക്കാനുള്ള മൊത്തം കടവും തമ്മിലുള്ള അനുപാതം 2018-19 ലെ 55.22 ശതമാനത്തിൽ നിന്നും 2022-23-ൽ 49.62 ശതമാനമായി കുറഞ്ഞു. ഇത് സംസ്ഥാന സർക്കാരിൽ വായ്പാ ബാധ്യതകൾ നിറവേറ്റുന്നതിന് കൂടുതൽ സമ്മർദ്ദമുണ്ടാക്കുന്നു.

### *2.11.1.3 പൊതുകടമെടുപ്പിന്റെ ചെലവും ജിഎസ്ഡിപിയുടെ വളർച്ചയും പ്രാഥമിക ബാലൻസും*

ബാക്കി നിൽക്കുന്ന കടത്തിന് നൽകാനുള്ള പലിശനിരക്ക് ജിഎസ്ഡിപിയുടെ വളർച്ചാനിരക്കിനേക്കാൾ കുറവായിരിക്കേണ്ടതും പ്രാഥമിക മിച്ചം ഉണ്ടായിരിക്കേണ്ടതും ആണ്. സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് പലിശനിരക്കിനെയോ പൊതു കടമെടുപ്പിന്റെ ചെലവിനെയോ

അധികരിക്കുകയും പ്രാഥമിക ബാലൻസ് പൂജ്യമോ പോസിറ്റീവോ ചെറിയ തോതിൽ നെഗറ്റീവോ ആയിരിക്കുകയും ചെയ്താൽ കടം– ജിഎസ്ഡിപി അനുപാതം സ്ഥിരത കൈവരിക്കുവാൻ സാധ്യതയുണ്ട്. 2019-20,2020-21 ഒഴികെയുള്ള കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് (ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് ) പലിശ നിരക്കിനേയും പൊതു കടമെടുപ്പിന്റെ ചെലവിനേയും അധികരിച്ചിരുന്നുവെന്ന് **പട്ടിക 2.40** ൽ കാണാവുന്നതാണ്. എന്നാൽ, 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പ്രാഥമിക ബാലൻസ് (പ്രാഥമിക കമ്മി) ഉയർന്ന തോതിൽ നെഗറ്റീവ് ആയി തുടർന്നുവെങ്കിലും, 2022-23 കാലയളവിൽ പ്രാഥമിക കമ്മി (-) ₹378.18 കോടി മാത്രമായിരുന്നു.

### *2.11.1.4 കടം സ്ഥിരതയോടുള്ള ഡൊമാറിന്റെ സമീപനം*

ഭാവിയിൽ ബാധ്യതകളുടെ തിരിച്ചടവ് നടത്തുവാൻ സർക്കാരിന് കഴിയുകയും കടം– ജിഎസ്ഡിപി അനുപാതം നിയന്ത്രിക്കാനാകാത്ത അനുപാതത്തിലേയ്ക്ക് വളരാതിരിക്കുകയും ചെയ്താൽ സാമ്പത്തിക ബാധ്യതകൾ സുസ്ഥിരമാണെന്ന് കണക്കാക്കാം. പൊതു കടങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള മാതൃകകളിലൊന്നാണ് ഡൊമാർ മോഡൽ. സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് കടത്തിന്റെ പലിശ നിരക്കിനേക്കാൾ കൂടുതലാണെങ്കിൽ കടം ജിഡിപി അനുപാതം സ്ഥിരത കൈവരിക്കാൻ സാധ്യതയുണ്ടെന്ന് മോഡൽ വ്യക്തമാക്കുന്നു. **പട്ടിക 2.41** ൽ ഡൊമാറിന്റെ സുസ്ഥിരതയുടെ വ്യവസ്ഥകൾ നൽകിയിരിക്കുന്നു. **പട്ടിക 2.42** ൽ യഥാർത്ഥ വളർച്ചയും യഥാർത്ഥ പലിശയും തുലനം ചെയ്ത് പൊതുകടത്തിന്റെ സുസ്ഥിരതയെ കാണിക്കുന്നു.

**പട്ടിക 2.41 : പലിശ നിരക്ക്, ജിഡിപിയുടെ വളർച്ചാ നിരക്ക്, പ്രാഥമിക ബഡ്ജറ്റ് ബാലൻസ് എന്നിവയെ ആശ്രയിച്ച് പൊതു കടത്തിൽ വരുന്ന മാറ്റങ്ങൾ**

| ജി–ആർ (ജി : യഥാർത്ഥ സാമ്പത്തിക വളർച്ചാ നിരക്ക്; ആർ : യഥാർത്ഥ പലിശ നിരക്ക്), ഡൊമാർ ഗ്യാപ് എന്ന് വിളിക്കുന്നു | എസ് < 0 (പ്രാഥമിക കമ്മി) | എസ് > 0 (പ്രാഥമിക മിച്ചം) |
|---|---|---|
| ജി–ആർ > 0 (ശക്തമായ സാമ്പത്തിക വളർച്ച) | പൊതുകടവും ജിഎസ്ഡിപിയുമായുള്ള അനുപാതം സ്ഥിരതയിലേയ്ക്ക് നീങ്ങുന്ന പ്രവണത കാണിക്കുന്നതിനാൽ പൊതുകടം സുസ്ഥിരമാണ്. കടത്തിന്റെ സ്റ്റോക്ക് അനുസരിച്ച് കാലക്രമേണ അത് ഉയരുകയോ താഴുകയോ ചെയ്ത് പൂജ്യത്തേക്കാൾ ഉയർന്ന സ്ഥിരതയുള്ള തലത്തിൽ എത്തിയേക്കാം. | പൊതുകടവും, ജിഎസ്ഡിപി യുമായുള്ള അനുപാതം പൂജ്യത്തെക്കാൾ കുറഞ്ഞ സ്ഥിരതയുള്ള തലത്തിൽ എത്തി പൊതു സമ്പാദ്യത്തിലേയ്ക്ക് നയിക്കും. |
| ജി–ആർ < 0 (മന്ദഗതിയിലുള്ള സാമ്പത്തിക വളർച്ച) | പൊതുകടവും, ജിഎസ്ഡിപി യുമായുള്ള അനുപാതം സ്ഥിരമായ ഒരു തലത്തിലേയ്ക്ക് മാറാതെ അനിശ്ചിതമായി വർദ്ധിക്കും. | നിർവ്വചിക്കാനാകാത്ത സാഹചര്യം |

**പട്ടിക 2.42 : പൊതുകടത്തിന്റെ സുസ്ഥിരത – യഥാർത്ഥ വളർച്ചയും യഥാർത്ഥ പലിശയും**

| വർഷം | യഥാർത്ഥ സാമ്പത്തിക വളർച്ച (ജി) | യഥാർത്ഥ പലിശ നിരക്ക് (ആർ) | ഡൊമാർ ഗ്യാപ് (ജി–ആർ) | പ്രാഥമിക കമ്മി (–)/മിച്ചം (+) |
|---|---|---|---|---|
| | (ശതമാനത്തിൽ) | | | (കോടിയിൽ) |
| 2018-19 | 7.37 | 2.44 | 4.93 | (-) 10,210.39 |
| 2019-20 | 2.22 | 1.48 | 0.74 | (-) 4,622.77 |
| 2020-21 | (-) 9.20 | 1.31 | (-) 10.51 | (-) 19,994.33 |
| 2021-22 | 7.10 | 3.00 | 4.10 | (-) 22,742.96 |
| 2022-23 | 6.60 | 0.51 | 6.09 | (-) 378.18 |

- യഥാർത്ഥ ജിഎസ്ഡിപിയ്ക്ക് യഥാർത്ഥ സാമ്പത്തിക വളർച്ചാ നിരക്ക് കണക്കാക്കിയിട്ടുണ്ട് (അതായത് സ്ഥിരമായ വിലകളിൽ*).
- സാമ്പത്തിക ബാധ്യതകളുടെ ശരാശരി പലിശനിരക്കിൽ നിന്ന് പണപ്പെരുപ്പം കുറച്ചാണ് യഥാർത്ഥ പലിശനിരക്ക് കണക്കാക്കുന്നത്. ശരാശരി പണപ്പെരുപ്പം ** ആർബിഐയിൽ നിന്ന് ലഭിച്ചു.

** ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ*
*** 2023 മാർച്ച് 13ന് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പ്രസിദ്ധീകരിച്ചത്*

ഡൊമാറിന്റെ വിശകലനത്തിൽ, 2020-21 ഒഴികെയുള്ള 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ, ഡൊമാർ ഗ്യാപ് (ജി–ആർ) പോസിറ്റീവ് ആയിരുന്നുവെന്ന് കാണുന്നു. കോവിഡിനു മുൻപുള്ള കാലയളവായ 2018-19 ലും 2019-20ലും, ജിഎസ്ഡിപിയുടെ യഥാർത്ഥ വളർച്ച 4.80 ശതമാനമായിരിക്കുകയും ഡൊമാർ ഗ്യാപ് (ജി–ആർ) പോസിറ്റീവ് ആയിരിക്കുകയും ചെയ്തുവെങ്കിലും സംസ്ഥാനത്ത് പ്രാഥമിക കമ്മി ഉണ്ടായിരുന്നു. 2020-21ലെ ജിഎസ്ഡിപിയുടെ വളർച്ചയെ കോവിഡ് 19 പ്രതികൂലമായി ബാധിക്കുകയും ഡൊമാർ ഗ്യാപ് പ്രസ്തുത വർഷം നെഗറ്റീവ് ആകുകയും ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ (2021-22, 2022-23) ഡൊമാർ ഗ്യാപ് പോസിറ്റീവ് ആയി മാറി. പ്രാഥമിക കമ്മിയും ഉണ്ടായിരുന്നു. ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ പൊതുകടം ഒരു സ്ഥിരമായ മൂല്യത്തിലേക്ക് നീങ്ങുകയും അതിനാൽ സുസ്ഥിരമാവുകയും ചെയ്തു എന്ന് ഇത് സൂചിപ്പിക്കുന്നു. കടത്തിന്റെ സ്റ്റോക്ക് അനുസരിച്ച്, ഇത് കാലക്രമേണ കൂടുകയൊ കുറയുകയൊ ചെയ്യുകയും പൂജ്യത്തിനേക്കാൾ ഉയർന്ന സ്ഥിരമായ തലത്തിലേക്ക് എത്തുകയും ചെയ്യും.

ദീർഘകാല അടിസ്ഥാനത്തിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ യഥാർത്ഥ വളർച്ചാനിരക്ക് നിലനിർത്തുന്നതിനേയും യഥാർത്ഥ പലിശനിരക്കിനെ നിയന്ത്രണത്തിലാക്കുന്നതിനെയും ആശ്രയിച്ചാണ് പൊതുകടത്തിന്റെ സുസ്ഥിരതയെന്ന് പറയേണ്ടതുണ്ട്.

*മുകളിൽ പറഞ്ഞ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ബാധ്യതകൾ (കടം, ഗ്യാരണ്ടികൾ, സബ്സിഡികൾ, ഓഫ് ബഡ്ജറ്റ് കടമെടുപ്പ് മുതലായവ) വർദ്ധിച്ച് വരുന്ന പ്രവണത ഉണ്ട്. ഇത് കടത്തിന്റെ സുസ്ഥിരതയുടെ ലക്ഷ്യത്തിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.*

## 2.12 പൊതുകടത്തിന്റെ കാലാവധിയും തിരിച്ചടവും

പൊതുകടത്തിന്റെ കാലാവധിയുടെയും തിരിച്ചടവിന്റെയും രൂപരേഖ കടം തിരിച്ചടയ്ക്കുന്നതിന് ഉള്ള സർക്കാരിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. 2022-23 ലെ സാമ്പത്തിക കണക്കുകൾ അനുസരിച്ച്, പൊതുകടത്തിന്റെ കാലാവധി രൂപരേഖ **പട്ടിക 2.43** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.43 : പൊതുകടത്തിന്റെ കാലാവധി രൂപരേഖ**

| ക്രമ നമ്പർ | കാലയളവ് പൂർത്തീകരിക്കുന്ന വർഷം | കാലാവധി രൂപരേഖ | തുക (₹ കോടിയിൽ) | | | മൊത്തം പൊതു കടത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| | | | ആഭ്യന്തര കടം | ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | ആകെ | |
| 1 | 2023-24 വരെ | 0-1 വർഷം | 18,655.65 | 722.18 | 19,377.83 | 7.67 |
| 2 | 2024-25 നും 2025-26 നും ഇടയിൽ | 1-3 വർഷം | 38,566.16 | 1,248.29 | 39,814.45 | 15.77 |
| 3 | 2026-27 നും 2027-28 നും ഇടയിൽ | 3-5 വർഷം | 39,176.28 | 1,141.79 | 40,318.07 | 15.97 |
| 4 | 2028-29 നും 2029-30 നും ഇടയിൽ | 5-7 വർഷം | 36,093.02 | 964.42 | 37,057.44 | 14.68 |
| 5 | 2029-2030 ന ശേഷം | 7 വർഷത്തിൽ കൂടുതൽ | 86,242.53 | 3,696.03 | 89,938.56 | 35.62 |
| 6 | കാലാവധി രൂപരേഖയുടെ വിവരങ്ങൾ ഇതുവരെ പൊരുത്തപ്പെടുത്താത്തത് | | 8,403.43 | 17,596.50 | 25,999.93 | 10.30 |
| | **ആകെ** | | **2,27,137.07** | **25,369.21** | **2,52,506.28** | **100.00** |

*ഉറവിടം : സാമ്പത്തിക കണക്കുകൾ*

ആകെ കടത്തിൽ, ₹1,36,567.79 കോടി (54.08 ശതമാനം) അടുത്ത ഏഴ് വർഷങ്ങൾക്കുള്ളിലും ₹89,938.56 കോടി (35.62 ശതമാനം) ഏഴ് വർഷങ്ങൾക്കു ശേഷവും തിരിച്ചടയ്ക്കേണ്ടതാണെന്ന് കടത്തിന്റെ കാലാവധി രൂപരേഖ കാണിക്കുന്നു.

## 2.13 നിഗമനങ്ങൾ

### 1. റവന്യൂ വിഭവങ്ങൾ

സംസ്ഥാനത്തിന്റെ റവന്യൂ വരവുകൾ 2018-19 ലെ ₹92,854.47 കോടിയിൽ നിന്നും 2022-23 ൽ ₹1,32,724.65 കോടിയായി വർദ്ധിച്ച് കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 42.94 ശതമാനത്തിന്റെ വർദ്ധനവ് കാണിച്ചു. റവന്യൂ വരുമാനത്തിലെ പ്രധാന റവന്യൂ സ്രോതസ്സായ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം, 2018-23 കാലയളവിൽ 42.11 ശതമാനം വർദ്ധിച്ചു. മുൻവർഷവുമായി തുലനം ചെയ്യുമ്പോൾ തനതു നികുതി വരുമാനത്തിന്റെ വളർച്ച 23.36 ശതമാനമാണ്. 15 വകുപ്പുകളിലായി ₹27,902.45 കോടിയുടെ വരുമാന കുടിശ്ശിക ഉണ്ടെന്നുള്ള വസ്തുത റവന്യൂവിന്റെ പിരിവിൽ വീണ്ടും വർദ്ധനവ് ഉണ്ടാകുന്നതിനുള്ള സാധ്യത നിലനിർത്തുന്നു.

### 2. റവന്യൂ ചെലവ്

സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് 2017-18 ലെ ₹1,10,316.39 കോടിയിൽ നിന്നും

2022-23 ൽ ₹1,41,950.93 കോടിയായി വർദ്ധിച്ച അഞ്ചു വർഷ കാലയളവിൽ 28.68 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു. മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ അനുപാതം ഈ കാലയളവിൽ 88.88 ശതമാനത്തിനും 91.88 ശതമാനത്തിനും ഇടയിലായിരുന്നു എന്നത് മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ ആധിക്യത്തെ കാണിക്കുന്നു. റവന്യൂ ചെലവിൽ ബാധ്യതപ്പെട്ട ചെലവിന്റെ വിഹിതം 2022-23 ൽ 63.86 ശതമാനവും അത് തൻവർഷത്തെ റവന്യൂവരവിന്റെ 68.30 ശതമാനവുമായിരുന്നു. 2022-23 ൽ റവന്യൂവരവുകളുടെ 18.97 ശതമാനം പലിശ ചെലവിനായി വിനിയോഗിച്ചു.

### 3. ചെലവിന്റെ ഗുണനിലവാരം

തന്നാണ്ടിലെ മൂലധനച്ചെലവ് മുൻവർഷത്തേക്കാൾ 1.38 ശതമാനത്തിന്റെ നെഗറ്റീവ് വളർച്ചയാണ് കാണിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലായി സംസ്ഥാന സർക്കാർ ₹10,602.67 കോടി നിക്ഷേപിച്ചു. ഈ നിക്ഷേപങ്ങളുടെ ഈ വർഷത്തെ ശരാശരി വരുമാനം 0.46 ശതമാനമായിരുന്നു. എന്നാൽ 2022-23 കാലയളവിൽ കടമെടുപ്പുകൾക്ക് സർക്കാർ 6.78 ശതമാനം ശരാശരി പലിശ നൽകിയിരുന്നു.

### 4. കടമെടുത്ത ഫണ്ടുകൾ

മൂലധന ആസ്തികളിൽ നിന്ന് ലഭിക്കുന്ന വരുമാനം കടത്തിന്റെ തിരിച്ചടവിനായി വിനിയോഗിക്കേണ്ടതിനാൽ, സാധാരണയായി കടമെടുത്ത ഫണ്ടുകൾ ഇത്തരം ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്. ഈ വർഷം കടമെടുത്ത ഫണ്ടിന്റെ 98 ശതമാനവും പലിശയടക്കമുള്ള കടം തിരിച്ചടവിനായി വിനിയോഗിച്ചു. അടുത്ത ഏഴ് വർഷത്തിനുള്ളിൽ സർക്കാർ കടത്തിന്റെ 54 ശതമാനം തിരിച്ചടക്കേണ്ടിവരുമെന്നാണ് സംസ്ഥാന കടത്തിന്റെ കാലാവധി രൂപരേഖ സൂചിപ്പിക്കുന്നത്.

## 2.14 ശുപാർശകൾ

1. **കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ, പ്രത്യേകിച്ചും കടം – ജിഎസ്ഡിപി അനുപാതം, കൈവരിക്കുന്നതിനായി സാമ്പത്തിക ഏകീകരണത്തിനുള്ള ഒരു മാർഗ്ഗം സർക്കാർ സ്വീകരിക്കേണ്ടതുണ്ട്.**

2. **വരുമാന കുടിശ്ശിക തുകകൾ ലഭ്യമാകുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കേണ്ടതുണ്ട്.**

3. **സർക്കാർ വളർച്ചയും വികസനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും സാമൂഹിക സേവനങ്ങളുടെ മേഖലയിൽ മൂലധന ചെലവ് വർദ്ധിപ്പിക്കുന്നത് ഉറപ്പാക്കുകയും വേണം.**

4. **കടം വഴി റവന്യൂ ചെലവുകൾ നേരിടുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിവിധ സാമൂഹിക– സാമ്പത്തിക വികസന പദ്ധതികൾക്ക് വേണ്ടി സംസ്ഥാന സർക്കാർ അധിക വിഭവസമാഹരണം നടത്തേണ്ടതുണ്ട്.**

# അദ്ധ്യായം III
# ബഡ്ജറ്റ് മാനേജ്മെന്റ്

# അദ്ധ്യായം III
# ബഡ്ജറ്റ് മാനേജ്മെന്റ്

## 3.1 ബഡ്ജറ്റ് പ്രക്രിയ

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ച്, ഒരു സംസ്ഥാനത്തിന്റെ ഗവർണർ ഒരു സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ എസ്റ്റിമേറ്റ് ചെയ്ത വരവ് ചെലവുകളുടെ ഒരു സ്റ്റേറ്റ്മെന്റ് സംസ്ഥാന നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുന്നു. ഭരണഘടനയിൽ 'വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ്' എന്ന് പേരിട്ടിരിക്കുന്ന ഒരു സാമ്പത്തിക വർഷത്തെ എസ്റ്റിമേറ്റ് ചെയ്ത വരവിന്റെയും ചെലവിന്റെയും ഈ പ്രസ്താവനയെ സാധാരണയായി 'ബഡ്ജറ്റ്' എന്ന് വിളിക്കുന്നു. ചുവടെയുള്ള ഫ്ലോ ചാർട്ടിൽ ഒരു സാധാരണ ബഡ്ജറ്റ് തയ്യാറാക്കൽ പ്രക്രിയ കാണിച്ചിരിക്കുന്നു.




*സിഎസ്എസ് : കേന്ദ്രാവിഷ്കൃത പദ്ധതികൾ; സിഎസ് : കേന്ദ്ര പദ്ധതികൾ ; ഇഎപി : ബാഹ്യ സഹായമുള്ള പദ്ധതികൾ*

കേരള ബഡ്ജറ്റ് മാനുവലിന്റെ (കെബിഎം) 3 (1) ഖണ്ഡിക പ്രകാരം വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം ധനവകുപ്പിന്റെ ബഡ്ജറ്റ് വിഭാഗത്തിനാണ്. എല്ലാ വർഷവും ജൂലൈയിൽ, ബഡ്ജറ്റ് വിഭാഗം എല്ലാ വകുപ്പ് മേധാവികൾക്കും മറ്റ് എസ്റ്റിമേറ്റിംഗ് ഓഫീസർമാർക്കും, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വരവ്, ചെലവ് എന്നിവയുടെ വകുപ്പുതല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരു സർക്കുലർ അയക്കുന്നു.

കേരള ബഡ്ജറ്റ് മാനുവലിന്റെ 31–ാം ഖണ്ഡിക പ്രകാരം വകുപ്പ് മേധാവികൾക്കും മറ്റ് എസ്റ്റിമേറ്റിംഗ് ഓഫീസർമാർക്കും, 'ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (ബിഎംഎസ്)' എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ വഴി 2022–23 ലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ പ്രൊപ്പോസൽ നൽകുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലർ (ജൂലൈ 2021) പുറപ്പെടുവിച്ചതോടെയാണ് 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് രൂപീകരണ പ്രക്രിയ ആരംഭിച്ചത്. അതിനാൽ, പദ്ധതിയേതര എസ്റ്റിമേറ്റുകളും, പ്ലാൻ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും സമർപ്പിക്കുന്നതിനുള്ള തീയതികൾ, യഥാക്രമം 2021 ഓഗസ്റ്റ് 31ഉം, 2021 സെപ്റ്റംബർ 10 ഉം ആയി നിശ്ചയിച്ചു. റവന്യൂ, മറ്റ് വരവുകൾ എന്നിവയുടെ എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിനുള്ള തീയതി 2021 സെപ്റ്റംബർ 15 ആയി നിശ്ചയിച്ചു. പദ്ധതി ഇതര ശീർഷകങ്ങൾ (ശമ്പളം/ശമ്പളേതരം), റവന്യൂ ശീർഷകങ്ങൾ, കടം ശീർഷകങ്ങൾ, ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എസ്റ്റിമേറ്റുകൾ, പൊതു കണക്കിലെ എസ്റ്റിമേറ്റുകൾ എന്നിവയുടെ 2021-22 ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെയും, 2022-2023 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെയും നിർദ്ദേശങ്ങൾ ബിഎംഎസിന്റെ ടാസ്ക് മെനുവിലെ പ്രസക്തമായ മോഡ്യൂളുകൾ ഉപയോഗിച്ച് സമർപ്പിക്കുവാൻ നിയന്ത്രണ അധികാരികൾക്ക് നിർദ്ദേശം നൽകി. 'ബിഎംഎസ് ആപ്ലിക്കേഷനിൽ' തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ ഒരേ സമയം ധനവകുപ്പിനും ഭരണ വകുപ്പിനും അയയ്ക്കേണ്ടതാണ്. കൺട്രോളിംഗ് ഓഫീസർമാരിൽ നിന്ന് എസ്റ്റിമേറ്റ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ എസ്റ്റിമേറ്റ് സംബന്ധിച്ച അഭിപ്രായങ്ങളും ശുപാർശകളും ഭരണ വകുപ്പ് രേഖപ്പെടുത്തി ധനവകുപ്പിന് ഇലക്ട്രോണിക് രൂപത്തിൽ കൈമാറണം.

വകുപ്പുതല എസ്റ്റിമേറ്റുകൾ ലഭിച്ചാലുടൻ, ഭരണ വകുപ്പുകളുടെ അഭിപ്രായങ്ങളുടെയും, അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയ യഥാർത്ഥ ചെലവുകളുടെ കണക്കിന്റെയും, ധനവകുപ്പിൽ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ധനവകുപ്പ് അവ സൂക്ഷ്മമായി പരിശോധിക്കുകയും (കെബിഎം ഖണ്ഡിക 3(3)), ആവശ്യമുള്ളിടത്ത് പരിഷ്കരിക്കുകയും ചെയ്യുന്നു. തുടർന്ന് ഫണ്ടുകളുടെ ലഭ്യത അവലോകനം ചെയ്യുകയും, പ്രായോഗികമായ പരിധി വരെ പുതിയ പദ്ധതികൾ നൽകുകയും ചെയ്യുന്നു. ഫെബ്രുവരി അവസാനത്തോടെ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കാൻ തയ്യാറാണ്.

സംസ്ഥാന സർക്കാരിന്റെ എല്ലാ ചെലവുകളും വഹിക്കുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയാണ് നിയമനിർമാണ അംഗീകാരം. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും ഏകീകരിക്കുന്നതും അവ നിയമസഭയിലൂടെ പാസാക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ കേരള ബഡ്ജറ്റ് മാനുവലിൽ അടങ്ങിയിട്ടുണ്ടെന്ന് കേരള ഫിനാൻഷ്യൽ കോഡിലെ റൂൾ 41 പറയുന്നു.

അനുബന്ധ ധനവിനിയോഗത്തിനുള്ള നടപടിക്രമങ്ങളും കെബിഎമ്മിന്റെ 89–ാം ഖണ്ഡികയിൽ അടങ്ങിയിരിക്കുന്നു. കൺട്രോളിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കിടയിൽ ധനവിനിയോഗം വിതരണം ചെയ്യുന്നതിനും, ചെലവിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും, ധനവിനിയോഗം അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനും, പുനർ ധന വിനിയോഗം അനുവദിക്കാൻ പ്രാപ്തരായ അധികാരികളെ നിശ്ചയിക്കുന്നതിനും, കെബിഎമ്മിന്റെ 62–ാം ഖണ്ഡിക വ്യവസ്ഥ ചെയ്യുന്നു.

കെബിഎമ്മിന്റെ 69–ാം ഖണ്ഡികയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ചീഫ് കൺട്രോളിംഗ് ഓഫീസർ, സബോർഡിനേറ്റ് കൺട്രോളിംഗ് ഓഫീസർ, ഡിസ്ബേഴ്സിംഗ് ഓഫീസർ എന്നിവരടങ്ങുന്ന ശ്രേണിയിലൂടെ ഭരണ വകുപ്പുകൾ ചെലവിന്റെ നിയന്ത്രണം നടത്തുന്നു.

സപ്ലിമെന്ററി ഗ്രാന്റിനു പുറമെ, കേരള ബഡ്ജറ്റ് മാനുവലിന്റെ 86 (3) ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമങ്ങൾക്കനുസൃതമായി, ഗ്രാന്റിനുള്ളിൽ വീണ്ടും ഫണ്ട് വകയിരുത്തുന്നതിനും പുനർധനവിനിയോഗം ഉപയോഗിക്കാവുന്നതാണ്. ഒരു ധനവിനിയോഗ യൂണിറ്റിലെ മിച്ചം, വോട്ട് ചെയ്ത ഗ്രാന്റിന്റെ അല്ലെങ്കിൽ ചാർജ് ചെയ്ത ധനവിനിയോഗത്തിന്റെ അതേ വിഭാഗത്തിൽ വരുന്ന (റവന്യൂ–വോട്ട് ചെയ്തത്, റവന്യൂ–ചാർജ് ചെയ്തത്, മൂലധനം–വോട്ട് ചെയ്തത്, മൂലധനം– ചാർജ് ചെയ്തത്) അധിക ചെലവ് നേരിടേണ്ട മറ്റൊരു യൂണിറ്റിലേക്ക്, സക്ഷമനായ അധികാരിയാൽ നടത്തപ്പെടുന്ന കൈമാറ്റമാണ് പുനർധനവിനിയോഗം. "ചാർജ്ജ് ചെയ്തത്" "വോട്ട് ചെയ്തത്" എന്നീ വിഭാഗങ്ങളെക്കുറിച്ചും, ഓരോ ഗ്രാന്റിലെയും റവന്യൂ, മൂലധന വിഭാഗങ്ങളെക്കുറിച്ചും പ്രത്യേക പ്രസ്താവനകൾ തയ്യാറാക്കേണ്ടതുണ്ട്.

എല്ലാ വർഷവും ധനമന്ത്രിയാണ് വാർഷിക ബഡ്ജറ്റ് സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റ് 2022 മാർച്ച് 11നാണ് കേരളത്തിന്റെ ധനമന്ത്രി അവതരിപ്പിച്ചത്.

നിയമ നിർമ്മാണ സഭ അംഗീകരിച്ചതും സർക്കാർ നടപ്പാക്കുന്നതുമായ ചെലവിന്റെ വിവിധ ഘടകങ്ങൾ **ചാർട്ട് 3.1** ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 3.1: നിയമനിർമ്മാണസഭ അംഗീകരിച്ച ചെലവും സർക്കാരിന്റെ യഥാർത്ഥത്തിലുള്ള നടപ്പാക്കലും**




*ഉറവിടം : വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

2022-23 സാമ്പത്തിക വർഷത്തിൽ മൊത്തം മിച്ചമായി ₹ 44,759.07 കോടിയും അധിക ചെലവായി ₹2.23 കോടിയും ഉണ്ടായിരുന്നതിനാൽ ₹44,756.84 കോടിയുടെ തനി മിച്ചം ഉണ്ടായി. എന്നിരുന്നാലും, **പട്ടിക 3.1**ൽ വിശദീകരിച്ചിരിക്കുന്നതു പോലെ സറണ്ടറിനായി യഥാർത്ഥ വരവുകൾ / ഫണ്ടുകൾ ഇല്ലാത്തതിനാൽ ഈ മിച്ചം സാങ്കൽപ്പികമായിരുന്നു.

**പട്ടിക 3.1: ബജറ്റും യാഥാർത്ഥ്യങ്ങളും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ബഡ്ജറ്റ് | | യഥാർത്ഥ ചെലവ് | | മിച്ചം |
|---|---|---|---|---|---|
| | അസൽ | സപ്ലിമെന്ററി | അസൽ | സപ്ലിമെന്ററി | |
| 1 | 2,30,278.70 | 17,350.07 | 2,02,871.93 | - | 44,756.84 |

*ഉറവിടം : 2023 മാർച്ചിൽ അവസാനിക്കുന്ന വർഷത്തെ ധനവിനിയോഗ കണക്കുകൾ*

മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം മൊത്തം മിച്ചം ₹44,756.84 കോടിയാണ്. തന്നാണ്ടിലെ സഞ്ചിതനിധിയിലെ യഥാർത്ഥ വരവുകൾ ₹1,95,343.80 കോടിയും യഥാർത്ഥ ചെലവ് ₹2,02,871.93 കോടിയും ആണ് എന്ന് എടുത്തു പറയേണ്ടതുണ്ട്. ഇത് ₹7,528.13 കോടിയുടെ അധിക ചെലവിന് ഇടയാക്കുകയും ഇത് പൊതുകണക്കുകളിൽ നിന്ന് നേരിടുകയും ചെയ്തു. ആയതിനാൽ, ഇവിടെ പറഞ്ഞിരിക്കുന്ന മിച്ചം ( ₹44,756.84 കോടി) സാങ്കൽപ്പിക മിച്ചം മാത്രമാണ്. ഇത് അനാവശ്യമായ സപ്ലിമെന്ററി ബഡ്ജറ്റ് മൂലമാണ് ഉണ്ടായത്.

₹44,756.84 കോടിയുടെ മൊത്തം ബഡ്ജറ്റ് മിച്ചം (സപ്ലിമെന്ററി വകയിരുത്തലിനെക്കാൾ അധികം) സപ്ലിമെന്ററി വകയിരുത്തലായ ₹17,350.07 കോടി ഉപയോഗിക്കുന്നതിന് പകരം, അധിക ആവശ്യങ്ങൾക്കായി സർക്കാരിന് പുനർ ധനവിനിയോഗം നടത്താമായിരുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ഇത് ഒരു മോശപ്പെട്ട ബഡ്ജറ്റ് മാനേജ്മെന്റിനെ സൂചിപ്പിക്കുന്നു.

## 3.2 കേരളത്തിലെ ജെൻഡർ ബഡ്ജറ്റിംഗ്

സ്ത്രീകൾക്ക് പൂർണ്ണമായോ ഭാഗികമായോ പ്രയോജനപ്പെടുന്ന പദ്ധതികൾക്കായി മൊത്തത്തിലുള്ള ബഡ്ജറ്റിനുള്ളിൽ നിന്നും നേരിടാൻ ഉദ്ദേശിക്കുന്ന ചെലവിനെ സംസ്ഥാനത്തിന്റെ ജെൻഡർ ബഡ്ജറ്റ് വെളിപ്പെടുത്തുന്നു. 2017-18 മുതലാണ് കേരള സർക്കാർ, ബഡ്ജറ്റ് പേപ്പറുകൾക്കൊപ്പം പ്രത്യേക രേഖയായി ജെൻഡർ ബഡ്ജറ്റിനെ നിയമസഭയിൽ അവതരിപ്പിക്കാൻ തുടങ്ങിയത്. കേരള ജെൻഡർ ബഡ്ജറ്റിൽ രണ്ട് ഭാഗങ്ങളുണ്ട്: പാർട്ട് എയിൽ 90 മുതൽ 100 ശതമാനം വരെ വനിതകൾക്ക് മാത്രമുള്ള പദ്ധതികളും പാർട്ട് ബിയിൽ 30 മുതൽ 90 ശതമാനം വരെ വനിതകൾക്കുള്ള പദ്ധതികളും ഉൾപ്പെടുന്നു.

പാർട്ട് എ, പാർട്ട് ബി സ്കീമുകൾക്ക് കീഴിൽ 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ, വിവിധ വകുപ്പുകളിലായി സ്ത്രീകൾക്കായി നീക്കിവച്ച മൊത്തം വിഹിതവും, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനവും **പട്ടിക 3.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.2: 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴികെയുള്ള മൊത്തം സംസ്ഥാന പദ്ധതി വിഹിതവുമായി കാറ്റഗറി തിരിച്ചുള്ള ജെൻഡർ ബഡ്ജറ്റ് വകയിരുത്തലിന്റെ താരതമ്യം**

*(₹ കോടിയിൽ)*

| വർഷം | മൊത്തം സംസ്ഥാന പദ്ധതി വിഹിതം* | മൊത്തം പാർട്ട് 'എ' പദ്ധതി വിഹിതം ** | മൊത്തം പാർട്ട് 'ബി' പദ്ധതി വിഹിതം | മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിലേക്കുള്ള പാർട്ട് എ പദ്ധതികളുടെ വിഹിതത്തിന്റെ ശതമാനം | മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിൽ പാർട്ട് ബി പദ്ധതികളുടെ വിഹിതത്തിന്റെ ശതമാനം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) = (3/2) *100 | (6) = (4/2) *100 |
| 2017-18 | 20,273.00 | 916.50 | 1,399.32 | 4.52 | 6.90 |
| 2018-19 | 22,150.00 | 1,267.28 | 1,973.05 | 5.72 | 8.91 |
| 2019-20 | 23,110.00 | 1,420.15 | 2,461.48 | 6.15 | 10.65 |
| 2020-21 | 20,707.00 | 1,509.33 | 2,300.54 | 7.29 | 11.11 |
| 2021-22 | 20,607.00 | 1,346.91 | 2,678.49 | 6.54 | 13.00 |
| 2022-23 | 22,322.00 | 1,619.82 | 3,045.38 | 7.26 | 13.64 |

*ഉറവിടം: അതത് വർഷങ്ങളിലെ ജെൻഡർ ബഡ്ജറ്റ് ഡോക്യുമെന്റുകൾ*

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വകയിരുത്തൽ ഒഴിവാക്കി

** ട്രാൻസ്ജെൻഡറുകൾക്കുള്ള വിഹിതം ഉൾപ്പെടെ: 2022-23 ൽ ₹ 5.8 കോടി, 2019-20 മുതൽ 2021-22 വരെ അഞ്ച് കോടി രൂപ, 2018-19 ൽ നാല് കോടി രൂപ, 2017-18 ൽ മൂന്ന് കോടി രൂപ

ജെൻഡർ ബഡ്ജറ്റ് ഡോക്യുമെന്റ്, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിനെതിരെ പാർട്ട് എ, പാർട്ട് ബി പദ്ധതികളുടെ വിഭാഗങ്ങളുടെ ബഡ്ജറ്റ് വകയിരുത്തലിനെ പ്രദർശിപ്പിക്കുന്നു, അതിൽ രണ്ട് വിഭാഗങ്ങളിലും മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു.

അതത് വർഷങ്ങളിലെ അസൽ ബഡ്ജറ്റ് വിഹിതവുമായി പാർട്ട് എ, പാർട്ട് ബി വിഭാഗങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ, പാർട്ട് എ വിഭാഗത്തിന്റെയും പാർട്ട് ബി വിഭാഗത്തിന്റെയും വകയിരുത്തലിന്റെ ശതമാനം **പട്ടിക 3.3** ൽ കാണിച്ചിരിക്കുന്നതുപോലെ യഥാക്രമം ഒരു ശതമാനത്തിലും രണ്ട് ശതമാനത്തിലും കുറവാണ്.

**പട്ടിക 3.3 - 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ അസൽ ബഡ്ജറ്റ് വകയിരുത്തലുമായി കാറ്റഗറി തിരിച്ചുള്ള ജെൻഡർ ബഡ്ജറ്റ് വകയിരുത്തലിന്റെ താരതമ്യം**

*(₹ കോടിയിൽ)*

| വർഷം | ബഡ്ജറ്റ് വകയിരുത്തൽ (അസൽ) | മൊത്തം ഭാഗം 'എ' പദ്ധതി വകയിരുത്തൽ | മൊത്തം പാർട്ട് 'ബി' പദ്ധതി വകയിരുത്തൽ | അസൽ ബഡ്ജറ്റ് വകയിരുത്തലിൽ ഭാഗം 'എ'യുടെ ശതമാനം | അസൽ ബഡ്ജറ്റ് വകയിരുത്തലിൽ ഭാഗം 'ബി'യുടെ ശതമാനം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) = (3/2) *100 | (6) = (4/2) *100 |
| 2017-18 | 1,33,897.86 | 916.50 | 1,399.32 | 0.68 | 1.05 |
| 2018-19 | 1,42,809.88 | 1,267.28 | 1,973.05 | 0.89 | 1.38 |
| 2019-20 | 1,60,613.01 | 1,420.15 | 2,461.48 | 0.88 | 1.53 |
| 2020-21 | 1,70,431.18 | 1,509.33 | 2,300.54 | 0.89 | 1.35 |
| 2021-22 | 2,15,813.79 | 1,346.91 | 2,678.49 | 0.62 | 1.24 |
| 2022-23 | 2,30,278.70 | 1,619.82 | 3,045.38 | 0.70 | 1.32 |

*ഉറവിടം: അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകളും ജെൻഡർ ബഡ്ജറ്റ് ഡോക്യുമെന്റും*

2022-23 കാലയളവിൽ 15 ഗ്രാന്റുകൾ / ഉപമേഖലകൾക്ക് കീഴിലുള്ള 89 പദ്ധതികൾക്കായി പാർട്ട് എ വിഭാഗത്തിൽ ₹ 1,619.82 കോടി അനുവദിച്ചു. **പട്ടിക 3.4** ൽ കാണിച്ചിരിക്കുന്നത് പോലെ നാല് ഗ്രാന്റുകളിലെ പദ്ധതികൾ പരിശോധിക്കുകയും ഗ്രാന്റുകൾ/ ഉപമേഖലകൾക്ക് കീഴിൽ മിച്ചമുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്തു. പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.4: പാർട്ട് എ സ്കീമുകൾക്ക് കീഴിലുള്ള ഗ്രാന്റുകൾ / ഉപമേഖലകളിലെ മിച്ചം (90-100 ശതമാനം വകയിരുത്തലുള്ള വനിതാ സ്കീമുകൾ)**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റുകൾ / ഉപമേഖലകൾ | പദ്ധതികളുടെ എണ്ണം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം | ബഡ്ജറ്റ് വകയിരുത്തലിനെതിരായ മിച്ചത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1 | XII– പോലീസ് | 2 | 6.08 | 3.29 | 2.79 | 45.89 |
| 2 | XXIV– തൊഴിൽ, തൊഴിലാളി ക്ഷേമവും, പ്രവാസി ക്ഷേമവും | 3 | 23.20 | 14.57 | 8.63 | 37.19 |
| 3 | XXXVI– ഗ്രാമവികസനം | 3 | 325.75 | 166.17 | 159.58 | 48.99 |
| 4 | XLVI– സാമൂഹിക സുരക്ഷയും ക്ഷേമവും | 24 | 165.42 | 105.10 | 60.32 | 36.46 |
| | **ആകെ** | **32** | **520.45** | **289.13** | **231.32** | **44.45** |

*ഉറവിടം: ജെൻഡർ ബഡ്ജറ്റ് ഡോക്യുമെന്റ് 2022-23, വിഎൽസി സമാഹാരവും സംസ്ഥാന ആസൂത്രണ ബോർഡ് നൽകിയ മറുപടിയും*

**പട്ടിക 3.4** ൽ കാണിച്ചിരിക്കുന്നതുപോലെ പാർട്ട് എ യിലെ വനിതാ പദ്ധതികളിൽ മൊത്തത്തിൽ 45 ശതമാനം മിച്ചമുണ്ടായി. ജെൻഡർ ബഡ്ജറ്റിംഗിനുള്ള വകയിരുത്തൽ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടില്ല എന്നാണ് സ്ത്രീകളുടെ പദ്ധതികളിലെ മിച്ചം സൂചിപ്പിക്കുന്നത്.

ജെൻഡർ ബഡ്ജറ്റ് പദ്ധതികളുടെ താഴെത്തട്ടിലുള്ള നേട്ടം വിലയിരുത്തുന്നതിന്, പ്രധാന പദ്ധതികളുടെ ജെൻഡർ ഓഡിറ്റിനൊപ്പം മുൻ വർഷത്തെ ജെൻഡർ ബഡ്ജറ്റ് സ്കീമുകളുടെ സാമ്പത്തിക പ്രകടനത്തെക്കുറിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുവാൻ 2019-20 ലെ ജെൻഡർ ബഡ്ജറ്റ് രേഖയിൽ വിഭാവനം ചെയ്തിരുന്നു. ജെൻഡർ ബഡ്ജറ്റ് പദ്ധതികളുടെ ഈ പെർഫോമൻസ് റിപ്പോർട്ടിംഗ് കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഏറ്റെടുക്കുമെന്ന് ധനവകുപ്പ് അറിയിച്ചിരുന്നെങ്കിലും ഇതുവരെ ഒരു രേഖയും അവതരിപ്പിച്ചിട്ടില്ല. ജെൻഡർ ബഡ്ജറ്റ് പദ്ധതികളുടെ സാമ്പത്തിക പെർഫോമൻസ് തയ്യാറാക്കിവരികയാണെന്നും 2024-25 വാർഷിക പദ്ധതി രേഖകളുടെ കൂടെ സംസ്ഥാന സർക്കാരിന് ഇത് സമർപ്പിക്കുമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് (സെപ്റ്റംബർ 2023) മറുപടി നൽകി.

## 3.3 2022-23 ലെ ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ഓഫീസ് സാമ്പത്തിക കണക്കുകൾക്കൊപ്പം ധനവിനിയോഗ കണക്കുകളും തയ്യാറാക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 204, 205 എന്നിവ പ്രകാരം പാസാക്കിയ ധനവിനിയോഗ നിയമത്തിലെ ഷെഡ്യൂളുകളിൽ വ്യക്തമാക്കിയ തുകകളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഒരു സാമ്പത്തിക വർഷത്തിലെ ചെലവുകളുടെ കണക്കാണ് ധനവിനിയോഗ കണക്കുകൾ. അങ്ങനെ, ഫണ്ടുകളുടെ വിനിയോഗം, ധനകാര്യങ്ങളുടെ മാനേജ്മെന്റ്, ബഡ്ജറ്റ് വകയിരുത്തലുകളുടെ നിരീക്ഷണം എന്നിവ മനസ്സിലാക്കുവാൻ ധനവിനിയോഗ കണക്കുകൾ സഹായിക്കുന്നു, അതിനാൽ അവ സാമ്പത്തിക കണക്കുകൾക്ക് പൂരകവുമാണ്.

ധനവിനിയോഗ നിയമത്തിന്റെ വിവിധ ഷെഡ്യൂളുകളിലെ വകയിരുത്തലുകളിലെ മുൻഗണനകളെ യഥാർത്ഥ ചെലവുമായി താരതമ്യം ചെയ്യുന്ന സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ അദ്ധ്യായം.

### 3.3.1 സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ

ധനവിനിയോഗ കണക്കുകളിലെ ഗ്രാന്റുകളും ധനവിനിയോഗവും ചെലവിന് ആവശ്യമായ മൊത്തം തുകയുള്ളതായതിനാൽ, അവയ്ക്കെതിരെ കാണിച്ചിരിക്കുന്ന ചെലവ് കണക്കുകളിൽ, ചെലവ് കുറയ്ക്കുന്നതിനായി അക്കൗണ്ടുകളിൽ ക്രമീകരിച്ച മുൻ വർഷങ്ങളുമായി ബന്ധപ്പെട്ട ഓവർ പേയ്മെന്റുകളുടെ (ആർഒപി) വീണ്ടെടുക്കൽ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും, മൊത്തം ചെലവിൽ നിന്ന് ആർഒപികൾ കുറവ് വരുത്തിയ തനി ചെലവിന്റെ തുകകൾ മാത്രമേ സാമ്പത്തിക കണക്കുകളിൽ കാണിക്കുന്നുള്ളു.

കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ ലിസ്റ്റ് ഓഫ് മേജർ ആന്റ് മൈനർ ഹെഡ്ഡുകളിൽ (എൽഎംഎംഎച്ച്) അടങ്ങിയിരിക്കുന്ന പൊതു നിർദ്ദേശങ്ങളുടെ ഖണ്ഡികകൾ 3.10, 4.3 എന്നിവ പ്രകാരം, റവന്യൂ ചെലവിന് കീഴിൽ മുൻ വർഷവുമായി ബന്ധപ്പെട്ട ഓവർ പേയ്മെന്റുകൾ പ്രസ്തുത മേജർ/സബ് മേജർ ഹെഡ്ഡുകൾക്ക് കീഴിലെ 'ഡിഡക്ട് റിക്കവറീസ് ഓഫ് ഓവർ പേയ്മെന്റ്സ് (കോഡ് 911)' എന്ന മൈനർ ഹെഡ്ഡിനു കീഴിൽ രേഖപ്പെടുത്തണം. മൂലധന ചെലവിനെ സംബന്ധിച്ച്, മൂലധനചെലവ് പ്രാരംഭത്തിൽ നേരിട്ട മൂലധന മേജർ/സബ് മേജർ ഹെഡ്ഡുകളുടെ കീഴിലുള്ള അനുയോജ്യമായ മൈനർ ഹെഡ്ഡുകൾക്കു കീഴിൽ 'ഡിഡക്റ്റ് റെസീപ്റ്റ്സ് ആന്റ് റിക്കവറീസ് ഓൺ ക്യാപിറ്റൽ അക്കൗണ്ട്സ്' എന്ന പുതിയ ശീർഷകം തുറക്കേണ്ടതാണ്.

2022-23 വർഷത്തെ ധനവിനിയോഗ കണക്കുകൾ പ്രകാരമുള്ള മൊത്തം ചെലവും ആ വർഷത്തെ സാമ്പത്തിക കണക്കുകളിൽ കാണിച്ചിരിക്കുന്ന മൊത്തം ചെലവും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ ചുവടെയുള്ള **പട്ടിക 3.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5: ധനവിനിയോഗ കണക്കുകളിലെയും സാമ്പത്തിക കണക്കുകളിലെയും തുകകളുടെ താരതമ്യം**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | റവന്യൂ വോട്ട് ചെയ്തത് | മൂലധനം വോട്ട് ചെയ്തത് | റവന്യൂ ചാർജ്ജ് ചെയ്തത് | മൂലധനം ചാർജ്ജ് ചെയ്തത് | ആകെ |
|---|---|---|---|---|---|
| ധനവിനിയോഗ കണക്കുകൾ പ്രകാരമുള്ള തുകകൾ | 1,24,106.77 | 16,835.45 | 25,795.97 | 36,133.74 | **2,02,871.93** |
| ഡിഡക്ട് റിക്കവറീസ് | 7,948.15 | 200.88 | 3.65 | 0.07 | **8,152.75** |
| സാമ്പത്തിക കണക്കുകൾ പ്രകാരമുള്ള തുകകൾ | 1,16,158.62 | 16,634.57 | 25,792.32 | 36,133.67 | **1,94,719.18** |

### 3.3.2 സാമ്പത്തിക വർഷത്തിലെ മൊത്തം ബഡ്ജറ്റ് വകയിരുത്തൽ, യഥാർത്ഥ വിതരണം, മിച്ചം/ അധിക ചെലവ് എന്നിവയുടെ സംഗ്രഹം

2022-23 കാലയളവിൽ 45 ഗ്രാന്റുകളിലൂടെയും രണ്ട് ധനവിനിയോഗങ്ങളിലൂടെയും ചെലവഴിക്കാൻ സംസ്ഥാനത്തിന് അധികാരമുണ്ടായിരുന്നു. ഗ്രാന്റുകളിൽ റവന്യൂ ചെലവ് ശീർഷകമോ മൂലധന ചെലവ് ശീർഷകമോ അല്ലെങ്കിൽ രണ്ട് ശീർഷകങ്ങളും ഉൾപ്പെടുന്നു. 45 ഗ്രാന്റുകളിൽ 16 എണ്ണത്തിൽ വോട്ടു ചെയ്ത ചെലവ് ഇനങ്ങൾ മാത്രമേ അടങ്ങിയിട്ടുള്ളൂ, 29 ഗ്രാന്റുകളിൽ വോട്ടുചെയ്തതും ചാർജ്ജ് ചെയ്തതുമായ ചെലവ് ഇനങ്ങൾ അടങ്ങിയിരിക്കുന്നു. ചാർജ്ജ് ചെയ്ത രണ്ട് ധനവിനിയോഗങ്ങളിൽ, കട ബാധ്യതകൾ റവന്യൂ സ്വഭാവമുള്ളതും, പൊതു കടം തിരിച്ചടവ് മൂലധന സ്വഭാവമുള്ളതുമാണ്. 2022-23 വർഷത്തിൽ മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെയും വിതരണത്തിന്റെയും വോട്ട് ചെയ്തതും/ ചാർജ്ജ് ചെയ്തതും ആയി വിഭജിച്ചതിന്റെ സംഗ്രഹം **പട്ടിക 3.6** ൽ ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 3.6: 2022-23 ൽ സംസ്ഥാനം നടപ്പിലാക്കിയ ഗ്രാന്റുകളുടെ / ധനവിനിയോഗങ്ങളുടെ എണ്ണം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിവരണം | ഗ്രാന്റുകൾ/ ധനവിനിയോഗങ്ങളുടെ എണ്ണം | ചെലവിന്റെ ഇനങ്ങൾ വോട്ട് ചെയ്തത് / ചാർജ്ജ് ചെയ്തത് | റവന്യൂ | മൂലധനം | ബഡ്ജറ്റ് വകയിരുത്തൽ | വിതരണം |
|---|---|---|---|---|---|---|---|
| എ | ഗ്രാന്റുകൾ | 45 | വോട്ട് ചെയ്തത് / ചാർജ്ജ് ചെയ്തത് | 44 | 29 | 1,66,426.22 | 1,41,714.63 |
| ബി | ധനവിനി യോഗങ്ങൾ | 02 | ചാർജ്ജ് ചെയ്തത് | 1 | 1 | 81,202.55 | 61,157.30 |
| ആകെ (എ+ബി) | | | | | | **2,47,628.77** | **2,02,871.93** |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

മൊത്തം മിച്ചമായ ₹ 44,759.07 കോടിയ്ക്കെതിരെ, ചില ഗ്രാന്റുകൾ/ ധനവിനിയോഗങ്ങളിൽ ഉണ്ടായ അധിക ചെലവായ ₹ 2.23 കോടി തട്ടിക്കിഴിച്ചപ്പോൾ 44 ഗ്രാന്റുകൾ/ ധനവിനിയോഗങ്ങളിൽ ₹ 44,756.84 കോടിയുടെ തനി മിച്ചത്തിന് കാരണമായി. ഗ്രാന്റുകൾ/ ധനവിനിയോഗങ്ങൾക്ക് കീഴിലുള്ള മിച്ചം/ അധികം എന്നിവയെ **പട്ടിക 3.7**-ൽ നൽകിയിരിക്കുന്ന പ്രകാരം റവന്യൂ/ മൂലധന ചെലവുകളായി വീണ്ടും വിഭജിക്കാം.

**പട്ടിക 3.7: അധിക ചെലവും മിച്ചവുമുള്ള ഗ്രാന്റുകളും ധനവിനിയോഗങ്ങളും**

| വിവരണം | മിച്ചം | | | അധിക ചെലവ് | | | തനി മിച്ചം |
|---|---|---|---|---|---|---|---|
| | റവന്യൂ | മൂലധനം | മൊത്തം തുക (₹ കോടിയിൽ) | റവന്യൂ | മൂലധനം | മൊത്തം തുക (₹ കോടിയിൽ) | (₹ കോടിയിൽ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) = (4)-(7) |
| ഗ്രാന്റുകൾ (വോട്ട് ചെയ്തത് / ചാർജ് ചെയ്തത്) | 44 | 29 | 44,759.07 | 2 | 1 | 2.23 | 44,756.84 |
| ധനവിനിയോഗങ്ങൾ (ചാർജ് ചെയ്തത്) | 01 | 01 | | - | - | | |

*ഉറവിടം: ധനവിനിയോഗ അക്കൗണ്ടുകളുടെ സംഗ്രഹം*

### 3.3.3 ചാർജ് ചെയ്തതും വോട്ട് ചെയ്തതുമായ വിതരണങ്ങൾ

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ വോട്ട് ചെയ്തതും ചാർജ് ചെയ്തതുമായ വിതരണങ്ങളുടെ സംഗ്രഹം **പട്ടിക 3.8 ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 3.8: 2018-2023 അഞ്ച് വർഷ കാലയളവിലെ വോട്ട് ചെയ്തതും ചാർജ് ചെയ്തതുമായ വിതരണങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | വകയിരുത്തൽ | | വിതരണങ്ങൾ | | മിച്ചം (–)/ അധിക ചെലവ് (+) (ബ്രാക്കറ്റിലുള്ളത് വ്യതിയാനത്തിന്റെ ശതമാനം) | |
|---|---|---|---|---|---|---|---|
| | | വോട്ട് ചെയ്തത് | ചാർജ് ചെയ്തത് | വോട്ട് ചെയ്തത് | ചാർജ് ചെയ്തത് | വോട്ട് ചെയ്തത് | ചാർജ് ചെയ്തത് |
| **(1)** | **(2)** | **(3)** | **(4)** | **(5)** | **(6)** | **(7)** | **(8)** |
| 1 | 2018-19 | 1,28,951.18 | 31,423.72 | 1,08,023.71 | 35,697.89 | (-) 20,927.47 (16) | (+) 4,274.17 (14) |
| 2 | 2019-20 | 1,31,064.55 | 63,398.06 | 1,00,174.27 | 63,641.53 | (-) 30,890.28 (24) | (+) 243.47 (0.4) |
| 3 | 2020-21 | 1,43,219.41 | 65,727.38 | 1,24,436.83 | 60,440.56 | (-) 18,782.58 (13) | (-) 5,286.82 (8) |
| 4 | 2021-22 | 1,60,240.49 | 76,775.63 | 1,45,510.41 | 59,940.99 | (-) 14,730.08 (9) | (-) 16,834.64 (22) |
| 5 | 2022-23 | 1,65,469.06 | 82,159.71 | 1,40,942.23 | 61,929.70 | (-) 24,526.83 (15) | (-)20,230.01 (25) |

*ഉറവിടം: അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*

വോട്ട് ചെയ്ത വിതരണങ്ങൾ 2018-19 ലെ ₹ 1,08,023.71 കോടിയിൽ നിന്ന് 30.47 ശതമാനം വർദ്ധിച്ച് 2022-23 ൽ ₹ 1,40,942.23 കോടിയായി. അതുപോലെ, ചാർജ് ചെയ്ത വിതരണങ്ങൾ 2018-19 ലെ ₹ 35,697.89 കോടിയിൽ നിന്ന് 73.48 ശതമാനം വർദ്ധിച്ച് 2022-23 ൽ ₹ 61,929.70 കോടിയായി.

മുൻ വർഷത്തെ അപേക്ഷിച്ച് 2022-23 ൽ വോട്ട് ചെയ്തതും ചാർജ് ചെയ്തതുമായ ചെലവിനങ്ങൾക്ക് കീഴിലുള്ള മിച്ചം വർദ്ധിച്ചു, തൽഫലമായി മൊത്തത്തിലുള്ള മിച്ചം (ഗ്രാന്റ് /ധനവിനിയോഗവും ചെലവും തമ്മിലുള്ള വ്യത്യാസം) 2021-22 ലെ 13.31 ശതമാനത്തിൽ നിന്ന് 4.76 ശതമാനം വർദ്ധിച്ച് 2022-23 ൽ 18.07 ശതമാനമായി.

### 3.3.4 ബഡ്ജറ്റ് മാർക്സ്മാൻഷിപ്പ്

വരുമാനത്തിന്റെയും ചെലവിന്റെയും ബഡ്ജറ്റ് പ്രൊജക്ഷനുകളും യഥാർത്ഥ വരവും ചെലവും തമ്മിലുള്ള ബന്ധം പരിശോധിക്കുന്നതാണ് ബഡ്ജറ്റ് മാർക്സ്മാൻഷിപ്പ്. ലോക ബാങ്കിന്റെ പബ്ലിക് എക്സ്പെൻഡിച്ചർ ആൻഡ് ഫിനാൻഷ്യൽ അക്കൗണ്ടബിലിറ്റി (പിഇഎഫ്എ) അഗ്രഗേറ്റ് എക്സ്പെൻഡിച്ചർ ഔട്ട്ടേണിന്റെയും എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേണിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിശ്വാസ്യതയെ അളക്കുന്നു.

#### *3.3.4.1 അഗ്രഗേറ്റ് ബഡ്ജറ്റ് ഔട്ട്ടേൺ*

അഗ്രഗേറ്റ്ബഡ്ജറ്റ്എക്സ്പെൻഡിച്ചർ ഔട്ട്ടേൺ/യഥാർത്ഥചെലവ്എന്നിവ, അംഗീകാരം കിട്ടിയ തുകയിൽ നിന്നുള്ള കുറവിന്റെയും അധികരിക്കലിന്റെയും അടിസ്ഥാനത്തിൽ, യഥാർത്ഥത്തിൽ അംഗീകരിച്ച തുകയെ എത്രത്തോളം പ്രതിഫലിപ്പിക്കുന്നുവെന്ന് അഗ്രഗേറ്റ് ബഡ്ജറ്റ് ഔട്ട്ടേൺ അളക്കുന്നു. 2022-23 ൽ മൊത്തമുള്ള 45 ഗ്രാന്റുകളിലും രണ്ട് ധനവിനിയോഗങ്ങളിലും, റവന്യൂ വിഭാഗത്തിന് കീഴിലുള്ള വകയിരുത്തൽ 44 ഗ്രാന്റുകളിലും ഒരു ധനവിനിയോഗത്തിലും ഉണ്ടായിരുന്നു. മൂലധന വിഭാഗത്തിന് കീഴിലുള്ള വകയിരുത്തൽ 29 ഗ്രാന്റുകളിലും ഒരു ധനവിനിയോഗത്തിലും ഉണ്ടായിരുന്നു.

**പട്ടിക 3.9: യഥാർത്ഥ ചെലവ് അസൽ അംഗീകൃത ബഡ്ജറ്റിനെ എത്രത്തോളം പ്രതിഫലിപ്പിക്കുന്നു**

*(₹ കോടിയിൽ)*

| വിവരണം | അംഗീകരിച്ച അസൽ ബഡ്ജറ്റ് (ബിഇ) | യഥാർത്ഥ ഔട്ട്ടേൺ (ശതമാനം ബ്രാക്കറ്റിൽ) | യഥാർത്ഥ ഔട്ട്ടേണും ബി ഇയും തമ്മിലുള്ള വ്യത്യാസം* |
|---|---|---|---|
| റവന്യൂ | 1,58,541.44 | 1,49,902.74 (95) | (-) 8,638.70 |
| മൂലധനം | 71,737.26 | 52,969.19 (74) | (-) 18,768.07 |
| **ആകെ** | **2,30,278.70** | **2,02,871.93 (88)** | **(-) 27,406.77** |

* *അസൽ വകയിരുത്തലിനേക്കാൾ അധികമായ യാഥാർത്ഥ്യങ്ങളെ (+) സംഖ്യയായും അസൽ വകയിരുത്തലിനേക്കാൾ യാഥാർത്ഥ്യങ്ങളുടെ കുറവ് (–) സംഖ്യയായും സൂചിപ്പിച്ചിരിക്കുന്നു*

മൂലധന വിഭാഗത്തിൽ, ബിഇയുമായി താരതമ്യപ്പെടുത്തുമ്പോൾ ഔട്ട്ടേണിലെ വ്യതിയാനം (-) 26.16% ആയിരുന്നു. ഏഴ് ഗ്രാന്റുകളിൽ 0 മുതൽ ± 25 ശതമാനം വരെയും, 12 ഗ്രാന്റുകളിൽ/ ധനവിനിയോഗങ്ങളിൽ ±25 മുതൽ ± 50 ശതമാനം വരെയും, ആറ് ഗ്രാന്റുകളിൽ ±50 ശതമാനം മുതൽ ± 75 ശതമാനം വരെയും, മൂന്ന് ഗ്രാന്റുകളിൽ ±75 ശതമാനം മുതൽ ±100 വരെയും, രണ്ട് ഗ്രാന്റുകളിൽ 100 ശതമാനത്തിലധികവും ഉണ്ടായ വ്യതിയാനമാണ് ഇതിന് കാരണം.

### 3.3.4.2 എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ

നിർവഹണ വേളയിൽ പ്രധാന ബഡ്ജറ്റ് വിഭാഗങ്ങൾ തമ്മിലുള്ള പുനർവക യിരുത്തലുകൾ ചെലവ് ഘടനയിലെ വ്യത്യാസത്തിന് എത്രത്തോളം കാരണ മായിട്ടുണ്ടെന്ന് എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ അളക്കുന്നു.

**പട്ടിക 3.10 ബഡ്ജറ്റ് വിഭാഗങ്ങൾ തമ്മിലുള്ള പുനർവകയിരുത്തൽ (പുതുക്കിയ എസ്റ്റിമേറ്റ്) യഥാർത്ഥ ചെലവിൽ ഉണ്ടാക്കിയ വ്യതിയാനത്തിന്റെ തോത്**

*(₹ കോടിയിൽ)*

| വിവരണം | അസൽ അംഗീകൃത ബഡ്ജറ്റ് (ബിഇ) | പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) | യാഥാർത്ഥ്യം | ബിഇയും ആർഇയും തമ്മിലുള്ള വ്യതിയാനം | യാഥാർത്ഥ്യവും ആർഇയും തമ്മിലുള്ള വ്യതിയാനം* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| റവന്യൂ | 1,58,541.44 | 1,50,332.75 | 1,49,902.74 | 8,208.69 | (-)430.01 |
| മൂലധനം | 71,737.26 | 53,279.61 | 52,969.19 | 18,457.65 | (-) 310.00 |
| **ആകെ** | **2,30,278.70** | **2,03,612.36** | **2,02,871.93** | **26,666.34** | **(-) 740.43** |

** പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ അധിക യാഥാർത്ഥ്യങ്ങളെ (+) സംഖ്യയായും പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ യാഥാർത്ഥ്യങ്ങളുടെ കുറവ് (–) സംഖ്യയായും സൂചിപ്പിക്കുന്നു*

റവന്യൂ വിഭാഗത്തിൽ, ആർഇയുമായി താരതമ്യപ്പെടുത്തുമ്പോൾ ഔട്ട്ടേണി ലെ വ്യതിയാനം (-) 0.29 ശതമാനമായിരുന്നു. 41 ഗ്രാന്റുകൾ/ധനവിനിയോഗ ങ്ങളിൽ 0 മുതൽ ± 25 ശതമാനം വരെയും, നാല് ഗ്രാന്റുകളിൽ ± 25 ശതമാനം മുതൽ ± 50 ശതമാനം വരെയുമുള്ള വ്യതിയാനങ്ങളാണ് ഇതിന് കാരണമാ യത്.

മൂലധന വിഭാഗത്തിൽ, ആർഇയുമായി താരതമ്യപ്പെടുത്തുമ്പോൾ ഔട്ട്ടേണി ലെ വ്യതിയാനം (-) 0.58 ശതമാനം ആയിരുന്നു. 15 ഗ്രാന്റുകൾ/ ധനവിനി യോഗങ്ങളിൽ 0 മുതൽ ± 25 ശതമാനം വരെയും ഒൻപത് ഗ്രാന്റുകളിൽ ±25 മുതൽ ± 50 ശതമാനം വരെയും, ആറ് ഗ്രാന്റുകളിൽ ± 50 ശതമാനം മുതൽ ± 75 ശതമാനം വരെയും ഉള്ള വ്യതിയാനങ്ങളാണ് ഇതിന് കാരണമായത്. മൂലധന വിഭാഗത്തിൽ 16 ഗ്രാന്റുകളിലും[26] ഒരു ധനവിനിയോഗത്തിലും വകയി രുത്തൽ ഒന്നും ഉണ്ടായില്ല.

## 3.4 ധനവിനിയോഗ കണക്കുകൾ 2022-23

സിഎജി ഓഫ് ഇന്ത്യയുടെ ധനവിനിയോഗങ്ങളുടെ ഓഡിറ്റ് താഴെപറയുന്നവ നിർണ്ണയിക്കുവാൻ ശ്രമിക്കുന്നു

- വിവിധ ഗ്രാന്റുകൾക്ക് കീഴിൽ യഥാർത്ഥത്തിൽ നേരിട്ട ചെലവ് ധനവി നിയോഗ നിയമത്തിൽ നൽകിയ അംഗീകാരത്തിന് അനുസൃതമാണോ
- ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം ചാർജ് ചെയ്യേണ്ട ചെലവ് അപ്രകാരം ചാർജ് ചെയ്യപ്പെട്ടിട്ടുണ്ടോ
- നേരിട്ട ചെലവുകൾ, നിയമങ്ങൾ, പ്രസക്തമായ ചട്ടങ്ങൾ, നിയന്ത്രണ ങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായിരുന്നോ

[26] ഗ്രാന്റുകൾ ഒന്നു മുതൽ പതിനൊന്ന് വരെ, 13, 16, 19, 26, 43, ധനവിനിയോഗം 'കട ബാധ്യതകൾ'

ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

## 3.5 ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സമഗ്രതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

### 3.5.1 അധിക ധനാനുമതി വഴി നേരിട്ട ചെലവ് ക്രമപ്പെടുത്താതിരിക്കൽ

'ന്യൂ സർവ്വീസ്' ഇനത്തിൽ ഉൾപ്പെടാത്തതും ഫണ്ടിന്റെ ആവശ്യകത അടിയന്തിരവും അടുത്ത ബാച്ചിന്റെ സപ്ലിമെന്ററി ഗ്രാന്റുകൾ വോട്ടുചെയ്യുന്നതുവരെ ചെലവ് മാറ്റിവയ്ക്കാൻ കഴിയാത്തതുമായ കേസുകളിൽ ധനവകുപ്പിന്റെ സമ്മതത്തോടെ ഭരണ വകുപ്പിന് അധിക ഫണ്ടുകളുടെ ധനാനുമതി അനുവദിക്കാൻ കെബിഎമ്മിന്റെ 95(3) ഖണ്ഡികയിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ അത്തരം എല്ലാ കേസുകളും സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് പുനർ ധനവിനിയോഗത്തിലൂടെയോ സപ്ലിമെന്ററി ഗ്രാന്റിലൂടെയോ ചെലവ് നേരിടുന്നതിനാവശ്യമായ അധിക ഫണ്ടുകൾ ലഭ്യമാക്കിക്കൊണ്ട് ക്രമപ്പെടുത്തേണ്ടതുണ്ട്.

2022-23 കാലയളവിൽ അഞ്ച് ഗ്രാന്റുകളിലായി ഏഴ് കേസുകളിലായി ₹ 231.68 കോടി, അസൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ/ സപ്ലിമെന്ററി ധനാഭ്യർത്ഥന എന്നിവ ഇല്ലാതെയും ചെലവ് ക്രമീകരിക്കുന്നതിനുള്ള പുനർ ധനവിനിയോഗ ഉത്തരവുകൾ പുറപ്പെടുവിക്കാതെയും, **പട്ടിക 3.11** ൽ കാണിച്ചിരിക്കുന്നതുപോലെ ചെലവഴിച്ചതായി കണ്ടെത്തി.

**പട്ടിക: 3.11: ഇതുവരെ ക്രമപ്പെടുത്തൽ നടത്താത്ത അധിക ധനാനുമതി വഴി നേരിട്ട ചെലവുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് | പദ്ധതി | ചെലവ് |
|---|---|---|---|
| 1 | IV- തിരഞ്ഞെടുപ്പുകൾ | 2015-00-103-99-സി- നിയമസഭയും പാർലമെന്റും | 2.10 |
| 2 | XII- പോലീസ് | 4055-00-207-88-വി- പോലീസ് സ്റ്റേഷനുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ | 3.00 |
| 3 | XII- പോലീസ് | 4055-00-207-97-സി- മറ്റ് കെട്ടിടങ്ങൾ | 0.08 |
| 4 | XXI- ഭവനനിർമ്മാണം | 4216-80-201-94-വി- സർക്കാർ ഉദ്യോഗസ്ഥർക്കും ഉന്നത ഉദ്യോഗസ്ഥർക്കും കേരള സ്റ്റേറ്റ് സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ കോഴിക്കോട് ഉള്ള സ്ഥലത്ത് ഫ്ലാറ്റ്/ ക്വാർട്ടേഴ്സ് | 1.35 |
| 5 | XXXVII- വ്യവസായങ്ങൾ | 4859-02-004-88-വി- മൂലധനച്ചെലവിനായി ഇന്ത്യാ ഗവൺമെന്റിൽ നിന്ന് വായ്പയായി പ്രത്യേക സഹായത്തിനുള്ള പദ്ധതി | 25.00 |
| 6 | XXXVII- വ്യവസായങ്ങൾ | 4885-01-190-98-V- കേരള ധനകാര്യ കോർപ്പറേഷൻ - നിക്ഷേപങ്ങൾ | 200.00 |
| 7 | XXXVIII- ജലസേചനം | 4711-02-103-99-സി- സിവിൽ പണികൾ | 0.15 |
| | | **ആകെ** | **231.68** |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

പുനർ ധനവിനിയോഗത്തിലൂടെയോ സപ്ലിമെന്ററി ഗ്രാന്റ് നേടുന്നതിലൂടെയോ ക്രമപ്പെടുത്താതെ, അധിക ധനാനുമതിയുടെ ബലത്തിൽ വകുപ്പ് ചെലവ് നേരിടുന്നത് കേരള ബഡ്ജറ്റ് മാനുവലിലെ 95(3) ഖണ്ഡികയിലെ വ്യവസ്ഥയുടെ ലംഘനമാണ്.

### 3.5.2 സർക്കാർ അക്കൗണ്ടുകളിലെ ചെലവുകളുടെ തെറ്റായ വർഗ്ഗീകരണം

ഇടപാടുകളെ റവന്യൂ/മൂലധനം എന്ന് തെറ്റായി വർഗ്ഗീകരിക്കുന്നത് പ്രസക്തമായ ശീർഷകങ്ങൾക്ക് കീഴിൽ ഇടപാടുകളെ വർഗ്ഗീകരിക്കുന്നതിനുള്ള നിയമങ്ങളുടെ പ്രയോഗത്തിലെ അഭാവത്തിനെയാണ് സൂചിപ്പിക്കുന്നത്.

2022-23 കാലയളവിൽ, ₹ 12.35 കോടിയുടെ മൂലധനച്ചെലവ്, മൂലധന സ്വഭാവമുള്ളതായിരുന്നിട്ടും, റവന്യൂ ചെലവായി കാണിച്ചു എന്ന് **പട്ടിക 3.12** ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 3.12: ചെലവിന്റെ തെറ്റായ വർഗ്ഗീകരണം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | ചെലവിന്റെ സ്വഭാവം | ചെലവിന്റെ തുക | ഡിഡിഒയുടെ പേര് |
|---|---|---|---|---|
| 1 | 2055-00-115-98-41(പി) (വി) പോലീസ് വകുപ്പ് നവീകരിക്കുന്നതിന് | സൈബർ സെക്യൂരിറ്റി സെന്റർ (സൈബർ ഡോം) സ്ഥാപിക്കൽ | 0.52 | സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം |
| 2 | 2225-02-102-71(പി) (വി) ഇടമലക്കുടി സമഗ്രവികസന പാക്കേജ് | റോഡ് നിർമ്മാണം | 3.25 | പട്ടികവർഗ വികസന ഡയറക്ടർ |
| 3 | 2230-03-101-80 (പി) (വി) പുതിയ ഐടിഐകൾ സ്ഥാപിക്കുന്നതിന് | ഐടിഐ കെട്ടിടത്തിന്റെ നിർമ്മാണം | 4.45 | ട്രെയിനിംഗ് ഡയറകട്ർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് |
| 4 | 2551-60-101-97 (പി) (വി) മലയോര മേഖലകളുടെ വികസനം കാസർഗോഡ് പാക്കേജ് | റെസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം (പെൺകുട്ടികളുടെ ഹോസ്റ്റലും അധ്യാപകരുടെ ക്വാർട്ടേഴ്സും) | 4.13 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ |
| | | **ആകെ** | **12.35** | |

*ഉറവിടം: ഏജി (എആൻഡ്ഇ) ഓഫീസിൽ ലഭിച്ച വൗച്ചറുകളിൽ നിന്ന് സമാഹരിച്ചത്*

റവന്യൂ ചെലവും, മൂലധന ചെലവും തമ്മിലുള്ള തെറ്റായ വർഗ്ഗീകരണം റവന്യൂ അക്കൗണ്ടിനെയും ധനസൂചികയായ റവന്യൂ മിച്ചം/കമ്മിയെയും ബാധിക്കുന്നു.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി (ഒക്ടോബർ 2023), ചെലവ് പുനർ വർഗ്ഗീകരിക്കുന്നതിനുള്ള അനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് ധനവകുപ്പ് അറിയിച്ചു.

### 3.5.3 അനാവശ്യ / അമിതമായ സപ്ലിമെന്ററി ഗ്രാന്റുകൾ

സപ്ലിമെന്ററി വകയിരുത്തലുകളുടെ പരിശോധനയിൽ അനാവശ്യവും അമിതവുമായ വകയിരുത്തലുകൾ **(അനുബന്ധം 3.2ഉം അനുബന്ധം 3.3ഉം) ചാർട്ട് 3.2**-ൽ വിവരിച്ചിരിക്കുന്നതുപോലെ ശ്രദ്ധയിൽപ്പെട്ടു.

**ചാർട്ട് 3.2: അനാവശ്യ / അമിതമായ സപ്ലിമെന്ററി വകയിരുത്തൽ**

*(₹ കോടിയിൽ)*




*ഉറവിടം: വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

മേൽപ്പറഞ്ഞവയിൽ നിന്ന്, ചെലവ് കൈകാര്യം ചെയ്യാൻ അസൽ വകയിരുത്തൽ പര്യാപ്തമായിരുന്നതിനാൽ, സപ്ലിമെന്ററി വകയിരുത്തൽ അനാവശ്യം/ അമിതമായ സന്ദർഭങ്ങളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. യാഥാർത്ഥ്യബോധമുള്ള ആവശ്യകതകളെ അടിസ്ഥാനമാക്കി വേണം സപ്ലിമെന്ററി എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് സംസ്ഥാന സർക്കാർ ഉറപ്പാക്കണം.

### 3.5.4 പുനർ ധനവിനിയോഗം

കേരള ബഡ്ജറ്റ് മാനുവലിന്റെ 83-ാം ഖണ്ഡിക പ്രകാരം, മിച്ചം പ്രതീക്ഷിക്കുന്ന ഒരു യൂണിറ്റിൽ നിന്ന്, അധിക ഫണ്ട് ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക് ഗ്രാന്റിനുള്ളിൽ ഫണ്ടുകൾ കൈമാറുന്നതിനെയാണ് പുനർധനവിനിയോഗം എന്ന് പറയുന്നത്. എന്നിരുന്നാലും, ഒരു സബ്ഹെഡിൽ നിന്നും മറ്റൊന്നിലേക്ക് ഗണ്യമായ പുനർ ധനവിനിയോഗം എല്ലായ്പ്പോഴും ഒഴിവാക്കണം, കൂടാതെ പുനർ ധനവിനിയോഗ പ്രക്രിയ ഒഴിവാക്കലുകളും ദീർഘവീക്ഷണമില്ലായ്മയും പരിഹരിക്കുവാൻ മാത്രമായി ഉപയോഗിക്കരുത്.

₹ 25 കോടിയിൽ കൂടുതൽ മിച്ചം/അധിക ചെലവുള്ള പദ്ധതികളിൽ ₹ ഒരു കോടിയ്ക്ക് മുകളിലുള്ള പുനർ ധനവിനിയോഗങ്ങളുടെ ഓഡിറ്റ് പരിശോധനയിൽ പുനർ ധനവിനിയോഗങ്ങൾ അനാവശ്യവും അമിതവുമായിരുന്നു എന്ന് തെളിഞ്ഞു. ₹ ഒരു കോടിയിൽ കൂടുതലുള്ള അപര്യാപ്തമായ പുനർധനവിനിയോഗമുള്ളത്

കാരണം അന്തിമ അധിക ചെലവ് ₹ ഒരു കോടിയ്ക്ക് മുകളിൽ ഉണ്ടായിരുന്ന കേസുകൾ കൃത്യതയില്ലാത്തതും അയാഥാർത്ഥ്യവുമായ ബഡ്ജറ്റിംഗിനെ സൂചിപ്പിക്കുന്നു.

### *3.5.4.1 ഫണ്ടുകളുടെ അനാവശ്യ/അമിതമായ/അപര്യാപ്തമായ പുനർ ധനവിനിയോഗം*

2022-23 കാലയളവിലെ ഫണ്ടുകളുടെ പുനർ ധനവിനിയോഗത്തിന്റെ ഓഡിറ്റ് പരിശോധനയിൽ ഫണ്ടുകളുടെ അനാവശ്യ /അമിതമായ/അപര്യാപ്തമായ പുനർ ധനവിനിയോഗത്തിന്റെ കേസുകൾ കണ്ടെത്തിയത് **(അനുബന്ധം 3.4)** ചുവടെ വിശദീകരിച്ചിരിക്കുന്നു.

- ഏഴ് ഗ്രാന്റുകൾക്ക് കീഴിലെ 16 കേസുകളിൽ, പുനർ ധന വിനിയോഗം വഴി നൽകിയ ₹ 1,691.46 കോടിയുടെ അധിക ഫണ്ടുകൾ (₹ ഒരു കോടിയ്ക്ക് മുകളിലുള്ള കേസുകൾ), ₹ 3,515.97 കോടിയുടെ ചെലവഴിക്കാത്ത വകയിരുത്തലിന് ഇടയാക്കിയതിനാൽ (₹ 25 കോടിയ്ക്ക് മുകളിലുള്ള കേസുകൾ), അനാവശ്യമായിരുന്നു എന്ന് തെളിഞ്ഞു.
- ആറ് ഗ്രാന്റുകൾക്ക് കീഴിലെ 11 കേസുകളിൽ, പുനർ ധന വിനിയോഗം വഴി നൽകിയ ₹ 1,944.64 കോടിയുടെ അധിക ഫണ്ടുകൾ (₹ ഒരു കോടിയ്ക്ക് മുകളിലുള്ള കേസുകൾ), ₹ 1,116.26 കോടിയുടെ ചെലവഴിക്കാത്ത വകയിരുത്തലിന് ഇടയാക്കിയതിനാൽ (₹ 25 കോടിയ്ക്ക് മുകളിലുള്ള കേസുകൾ), അധികമായിരുന്നു എന്ന് തെളിഞ്ഞു.
- നാല് ഗ്രാന്റുകൾക്ക് കീഴിലെ അഞ്ച് കേസുകളിൽ, പുനർ ധന വിനിയോഗം വഴി നൽകിയ ₹ 625.76 കോടിയുടെ അധിക ഫണ്ടുകൾ (₹ ഒരു കോടിയ്ക്ക് മുകളിലുള്ള കേസുകൾ), ₹ 20.68 കോടിയുടെ അധിക ചെലവിന് ഇടയാക്കിയതിനാൽ, അപര്യാപ്തമായിരുന്നു എന്ന് തെളിഞ്ഞു.

### 3.5.5 ബഡ്ജറ്റ് വകയിരുത്തലിന് എതിരെ ചെലവഴിക്കാത്ത വിഹിതവും ഭീമമായ മിച്ചവും/ സറണ്ടറും

കേരള ബഡ്ജറ്റ് മാനുവലിന്റെ 14–ാം ഖണ്ഡിക പ്രകാരം, എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ അവയ്ക്ക് വ്യക്തിപരമായ ശ്രദ്ധ നൽകേണ്ടതും, അവ പെരുപ്പിക്കപ്പെട്ടതോ ചുരുക്കിയതോ അല്ലാ എന്നും, മറിച്ച് സാധ്യമാത്ര കൃത്യതയുള്ളതാണെന്നും ഉറപ്പാക്കേണ്ടതാണ്. വരവിന്റെയും ചെലവിന്റെയും ഒഴുക്ക് എസ്റ്റിമേറ്റിംഗ് ഉദ്യോഗസ്ഥർ നന്നായി മനസ്സിലാക്കിയാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. മുൻകൂട്ടി കാണാൻ കഴിയുന്ന എല്ലാ ഇനങ്ങൾക്കും വകയിരുത്തൽ നൽകേണ്ടതുണ്ടെങ്കിലും, അതാത് വർഷത്തിലെ യഥാർത്ഥ ചെലവുകൾക്ക് ആവശ്യമായ തുകയിലേക്ക് വകയിരുത്തൽ പരിമിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചെലവ് കുറച്ച് കാണിക്കാനുള്ള പൊതു പ്രവണത ഒഴിവാക്കുകയും, വകുപ്പിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം അവതരിപ്പിക്കുകയും വേണം.

അയാഥാർത്ഥ്യമായ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള ബഡ്ജറ്റ് വകയിരുത്തൽ, മോശമായ ചെലവ് നിരീക്ഷണ സംവിധാനം, പദ്ധതിയുടെ ദുർബലമായ നിർവ്വഹണം/ ദുർബലമായ ആന്തരിക നിയന്ത്രണങ്ങൾ, സാമ്പ

ത്തിക വർഷാവസാനത്തിൽ ഫണ്ടുകൾ നൽകുന്നതിനെ പ്രോത്സാഹിപ്പിക്കു കയും, സർക്കാർ അക്കൗണ്ടിനു പുറത്ത് ബാങ്ക് അക്കൗണ്ടുകളിൽ ഭീമമായ ബാലൻസ് നിലനിർത്താനുള്ള വകുപ്പുകളുടെ പ്രവണതയെ വർദ്ധിപ്പിക്കുക യും ചെയ്യും. അമിതമായ മിച്ചം, മറ്റ് വകുപ്പുകൾക്ക് ഉപയോഗിക്കാമായിരുന്ന ഫണ്ടുകളെയും നഷ്ടപ്പെടുത്തുന്നു.

### *3.5.5.1 വലിയ മിച്ചമുള്ള ഗ്രാന്റുകൾ*

25 ഗ്രാന്റുകൾ / ധനവിനിയോഗങ്ങൾക്ക് കീഴിൽ ₹ 100 കോടിയോ അതിൽ കൂടുതലോ ചെലവഴിക്കാത്ത വകയിരുത്തൽ ഉള്ള 33 കേസുകൾ ഉണ്ടായിരുന്നു. ഇത് മൊത്തം ₹ 43,074.45 കോടിയാണ്. 'റവന്യൂ വോട്ടു ചെയ്തത്'' എന്ന വിഭാഗത്തിൽ 'വിദ്യാഭ്യാസം, കായികം, കല, സംസ്കാരം', 'ഗ്രാമവികസനം', 'സാമൂഹിക സുരക്ഷ, ക്ഷേമം' എന്നിവയ്ക്ക് കീഴിലും 'മൂലധനം വോട്ട് ചെയ്തത്'' വിഭാഗത്തിൻ കീഴിൽ 'ശുദ്ധജലവിതരണവും ശുചീകരണവും' 'റവന്യൂ ചാർജ് ചെയ്തത്'' വിഭാഗത്തിൽ 'പൊതുകടം തിരിച്ചടവ്'' എന്നിവയുടെ കീഴിൽ ₹ 2,000 കോടിയുടെ മുകളിൽ ചെലവഴിക്കാത്ത ഭീമമായ വകയിരുത്തലുകൾ ഉണ്ടായതായി **അനുബന്ധം 3.5ൽ** കാണിക്കുന്നു.

**പട്ടിക 3.13** ൽ കാണിച്ചിരിക്കുന്നതുപോലെ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഒൻപത് ഗ്രാന്റുകളിൽ/ ധനവിനിയോഗങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 10 ശതമാനത്തിന് മുകളിൽ മിച്ചം തുടർച്ചയായി ഉണ്ടായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.6** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.13: 2018-2023 കാലയളവിലെ ബഡ്ജറ്റ് വിഹിതത്തിനെതിരെ 10 ശതമാനത്തിന് മുകളിലുള്ള മിച്ചമുള്ള ഗ്രാന്റുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | 21- ഭവനനിർമ്മാണം | 66 | 61 | 12 | 26 | 36 |
| 2 | 22- നഗരവികസനം | 60 | 51 | 38 | 55 | 19 |
| 3 | 24- തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 15 | 47 | 24 | 20 | 46 |
| 4 | 28- പലവക സാമ്പത്തിക സേവനങ്ങൾ | 50 | 61 | 27 | 15 | 12 |
| 5 | 29- കൃഷി | 24 | 44 | 17 | 21 | 30 |
| 6 | 36- ഗ്രാമവികസനം | 70 | 72 | 46 | 68 | 60 |
| 7 | 37- വ്യവസായങ്ങൾ | 30 | 55 | 12 | 23 | 28 |
| 8 | 38- ജലസേചനം | 33 | 37 | 41 | 12 | 25 |
| 9 | 40- തുറമുഖങ്ങൾ | 24 | 34 | 22 | 23 | 26 |

*ഉറവിടം: വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

### 3.5.5.2 മിച്ചങ്ങളുടെ സറണ്ടർ

ഓരോ ഗ്രൂപ്പിലെയും മൊത്തം മിച്ചത്തിനോടും സറണ്ടറിനോടുംമൊപ്പം വിനിയോഗത്തിന്റെ ശതമാനം അനുസരിച്ച് ഗ്രൂപ്പ് ചെയ്ത ഗ്രാന്റുകളുടെ/ ധനവിനിയോഗങ്ങളുടെ എണ്ണത്തിന്റെ വിതരണം **പട്ടിക 3.14** ൽ ചിത്രീകരിക്കുന്നു.

**പട്ടിക 3.14: വിനിയോഗത്തിന്റെ ശതമാനം, മിച്ചം, സറണ്ടർ എന്നിവ അനുസരിച്ച് ഗ്രാന്റുകൾ/ധനവിനിയോഗങ്ങളുടെ തരംതിരിവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിഭാഗം (ബഡ്ജറ്റ് വിനിയോഗം ശതമാനത്തിൽ | ഗ്രാന്റ് / ധനവിനിയോഗങ്ങളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | മിച്ചം | സറണ്ടർ | ബാക്കി |
|---|---|---|---|---|---|---|---|
| 1 | 30 ൽ താഴെ | 0 | 0 | 0 | 0 | 0 | 0 |
| 2 | 30-50 | 2 | 9,969.62 | 4,313.85 | 5,655.77 | 5,649.90 | 5.87 |
| 3 | 50-70 | 6 | 60,625.96 | 39,419.30 | 21,206.66 | 20,898.61 | 308.05 |
| 4 | 70-90 | 22 | 85,356.59 | 71,587.44 | 13,769.15 | 13,293.65 | 475.50 |
| 5 | 90-100 | 17 | 91,676.60 | 87,551.34 | 4,125.26 | 3,824.02 | 301.24 |
| | **ആകെ** | **47** | **2,47,628.77** | **2,02,871.93** | **44,756.84** | **43,666.18** | **1,090.66** |

*ഉറവിടം: വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

കെബിഎം–ന്റെ 91-ാം ഖണ്ഡിക പ്രകാരം, മറ്റ് യൂണിറ്റുകളിലെ അധിക ചെലവ് നേരിടാനായി ആവശ്യമില്ലെങ്കിൽ, ഭരണകാര്യവകുപ്പ് മുൻകൂട്ടി കാണുന്ന എല്ലാ മിച്ചവും, വർഷാവസാനം വരെ കാത്തിരിക്കാതെ, കാരണം വ്യക്തമാക്കിക്കൊണ്ട് ധനകാര്യ വകുപ്പിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. കെബിഎം–ന്റെ മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, ₹ 44,756.84 കോടിയുടെ തനി മിച്ചത്തിൽ നിന്നും ₹ 3.09 കോടി മാത്രം സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് സറണ്ടർ ചെയ്യുകയും ₹ 43,663.09 കോടിയുടെ ഭീമമായ തുക 2023 മാർച്ച് 31 നും സറണ്ടർ ചെയ്യുകയും ചെയ്തു. വിശദവിവരങ്ങൾ **ചാർട്ട് 3.3**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.3: 2022-23 സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പുള്ള മിച്ചവും സറണ്ടറും**

*(₹ കോടിയിൽ)*




*ഉറവിടം: വിഎൽസി ഡേറ്റയും, എജി (എ ആൻഡ് ഇ) ഓഫീസിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങളും*

** ₹ 1,090.66 കോടി 2022–23 സാമ്പത്തിക വർഷാവസാനവും സറണ്ടർ ചെയ്തിട്ടില്ല.*

### 3.5.6 അധികച്ചെലവും അതിന്റെ ക്രമപ്പെടുത്തലും

ഭരണഘടനയുടെ ആർട്ടിക്കിൾ 205, 206 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന നിയമസഭയുടെ നിയമപ്രകാരമുള്ള ധനവിനിയോഗം ഇല്ലാതെ സഞ്ചിത നിധിയിൽ നിന്നും ഒരു പണവും പിൻവലിക്കാൻ പാടില്ല എന്ന് ആർട്ടിക്കിൾ 204(3) വ്യവസ്ഥ ചെയ്യുന്നു.

ഭരണഘടനയുടെ ആർട്ടിക്കിൾ 205 (1) (ബി) പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും സേവനത്തിനായി ആ സേവനത്തിന് അനുവദിച്ച തുകയേക്കാൾ കൂടുതൽ പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ, ആ വർഷം ഗവർണർ സംസ്ഥാന നിയമസഭയിൽ അത്തരം അധിക ചെലവിനുള്ള ധനാഭ്യർത്ഥന സമർപ്പിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിൽ ഗ്രാന്റുകൾ/ധനവിനിയോഗങ്ങൾക്കു മുകളിലുള്ള അധിക ചെലവിന്റെ സംസ്ഥാന നിയമസഭയുടെ ക്രമപ്പെടുത്തൽ സംസ്ഥാന സർക്കാർ നിർബന്ധമായും നേടേണ്ടതുണ്ട് എന്ന് ഇത് സൂചിപ്പിക്കുന്നു.

അധികചെലവ് ക്രമപ്പെടുത്തുന്നതിന് ആർട്ടിക്കിളിന് കീഴിൽ സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ധനവിനിയോഗ കണക്കുകളുടെ ചർച്ച പൂർത്തിയാക്കിയ ശേഷമാണ് അധിക ചെലവുകൾ ക്രമപ്പെടുത്തുന്നത്. ഇങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നത് ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. എക്സിക്യൂട്ടീവ് പൊതുപണം വിനിയോഗിക്കുന്നതിൽ നിയമസഭയുടെ ഉത്തരവാദിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തെ ഇത് പരാജയപ്പെടുത്തുകയും ചെയ്യുന്നു.

#### 3.5.6.1 2022-23 സാമ്പത്തിക വർഷവുമായി ബന്ധപ്പെട്ട അധിക ചെലവ്

കേരള ബഡ്ജറ്റ് മാനുവലിന്റെ 97(1) ഖണ്ഡിക പ്രകാരം, യഥാർത്ഥ ചെലവ് നിയമസഭ അനുവദിച്ചു നൽകിയ തുകയെ കവിയുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് ഗ്രാന്റ് കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഈ തുകയ്ക്ക് മുകളിലുള്ള ചെലവ് ഒഴിവാക്കാനാകാത്തതാണെങ്കിൽ, സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് ഒരു സപ്ലിമെന്ററി ഗ്രാന്റ് നേടാൻ വകുപ്പിന് സ്വാതന്ത്ര്യമുണ്ട്. അതിനാൽ, സാമ്പത്തിക വർഷത്തിന്റെ കാലാവധി കഴിഞ്ഞതിനുശേഷം ശ്രദ്ധയിൽപ്പെടുന്ന അധിക ചെലവ് എല്ലായ്പ്പോഴും ക്രമക്കേടായി കണക്കാക്കപ്പെടുന്നു.

ഒരു വർഷത്തേക്കുള്ള വകയിരുത്തലിന് ഉപരിയായുള്ള അധിക ചെലവ് നിയമനിർമ്മാണ അനുമതി ആവശ്യപ്പെടുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് മാത്രമല്ല, മോശം ആസൂത്രണത്തിന്റെ സൂചന കൂടിയാണ്. ബഡ്ജറ്റിനൊപ്പം ചെലവിന്റെ പുരോഗതിയുടെ നിരീക്ഷണത്തിലൂടെ ഇത്തരം അധിക ചെലവ് ഒഴിവാക്കാവുന്നതാണ്.

2022-23 കാലയളവിൽ ഗ്രാന്റുകൾ/ വിനിയോഗങ്ങൾക്ക് ഉപരിയായുള്ള അധിക വിതരണങ്ങളുടെ സംഗ്രഹം **പട്ടിക 3.15** ൽ നൽകിയിരിക്കുന്നു.

**പട്ടിക: 3.15: 2022-23 വർഷത്തിൽ ഗ്രാന്റുകൾ/ ധനവിനിയോഗങ്ങൾക്ക് ഉപരിയായുള്ള അധിക വിതരണങ്ങളുടെ സംഗ്രഹം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വകുപ്പിന്റെ പേര് / ഗ്രാന്റ് | ചാർജ് ചെയ്തത് | |
|---|---|---|---|
| | | റവന്യൂ | മൂലധനം |
| 1 | IV- തിരഞ്ഞെടുപ്പുകൾ | 2.10 | |
| 2 | XXV- പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 0.05 | |
| 3 | XII- പോലീസ് | | 0.08 |
| | **മൊത്തം അധിക ചെലവ്** | **2.15** | **0.08** |
| | **ആകെ** | | **2.23** |

*ഉറവിടം: ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം*

മൂന്ന് ധനവിനിയോഗങ്ങളിൽ നേരിട്ട അധിക ചെലവായ ₹ 2.23 കോടി ക്രമപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ വകുപ്പുകൾ നൽകിയ കാരണങ്ങൾ **പട്ടിക 3.16** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.16: അധികച്ചെലവിന് ധനവകുപ്പ് നൽകിയ കാരണങ്ങൾ**

| ക്രമ നമ്പർ | ഗ്രാന്റിന്റെ പേര്/ അക്കൗണ്ട് ശീർഷകം | അധികച്ചെലവിനുള്ള കാരണങ്ങൾ |
|---|---|---|
| 1 | IV- തിരഞ്ഞെടുപ്പുകൾ (റവന്യൂ ചാർജ് ചെയ്തത്)<br><br>2015-00-103-99 - നിയമസഭയും പാർലമെന്റും | കെൽട്രോണിന് പ്രിന്റിംഗ് ചാർജ് നൽകുന്നതിനാണ് ₹ 2.10 കോടിയുടെ അധികചെലവ് നേരിട്ടത്. ഈ അധിക ചെലവ് സപ്ലിമെന്ററി ധനാഭ്യർത്ഥന (എസ്ഡിജി) അല്ലെങ്കിൽ അന്തിമ പുനർ ധനവിനിയോഗത്തിലൂടെ ക്രമപ്പെടുത്തിയിട്ടില്ല. കാരണം അന്തിമ എസ്ഡിജി ഇതിനകം തന്നെ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു, കൂടാതെ പുനർ ധനവിനിയോഗത്തിനായി ഗ്രാന്റ് IV ലെ ചാർജ്ഡ് വിഭാഗത്തിൽ ഒരു ടോക്കൺ വകയിരുത്തൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. |
| 2 | XXV- പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (റവന്യൂ ചാർജ് ചെയ്തത്) 2225-01-800-23 പട്ടികജാതിക്കാരുടെ കടം എഴുതിത്തള്ളൽ | ഉടുമ്പന്നൂർ സർവീസ് സഹകരണ ബാങ്കിന് തുക വിതരണം ചെയ്യുന്നതിനായി 2225-01-800-57 എന്ന ശീർഷകത്തിൽ നിന്നും 2225-01-800-23 എന്ന ശീർഷകത്തിലേക്ക് ചെലവ് പുനർ വർഗ്ഗീകരിച്ചതുകൊണ്ടാണ് ₹ 0.05 കോടിയുടെ അധികച്ചെലവുണ്ടായത്. അധികച്ചെലവ് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഭരണകാര്യ വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകിയതായി ധനവകുപ്പ് അറിയിച്ചു. |
| 3 | XII- പോലീസ് (മൂലധനം ചാർജ് ചെയ്തത്)<br><br>4055-00-207-97-01-മറ്റ് കെട്ടിടങ്ങൾ | അധികച്ചെലവായ ₹ 0.08 കോടിയുടെ പുനർധനവിനിയോഗത്തിലൂടെയോ സപ്ലിമെന്ററി ഗ്രാന്റ് വഴിയോ ഉള്ള ക്രമപ്പെടുത്തലിന് കൺട്രോളിംഗ് ഓഫീസറായ 'ചീഫ് എൻജിനീയർ, പിഡബ്ല്യുഡി ബിൽഡിംഗ്സ് ആൻഡ് ലോക്കൽ വർക്ക്സ്'' ന്റെ പക്കൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനവകുപ്പിന് ലഭിച്ചിട്ടില്ല. |

*ഉറവിടം: ധനവകുപ്പിൽ നിന്ന് ലഭിച്ച മറുപടിയിൽ നിന്ന് സമാഹരിച്ചത്*

സംസ്ഥാന നിയമസഭ അംഗീകരിച്ച ഗ്രാന്റിനെ അധികരിച്ച് ചെലവ് നേരിടുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 205 ന്റെ ലംഘനമാണ്.

### 3.5.6.2 മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവിന്റെ ക്രമപ്പെടുത്തൽ

**അധികച്ചെലവ് ദീർഘകാലത്തേക്ക് ക്രമപ്പെടുത്താതെ തുടരുന്നത് എക്സിക്യൂട്ടീവിന്റെ മേലുള്ള നിയമനിർമ്മാണ നിയന്ത്രണത്തെ ദുർബലപ്പെടുത്തുന്നു.**

2022 മാർച്ച് 31 ന് അവസാനിക്കുന്ന വർഷം വരെ ക്രമപ്പെടുത്താത്ത മുൻ വർഷങ്ങളുമായി ബന്ധപ്പെട്ട അധിക ചെലവ് **പട്ടിക 3.17** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.17: ക്രമപ്പെടുത്തലിന്റെ കുടിശ്ശികയുടെ സംഗ്രഹം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | ഗ്രാന്റുകളുടെ / ധനവിനിയോഗങ്ങളുടെ എണ്ണം | അധികച്ചെലവ് ക്രമപ്പെടുത്തേണ്ടത് |
|---|---|---|---|
| 1 | 2016-17 | 8 | 141.17 |
| 2 | 2017-18 | 9 | 3,545.44 |
| 3 | 2018-19 | 6 | 4,463.16 |
| 4 | 2019-20 | 3 | 665.37 |
| 5 | 2020-21 | 14 | 1,462.79 |
| 6 | 2021-22 | 9 | 268.47 |
| **ആകെ** | | **49** | **10,546.40** |

*ഉറവിടം: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി) വിഭാഗത്തിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങൾ*

**അനുബന്ധം 3.7** ൽ വിശദീകരിച്ചിരിക്കുന്നതുപോലെ 2016-17 മുതൽ 2021-22 വരെയുള്ള മുൻ സാമ്പത്തിക വർഷങ്ങളിലെ ₹ 10,546.40 കോടിയുടെ അധിക ചെലവ് ഇനിയും ക്രമപ്പെടുത്തിയിട്ടില്ല. ഇത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 205 ന്റെ ലംഘനമാണ്.

## 3.6 ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സുതാര്യതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

### 3.6.1 അസൽ ഗ്രാന്റിലെ അനാവശ്യ ടോക്കൺ വകയിരുത്തൽ

2018-19 മുതൽ 2022-23 വരെയുടെ കാലഘട്ടത്തിൽ, **പട്ടിക 3.18** ൽ കാണിച്ചിരിക്കുന്നതു പോലെ, വിവിധ ഗ്രാന്റുകൾക്ക് കീഴിൽ 140 സബ് ഹെഡുകളിൽ (പദ്ധതികൾ) പുനർ ധനവിനിയോഗം വഴിയോ സപ്ലിമെന്ററി ഗ്രാന്റുവഴിയോ ടോക്കൺ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്താതെ നിരന്തരമായി ടോക്കൺ വകയിരുത്തൽ നടത്തിയതായി നിരീക്ഷിച്ചു. 140 പദ്ധതികളുടെ പട്ടിക **അനുബന്ധം 3.8** ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 3.18: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ചെലവില്ലാതെ ടോക്കൺ വ്യവസ്ഥ ആവർത്തിച്ച് നൽകിയ പദ്ധതികളുടെ ഗ്രാന്റുകൾ**

| ക്രമ നമ്പർ | ഗ്രാന്റ് | സബ് ഹെഡ്ഡുകളുടെ എണ്ണം (പദ്ധതികൾ) |
|---|---|---|
| 1 | XVI- പെൻഷനും പലവകയും | 16 |
| 2 | XV- പൊതുമരാമത്ത് | 13 |
| 3 | XXV- പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 12 |
| 4 | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 12 |
| 5 | LX– കട ബാധ്യതകൾ | 10 |
| 6 | XVII- വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 8 |
| 7 | XII- പോലീസ് | 8 |
| 8 | VI- ഭൂനികുതി | 7 |
| 9 | XXVIII- പലവക സാമ്പത്തിക സർവ്വീസുകൾ | 6 |
| 10 | XXIV- തൊഴിലും തൊഴിലാളി ക്ഷേമവും, പ്രവാസി ക്ഷേമവും | 6 |
| 11 | XXIX- കൃഷി | 5 |
| 12 | XI- ജില്ലാ ഭരണവും പലവകയും | 5 |
| 13 | II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 4 |
| 14 | XXXVII - വ്യവസായങ്ങൾ | 3 |
| 15 | XXXV- പഞ്ചായത്ത് | 3 |
| 16 | XLI- ഗതാഗതം | 3 |
| 17 | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 3 |
| 18 | XXXVIII- ജലസേചനം | 2 |
| 19 | XXXIV- വനം | 2 |
| 20 | XLVI- സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2 |
| 21 | XLV- പലവക വായ്പകളും മുൻകൂറുകളും | 2 |
| 22 | XXI- ഭവനനിർമ്മാണം | 1 |
| 23 | VIII- എക്സൈസ് | 1 |
| 24 | XXX- ഭക്ഷ്യം | 1 |
| 25 | XIX- കുടുംബക്ഷേമം | 1 |
| 26 | IX- വാഹന നികുതികൾ | 1 |
| 27 | XXXIX- വൈദ്യുത പദ്ധതികൾ | 1 |
| 28 | XLII- വിനോദസഞ്ചാരം | 1 |
| 29 | VII- മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 1 |
| | **ആകെ** | **140** |

*ഉറവിടം: വിഎൽസി ഡേറ്റയിൽ നിന്നുള്ള സമാഹാരം*

ബഡ്ജറ്റ് പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്താതെയും ചെലവുകൾ നേരിടാതെയും കഴിഞ്ഞ അഞ്ച് വർഷമായി പദ്ധതികൾ സജീവമായി നിലനിർത്തി. സാമ്പത്തിക പദ്ധതി തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും വകുപ്പിന് ശരിയായ എസ്റ്റിമേഷൻ ഇല്ലെന്ന് ഇത് സൂചിപ്പിക്കുന്നു. കൂടാതെ, മറ്റ് ശീർഷകങ്ങളിലുള്ള മിച്ചം പ്രതീക്ഷിച്ച് ചെലവുകൾ നേരിടുന്ന രീതി മോശപ്പെട്ട ബഡ്ജറ്റ് പ്രക്രിയയെ സൂചിപ്പിക്കുന്നു.

വർഷങ്ങളായി ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ആവർത്തിച്ചുള്ള ടോക്കൺ വ്യവസ്ഥകൾ ഏർപ്പെടുത്തുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്യണം.

## 3.7 ബഡ്ജറ്റ് അക്കൗണ്ടിംഗ് പ്രക്രിയയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

### *3.7.1 ബഡ്ജറ്റ് പ്രൊജക്ഷനും പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവും*

നികുതി പിരിവ്/ മറ്റ് വരവുകൾ, പൊതു ചെലവുകൾ എന്നിവയുടെ കാര്യക്ഷമമായ നിർവ്വഹണം വിവിധ സാമ്പത്തിക സൂചകങ്ങളുടെ ലക്ഷ്യപ്രാപ്തിയിൽ സമതുലിതാവസ്ഥ നിലനിർത്തുന്നു. യാഥാർത്ഥ്യത്തിനു നിരക്കാത്ത പ്രൊപ്പോസലുകൾ അടിസ്ഥാനമാക്കിയുള്ള ബഡ്ജറ്റ് വകയിരുത്തലുകൾ, മോശപ്പെട്ട ചെലവ് നിരീക്ഷണ സംവിധാനം, ദുർബലമായ പദ്ധതി നിർവഹണ ശേഷി/ ദുർബലമായ ആന്തരിക നിയന്ത്രണങ്ങൾ എന്നിവ വിവിധ വികസനപരമായ ആവശ്യങ്ങൾക്കുള്ള മികച്ച രീതിയിലല്ലാത്ത വകയിരുത്തലിന് ഇടവരുത്തുന്നു. ചില വകുപ്പുകളിലെ അമിതമായ മിച്ചങ്ങൾ മറ്റു വകുപ്പുകളിൽ വിനിയോഗ സാധ്യമായ ഫണ്ട് നിഷേധിക്കപ്പെടുന്നതിനിടയാക്കും.

2022-23 ലെ ചെലവിനുള്ള മൊത്തം വകയിരുത്തൽ ₹ 2,47,628.77 കോടിയാണ്. തന്നാണ്ടിലെ യഥാർത്ഥ മൊത്തം ചെലവ് ₹ 2,02,871.93 കോടിയാണ്. ഇതിന്റെ ഫലമായി 2022-23 ൽ ₹ 44,756.84 കോടിയുടെ മിച്ചമുണ്ടായി. അതിൽ ₹ 43,663.09 കോടി (97.56 ശതമാനം) 2023 മാർച്ച് 31 നും ₹ 3.09 കോടി (0.01 ശതമാനം) സാമ്പത്തിക വർഷാവസാനത്തിന് മുമ്പും സറണ്ടർ ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ്(അസൽ/സപ്ലിമെന്ററി) വകയിരുത്തലുമായി താരതമ്യപ്പെടുത്തുമ്പോൾ യഥാർത്ഥ ചെലവിന്റെ സംഗ്രഹം **പട്ടിക 3.19** ൽ ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 3.19: യഥാർത്ഥ ചെലവിന്റെയും ബഡ്ജറ്റിന്റെയും സംഗ്രഹം**

*(₹ കോടിയിൽ)*

| ചെലവിന്റെ സ്വഭാവം | | അസൽ ഗ്രാന്റ് / ധനവിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ് / ധനവിനിയോഗം | ആകെ | യഥാർത്ഥ ചെലവ് | മിച്ചം | 2022–23 ലെ സറണ്ടർ | വകയിരുത്തലുമായി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| വോട്ട് ചെയ്തത് | I. റവന്യൂ | 1,32,051.77 | 11,193.19 | 1,43,244.96 | 1,24,106.77 | (-)19,138.19 | 17,931.15 | 86.64 |
| | II. വായ്പകളും മുൻകൂറുകളും | 1,630.86 | 1,346.23 | 2,977.09 | 2,790.76 | (-)186.33 | 351.67 | 93.74 |
| | III. മൂലധനം വോട്ട് ചെയ്തത് | 14,878.05 | 4,368.96 | 19,247.01 | 14,044.69 | (-)5,202.32 | 5,226.59 | 72.97 |
| **ആകെ** | | **1,48,560.68** | **16,908.38** | **1,65,469.06** | **1,40,942.22** | **(-) 24,526.84** | **23,509.41** | **85.18** |
| ചാർജ്ജ് ചെയ്തത് | റവന്യൂ | 26,489.67 | 262.75 | 26,752.42 | 25,795.97 | (-) 956.45 | 883.17 | 96.42 |
| | പൊതു കടം | 55,197.75 | 0 | 55,197.74 | 35,980.76 | (-) 19,216.99 | 19,216.99 | 65.19 |
| | വായ്പകളും മുൻകൂറുകളും | 0 | 0.31 | 0.31 | 0.17 | (-) 0.14 | 0.14 | 54.84 |
| | മൂലധനം | 30.60 | 178.63 | 209.24 | 152.81 | (-) 56.42 | 56.47 | 73.03 |

| ചെലവിന്റെ സ്വഭാവം | അസൽ ഗ്രാന്റ് / ധനവിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ് / ധനവിനിയോഗം | ആകെ | യഥാർത്ഥ ചെലവ് | മിച്ചം | 2022–23 ലെ സറണ്ടർ | വകയിരുത്തലുമായി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| ആകെ | 81,718.02 | 441.69 | 82,159.71 | 61,929.71 | (-) 20,230.00 | 20,156.77 | 75.38 |
| ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം (എന്തെങ്കിലും ഉണ്ടെങ്കിൽ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ആകെ** | **2,30,278.70** | **17,350.07** | **2,47,628.77** | **2,02,871.93** | **(-) 44,756.84** | **43,666.18** | **81.93** |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

**ചാർട്ട് 3.4 ൽ** 2018–19 മുതൽ 2022–2023 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വിനിയോഗം, ബഡ്ജറ്റ് വകയിരുത്തലുമായി ബന്ധപ്പെട്ട വിനിയോഗ ശതമാനം, മിച്ചത്തിന്റെ ശതമാനം എന്നിവ പ്രദർശിപ്പിച്ചിരിക്കുന്നു.

**ചാർട്ട് 3.4: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വിനിയോഗം**




*ഉറവിടം : വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

മുകളിലുള്ള **ചാർട്ട് 3.4** ൽ നിന്ന്, ബഡ്ജറ്റ് വകയിരുത്തലിന്റെ വിനിയോഗം അഞ്ച് വർഷ കാലയളവിൽ 81.93 ശതമാനത്തിനും 89.62 ശതമാനത്തിനും ഇടയിലാണ് എന്ന് കാണാവുന്നതാണ്. ബഡ്ജറ്റ് വകയിരുത്തലിന്റെ 18.07 ശതമാനം മിച്ചം ഉണ്ടായ 2022-23 ലെ വിനിയോഗ ശതമാനം ഏറ്റവും താഴ്ന്ന നിലയിലാണ്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ അസൽ ബഡ്ജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ് എന്നിവയിലെ പ്രവണതകൾ **പട്ടിക 3.20** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.20: മൊത്തം വകയിരുത്തലിനെതിരെ മൊത്തം മിച്ചത്തിന്റെ പ്രവണതകൾ**

*(₹ കോടിയിൽ)*

| | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 |
|---|---|---|---|---|---|
| അസൽ ബഡ്ജറ്റ് | 1,42,809.88 | 1,60,613.01 | 1,70,431.18 | 2,15,813.79 | 2,30,278.70 |
| സപ്ലിമെന്ററി ബഡ്ജറ്റ് | 17,565.02 | 33,849.60 | 38,515.61 | 21,202.33 | 17,350.07 |
| മൊത്തം ബഡ്ജറ്റ് (റ്റിബി) | 1,60,374.90 | 1,94,462.61 | 2,08,946.79 | 2,37,016.12 | 2,47,628.77 |
| പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) | 1,46,750.35 | 1,71,536.69 | 1,64,292.70 | 2,08,086.26 | 2,03,612.36 |
| യഥാർത്ഥ ചെലവ് (എഇ) | 1,43,721.59 | 1,63,815.80 | 1,84,877.38 | 2,05,451.40 | 2,02,871.93 |
| മിച്ചം | 16,653.31 | 30,646.81 | 24,069.41 | 31,564.72 | 44,756.84 |
| അസൽ വകയിരുത്തലുമായി സപ്ലിമെന്ററി വകയിരുത്തലിന്റെ ശതമാനം | 12.30 | 21.08 | 22.60 | 9.82 | 7.53 |
| മൊത്തം വകയിരുത്തലുമായി മൊത്തം മിച്ചം / അധിക ചെലവിന്റെ ശതമാനം | 10.38 | 15.76 | 11.52 | 13.32 | 18.07 |
| റ്റിബി – ആർഇ | 13,624.55 | 22,925.92 | 44,654.09 | 28,929.86 | 44,016.41 |
| ആർഇ– എഇ | 3,028.76 | 7,720.89 | (-)20,584.68 | 2,634.86 | 740.43 |
| റ്റിബി യുടെ ശതമാനമായി (റ്റിബി–ആർഇ) | 8.50 | 11.79 | 21.37 | 12.21 | 17.78 |
| റ്റിബി യുടെ ശതമാനമായി (ആർഇ – എഇ) | 1.89 | 3.97 | (-)9.85 | 1.11 | 0.30 |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ, വിഎൽസി ഡേറ്റ, ധനാഭ്യർത്ഥനകൾ*

മുൻ വർഷത്തെ (2021-22) ഒൻപത് ശതമാനവുമായി തുലനം ചെയ്യുമ്പോൾ 2022-23 ലെ ₹ 17,350.07 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ അസൽ വകയിരുത്തലിന്റെ ഏഴ് ശതമാനം മാത്രമായിരുന്നു. എന്നിരുന്നാലും, മൊത്തം വകയിരുത്തലിനെതിരെയുള്ള മൊത്തം മിച്ചം 2021-22 ലെ 13.32 ശതമാന ത്തിൽ നിന്നും 2022-23 ൽ 18.07 ശതമാനമായി ഗണ്യമായി വർദ്ധിച്ചു.

മൊത്തം ബഡ്ജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ് എന്നിവയുടെ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ പ്രവണതകൾ **ചാർട്ട് 3.5ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 3.5: 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിലെ മൊത്തം ബഡ്ജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ് എന്നിവയുടെ പ്രവണതകൾ**




*ഉറവിടം: ധനവിനിയോഗ കണക്കുകൾ, വിഎൽസി ഡേറ്റ, ധനാഭ്യർത്ഥനകൾ*

മേൽപ്പറഞ്ഞ **ചാർട്ട് 3.5** ൽ നിന്ന്, 2018-19 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ, പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) എല്ലായ്പ്പോഴും സംസ്ഥാനത്തിന്റെ മൊത്തം ബഡ്ജറ്റിനേക്കാൾ (റ്റിബി) കുറവാണെന്ന് കാണാൻ കഴിയും. ആർഇയും റ്റിബിയും തമ്മിലുള്ള അന്തരം കയറി ഇറങ്ങുന്ന പ്രവണത കാണിക്കുന്നു, ആദ്യ മൂന്ന് വർഷങ്ങളിൽ വിടവ് 10 ശതമാനത്തിൽ നിന്ന് 21 ശതമാനമായി കുത്തനെ ഉയർന്നു, പിന്നീട് 2021-22 ൽ ഇത് 12 ശതമാനമായി കുത്തനെ കുറഞ്ഞു. എന്നിരുന്നാലും, 2022-23 ൽ ഈ വിടവ് വീണ്ടും 18 ശതമാനമായി ഉയർന്നു. ഇത് തന്നാണ്ടിൽ വലിയ രീതിയിൽ എസ്റ്റിമേഷനിലുണ്ടായ പിശകിനെ കാണിക്കുന്നു.

### 3.7.2 ബഡ്ജറ്റിൽ നിന്നുള്ള വ്യതിയാനത്തിന് ലഭ്യമല്ലാത്ത/ അപൂർണ്ണമായ വിശദീകരണം

അംഗീകൃത ബഡ്ജറ്റിനെതിരായ ചെലവ് കാണിക്കുന്നതിനുപുറമെ, സപ്ലിമെന്ററി വകയിരുത്തലുകൾ ഉൾപ്പെട്ട ബഡ്ജറ്റ് വകയിരുത്തലുമായി സാരമായ വ്യതിയാനം ഉള്ള ചെലവിന്റെ വിശദീകരണവും ധനവിനിയോഗ കണക്കുകൾ നൽകുന്നു.

ധനവിനിയോഗ കണക്കുകളിൽ വിശദമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ത്രെഷോൾഡ് ലെവൽ പിഎസി അംഗീകരിച്ച പരിധികൾക്കനുസൃതമാണ്. വിശദമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുവാൻ സബ്ഹെഡ്ഡുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകളുടെ ആമുഖത്തിൽ നൽകിയിരിക്കുന്നു.

2022-23 ലെ ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റിൽ, 70.64 ശതമാനം കേസുകളിലും, ബഡ്ജറ്റ് വകയിരുത്തലുമായി വിലയിരുത്തുമ്പോൾ ചെലവിലെ

വ്യതിയാനങ്ങൾക്കുള്ള വിശദീകരണം നിയന്ത്രണ അധികാരികൾ നൽകിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

ആകെയുള്ള 3693 സബ് ഹെഡുകളിൽ, 1945 സബ് ഹെഡുകളിൽ വ്യതിയാനത്തിനുള്ള വിശദീകരണം ആവശ്യമാണ്. എന്നിരുന്നാലും, 1374 സബ് ഹെഡുകളിലെ വ്യതിയാനങ്ങളുടെ ഉചിതമായ കാരണങ്ങൾ സർക്കാർ വകുപ്പുകളുടെ നിയന്ത്രണ അധികാരികൾ ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിലുള്ള സബ് ഹെഡുകളുടെ ആകെ എണ്ണം, വിശദീകരണം ലഭിക്കാനുള്ളതിന്റെ എണ്ണം, വകയിരുത്തലിൽ നിന്നുള്ള വ്യതിയാനത്തിന്റെ വിശദീകരണം ലഭിച്ച സബ് ഹെഡുകളുടെ എണ്ണം എന്നിവ **ചാർട്ട് 3.6** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 3.6: ധനവിനിയോഗ കണക്കുകളിലെ വ്യതിയാനത്തിനുള്ള വിശദീകരണത്തിന്റെ സംഗ്രഹം**




*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

ബഡ്ജറ്റ് വകയിരുത്തലും വിനിയോഗവും തമ്മിലുള്ള വ്യതിയാനത്തിനുള്ള വിശദീകരണത്തിന്റെ അഭാവം, സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗമായി ബഡ്ജറ്റിന്മേലുള്ള നിയമനിർമ്മാണ നിയന്ത്രണം പരിമിതപ്പെടുത്തുന്നു.

### 3.7.3 ബജറ്റിലെ പ്രധാന നയ പ്രഖ്യാപനങ്ങളും അവ നടപ്പാക്കുന്നതിനു വേണ്ടിയുള്ള യഥാർത്ഥ ഫണ്ടിംഗും

എല്ലാ വർഷവും കേരള നിയമസഭയുടെ മുമ്പാകെ ബഡ്ജറ്റ് സമർപ്പിക്കുന്നു. സംസ്ഥാന ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിലെ ചെലവിനുള്ള വിശാലമായ ചട്ടക്കൂട് നൽകുന്നതിന് പുറമേ സംസ്ഥാനത്തെ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും സർക്കാരിന്റെ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യുന്നു.

ധനവകുപ്പ് (ഒക്ടോബർ 2023) നൽകിയ വിവരമനുസരിച്ച്, 2022-23 കാലയളവിൽ സംസ്ഥാന സർക്കാർ 27 പുതിയ പദ്ധതികൾ ആരംഭിച്ചു, അതിൽ 14 പദ്ധതികൾ നടപ്പാക്കുകയോ നടപ്പാക്കലിന്റെ അവസാന ഘട്ടത്തിലോ ആണ്. 13 പദ്ധതികൾ നടപ്പാക്കിയില്ല. ഈ 13 പദ്ധതികൾക്ക് ബഡ്ജറ്റ് വകയിരുത്തൽ ഒന്നും തന്നെ നൽകിയിരുന്നില്ല. അതിൽ എട്ട് പദ്ധതികൾക്ക് ഭരണവകുപ്പ് പദ്ധതിനിർദ്ദേശങ്ങൾപോലുംസമർപ്പിച്ചിട്ടില്ല.പുതിയപദ്ധതികളുടെസംഗ്രഹിച്ച വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 3.21** ൽ നൽകിയിരിക്കുന്നു. പദ്ധതികളുടെ വിശദമായ പട്ടിക **അനുബന്ധം 3.9** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.21: 2022–23 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ സംഗ്രഹം**

| ക്രമ നമ്പർ | വിഭാഗം | എണ്ണം | അഭിപ്രായങ്ങൾ |
|---|---|---|---|
| 1 | പദ്ധതികൾ ആരംഭിച്ചു / നടപ്പാക്കി | 14 | പദ്ധതികൾ ഒന്നുകിൽ ആരംഭിച്ചു അല്ലെങ്കിൽ നടപ്പാക്കലിന്റെ അവസാന ഘട്ടത്തിലാണ്. |
| 2 | നടപ്പാക്കാത്ത പദ്ധതികൾ | 13 | ➢ 13 പദ്ധതികളിലും യഥാർത്ഥ ബഡ്ജറ്റ് വകയിരുത്തൽ നടത്തിയിട്ടില്ല.<br>➢ എട്ട് പദ്ധതികളിൽ ഭരണ വകുപ്പുകൾ നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല |
| | **മൊത്തം പദ്ധതികൾ** | **27** | |

മതിയായ ഫണ്ട് നൽകിയും പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതിയുടെ പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിച്ചും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികളെ പിന്തുണയ്ക്കേണ്ടതാണ്. വകയിരുത്തലുകൾ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ശക്തമായ നിരീക്ഷണ സംവിധാനം നടപ്പിലാക്കുകയും വേണം.

### 3.7.4 ചെലവിന്റെ തിടുക്കം

സർക്കാർ ഫണ്ട് വർഷം മുഴുവനും സമാനമായി ചെലവഴിക്കേണ്ടതാണ്. ചെലവിന്റെ സ്ഥിരമായ വേഗത നിലനിർത്തുന്നത് മികച്ച പൊതു ധനകാര്യ മാനേജ്മെന്റിന്റെ ഒരു നിർണായക ഘടകമാണ്. ഇത് അപ്രതീക്ഷിതമായ കനത്ത ചെലവിൽ നിന്ന് ഉണ്ടാകുന്ന സാമ്പത്തിക അസന്തുലിതാവസ്ഥയും താൽക്കാലിക പണ പ്രതിസന്ധികളും ഒഴിവാക്കുന്നു.

ചെലവിന്റെ തിടുക്കം വരാതെ, പ്രത്യേകിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ, ചെലവിന്റെ ഒഴുക്കുകൾ വർഷം മുഴുവനും നിയന്ത്രിക്കണമെന്ന് കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 91 (2) പ്രതിപാദിക്കുന്നു.

**ചാർട്ട് 3.7: സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പ്രതിമാസ വരവും ചെലവും**

*(₹ കോടിയിൽ)*




*ഉറവിടം: പ്രതിമാസ സിവിൽ കണക്കുകൾ 2022-23*

2022-23 ൽ സംസ്ഥാനത്തിന്റെ പ്രതിമാസ വരവും ചെലവും എല്ലാ മാസങ്ങളിലും സമാനമായിരുന്നില്ല എന്ന് **ചാർട്ട് 3.7** കാണിക്കുന്നു.

ഒൻപത് ഗ്രാന്റുകളിൽ**,** മൊത്തം ചെലവിന്റെ 20 ശതമാനത്തിലധികവും മാർച്ച് മാസത്തിൽ മാത്രം നേരിട്ടതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. മേൽപ്പറഞ്ഞ ഗ്രാന്റുകളിൽ വർഷത്തിന്റെ നാലാം പാദത്തിൽ നേരിട്ട ചെലവ് 25 ശതമാനത്തിനും 61 ശതമാനത്തിനും ഇടയിലായിരുന്നു. മാർച്ചിലെ ചെലവിന്റെ വിശദാംശങ്ങളും (കുറയുന്ന ശതമാനത്തിന്റെ ക്രമത്തിൽ) ത്രൈമാസ അടിസ്ഥാനത്തിലുള്ള ചെലവും **പട്ടിക 3.22** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.22: മാർച്ചിൽ മാത്രം 20 ശതമാനത്തിൽ കൂടുതൽ ചെലവുവന്ന ഗ്രാന്റുകൾ (ശതമാനത്തിന്റെ കുറയുന്ന ക്രമം)**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് | 2022-23ലെ വകയിരുത്തൽ | ഒന്നാം പാദം | രണ്ടാം പാദം | മൂന്നാം പാദം | നാലാം പാദം | മാർച്ചിലെ ചെലവ് | 2022-23 ലെ മൊത്തം ചെലവ് | മൊത്തം ചെലവിന്റെ ശതമാനമായി നാലാം പാദത്തിലെ ചെലവ് | മൊത്തം ചെലവിന്റെ ശതമാനമായി 2023 മാർച്ചിലെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|
| 1 | XXXIX- വൈദ്യുത പദ്ധതികൾ | 472.30 | 6.01 | 124.42 | 87.76 | 209.94 | 190.21 | 428.14 | 49.04 | 44.43 |
| 2 | XX- ശുദ്ധജലവിതരണവും ശുചീകരണവും | 4,201.21 | 25.06 | 670.20 | 86.92 | 1,214.35 | 572.64 | 1,996.53 | 60.82 | 28.68 |

| ക്രമ നമ്പർ | ഗ്രാന്റ് | 2022-23ലെ വകയിരുത്തൽ | ഒന്നാം പാദം | രണ്ടാം പാദം | മൂന്നാം പാദം | നാലാം പാദം | മാർച്ചിലെ ചെലവ് | 2022-23 ലെ മൊത്തം ചെലവ് | മൊത്തം ചെലവിന്റെ ശതമാനമായി നാലാം പാദത്തിലെ ചെലവ് | മൊത്തം ചെലവിന്റെ ശതമാനമായി 2023 മാർച്ചിലെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|
| 3 | XV- പൊതുമരാമത്ത് | 7,371.58 | 1,241.83 | 895.68 | 1,056.36 | 2,037.80 | 1,355.43 | 5,231.67 | 38.95 | 25.91 |
| 4 | XLIII- നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 11,053.66 | 1,249.07 | 1,538.51 | 2,547.41 | 4,227.53 | 2,394.77 | 9,562.52 | 44.21 | 25.04 |
| 5 | XLV- പലവക വായ്പകളും മുൻകൂറുകളും | 660.43 | 152.19 | 165.48 | 172.88 | 162.65 | 161.31 | 653.20 | 24.90 | 24.69 |
| 6 | XLI- ഗതാഗതം | 3,065.73 | 558.05 | 504.00 | 613.69 | 937.33 | 640.84 | 2,613.07 | 35.87 | 24.52 |
| 7 | XXXVI- ഗ്രാമവികസനം | 5,768.41 | 455.22 | 1,265.12 | 623.08 | 1,060.52 | 766.13 | 3,403.94 | 31.16 | 22.51 |
| 8 | XXXVII-വ്യവസായങ്ങൾ | 1,926.71 | 232.06 | 286.60 | 290.63 | 548.67 | 292.45 | 1,357.96 | 40.40 | 21.54 |
| 9 | XXII- നഗരവികസനം | 1,931.72 | 537.48 | 232.12 | 372.60 | 421.16 | 322.68 | 1,563.36 | 26.94 | 20.64 |

*ഉറവിടം: പ്രതിമാസ ധനവിനിയോഗ കണക്കുകൾ*

സാമ്പത്തിക വർഷാവസാനത്തിലെ ചെലവുകളുടെ തിട്ടക്കം സാമ്പത്തിക ഔചിത്യത്തിന്റെ ലംഘനമായി കണക്കാക്കപ്പെടുന്നു.

മാർച്ചിൽ കൂടിയ ശതമാനം ചെലവു വന്ന ഗ്രാന്റ് XXXIX-വൈദ്യുത പദ്ധതികൾക്ക് കീഴിലെ മാസാടിസ്ഥാനത്തിലുള്ള ചെലവ് **ചാർട്ട് 3.8** ൽ കാണിച്ചിരിക്കുന്നു:

**ചാർട്ട് 3.8: മാർച്ചിൽ കൂടിയ ചെലവു വന്ന ഗ്രാന്റ് XXXIX-വൈദ്യുത പദ്ധതികളുടെ മാസം തിരിച്ചുള്ള ചെലവ്**

*(₹ കോടിയിൽ)*




*ഉറവിടം : വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

കൂടാതെ, **അനുബന്ധം 3.10** ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ഒരു കോടി രൂപയോ അതിൽ കൂടുതലോ ചെലവ് വന്ന പദ്ധതി തിരിച്ചുള്ള വിശകലനത്തിൽ, 2022-23 വർഷത്തിൽ, 47 പദ്ധതികളിൽ മുഴുവൻ ചെലവും മാർച്ച് മാസത്തിലാണ് നടന്നത് എന്ന് കാണാം. മൂന്ന് പദ്ധതികളിൽ, അതായത് ഗ്രാന്റ് നമ്പർ XXVIII– പലവക സാമ്പത്തിക സേവനങ്ങളിലുള്ള ഒരു പദ്ധതിയിലും (₹ 200.00 കോടി), ഗ്രാന്റ് നമ്പർ XLI– ഗതാഗതത്തിൽ ഉൾപ്പെട്ട രണ്ട് പദ്ധതികളിലും (₹ 397.35 കോടി) മാർച്ച് മാസത്തിൽ നേരിട്ട ചെലവ് വളരെ കൂടുതലായിരുന്നു എന്നും കാണാം.

## 3.8 തിരഞ്ഞെടുത്ത ഗ്രാന്റിന്റെ അവലോകനം – ബഡ്ജറ്റ് പ്രക്രിയയും ധനവിനിയോഗ നിയന്ത്രണവും സംബന്ധിച്ച അവലോകനം

**ആമുഖം**

തിരഞ്ഞെടുത്ത മൂന്ന് ഗ്രാന്റുകളിൽ 2020-21 മുതൽ 2022-23 വരെയുള്ള മൂന്ന് വർഷത്തെ കാലയളവിൽ കൈക്കൊണ്ട ബഡ്ജറ്റ്പരമായ നടപടികളെയും ചെലവ് നിയന്ത്രിക്കുന്നതിന് ഉപയോഗിച്ച രീതിയെയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അവലോകനം ചെയ്യുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട ഗ്രാന്റുകൾ ഇവയാണ്.

1. ഗ്രാന്റ് നമ്പർ. XXIV– തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും
2. ഗ്രാന്റ് നമ്പർ XLII – വിനോദ സഞ്ചാരം
3. ഗ്രാന്റ് നമ്പർ XL– തുറമുഖങ്ങൾ

### 3.8.1 ഗ്രാന്റ് നമ്പർ XXIV– തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും– അവലോകനം

#### *3.8.1.1 ആമുഖം*

തൊഴിൽ മേഖലയിൽ മൊത്തത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക, മാന്യമായ തൊഴിൽ സാഹചര്യങ്ങളും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുക, തൊഴിലുടമകളും ജോലി ചെയ്യുന്നവരും തമ്മിൽ സഹകരണവും ആരോഗ്യകരമായ ബന്ധവും ഉറപ്പാക്കുക, സംസ്ഥാനത്തുടനീളം വിവിധ തൊഴിൽ നിയമങ്ങൾ വ്യവസ്ഥാപിതമായി നടപ്പാക്കുക, മെച്ചപ്പെട്ട നയങ്ങളിലൂടെയും പരിപാടികളിലൂടെയും തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പരിരക്ഷ വർദ്ധിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ വിശാലമായ ലക്ഷ്യങ്ങൾ. രണ്ട് [27] അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകളിലെ ഏഴ് [28] നിയന്ത്രണ അധികാരികളും (സിഒമാർ), 11 വിവിധ ട്രൈബ്യൂണലുകളും വകുപ്പിന്റെ നയങ്ങളും പരിപാടികളും പദ്ധതികളും നടപ്പാക്കുന്നു.

2022-23 ൽ ഗ്രാന്റ് നമ്പർ XXIV ൽ ഇനിപ്പറയുന്ന പ്രവർത്തന മേജർ ഹെഡുകൾക്ക് കീഴിൽ ₹ 1,421.85 കോടിയുടെ വകയിരുത്തലുണ്ടായിരുന്നു.

[27] പ്രവാസി ക്ഷേമ വകുപ്പ്, തൊഴിൽ നൈപുണ്യവികസന വകുപ്പ്

[28] ലേബർ കമ്മീഷണർ, എംപ്ലോയ്മെന്റ് ഡയറക്ടർ, ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ (കശുവണ്ടി), നോർക്കാ വകുപ്പ് സെക്രട്ടറി, കേരളാ ഹൗസ് റസിഡന്റ് കമ്മീഷണർ

1. 2230 – തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യ വികസനവും : ₹ 1,233.85 കോടി
2. 4250– മറ്റ് സാമൂഹിക സേവനങ്ങൾക്കുള്ള മൂലധന ചെലവ് : ₹ 173.20 കോടി
3. 6250– മറ്റ് സാമൂഹിക സേവനങ്ങൾ സംബന്ധിച്ച വായ്പകൾ: ₹ 14.80 കോടി

ലേബർ കമ്മീഷണർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിലെ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, പ്രവാസി ക്ഷേമ വകുപ്പിലെ (നോർക്ക) സർക്കാർ സെക്രട്ടറി എന്നീ മൂന്ന് നിയന്ത്രണ അധികാരികൾ നടപ്പിലാക്കുന്ന പദ്ധതികളിൽ നേരിട്ട ചെലവിന്റെ അളവിന്റെ അടിസ്ഥാനത്തിൽ അവലോകനം നടത്തുകയുണ്ടായി.

ഗ്രാന്റിന്റെ ധനവിനിയോഗത്തിന്റെ ഓരോ യൂണിറ്റിലും ധനവിനിയോഗ നിയന്ത്രണം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം നിയന്ത്രണ അധികാരികൾക്കാണ്. മൂന്ന് നിയന്ത്രണ അധികാരികൾ നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി നീക്കിവച്ച ഫണ്ടുകളുടെ ബഡ്ജറ്റ് പ്രക്രിയയും വിനിയോഗവും തിട്ടപ്പെടുത്തുന്നതിനാണ് അവലോകനം നടത്തിയത്.

### *3.8.1.2 ബഡ്ജറ്റ് വകയിരുത്തൽ, ചെലവ്, മിച്ചം*

ഗ്രാന്റ് XXIV–ന്റെ കീഴിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റവന്യൂ, മൂലധന വിഭാഗങ്ങൾക്ക് കീഴിലുള്ള ബഡ്ജറ്റ് വകയിരുത്തലും ചെലവും **പട്ടിക 3.23** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.23: കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് വകയിരുത്തലും ചെലവും മിച്ചവും**

*(₹ കോടിയിൽ)*

| വർഷം | വിഭാഗം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം | മിച്ചത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2020-21 | റവന്യൂ | 1,151.02 | 849.24 | 301.78 | 26.22 |
| | മൂലധനം | 158.88 | 149.23 | 9.65 | 6.07 |
| 2021-22 | റവന്യൂ | 1,226.19 | 975.62 | 250.57 | 20.43 |
| | മൂലധനം | 184.31 | 153.28 | 31.03 | 16.84 |
| 2022-23 | റവന്യൂ | 1,233.85 | 637.62 | 596.23 | 48.32 |
| | മൂലധനം | 188.00 | 125.61 | 62.39 | 33.19 |

*ഉറവിടം: കേരള സർക്കാരിന്റെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ധനവിനിയോഗ കണക്കുകൾ*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ റവന്യൂവിഭാഗത്തിൽ ചെലവാക്കപ്പെടാത്ത വകയിരുത്തൽ മൊത്തം വകയിരുത്തലിന്റെ 20.43 ശതമാനം മുതൽ 48.32 ശതമാനം വരെയും മൂലധന വിഭാഗത്തിൽ ചെലവാക്കപ്പെടാത്ത വകയിരുത്തൽ 6.07 ശതമാനം മുതൽ 33.19 ശതമാനം വരെയും ആയിരുന്നുവെന്ന് **പട്ടിക 3.23** വ്യക്തമാക്കുന്നു.

### 3.8.1.3 നിരന്തരമായ മിച്ചം

2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ ധനവിനിയോഗകണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ, മേൽപ്പറഞ്ഞ കാലയളവിൽ പതിനാല് അക്കൗണ്ട് ശീർഷകങ്ങൾക്ക് കീഴിൽ തുടർച്ചയായ മിച്ചമുണ്ടായിരുന്നുവെന്ന് കണ്ടെത്തി. വിശദാംശങ്ങൾ **പട്ടിക 3.24** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.24: ഗ്രാന്റ് നമ്പർ XXIV ന് കീഴിലുള്ള തുടർച്ചയായ മിച്ചം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | മിച്ചം | | |
|---|---|---|---|---|
| | | 2020-21 | 2021-22 | 2022-23 |
| **ലേബർ കമ്മീഷണർ** | | | | |
| 1 | 2230–01–103–33–പി<br>പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം | 5.31<br>(7.07) | 19.46<br>(24.95) | 40.51<br>(47.11) |
| 2 | 2230–01–103–35– എൻപി<br>കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി | 2.65<br>(72.64) | 2.74<br>(75.05) | 3.65<br>(100) |
| 3 | 2230–01–103–51– എൻപി<br>സാമൂഹിക സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി | 13.86<br>(100) | 13.86<br>(100) | 13.86<br>(100) |
| 4 | 2230–01–103–52– പി<br>ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) | 1.33<br>(66.30) | 1.45<br>(72.28) | 1.04<br>(69.43) |
| 5 | 2230–01–103–72– എൻപി<br>കേരള കർഷകത്തൊഴിലാളി ക്ഷേമ ബോർഡ് – അംശദാനം | 103.7<br>(65.22) | 24.24<br>(24.24) | 80.00<br>(80) |
| 6 | 2230–01–103–73– എൻപി<br>കേരള ബീഡി– സിഗാർ തൊഴിലാളി ക്ഷേമനിധി – അംശദാനം | 22.16<br>(100) | 21.43<br>(97.14) | 22.06<br>(100) |
| 7 | 2230–01–103–87–എൻപി<br>പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം | 5.33<br>(53.11) | 5.60<br>(55.81) | 5.62<br>(56.02) |
| 8 | 2230–01–103–92– എൻപി<br>കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പദ്ധതി | 5.08<br>(62.88) | 7.27<br>(89.91) | 8.08<br>(100) |
| 9 | 2230–01–103–96– എൻപി കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി – അംശദാനം | 60.37<br>(86.36) | 62.17<br>(88.94) | 68.7<br>(98.28) |
| 10 | 4250–00–201–91– പി<br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് | 1.80<br>(100) | 1.89<br>(99.32) | 2.00<br>(100) |
| **ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്** | | | | |
| 11 | 2230–03–001–96–പി<br>വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി | 15.62<br>(45.46) | 9.56<br>(47.78) | 8.02<br>(47.15) |
| 12 | 2230–03–101–87–പി<br>ഐടിഐകളുടെ നവീകരണം | 5.66<br>(37.74) | 7.90<br>(49.39) | 5.06<br>(28.10) |

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | മിച്ചം | | |
|---|---|---|---|---|
| | | 2020-21 | 2021-22 | 2022-23 |
| **പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്** | | | | |
| 13 | 2230–01–103–11–പി<br>മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസം | 1.71<br>(9.5) | 5.40<br>(22.13) | 8.71<br>(34.86) |
| 14 | 2230–01–103–82–പി<br>മാർക്കറ്റ് റിസർച്ചിനും സ്കില്ലിംഗിനും പ്രീ-റിക്രൂട്ട്മെന്റ്, പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കായുള്ള പുതിയ സംരംഭം | 1.21<br>(48.5) | 1.70<br>(85.13) | 1.04<br>(52.24) |

*ഉറവിടം : ധനവിനിയോഗ കണക്കുകൾ*
*ബ്രാക്കറ്റിലെ കണക്കുകൾ മൊത്തം വകയിരുത്തലുമായുള്ള മിച്ചത്തിന്റെ ശതമാന ത്തിനെ സൂചിപ്പിക്കുന്നു.*

2020-2023 കാലയളവിൽ, ബഡ്ജറ്റ് വകയിരുത്തലിന്റെ ശതമാനമെന്ന നിലയിൽ, മിച്ചം 7.07 ശതമാനത്തിനും 100 ശതമാനത്തിനും ഇടയിലായിരുന്നു എന്ന് മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് കാണുവാൻ കഴിയും. കെബിഎം-ന്റെ ഖണ്ഡിക 48 പ്രകാരം, ആവശ്യമായ മുൻവർഷങ്ങളിലെ ചെലവ് കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് വകയിരുത്തൽ നടത്തിയത്. തുടർച്ചയായ ഭീമമായ മിച്ചങ്ങൾ യഥാർത്ഥ ആവശ്യങ്ങളുടെ തെറ്റായ വിലയിരുത്തലിനെ സൂചിപ്പിക്കുന്നു.വകുപ്പിന്റെ ബഡ്ജറ്റ് തയ്യാറാക്കൽ പ്രക്രിയയുടെ വിമർശനാത്മക അവലോകനം ആവശ്യമാണ്.

### *3.8.1.4 ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നേരിട്ടത്*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ, അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ പുനർധന വിനിയോഗത്തിലൂടെ 18 പദ്ധതികളിൽ ചെലവ് നേരിട്ടതായി വെളിപ്പെട്ടത് **അനുബന്ധം 3.11** ൽ കാണിച്ചിരിക്കുന്നു. ഇനിപ്പറയുന്ന രണ്ട് പദ്ധതികളിൽ, കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പുനർ ധന വിനിയോഗത്തിലൂടെ മാത്രമാണ് ചെലവ് നേരിട്ടത്.

- **കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്, സി.എച്ച്.ഐ.എസ് പ്ലസ്)**

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ 2230-01-103-30 കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് (സി.എച്ച്.ഐ.എസ്, സി.എച്ച്. ഐ.എസ് പ്ലസ്) കീഴിൽ **പട്ടിക 3. 25**ൽ കാണിച്ചിരിക്കുന്നത് പോലെ പുനർ ധനവിനിയോഗത്തിലൂടെ മാത്രമാണ് ₹ 47.44 കോടിയുടെ ചെലവ് നേരിട്ടത്.

**പട്ടിക 3.25: കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് (സി.എച്ച്.ഐ.എസ്, സി.എച്ച്. ഐ.എസ് പ്ലസ്) കീഴിലെ ചെലവ്**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2020-21 | 16.77 |
| 2 | 2021-22 | 5.97 |
| 3 | 2022-23 | 24.70 |
| | **ആകെ** | **47.44** |

2020-21 ൽ, സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ എസ് ബി വൈ), കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സിഎച്ച്ഐഎസ്, സിഎച്ച്ഐഎസ് പ്ലസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി (എസ്‌സിഎച്ച്ഐഎസ്) തുടങ്ങിയ എല്ലാ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും സംസ്ഥാന സർക്കാർ സംയോജിപ്പിക്കുകയും, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്‌പി) എന്ന ഒരു പുതിയ അഷ്വറൻസ് പദ്ധതി രൂപീകരിക്കുകയും ചെയ്തു. അതിനുശേഷം, പദ്ധതിക്കുള്ള ബഡ്ജറ്റ് വകയിരുത്തലും തുടർന്നുള്ള ചെലവുകളും '2210-06-800-81 പ്രധാൻ മന്ത്രി ജന ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി– സംസ്ഥാന പദ്ധതി' എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും നേരിട്ടു. സിഎച്ച്ഐഎസ് പ്ലസ് പദ്ധതിക്ക് കീഴിൽ വിവിധ ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടി, തുകകൾ അധിക ധനാനുമതി വഴി പിൻവലിച്ചതും, പുനർ ധനവിനിയോഗത്തിലൂടെ പിന്നീട് ക്രമപ്പെടുത്തിയതുമായ ചെലവുകൾ ഇപ്പോഴും '2230-01-103-30- കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി' (സിഎച്ച്ഐഎസ്, സിഎച്ച്ഐഎസ് പ്ലസ്), എന്ന അക്കൗണ്ട് ശീർഷകത്തിൽ ആണ് ബുക്ക് ചെയ്യുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പേയ്മെന്റുകൾ കുടിശ്ശികയിലായതിനാലും, ചെലവുകൾ '2230-01-103-30' എന്ന അക്കൗണ്ട് ശീർഷകത്തിൻ കീഴിൽ ബുക്ക് ചെയ്യുന്നത് ഈ കൊല്ലങ്ങളിലെല്ലാം തുടർന്നതിനാലും, പദ്ധതിക്ക് ഉചിതമായ വകയിരുത്തൽ ബഡ്ജറ്റിൽ നൽകണമായിരുന്നു.

- വ്യാവസായിക മൂല്യ വർദ്ധനവ് (സ്ട്രൈവ്) പ്രോഗ്രാമിനായി നൈപുണ്യം ശക്തിപ്പെടുത്തൽ (100% സിഎസ്എസ്)

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ അധിക ധനാനുമതിയിലൂടെ സ്ട്രൈവ് പദ്ധതിക്കായി ₹ 22.62 കോടി ചെലവഴിച്ചു, ഇത് പിന്നീട് **പട്ടിക 3.26** ൽ കാണിച്ചിരിക്കുന്നതുപോലെ പുനർ ധനവിനിയോഗത്തിലൂടെ ക്രമപ്പെടുത്തുകയുണ്ടായി.

**പട്ടിക 3.26: 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ സ്ട്രൈവിനായുള്ള ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | അക്കൗണ്ട് ശീർഷകം | തുക |
|---|---|---|---|
| 1 | 2020-21 | 2230–03–101–57–പി വ്യാവസായിക മൂല്യവർദ്ധന (സ്ട്രൈവ്) പ്രോഗ്രാമിനായുള്ള നൈപുണ്യം ശക്തിപ്പെടുത്തൽ (100% സിഎസ്എസ്) | 15.78 |
| 2 | 2021-22 | 2230–03–101–57–പി വ്യാവസായിക മൂല്യവർദ്ധന (സ്ട്രൈവ്) പ്രോഗ്രാമിനായുള്ള നൈപുണ്യം ശക്തിപ്പെടുത്തൽ (100% സിഎസ്എസ്) | 3.21 |
| 3. | 2022-23 | 2230–03–101–50 വ്യാവസായിക മൂല്യവർദ്ധന (സ്ട്രൈവ്) പ്രോഗ്രാമിനായുള്ള നൈപുണ്യം ശക്തിപ്പെടുത്തൽ (100% സിഎസ്എസ്) | 3.63 |
| **ആകെ** | | | **22.62** |

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, സംസ്ഥാന ബഡ്ജറ്റിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും, എസ്റ്റിമേറ്റിംഗ് ഓഫീസർ ആവശ്യമായ വകയിരുത്തൽ നടത്തേണ്ടതുണ്ട്. ബഡ്ജറ്റ് വകയിരുത്തലില്ലാതെ സ്‌ട്രൈവ് പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്കായി ചെലവ് നേരിടുന്നത് ക്രമവിരുദ്ധമാണ്.

### *3.8.1.5 മുഴുവൻ ബഡ്ജറ്റ് വകയിരുത്തലും വിനിയോഗിക്കപ്പെടാതെ കിടന്നു*

**പട്ടിക 3.27**ൽ കാണിച്ചിരിക്കുന്നതുപോലെ 17 പദ്ധതികളിൽ മുഴുവൻ ബഡ്ജറ്റ് വകയിരുത്തലും വിനിയോഗിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 3.27: മുഴുവൻ ബഡ്ജറ്റ് വകയിരുത്തലും വിനിയോഗിക്കാത്തത്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം – പദ്ധതി | വർഷം | ബഡ്ജറ്റ് വകയിരുത്തൽ |
|---|---|---|---|
| **ലേബർ കമ്മീഷണർ** | | | |
| 1 | 2230–01–103–16– പി<br>അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി | 2020-2021 | 3.75 |
| | | 2021-2022 | 3.50 |
| 2 | 2230–01–103–17– എൻപി<br>അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതി | 2022-2023 | 22.50 |
| 3 | 2230–01–103–29– പി<br>ആം ആദ്മി ബീമാ യോജന (50% കേന്ദ്രസഹായം) | 2020-2021 | 5.60 |
| 4 | 2230–01–103–35– എൻപി<br>കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി | 2022-2023 | 3.65 |
| 5 | 2230–01–103–51– എൻപി<br>സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി | 2020-2021 | 13.86 |
| | | 2021-2022 | 13.86 |
| | | 2022-2023 | 13.86 |
| 6 | 2230–01–103–59– എൻപി<br>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-2023 | 1.50 |
| 7 | 2230–01–103–71– എൻപി<br>കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ ക്ഷേമനിധി ബോർഡ് – അംശദാനം | 2022-2023 | 7.86 |
| 8 | 2230–01–103–73– എൻപി<br>കേരള ബീഡി – സിഗാർ തൊഴിലാളി ക്ഷേമനിധി – അംശദാനം | 2020-2021 | 22.16 |
| | | 2022-2023 | 22.06 |
| 9 | 2230–01–103–86– എൻപി<br>കേരളത്തിലെ തയ്യൽത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും | 2022-2023 | 62.30 |
| 10 | 2230–01–103–92– എൻപി<br>കേരള കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതി | 2022-2023 | 8.08 |

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം – പദ്ധതി | വർഷം | ബഡ്ജറ്റ് വകയിരുത്തൽ |
|---|---|---|---|
| 11 | 4250–00–201–91– പി<br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് | 2020-2021 | 1.80 |
| | | 2022-2023 | 2.00 |
| 12 | 6250–60–190–98– പി<br>കെകെഐഎച്ച് ലിമിറ്റഡിലേയ്ക്കുള്ള വായ്പകൾ | 2022-2023 | 2.00 |
| **ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്** | | | |
| 13 | 2230–03–101–53– പി<br>വനിതാ ഐടിഐകളുടെ നവീകരണം (60% സിഎസ്എസ്) | 2021-2022 | 5.10 |
| 14 | 2230–03–101–62– പി<br>ഐടിഐകളുടെ നവീകരണം | 2020-2021 | 3.95 |
| | | 2021-2022 | 4.00 |
| | | 2022-2023 | 4.00 |
| 15 | 2230–03–101–65– പി<br>ജോബ്സ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം (60% സിഎസ്എസ്) | 2021-2022 | 18.84 |
| **പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്** | | | |
| 16 | 2230–01–103–64– പി<br>ഗ്ലോബൽ കേരള കൾച്ചറൽ ഫെസ്റ്റിവൽ | 2020-2021 | 2.00 |
| 17 | 2230–01–800–91–പി<br>ലോക കേരള കേന്ദ്രം | 2020-2021 | 3.00 |

മേൽപ്പറഞ്ഞ പദ്ധതികൾക്കായി തുകകൾ ഒന്നും തന്നെ ചെലവഴിക്കാൻ കഴിയാത്തതിന് കാരണം നൽകിയിട്ടില്ല.

### *3.8.1.6 അനാവശ്യ / അമിതമായ സപ്ലിമെന്ററി ഗ്രാന്റുകൾ*

ഭരണഘടനയുടെ ആർട്ടിക്കിൾ 205 പ്രകാരം, ധനവിനിയോഗ നിയമം വഴി തൻ വർഷത്തിന് നൽകിയ വകയിരുത്തലിന് ഉപരിയായി അധിക ഗ്രാന്റ്/ ധനവിനിയോഗം, സപ്ലിമെന്ററി ഗ്രാന്റ് എന്നിവ നടപ്പ് സാമ്പത്തിക വർഷത്തിൽ നേടാവുന്നതാണ്. സപ്ലിമെന്ററി ധനാഭ്യർത്ഥനയിലൂടെ അധിക ഫണ്ട് ആവശ്യപ്പെടുന്ന സമയത്ത്, തന്നാണ്ടിലെ ചെലവ് നേരിടുന്നതിന് അധിക ഫണ്ടുകളുടെ യഥാർത്ഥത്തിലുള്ള ആവശ്യകത വകുപ്പുതല ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്. എന്നിരുന്നാലും, 2020-21 വർഷത്തിൽ ഒരു പദ്ധതിയിൽ (₹ ഒരു കോടിയോ അതിലധികമോ ഉള്ള കേസുകളിൽ) ചെലവ്, അസൽ വകയിരുത്തലിനേക്കാൾ കുറവായിരുന്നതിനാൽ ₹ 59.00 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ അനാവശ്യമായിരുന്നുവെന്ന് ഓഡിറ്റ് പരിശോധനയിൽ തെളിഞ്ഞു. അതുപോലെ, ആറ് കേസുകളിലായി ₹ 37.19 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ (ഓരോ കേസിലും ₹ ഒരു കോടിയോ അതിൽ കൂടുതലോ ഉള്ളത്), മുഴുവൻ സപ്ലിമെന്ററി വകയിരുത്തലുകളും വിനിയോഗിക്കുവാൻ കഴിയാതിരുന്നതിനാൽ അമിതമായിരുന്നുവെന്ന് തെളിഞ്ഞു. അനാവശ്യ/ അമിതമായ സപ്ലിമെന്ററി ഗ്രാന്റുകളുള്ള പദ്ധതികൾ ചുവടെയുള്ള **പട്ടിക 3.28**ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 3.28: അനാവശ്യ/ അമിതമായ സപ്ലിമെന്ററി ഗ്രാന്റുകൾ**

*(₹ കോടിയിൽ)*

| ലേബർ കമ്മീഷണർ, തൊഴിൽ, നൈപുണ്യ വകുപ്പ് | | | | | | |
|---|---|---|---|---|---|---|
| **അനാവശ്യ സപ്ലിമെന്ററി ഗ്രാന്റുകൾ (₹ ഒരു കോടിയോ അതിൽ കൂടുതലോ)** | | | | | | |
| **വർഷം** | **അക്കൗണ്ട് ശീർഷകം** | **അസൽ ബഡ്ജറ്റ്** | **സപ്ലിമെന്ററി ബഡ്ജറ്റ്** | **മൊത്തം ബഡ്ജറ്റ്** | **ചെലവ്** | **അസൽ വകയിരുത്ത ലിലുള്ള മിച്ചങ്ങൾ** |
| 2020-21 | 2230-01-103-72- എൻപി കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് - അംശദാനം | 100.00 | 59.00 | 159.00 | 55.30 | 44.70 |
| അമിതമായ സപ്ലിമെന്ററി ഗ്രാന്റുകൾ (₹ ഒരു കോടിയോ അതിൽ കൂടുതലോ) | | | | | | |
| **വർഷം** | **അക്കൗണ്ട് ശീർഷകം** | **അസൽ ബഡ്ജറ്റ്** | **സപ്ലിമെന്ററി ബഡ്ജറ്റ്** | **മൊത്തം ബഡ്ജറ്റ്** | **ചെലവ്** | **മൊത്തം ബഡ്ജറ്റി ലുള്ള മിച്ചങ്ങൾ** |
| 2020-21 | 2230-01-103-46-പി - തൊഴിലാളി ക്ഷേമനിധി ബോർഡുകളിലേക്കുള്ള സഹായം | 0 | 30.42 | 30.42 | 20.04 | 10.38 |
| 2021-22 | 2230-01-103-17- എൻപി അസംഘടിത തൊഴിലാളികൾ ക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതി | 0 | 22.50 | 22.50 | 22.10 | 0.40 |
| 2021-22 | 2230-01-103-46- പി തൊഴിലാളി ക്ഷേമനിധി ബോർഡുകളിലേക്കുള്ള സഹായം | 0 | 25.04 | 25.04 | 17.24 | 7.80 |
| 2021-22 | 2230-01-103-59- എൻപി കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് | 1.50 | 21.00 | 22.50 | 17.57 | 4.93 |
| 2021-22 | 2230-01-103-60- പി അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷ | 7.50 | 53.87 | 61.37 | 52.47 | 8.90 |
| 2021-22 | 4250-00-190-93- പി ഒകെഐഎച്ച് ലിമിറ്റഡിനുള്ള ഓഹരി മൂലധനം അംശദാനം | 0 | 6.89 | 6.89 | 2.11 | 4.78 |
| **ആകെ** | | | | | | **37.19** |

### *3.8.1.7 ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം*

മിച്ചങ്ങൾ പ്രതീക്ഷിക്കുന്ന ഒരു യൂണിറ്റിൽ നിന്ന്, അധിക ഫണ്ടുകൾ ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക്, ഗ്രാന്റിനുള്ളിലെ ഫണ്ടുകൾ കൈമാറുന്നതിനെയാണ് പുനർ ധനവിനിയോഗം എന്ന് പറയുന്നത്. അസൽ / സപ്ലിമെന്ററി വകയിരുത്തലിനേക്കാൾ ചെലവ് കുറവായതിനാൽ, ഏഴ് കേസുകളിലെ സബ്ഹെഡുകളിൽ നടത്തിയ ബഡ്ജറ്റ് വകയിരുത്തലിന്റെ വർദ്ധനവ് തികച്ചും അനാവശ്യമായിരുന്നുവെന്ന് വിശദമായ ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ വെളിവായി. (**അനുബന്ധം 3.12** ലെ ക്രമ നമ്പറുകൾ 1, 2, 11 മുതൽ 14 വരെ, 19, 20)

ഒരു കേസിൽ (**അനുബന്ധം 3.12**–ലെ ക്രമ നമ്പർ 10) പദ്ധതിയുടെ കീഴിൽ അധികച്ചെലവ് ഉണ്ടായിരുന്നതിനാൽ പുനർ ധനവിനിയോഗത്തിലൂടെ വകയിരുത്തൽ കുറച്ചത് വിവേകപരമായിരുന്നില്ല എന്ന് തെളിഞ്ഞു.

കൂടാതെ, പതിനൊന്ന് പദ്ധതികളിൽ, ചെലവ് നേരിടുന്നതിനായി പുനർ ധന വിനിയോഗത്തിലൂടെ തുക ലഭ്യമാക്കിയെങ്കിലും, പുനർ ധന വിനിയോഗം വഴി ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ചില്ല. ഇത് പദ്ധതികളിൽ (**അനുബന്ധം 3.12** ലെ ക്രമ നമ്പർ 3 മുതൽ 9 വരെ, 15 മുതൽ 18 വരെ) അമിതമായ പുനർ ധനവിനിയോഗത്തിന് കാരണമായി.

### *3.8.1.8 വർഗ്ഗീകരണത്തിലെ പിശക്*

- മൂലധനച്ചെലവിന്റെ റവന്യൂചെലവായുള്ള തെറ്റായ വർഗ്ഗീകരണം

2022-23 സാമ്പത്തിക വർഷത്തിൽ, പുതിയ ഐടിഐകൾ സ്ഥാപിക്കുന്നതിനായി 2230-03-101-80 എന്ന റവന്യൂശീർഷകത്തിൻ കീഴിൽ ₹ 8.50 കോടിയുടെ ബഡ്ജറ്റ് വകയിരുത്തലുണ്ടായിരുന്നു. വാഴക്കാട് ഐ.ടി.ഐക്ക് കെട്ടിടം പണിയുന്നതിന് 2023 മാർച്ച് 15–ലെ ജി.ഒ. (ആർ.ടി) നമ്പർ 317/2023/എൽ.ബി.ആർ. മുഖേന ₹ 6.20 കോടിയുടെ ഭരണാനുമതി സർക്കാർ നൽകി. വ്യവസായ പരിശീലന വകുപ്പ് ഡയറക്ടർ ₹ 4.45 കോടിയുടെ തുക, ഐടിഐ വാഴക്കാട് പ്രിൻസിപ്പലിന് കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുകയും, പ്രിൻസിപ്പൽ 2230-03-101-80 എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്ത് തുക പൊതു മരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തു. 1990 ലെ ഗവൺമെന്റ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ റൂൾ 31 അനുസരിച്ച്, കെട്ടിടങ്ങളുടെ നിർമ്മാണം മൂലധന ശീർഷകത്തിൻ കീഴിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. അതിനാൽ, റവന്യൂശീർഷകത്തിൽ ബുക്ക് ചെയ്ത കെട്ടിട നിർമ്മാണത്തിനുള്ള ചെലവ് ക്രമരഹിതമാണ്. ഇത് റവന്യൂചെലവ് ₹ 4.45 കോടി കൂട്ടികാണിക്കുന്നതിനും മൂലധന ചെലവ് ₹ 4.45 കോടി കുറച്ച് കാണിക്കുന്നതിനും ഇടയാക്കി.

- റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനുള്ള സഹായം

2020-21 കാലയളവിൽ, ചുവടെയുള്ള **പട്ടിക 3.29** ൽ കാണിച്ചിരിക്കുന്നതുപോലെ 2230-01-103-62 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്ത് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് സർക്കാർ ₹ 7.50 കോടിയുടെ സാമ്പത്തിക സഹായം നൽകി.

**പട്ടിക 3.29 : റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനുള്ള സഹായം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഓർഡർ നമ്പറും തീയതിയും | ഉദ്ദേശ്യം | തുക |
|---|---|---|---|
| 1 | ജി. ഒ. (ആർടി) നമ്പർ 2772/2020/ ഫിൻ തീയതി 15/04/2020 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് സാമ്പത്തിക സഹായം | 5.00 |
| 2 | ജി. ഒ. (ആർടി) നമ്പർ 865/2021/ഫിൻ തീയതി 01/02/2021 | കുളത്തുപ്പുഴ എസ്റ്റേറ്റിലെ ഫാക്ടറി സമുച്ചയത്തിന്റെ നവീകരണം | 2.50 |
| | | **ആകെ** | **7.50** |

അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പെൻഷൻ, തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം, ഗുരുതരാവസ്ഥയിലുള്ള തൊഴിലാളികൾക്കുള്ള ചികിത്സാ സഹായം, അംഗപരിമിതർക്കുള്ള ധനസഹായം, മരിച്ച തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം, തോട്ടം തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം തുടങ്ങിയ ക്ഷേമ നടപടികൾ ആരംഭിക്കുന്നതിനാണ് പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി രൂപീകരിച്ചത്.

മേൽപ്പറഞ്ഞ നടപടികളുമായി ബന്ധപ്പെട്ട ചെലവുകൾ '62 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി' എന്ന സബ് ഹെഡിൻ കീഴിൽ മാത്രമേ അക്കൗണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. എൽഎംഎംഎച്ച്എ അനുസരിച്ച്, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായം '190–പൊതുമേഖലയിലും, മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായം' എന്ന മൈനർ ഹെഡിന് കീഴിലുള്ള ഒരു സബ് ഹെഡിൻകീഴിൽ ബുക്ക് ചെയ്യേണ്ടതാണ്. അതിനാൽ, ഫാക്ടറി സമുച്ചയത്തിന്റെ നവീകരണത്തിനായി പൊതുമേഖലാ സ്ഥാപനമായ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് '2230-01-103-പൊതുവായ തൊഴിലാളി ക്ഷേമം– 62 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി ' എന്ന അക്കൗണ്ട് ശീർഷകത്തിൻ കീഴിൽ ₹ 2.5 കോടിയുടെ ധനസഹായം നൽകിയത് ക്രമരഹിതമാണ്.

### 3.8.2 ഗ്രാന്റ് നമ്പർ XLII – വിനോദ സഞ്ചാരം

#### *3.8.2.1 ആമുഖം*

(1) സംസ്ഥാന സർക്കാരിന്റെ അതിഥി സൽക്കാര വിഭാഗം (2) എസ്റ്റേറ്റ് ഓഫീസ് ഡ്യൂട്ടി, (3) വിനോദസഞ്ചാര വികസനം എന്നിങ്ങനെ മൂന്ന് പ്രധാന പ്രവർത്തനങ്ങൾ ഉള്ള ഒരു പ്രധാന വകുപ്പാണ് വിനോദസഞ്ചാര വകുപ്പ്. ടൂറിസം ഡയറക്ടർ, ഗ്രാന്റിന്റെ ഓരോ യൂണിറ്റിലും ധനവിനിയോഗ നിയന്ത്രണം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള ഗ്രാന്റിന്റെ മുഖ്യ നിയന്ത്രണ അധികാരിയാണ്. ബഡ്ജറ്റ് പ്രക്രിയയും വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി നീക്കിവച്ച ഫണ്ടുകളുടെ വിനിയോഗവും തിട്ടപ്പെടുത്തുന്നതിനാണ് അവലോകനം നടത്തിയത്.

ഗ്രാന്റ് നമ്പർ XLII വിനോദ സഞ്ചാരത്തിന് ഇനിപ്പറയുന്ന പ്രവർത്തന മേജർ ഹെഡുകൾക്ക് കീഴിൽ 2022-23 ൽ ₹ 436.28 കോടിയുടെ വകയിരുത്തലുണ്ടായിരുന്നു.

1. 3452 വിനോദസഞ്ചാരം ₹ 250.06 കോടി
2. 5452 വിനോദസഞ്ചാരത്തിനുള്ള മൂലധന ചെലവ് ₹ 186.22 കോടി

#### *3.8.2.2 ബഡ്ജറ്റ് വിഹിതവും ചെലവും*

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള നാല്[29] നിയന്ത്രണ അധികാരികൾക്ക് (സിഒ) ഗ്രാന്റ് നമ്പർ XLII ന് കീഴിലെ ബഡ്ജറ്റ് വകയിരുത്തലുകൾ വിതരണം

[29] ടൂറിസം ഡയറക്ടർ, കേരള ഹൗസ് റസിഡന്റ് കമ്മീഷണർ, പിഡബ്ല്യുഡി ബിൽഡിംഗ്സ് ആൻഡ് ലോക്കൽ വർക്ക്സ് ചീഫ് എൻജിനീയർ, ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം (പൊളിറ്റിക്കൽ) വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി (എസിഎസ്)

ചെയ്തിരിക്കുന്നു. ഗ്രാന്റിന്റെ റവന്യൂ, മൂലധന വിഭാഗത്തിന് കീഴിലുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് വിഹിതവും ചെലവും **പട്ടിക 3.30** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.30: ഗ്രാന്റ് XLII വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വകയിരുത്തലും ചെലവും** *(₹ കോടിയിൽ)*

| വർഷം | വിഭാഗം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (–) / അധികം | മിച്ചത്തിന്റെ (–) / അധികത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2020-21 | റവന്യൂ | 182.44 | 188.62 | 6.18 | 3.39 |
| | മൂലധനം | 233.34 | 245.27 | 11.93 | 5.11 |
| 2021-22 | റവന്യൂ | 201.05 | 163.67 | (-) 37.38 | (-) 18.59 |
| | മൂലധനം | 187.04 | 170.76 | (-) 16.28 | (-) 8.70 |
| 2022-23 | റവന്യൂ | 250.06 | 202.25 | (-) 47.81 | (-) 19.12 |
| | മൂലധനം | 186.22 | 117.98 | (-) 68.24 | (-) 36.64 |

*ഉറവിടം : അതാത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*

പദ്ധതികളുടെ ചെലവിന്റെ 90 ശതമാനവും ടൂറിസം ഡയറക്ടർ നേരിടുന്നത് കൊണ്ട്, ടൂറിസം ഡയറക്ടർ നടപ്പാക്കുന്ന പദ്ധതികളുടെ ബഡ്ജറ്റ് പ്രക്രിയയും ധനവിനിയോഗ നിയന്ത്രണവും സംബന്ധിച്ച അവലോകനം നടത്തുകയുണ്ടായി.

### *3.8.2.3 നിരന്തരമായ മിച്ചങ്ങൾ*

2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ മേൽപ്പറഞ്ഞ കാലയളവിൽ അഞ്ച് പദ്ധതികൾക്ക് കീഴിൽ തുടർച്ചയായ മിച്ചങ്ങൾ ഉണ്ടായിരുന്നു (₹ 50 ലക്ഷമോ അതിൽ കൂടുതലോ) എന്നു കണ്ടത് മോശപ്പെട്ട ബഡ്ജറ്റ് നിരീക്ഷണത്തിനെയും പെർഫോമൻസിന്റെ കുറവിനെയും സൂചിപ്പിക്കുന്നു.

ഓരോ വർഷവും ബഡ്ജറ്റ് വിഹിതം വിനിയോഗിക്കപ്പെടാതെ തുടരുന്നത്, അതത് വർഷങ്ങളിൽ പ്രതീക്ഷിക്കുന്ന സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാതിരിക്കുന്നതിനെ സൂചിപ്പിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. കെബിഎം–ന്റെ ഖണ്ഡിക 48 പ്രകാരം, ആവശ്യമായ മുൻ വർഷത്തെ ചെലവ് പരിഗണിക്കാതെയാണ് ബഡ്ജറ്റ് വകയിരുത്തൽ നടത്തിയത്. ഇത് ചുവടെയുള്ള **പട്ടിക 3.31**ൽ കാണിച്ചിരിക്കുന്നതുപോലെ അക്കൗണ്ടിംഗ് ശീർഷകങ്ങൾക്ക് കീഴിൽ നിരന്തരമായ മിച്ചത്തിന് കാരണമാക്കി.

**പട്ടിക 3.31: 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ പദ്ധതികളിലെ നിരന്തരമായ മിച്ചം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | മിച്ചം | | |
|---|---|---|---|---|
| | | 2020-21 | 2021-22 | 2022-23 |
| 1 | 3452-80-104-99-വി-പി-പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപാലനവും | 6.31 (35.06) | 15.63 (86.84) | 0.66 (2.88) |
| 2 | 3452-80-800-20-വി-പി-ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം | 3.91 (30.66) | 12.74 (100) | 5.28 (35.23) |
| 3 | 3452-80-800-90-വി-പി-വിനോദ സഞ്ചാര വകുപ്പിന്റെ മറ്റ് പദ്ധതികൾ | 0.73 (73.06) | 8.67 (68.29) | 14.49 (90.58) |
| 4 | 5452-01-190-96-വി-പി-ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0.50 (20) | 1.50 (60) | 1.00 (100) |
| 5 | 5452-01-800-37-വി-പി-ടൂറിസം കോംപ്ലക്സ്/വിനോദ സഞ്ചാര ഭവൻ | 3.00 (100) | 1.90 (94.79) | 2.00 (100) |

*ഉറവിടം: അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*
*ബ്രാക്കറ്റിലെ കണക്കുകൾ മൊത്തം വകയിരുത്തലിലെ മിച്ചത്തിന്റെ ശതമാനം സൂചിപ്പിക്കുന്നു.*

### *3.8.2.4 ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നേരിട്ടത്*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ അക്കൗണ്ടിന്റെ സൂക്ഷ്മപരിശോധനയിൽ, **അനുബന്ധം 3.13** ൽ കാണിച്ചിരിക്കുന്നതുപോലെ, സബ്ഹെഡുകൾ/ പദ്ധതികൾക്കെതിരെ സാമ്പത്തിക വർഷത്തിൽ അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ഏഴ് പദ്ധതികളിൽ ചെലവ് നേരിട്ടതായി വെളിപ്പെട്ടു. പുനർധനവിനിയോഗ ഉത്തരവുകളിലൂടെ ചെലവിനുള്ള ഫണ്ട് ലഭ്യമാക്കി.

അക്കൗണ്ട് ശീർഷകം '3452-80-800-21-വി-പി' 'ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സുരക്ഷ' എന്ന പദ്ധതിക്ക്, **പട്ടിക 3.32** ൽ കാണിച്ചിരിക്കുന്നത് പോലെ, ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ 2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ ചെലവ് നിരന്തരമായി നേരിട്ടു.

**പട്ടിക 3.32: 2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ ബഡ്ജറ്റ് വകയിരുത്തലില്ലാതെ ആവർത്തിച്ച് നേരിട്ട ചെലവ്**

*(₹ കോടിയിൽ)*

| പദ്ധതികൾ | വർഷം | ചെലവ് |
|---|---|---|
| 3452-80-800-21-വി-പി- ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സുരക്ഷ | 2020-21 | 4.34 |
| | 2021-22 | 5.03 |
| | 2022-23 | 4.42 |

*ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ നിർദ്ദേശിക്കുമ്പോൾ മുൻകൂട്ടിക്കാണാൻ കഴിയുമായിരുന്നിട്ടും, അസൽ ബഡ്ജറ്റ് വകയിരുത്തൽ നടത്താതെ, പദ്ധതികൾക്കായി ചെലവുകൾ നേരിടുന്നതിനുവേണ്ടി പുനർ ധന വിനിയോഗ ഉത്തരവുകൾ വഴി ഫണ്ട് കൊണ്ടുവന്നത്, ബഡ്ജറ്റ് മാനുവലിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് (കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 48).

### *3.8.2.5 ബഡ്ജറ്റ് വിഹിതം മുഴുവനും വിനിയോഗിക്കപ്പെടാതെ കിടന്നു*

**പട്ടിക 3.33** ൽ നൽകിയിരിക്കുന്നത് പോലെ, ₹ ഒരു കോടിയോ അതിൽ കൂടുതലോ ബഡ്ജറ്റ് വിഹിതമുള്ള ഏഴ് പദ്ധതികൾക്ക് കീഴിൽ മുഴുവൻ ബഡ്ജറ്റ് വകയിരുത്തലും വിനിയോഗിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതത് വർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കാത്തതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

**പട്ടിക 3.33: ബഡ്ജറ്റ് വിഹിതം ഒട്ടും തന്നെ വിനിയോഗിക്കാത്ത പദ്ധതികൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | അക്കൗണ്ടിംഗ് ശീർഷകം – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് |
|---|---|---|---|
| 1 | 2021-22 | 3452–80–800–78–വി–പി–എച്ച്ആർ കിറ്റ്സ്, എഫ്സിഐ, എസ്ഐഎച്ച്എം എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസത്തിന് വേണ്ടിയുള്ള മാനുഷിക വിഭവശേഷി വികസനം | 10.00 |
| 2 | 2022-23 | 5452–01–190–99–വി–പി– കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ | 10.00 |
| 3 | 2021-22 | 3452–80–800–34–വി–പി– ഉത്തരവാദിത്തത്തോടെയുള്ള വിനോദസഞ്ചാരം | 6.00 |
| 4 | 2021-22 | 3452–80–800–35–വി–എൻപി– ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശേരി– വ്യാപനകേന്ദ്രങ്ങൾ | 2.34 |
| 5 | 2021-22 | 5452–01–101–84–വി–പി– ഭാരത സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് പശ്ചാത്തല സൗകര്യവും മാച്ചിംഗ് ഗ്രാന്റും | 2.00 |
| 6 | 2022-23 | 5452–01–800–37–വി–പി– ടൂറിസം കോംപ്ലക്സ്/വിനോദ സഞ്ചാര ഭവൻ | 2.00 |
| 7 | 2022-23 | 5452–01–190–96–വി–പി– ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1.00 |

*ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

### *3.8.2.6 ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം*

മിച്ചം പ്രതീക്ഷിക്കുന്ന ഒരു യൂണിറ്റിൽ നിന്ന്, അധിക ഫണ്ടുകൾ ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക്, ഗ്രാന്റിനുള്ളിലെ ഫണ്ടുകൾ കൈമാറുന്നതിനെയാണ് പുനർ ധനവിനിയോഗം എന്ന് പറയുന്നത്. **പട്ടിക 3.34**–ൽ വിവരിച്ചിരിക്കു

ന്നതുപോലെ അസൽ/ സപ്ലിമെന്ററി വകയിരുത്തലിനൊപ്പം ചെലവ് വരാത്തതിനാൽ, അഞ്ച് പദ്ധതികളിലെ സബ്ഹെഡുകളിൽ നടത്തിയ ബഡ്ജറ്റ് വകയിരുത്തലിന്റെ വർദ്ധനവ് പൂർണമായും അനാവശ്യമായിരുന്നു എന്ന് വിശദമായ ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ വെളിവായി.

**പട്ടിക 3.34: അനാവശ്യ പുനർ ധനവിനിയോഗ കേസുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | ഹെഡ് ഓഫ് അക്കൗണ്ട് – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധന വിനിയോഗം | ചെലവ് |
|---|---|---|---|---|---|
| 1 | 2022-23 | 3452-80-001-95-വി-എൻപി-ഗസ്റ്റ് ഹൗസുകൾ, യാത്രി നിവാസുകൾ, ടൂറിസ്റ്റ് ലോഡ്ജുകൾ | 26.68 | 1.4 | 25.74 |
| 2 | 2022-23 | 5452-01-101-91-വി-പി-ഗ്രീൻ ടൂറിസം ഇടനാഴി, കോട്ടയം | 0 | 0.54 | 0 |
| 3 | 2022-23 | 3452-80-001-96-വി-എൻപി-ജില്ലാ ഓഫീസുകൾ | 3.11 | 0.18 | 3.08 |
| 4 | 2022-23 | 3452-80-800-88-വി-എൻപി-ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ | 2.47 | 0.15 | 2.26 |
| 5 | 2021-22 | 3452-80-001-97-വി-എൻപി- ടൂറിസം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ | 1.97 | 0.14 | 1.82 |

*ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

കൂടാതെ, ആറ് സ്കീമുകളിൽ, ചെലവ് നേരിടുന്നതിനായി തുകകൾ പുനർധന വിനിയോഗം വഴി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പുനർധനവിനിയോഗം നടത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. ചുവടെയുള്ള **പട്ടിക 3.35**-ൽ വിവരിച്ചിരിക്കുന്നതുപോലെ, പദ്ധതികളിലെ അമിതമായ പുനർധനവിനിയോഗത്തിന് ഇത് കാരണമായി.

**പട്ടിക 3.35: അമിതമായ പുനർധനവിനിയോഗ കേസുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | ഹെഡ് ഓഫ് അക്കൗണ്ട് – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധന വിനിയോഗം | ചെലവ് | അമിതമായ പുനർധന വിനിയോഗം |
|---|---|---|---|---|---|---|
| 1 | 2020-21 | 5452-01-101-99-വി-പി-അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും | 117.00 | 21.40 | 127.41 | 10.99 |
| 2 | 2022-23 | 5452-01-800-84-വി-പി-മുസിരിസ് – സ്പൈസ് റൂട്ട് പൈതൃക പദ്ധതി | 15.00 | 15.00 | 22.40 | 7.60 |

| ക്രമ നമ്പർ | വർഷം | ഹെഡ് ഓഫ് അക്കൗണ്ട് – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധന വിനിയോഗം | ചെലവ് | അമിതമായ പുനർധന വിനിയോഗം |
|---|---|---|---|---|---|---|
| 3 | 2020-21 | 3452–80–104–91–വി–പി– ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളും (ഡിടിപിസി), സന്ദർശക പ്രോത്സാഹന ബ്യൂറോകളും | 5.00 | 7.57 | 10.19 | 2.38 |
| | 2022-23 | | 2.75 | 2.25 | 3.65 | 1.35 |
| 4 | 2021-22 | 3452–80–104–89–വി–പി– ഉത്തരവാദിത്ത വിനോദ സഞ്ചാരം | 0 | 3.81 | 2.16 | 1.65 |
| 5 | 2022-23 | 3452–01–103–99–വി–എൻപി– ഗതാഗതം | 12.43 | 1.42 | 12.48 | 1.37 |
| 6 | 2021-22 | 3452–80–001–99–വി–എൻപി– ഭരണം | 7.59 | 1.61 | 8.09 | 1.11 |
| | 2022-23 | | 7.99 | 1.24 | 8.17 | 1.06 |

*ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

### 3.8.3 ഗ്രാന്റ് നമ്പർ XL– തുറമുഖങ്ങൾ

#### *3.8.3.1 ആമുഖം*

ഗ്രാന്റ് XL– തുറമുഖങ്ങൾക്ക് കീഴിലുള്ള മേജർ ഹെഡുകൾ 3051 ഉം 5051 ഉം ആണ്. കഴിഞ്ഞ മൂന്ന് വർഷത്തേക്കുള്ള (2020-21 മുതൽ 2022-23 വരെ) ഗ്രാന്റ് നമ്പർ XL–ൽ നൽകിയിട്ടുള്ള ബഡ്ജറ്റ് വകയിരുത്തലുകൾ, തുറമുഖ വകുപ്പിന് കീഴിലുള്ള നാല് [30] നിയന്ത്രണ അധികാരികൾക്ക് (സിഒ) വിതരണം ചെയ്യുന്നു. അവസാന മൂന്ന് കൊല്ലങ്ങളിൽ ഗ്രാന്റിലെ റവന്യൂ, മൂലധന വിഭാഗങ്ങളിലെ ബഡ്ജറ്റ് വകയിരുത്തലും, ചെലവും **പട്ടിക 3.36**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.36 : കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് വിഹിതവും ചെലവും**

***(₹കോടിയിൽ)***

| വർഷം | വിഭാഗം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (–) / അധികം | മിച്ചത്തിന്റെ (–) / അധികത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2020-21 | റവന്യൂ | 63.11 | 46.19 | (-) 16.92 | (-) 26.81 |
| | മൂലധനം | 158.41 | 126.32 | (-) 32.09 | (-) 20.26 |
| 2021-22 | റവന്യൂ | 72.38 | 72.83 | 0.45 | 0.62 |
| | മൂലധനം | 73.13 | 39.79 | (-) 33.34 | (-) 45.59 |
| 2022-23 | റവന്യൂ | 71.50 | 61.95 | (-) 9.55 | (-) 13.36 |
| | മൂലധനം | 69.23 | 42.37 | (-) 26.86 | (-) 38.80 |

*ഉറവിടം: കേരള സർക്കാരിന്റെ 2020–21 മുതൽ 2022–23 വരെയുള്ള ധനവിനിയോഗ കണക്കുകൾ*

*[30] പോർട്ട് ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയർ, ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗത്തിലെ ചീഫ് ഹൈഡ്രോഗ്രാഫർ. ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ തുറമുഖ വകുപ്പ് സെക്രട്ടറി.*

2020-21, 2022-23 വർഷങ്ങളിൽ റവന്യൂവിഭാഗത്തിന് കീഴിൽ, വിനിയോഗിക്കപ്പെടാത്ത വകയിരുത്തൽ യഥാക്രമം മൊത്തം വകയിരുത്തലിന്റെ 26.81 ശതമാനവും 13.36 ശതമാനവുമായിരുന്നു. എന്നിരുന്നാലും 2021-22 കാലയളവിൽ 0.62 ശതമാനത്തിന്റെ അധിക ചെലവ് ഉണ്ടായിരുന്നു. മൂലധന വിഭാഗത്തിൽ, 2020- 21 മുതൽ 2022-23 വരെയുള്ള കാലയളവിൽ, വിനിയോഗിക്കപ്പെടാത്ത വകയിരുത്തൽ മൊത്തം വകയിരുത്തലിന്റെ 20.26 ശതമാനം മുതൽ 45.59 ശതമാനം വരെ ആയിരുന്നു.

**പട്ടിക 3.37**ൽ നൽകിയിരിക്കുന്നതു പോലെ, ബഡ്ജറ്റ് വകയിരുത്തലിന്റെയും നേരിട്ട ചെലവിന്റെയും അളവിന്റെ അടിസ്ഥാനത്തിൽ, തുറമുഖ ഡയറക്ടർ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തുകയുണ്ടായി.

**പട്ടിക 3.37: ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവിന്റെയും അളവ്**

*(₹കോടിയിൽ)*

| ക്രമ നമ്പർ | നിയന്ത്രണ അധികാരികൾ | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|
| | | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് |
| 1 | തുറമുഖ ഡയറക്ടർ, വലിയതുറ, വള്ളക്കടവ്, തിരുവനന്തപുരം | 164.97 | 133.03 | 83.70 | 54.63 | 79.80 | 55.30 |
| | ശതമാനം | 74.48 | 77.11 | 57.52 | 48.51 | 56.70 | 53.02 |
| 2 | മറ്റുള്ളവർ | 56.54 | 39.48 | 61.81 | 57.99 | 60.93 | 49.01 |
| **ആകെ** | | **221.51** | **172.51** | **145.51** | **112.62** | **140.73** | **104.31** |

*ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

### *3.8.3.2 നിരന്തരമായ മിച്ചം*

2020-21 മുതൽ 2022-23 വരെയുള്ള വർഷങ്ങളുടെ ധനവിനിയോഗ അക്കൗണ്ടുകളുടെ സൂക്ഷ്മപരിശോധനയിൽ, മേൽപ്പറഞ്ഞ കാലയളവിൽ ആറ് അക്കൗണ്ട് ശീർഷകങ്ങൾക്ക് കീഴിൽ തുടർച്ചയായ മിച്ചങ്ങൾ (₹ ഒരു കോടിയും അതിൽ കൂടുതലും) ഉണ്ടായിരുന്നുവെന്ന് കാണിക്കുന്നു. ഇത് മോശപ്പെട്ട ബഡ്ജറ്റ് നിരീക്ഷണത്തിനെയും പെർഫോർമൻസിലെ കുറവിനെയും സൂചിപ്പിക്കുന്നു.

ഓരോ വർഷവും ബഡ്ജറ്റ് വകയിരുത്തൽ വിനിയോഗിക്കപ്പെടാതെ തുടരുന്നത് അതാത് വർഷങ്ങളിൽ പ്രതീക്ഷിച്ച സാമ്പത്തിക ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് സൂചിപ്പിക്കുന്നു. കെബിഎം-ന്റെ ഖണ്ഡിക 48 പ്രകാരം, ആവശ്യമുള്ള മുൻ വർഷത്തെ ചെലവ് പരിഗണിക്കാതെയാണ് ബഡ്ജറ്റ് വകയിരുത്തൽ നടത്തിയത്, ഇത് ചുവടെയുള്ള **പട്ടിക 3.38** ൽ കാണിച്ചിരിക്കുന്നതുപോലെ അക്കൗണ്ടിംഗ് ശീർഷകങ്ങൾക്ക് കീഴിൽ നിരന്തരമായ മിച്ചത്തിന് കാരണമായി.

**പട്ടിക 3.38: തുടർച്ചയായ മിച്ചം കാണിക്കുന്ന പട്ടിക**

*(₹കോടിയിൽ)*

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | മിച്ചം | | |
|---|---|---|---|---|
| | | 2020-21 | 2021-22 | 2022-23 |
| 1 | 3051-02-001-88-വി-പി ഇ-ഗവേണൻസും ശേഷി വികസനവും മാരി ടൈം പരിശീലനവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും | 1.31 (65.57) | 2.10 (93.31) | 2.14 (94.99) |
| 2 | 5051-02-200-80-വി-പി ആലപ്പുഴ തുറമുഖ വികസനം | 9.12 (91.23) | 2.38 (86.61) | 2.45 (97.81) |
| 3 | 5051-02-200-81-വി-പി തങ്കശ്ശേരി തുറമുഖ വികസനം | 8.33 (69.43) | 7.87 (78.70) | 8.44 (84.42) |
| 4 | 5051-02-200-82-വി-പി വിഴിഞ്ഞം കാർഗോ തുറമുഖം | 1.24 (12.42) | 4.13 (37.54) | 9.92 (99.17) |
| 5 | 5051-02-200-86-വി-പി തുറമുഖങ്ങളുടെ വികസനം | 2.11 (42.26) | 3.67 (73.33) | 1.91 (54.52) |
| 6 | 5051-80-800-98-വി-പി സംഭരണശാലകളുടെയും പണിശാലകളുടെയും വിപുലീകരണം | 3.33 (83.20) | 1.61 (36.56) | 2.24 (64.06) |

*ഉറവിടം : അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ. ബ്രാക്കറ്റിലെ കണക്കുകൾ മൊത്തം വകയിരുത്തലിലെ മിച്ചത്തിന്റെ ശതമാനത്തിനെ സൂചിപ്പിക്കുന്നു*

### *3.8.3.3 ബഡ്ജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ, ചുവടെയുള്ള **പട്ടിക 3.39**ൽ കാണിച്ചിരിക്കുന്നതുപോലെ, സബ്ഹെഡുകൾ/ പദ്ധതികൾക്കെതിരെ സാമ്പത്തിക വർഷത്തിൽ അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തലില്ലാതെ, നാല് പദ്ധതികളിൽ ചെലവ് നേരിട്ടതായി കണ്ടെത്തി.

**പട്ടിക 3.39: ബഡ്ജറ്റ് വകയിരുത്തലില്ലാതെ നേരിട്ട ചെലവ്**

*(₹കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതികൾ | വർഷം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| 1 | 3051-02-001-97-വി-എൻപി സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോർസ് ഓർഗനൈസേഷൻ സ്ഥാപിക്കലും | 2022-23 | 0 | 1.37 |
| 2 | 3051-02-102-98-വി-എൻപി അന്വേഷണവും രക്ഷാനടപടിയും | 2022-23 | 0 | 1.10 |

| ക്രമ നമ്പർ | പദ്ധതികൾ | വർഷം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| 3 | 3051–02–102–99–വി–എൻപി<br>പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും | 2022-23 | 0 | 9.86 |
| 4 | 3051–02–103–97–വി–എൻപി<br>ഡ്രെഡ്ജിംഗ് യൂണിറ്റ് | 2022-23 | 0 | 0.33 |

ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ നിർദ്ദേശിക്കുമ്പോൾ മുൻകൂട്ടിക്കാണാനാവുന്ന പദ്ധതികൾക്കുള്ള ചെലവ്, അസൽ ബഡ്ജറ്റ് വകയിരുത്തലില്ലാതെ, പുനർ ധന വിനിയോഗത്തിലൂടെ നേരിട്ടത് കേരള ബഡ്ജറ്റ് മാനുവലിലെ 95–ാം ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

### *3.8.3.4 മുഴുവൻ ബഡ്ജറ്റ് വിഹിതവും വിനിയോഗിക്കാതിരുന്നത്*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ, '5051-02-200-71-വി–എൻപി– നിയമസഭ മണ്ഡല ആസ്തി വികസന പദ്ധതി' ക്ക് കീഴിലെ 2022-23ലെ ₹ 50 ലക്ഷത്തിന്റെ മുഴുവൻ ബഡ്ജറ്റ് തുകയും വിനിയോഗിക്കാതെ കിടന്നു എന്ന് വെളിപ്പെട്ടു. ഈ വർഷത്തിൽ പദ്ധതി നടപ്പാക്കിയിരുന്നില്ല എന്നതിനെ ഇത് സൂചിപ്പിക്കുന്നു.

### *3.8.3.5 ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം*

മിച്ചങ്ങൾ പ്രതീക്ഷിക്കുന്ന ഒരു യൂണിറ്റിൽ നിന്ന്, അധിക ഫണ്ടുകൾ ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക്, ഗ്രാന്റിനുള്ളിലെ ഫണ്ടുകൾ കൈമാറുന്നതിനെയാണ് പുനർ ധനവിനിയോഗം എന്ന് പറയുന്നത്. വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ, ചുവടെയുള്ള **പട്ടിക 3.40** ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, അസൽ/സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തലിന്റെ നിലവാരത്തിലേക്ക് ചെലവ് വരാത്തതിനാൽ, അഞ്ച് പദ്ധതികളിലെ സബ്ഹെഡുകളിൽ ബഡ്ജറ്റ് വകയിരുത്തൽ വർദ്ധിപ്പിച്ചത് പൂർണ്ണമായും അനാവശ്യമായിരുന്നുവെന്ന് കണ്ടെത്തി.

**പട്ടിക 3.40: ഫണ്ടുകളുടെ അനാവശ്യ പുനർ ധനവിനിയോഗം**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ | വർഷം | അക്കൗണ്ടിംഗ് ശീർഷകം – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധനവിനിയോഗം | ചെലവ് |
|---|---|---|---|---|---|
| 1 | 2020-21 | 3051–02–001–97–വി–എൻപി<br>സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോർസ് ഓർഗനൈസേഷൻ സ്ഥാപിക്കലും | 117.47 | 1.07 | 106.94 |
| 2 | 2020-21 | 3051–02–001–99–വി–എൻപി<br>തുറമുഖ ഡയറക്ടറേറ്റ് | 226.06 | 5.58 | 178.14 |
| 3 | 2020-21 | 3051–02–102–98–വി–എൻപി<br>അന്വേഷണവും രക്ഷാനടപടിയും | 118.3 | 2.71 | 109.63 |

| ക്രമ നമ്പർ | വർഷം | അക്കൗണ്ടിംഗ് ശീർഷകം – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധനവിനിയോഗം | ചെലവ് |
|---|---|---|---|---|---|
| 4 | 2020-21 | 3051–02–102–99–വി–എൻപി പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും | 958.87 | 24.20 | 777.83 |
| 5 | 2020-21 | 3051–02–103–97–വി–എൻപി– ഡ്രെഡ്ജിംഗ് യൂണിറ്റ് | 42.97 | 1.19 | 34.56 |

*ഉറവിടം : അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

'വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ' (5051-01-001-99–വി–പി) പദ്ധതിക്ക് രണ്ട് കാലയളവുകളിലായി, ചെലവ് നേരിടുന്നതിനായി തുക പുനർ ധനവിനിയോഗം നടത്തി നൽകിയെങ്കിലും , പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ചുവടെയുള്ള **പട്ടിക 3.41**–ൽ വിവരിച്ചിരിക്കുന്നതുപോലെ പദ്ധതിയിലെ അമിത പുനർ ധനവിനിയോഗത്തിന് ഇടയാക്കി.

**പട്ടിക 3.41: അമിത പുനർ ധനവിനിയോഗം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | അക്കൗണ്ടിംഗ് ശീർഷകം – പദ്ധതി | അസൽ/ സപ്ലിമെന്ററി ബഡ്ജറ്റ് | പുനർ ധന വിനിയോഗം | ചെലവ് | അമിത പുനർ ധന വിനിയോഗം |
|---|---|---|---|---|---|---|
| 1 | 2021-22 | 5051–01–001–99–വി–പി– വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ | 0.01 | 17.33 | 12.00 | 5.34 |
| | 2022-23 | | 0.01 | 20.50 | 13.85 | 6.66 |

*ഉറവിടം : അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

## 3.9 നിഗമനങ്ങൾ

1. മൊത്തം ഗ്രാന്റുകൾ/ധനവിനിയോഗം, നേരിട്ട ചെലവ് എന്നിവ തമ്മിലുള്ള വ്യതിയാനങ്ങൾ മിച്ചത്തിലേയ്ക്ക് നയിച്ചു, ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള അനുചിതമായ പരിശോധനയെയും മോശപ്പെട്ട ബഡ്ജറ്റ് മാനേജ്മെന്റിനെയും സൂചിപ്പിക്കുന്നു. തന്നാണ്ടിലെ സഞ്ചിത നിധിയിലെ യഥാർത്ഥ വരവുകൾ ₹ 1,95,343.80 കോടിയും യഥാർത്ഥ ചെലവ് ₹ 2,02,871.93 കോടിയും ആയിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഈ മിച്ചത്തെ കാണാവുന്നതാണ്. ഇത് ₹ 7,528.13 കോടിയുടെ അധിക ചെലവിനിടയാക്കുകയും ഇത് പൊതു കണക്കുകളിൽ നിന്ന് നേരിടുകയും ചെയ്തു. ₹ 44,756.84 കോടിയുടെ മിച്ചം സാങ്കൽപികമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഇത് അനാവശ്യമായ സപ്ലിമെന്ററി ബഡ്ജറ്റ് മൂലമാണ് ഉണ്ടായത്. ഇത് ഒരു മോശപ്പെട്ട ബഡ്ജറ്റ് മാനേജ്മെന്റിനെ സൂചിപ്പിക്കുന്നു.

2. അസൽ ഗ്രാന്റുകളുടെ നിലവാരത്തിലേക്ക് അന്തിമ ചെലവ് വരാതിരുന്നതും, സപ്ലിമെന്ററി ധനാഭ്യർത്ഥന ലഭിച്ചതിന് ശേഷവും ചെലവ് നേരിടാതി

രിക്കുന്നതുമായ കേസുകളിൽ സപ്ലിമെന്ററി ധനാഭ്യർത്ഥന നൽകിയത്, ഫണ്ടുകളുടെ യഥാർത്ഥ ആവശ്യകത തിട്ടപ്പെടുത്തുന്നതിൽ വകുപ്പുതല ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയെ സൂചിപ്പിക്കുന്നു.

3. വകുപ്പുതല ഉദ്യോഗസ്ഥർ അവരുടെ നിയന്ത്രണത്തിലുള്ള അക്കൗണ്ട് ശീർഷകങ്ങളിലെ ഫണ്ടുകളുടെ യഥാർത്ഥ ആവശ്യകത വിലയിരുത്തുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അധികമോ അനാവശ്യമോ അപര്യാപ്തമോ ആയ പുനർ ധനവിനിയോഗം സൂചിപ്പിക്കുന്നത്.

4. ക്രമപ്പെടുത്തൽ ആവശ്യമുള്ള അധിക ചെലവുകൾ അപര്യാപ്തമായ ചെലവ് നിയന്ത്രണത്തെ സൂചിപ്പിക്കുന്നു.

## 3.10 ശുപാർശകൾ

**1. വകുപ്പുകൾക്ക് വകയിരുത്തി നൽകിയ വിഭവങ്ങൾ വിനിയോഗിക്കുന്നതിനുള്ള ശേഷിയുടെയും, ആവശ്യകതകളുടെ വിശ്വാസയോഗ്യമായ അംഗീകാരങ്ങളുടെയും, അടിസ്ഥാനത്തിൽ യാഥാർത്ഥ്യ പൂർണമായ ഒരു ബഡ്ജറ്റ് സർക്കാർ രൂപീകരിക്കേണ്ടതാണ്.**

**2. പ്രതീക്ഷിക്കുന്ന മിച്ചങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ തിരിച്ചറിയുന്നതും, സറണ്ടർ ചെയ്യുന്നതും, വകുപ്പുകളുടെ ശേഷിക്കുന്ന ബഡ്ജറ്റ് വകയിരുത്തലുകളെ ആശ്രയിച്ച് യഥാർത്ഥ ആവശ്യകതകൾക്ക് അനുസൃതമായി സപ്ലിമെന്ററി ധനാഭ്യർത്ഥനകൾ നടത്തുന്നതും, ഉറപ്പാക്കുന്നതിനു വേണ്ടി ഉചിതമായ ബഡ്ജറ്റ് നിരീക്ഷണവും നിയന്ത്രണ സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്.**

**3. നിയമസഭ അംഗീകരിച്ച പരിധിക്കപ്പുറമുള്ള ചെലവുകൾ ഭരണഘടനയുടെ 205–ാം അനുച്ഛേദത്തിന് വിരുദ്ധമാണ്. ഇത്തരം അമിത ചെലവുകൾ ഏറ്റവും നേരത്തെ ക്രമപ്പെടുത്തേണ്ടതുണ്ട്.**

**4. വർഷങ്ങളായി ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ആവർത്തിച്ച് ടോക്കൺ വകയിരുത്തൽ നടത്തുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്യേണ്ടതാണ്.**

**5. സ്ത്രീകൾക്ക് പ്രയോജനം നേടാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ കാര്യക്ഷമത നിർണ്ണയിക്കാൻ, അതാത് വർഷത്തെ ജെൻഡർ ബഡ്ജറ്റിൽ, മുൻ വർഷത്തെ പെർഫോമൻസ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതുണ്ട്.**

# അദ്ധ്യായം IV

# അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും

# അദ്ധ്യായം IV
# അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും

പ്രസക്തവും വിശ്വസനീയവുമായ വിവരങ്ങളോടു കൂടിയ ഭദ്രമായ ആന്തരിക സാമ്പത്തിക റിപ്പോർട്ടിംഗ് സംവിധാനം, സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമവും ഫലപ്രദവുമായ ഭരണ നിർവ്വഹണത്തെ സഹായിക്കുന്നു. സാമ്പത്തിക നിയമങ്ങളുടെയും, നടപടികളുടെയും, ഉത്തരവുകളുടെയും പാലനവും, അത്തരം പാലനത്തിന്റെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടിംഗിന്റെ സമയനിഷ്ഠയും, ഗുണനിലവാരവും, നല്ല ഭരണനിർവ്വഹണത്തിന്റെ ലക്ഷണങ്ങളാണ്. പാലനത്തിന്റെയും നിയന്ത്രണത്തിന്റെയും റിപ്പോർട്ടുകൾ ഫലപ്രദവും പ്രവർത്തനനിരതവുമാണെങ്കിൽ, അവ തന്ത്രപരമായ ആസൂത്രണവും തീരുമാനമെടുക്കുന്നതുമുൾപ്പെടെയുള്ള സർക്കാരിന്റെ അടിസ്ഥാനപരമായ മേൽനോട്ട ചുമതലകൾ പൂർത്തിയാക്കുന്നതിൽ സഹായിക്കുന്നു.

## എ. കണക്കുകളുടെ പൂർണ്ണതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

കണക്കുകളുടെ പൂർണ്ണത എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഒരു സാമ്പത്തിക വർഷത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട എല്ലാ ഇനങ്ങളും/ ഇടപാടുകളും കണക്കുകളിൽ ചേർത്തിട്ടുണ്ട് എന്നതാണ്. അങ്ങനെ പ്രസക്തമായ വിട്ടുപോകലുകൾ ഇല്ല എന്നതാണ് പൂർണ്ണത എന്നതുകൊണ്ട് ഉറപ്പാക്കുന്നത്.

### 4.1 സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് സംബന്ധിച്ച ബാധ്യത തീർപ്പാക്കാത്തത്

ഭാരത സർക്കാരിന്റെ വികേന്ദ്രീകൃത സംഭരണ പദ്ധതിക്ക് (ഡിസിപി) കീഴിൽ, കേരള സർക്കാർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ എന്ന് അറിയപ്പെടുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി) വഴി സംസ്ഥാനത്തെ കർഷകരിൽ നിന്ന് നേരിട്ട് നെല്ല് വാങ്ങുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നെല്ലിന്റെ സംഭരണ വിലയിൽ, അംഗീകൃത മിനിമം താങ്ങുവില (എം എസ് പി)[31] കേന്ദ്രസർക്കാർ നൽകുന്നു. ഈ എംഎസ് പിക്ക് മുകളിലുള്ള ഏത് തുകയും സ്റ്റേറ്റ് ഇൻസെന്റീവ് ബോണസായി (എസ്ഐബി) സംസ്ഥാന സർക്കാർ നൽകുന്നു. എസ്ഐബിക്കു വേണ്ടി വരുന്ന തുക ബഡ്ജറ്റിൽ '2408-01-101-96-33–സബ്സിഡി – എൻപി' എന്ന ശീർഷകത്തിൽ ബുക്ക് ചെയ്ത് വിതരണം ചെയ്യുന്നു. 2023 മാർച്ച് 31ന്, സംസ്ഥാന സർക്കാർ നെല്ല് സംഭരണം നടത്തിയ വകയിൽ സപ്ലൈ

*31 കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള സിഎസിപി– കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസിന്റെ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ എംഎസ്പി പ്രഖ്യാപിക്കുന്നു.*

കോയ്ക്ക് ₹ 556 കോടി എസ്ഐബി കുടിശ്ശികയായി നൽകാനുണ്ട്. ഇതിൽ എസ്ഐബിയുടെ പ്രതിമാസ കുടിശ്ശികയുടെ ഈ വർഷത്തെ പലിശയായ ₹34 കോടിയും ഉൾപ്പെടുന്നു. ₹ 556 കോടിയുടെ ബാധ്യതകൾ തീർപ്പാക്കാത്തതിന്റെ ഫലമായി ഈ വർഷത്തെ റവന്യൂ കമ്മിയും ധനക്കമ്മിയും അത്രയും തുക കുറച്ചു കാണിക്കാൻ ഇടയായി.

ഓഡിറ്റ് നിരീക്ഷണത്തിനോട് യോജിച്ച സംസ്ഥാന സർക്കാർ (2023 നവംബർ), സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് എസ്ഐബി നൽകുവാൻ കഴിയാത്തത് എന്ന് പ്രസ്താവിച്ചു. കുടിശ്ശിക വരുത്താതെ സംഭരണ വില (എംഎസ്പിയും എസ്ഐബിയും) സമയോചിതമായി നൽകുന്നതിനുവേണ്ടി ആത്മാർത്ഥമായ നടപടികൾ സംസ്ഥാന സർക്കാർ എടുത്തുവരുന്നതായും പ്രസ്താവിച്ചു.

## 4.2 പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ സംബന്ധമായ ബാധ്യത നിറവേറ്റാത്തത്

പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളിലെ (മേജർ ഹെഡ് 8336 മുതൽ 8342 വരെ) തുകയ്ക്ക് പലിശ വകയിരുത്തുകയും നൽകുകയും ചെയ്യാനുള്ള ബാധ്യത സർക്കാരിനുണ്ട്.

എന്നാൽ, 2022-23 വർഷത്തിൽ **പട്ടിക 4.1**ൽ കാണിച്ചിട്ടുള്ള പലിശ ബാദ്ധ്യതയുള്ള നിക്ഷേപങ്ങളിന്മേലുള്ള പലിശ ബാദ്ധ്യത നിറവേറ്റാനായി ബഡ്ജറ്റിൽ ഒരു തുകയും വകയിരുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു.

**പട്ടിക 4.1 : പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ ബാധ്യത നിറവേറ്റാത്തത്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പലിശ സഹിത നിക്ഷേപത്തിന്റെ പേര് | 01 ഏപ്രിൽ 2022 ലെ പ്രാരംഭ തുക | പലിശ നിരക്ക് (ശതമാനം) | കൊടുക്കേണ്ട പലിശ | കൊടുത്ത പലിശ | കൊടുക്കാനുള്ള ബാക്കി പലിശ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സംസ്ഥാന പരിഹാര്യ വനവൽക്കരണ ഫണ്ട് | 54.67 | 3.35 | 1.83 | ഇല്ല | 1.83 |
| **ആകെ** | | | | **1.83** | **ഇല്ല** | **1.83** |

*ഉറവിടം : 2022-23ലെ സാമ്പത്തിക കണക്കുകൾ*

പലിശ കുറച്ച് നൽകിയതു/നൽകാത്തതു കാരണം റവന്യൂകമ്മിയും ധനക്കമ്മിയും ₹ 1.83 കോടി കുറച്ചു കാണിക്കുന്നതിനിടയാക്കി.

## 4.3 കേന്ദ്ര പദ്ധതി ഫണ്ടുകൾ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകുന്നത് (സംസ്ഥാന ബഡ്ജറ്റിന് പുറമേ നൽകുന്ന ഫണ്ടുകൾ)

കേന്ദ്ര സർക്കാർ വിവിധ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് മതിയായ ഫണ്ടുകൾ നേരിട്ട് കൈമാറ്റം ചെയ്യാറുണ്ട്. കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ (സിജിഎ) പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പിഎഫ്എംഎസ്) പോർട്ടൽ പ്രകാരം, കേന്ദ്രസർക്കാർ സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകിയ ഫണ്ടുകളുടെ വിശദവിവരങ്ങൾ സാമ്പത്തിക കണക്കുകളുടെ വാല്യം IIലെ അനുബന്ധം VIൽ പ്രതിപാദിച്ചിരിക്കുന്നു. സിജിഎയുടെ പിഎഫ്എംഎസ് പോർട്ടൽ പ്രകാരം, 2022-23 വർഷകാലയളവിൽ, സംസ്ഥാനത്തെ ഇന്റർമീഡിയറീസിന് (സൊസൈറ്റികൾ, എൻജിഒകൾ, ട്രസ്റ്റുകൾ മുതലായവ) ലഭിച്ച ₹ 21.72 കോടി ഉൾപ്പെടെ, ₹ 10,341.03 കോടി സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് ലഭ്യമായി. സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് 2022-23 വർഷകാലയളവിൽ നേരിട്ട് ലഭ്യമായ കേന്ദ്രപദ്ധതി ഫണ്ടുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.1** ൽ നൽകിയിട്ടുണ്ട്.

## 4.4 കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് കോമ്പൗണ്ടിംഗ് ഫീ കൈമാറ്റം ചെയ്യാത്തതു സംബന്ധിച്ച്

2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ സെക്ഷൻ 11(3) പ്രകാരം, സംസ്ഥാന സർക്കാർ മുൻ വർഷം പിരിച്ച കോമ്പൗണ്ടിംഗ് ഫീയുടെ 50 ശതമാനത്തിന് തുല്യമായ തുക, കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് എല്ലാ വർഷവും നൽകേണ്ടതാണ്. 2021-22 വർഷകാലയളവിൽ പിരിച്ച ആകെ കോമ്പൗണ്ടിംഗ് ഫീയായ ₹ 111.11 കോടിയിൽ നിന്ന് ₹ 55.56 കോടി കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. എന്നാൽ ഇത് നൽകാത്തതു കാരണം റവന്യൂകമ്മിയും ധനക്കമ്മിയും ₹ 55.56 കോടി കുറച്ചു കാണിക്കുന്നതിനിടയാക്കി.

## ബി. സുതാര്യത സംബന്ധിച്ച പ്രശ്നങ്ങൾ

സുതാര്യത എന്നതു കൊണ്ട് ഉറപ്പാക്കുന്നത്, എല്ലാ കാര്യങ്ങളും ഉചിതമായി വെളിപ്പെടുന്നുണ്ടെന്നും അനായാസം മനസ്സിലാക്കപ്പെടുന്നു എന്നതുമാണ്.

## 4.5 ക്രമീകരണം നടത്താത്ത അബ്സ്ട്രാക്ട് കണ്ടിജന്റ് (എസി)/ താൽക്കാലിക മുൻകൂർ ബില്ലുകൾ

അബ്സ്ട്രാക്റ്റ് കണ്ടിജന്റ് ബില്ലുകൾ (എസി) എടുക്കുന്നതും തുടർന്ന്, വിശദമായ കണ്ടിജൻസി (ഡിസി) ബില്ലുകൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ)യുടെ ഓഫീസിൽ സമർപ്പിക്കുന്നതുമായ സമ്പ്രദായം കേരള സർക്കാർ നിർത്തലാക്കി. പകരം, കേരള ഫിനാൻഷ്യൽ കോഡ് (കെഎഫ്സി) വാല്യം 1–ലെ അനുച്ഛേദം 99 പ്രകാരം, താൽക്കാലിക മുൻകൂറുകൾ (ടെമ്പററി അഡ്വാൻസുകൾ) എടുക്കുന്നതിന് ഡ്രോയിംഗ് ആൻഡ് ഡിസ്ബേർസിംഗ് ഓഫീസർമാരെ (ഡിഡിഒ) അധികാരപ്പെടുത്തിയിരിക്കുന്നു.

2022-23 വർഷത്തിൽ എടുത്തതും, ക്രമീകരണം നടത്താനുള്ളതുമായ ₹ 1.86 കോടി വരുന്ന തുകയുടെ ബില്ലുകളിൽ ₹ 0.22 കോടിയുടെ (11.83 ശതമാനം)ബില്ലുകൾ 2023 മാർച്ചിൽ എടുത്തതാണ്. 2023 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന മുൻകൂർ കണ്ടിജന്റ് ബില്ലുകളുടെ വിവരങ്ങൾ **പട്ടിക 4.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.2 : 2023 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന മുൻകൂർ കണ്ടിജന്റ് ബില്ലുകളുടെ വിവരങ്ങൾ**

| വർഷം | ബാക്കി നിൽക്കുന്ന താൽക്കാലിക മുൻകൂറുകളുടെ എണ്ണം | തുക (₹ കോടിയിൽ) |
|---|---|---|
| 2021–22 വരെ | 24,268 | 1,949.23 |
| 2022–23 | 599 | 1.86* |
| **ആകെ** | **24,867** | **1,951.09** |

*ഉറവിടം: സാമ്പത്തിക കണക്കുകൾ*

* 2023 ജനുവരി മുതൽ മാർച്ച് വരെ എടുത്തതും 2023 ഏപ്രിലിനും ജൂണിനും ഇടയിൽ കുടിശ്ശികയായതുമായ താൽക്കാലിക മുൻകൂറുകളും ഉൾപ്പെടുന്നു.

2022 മാർച്ച് 31 അവസാനം (മുൻവർഷം) ₹ 1,949.23 കോടിയുടെ 24,268 എ സി ബില്ലുകളെ സംബന്ധിച്ചുള്ള വിശദമായ കണ്ടിജൻസി ബില്ലുകൾ ലഭ്യമായിട്ടില്ല.

## 4.6 വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലെ കാലതാമസം

1963–ലെ കേരള ഫിനാൻഷ്യൽ കോഡ്, അദ്ധ്യായം VIII അനുച്ഛേദം 210 (1) (ഭേദഗതി) പ്രകാരം, ഗ്രാന്റ് സ്വീകർത്താവിന് ലഭിച്ച ധനസഹായത്തിനെ സംബന്ധിച്ച്, ഗ്രാന്റ് ലഭിച്ച തീയതി മുതൽ രണ്ടു വർഷത്തിനകമോ (വിനിയോഗ കാലയളവിന്റെ ഏററവും കൂടിയ സമയപരിധി ഒരു വർഷം ആണ്. ഗ്രാന്റിന്റെ വിനിയോഗത്തിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള സമയപരിധി അവസാനിച്ചതിനു ശേഷം, ഒപ്പുവയ്ക്കുന്നതോ മേലൊപ്പ് വയ്ക്കുന്നതോ ആയ അധികാരികൾക്ക് ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കുന്നതിന് ഒൻപത് മാസവും, വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് വേണ്ടി ഓഡിറ്റ് ചെയ്ത കണക്കുകൾ ലഭിച്ച തീയതി മുതൽ മൂന്നു മാസവും), അല്ലെങ്കിൽ അതേ വിഷയത്തിൽ കൂടുതൽ ഗ്രാന്റിനുവേണ്ടി അപേക്ഷിക്കുന്നതിനു മുമ്പോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതിനകം വിനിയോഗ സാക്ഷ്യപത്രങ്ങൾ (യുസികൾ) ധനസഹായം അനുവദിച്ച അധികാരിക്ക് നൽകേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാതിരിക്കുന്നിടത്തോളം സാമ്പത്തിക കണക്കുകളിൽ കാണിച്ചിരിക്കുന്ന തുകകൾ ഗുണഭോക്താക്കളിലേക്ക് എത്താതിരിക്കുന്നതിനുള്ള സാധ്യതയുണ്ട്.

2022 മാർച്ച് 31 വരെയുള്ള ₹ 8.56 കോടിയുടെ മൂല്യമുള്ള ബാക്കി നിൽക്കുന്ന 11 യുസികളിൽ, 2021-22 കാലയളവ് വരെ കുടിശ്ശികയായ 6 യുസികളെ സംബന്ധിക്കുന്ന ₹ 7.74 കോടി, 2022-23 കാലയളവിൽ തീർപ്പാക്കി. 2023 മാർച്ച് 31 വരെ കുടിശ്ശികയുള്ള യുസികളുടെ വിശദാംശങ്ങൾ **പട്ടിക 4.3**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.3 : കുടിശ്ശികയായ യുസികളുടെ വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| വർഷം* | കുടിശ്ശികയായ വിനിയോഗ സാക്ഷ്യ പത്രങ്ങളുടെ എണ്ണം | തുക |
|---|---|---|
| 2021–22 വരെ (2022 മാർച്ച് 31 വരെയുള്ളത് ) | 5 | 0.82 |
| 2022–23 | 121 | 88.62 |
| **ആകെ** | **126** | **89.44** |

** വർഷം സൂചിപ്പിയ്ക്കുന്നത് കുടിശ്ശികയാകുന്ന വർഷം എന്നാണ്. അതായത് യഥാർത്ഥ പിൻവലിയ്ക്കലിനു ശേഷമുള്ള 24 മാസം അല്ലെങ്കിൽ 2 വർഷം*

ബന്ധപ്പെട്ട സ്ഥാപനങ്ങൾ യുസി നൽകുന്നതിലെ കാലതാമസം/യുസി നൽകാതിരിക്കുന്നത് ഒഴിവാക്കാനായി, സർക്കാർ അനുമതി നൽകിയ വായ്പകളും ധനസഹായവും ദൃഢമാക്കുന്നതിനുവേണ്ടി ഒരു സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2023 ഡിസംബർ).

## 4.7 ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ

### 4.7.1 ആമുഖം

പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി സഞ്ചിതനിധിയിൽ നിന്ന് ഫണ്ടുകൾ പിഡി അക്കൗണ്ടുകളിലേക്ക് മാറ്റുന്ന സമ്പ്രദായം കേരള സർക്കാർ പിൻതുടരുന്നില്ല. കേരള ട്രഷറി കോഡിന്റെ റൂൾ 37 പ്രകാരം, സംസ്ഥാന ട്രഷറികളിൽ ഉള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് ഈ ലക്ഷ്യം നടപ്പിലാക്കുന്നത്.

ട്രഷറി സേവിംഗ്സ് ബാങ്ക് സ്കീം സ്ഥാപിക്കുന്നതിലെ ഗവൺമെന്റിന്റെ ലക്ഷ്യം സമ്പാദ്യത്തിന്റെ നിക്ഷേപത്തിന് സജ്ജമായ ഒരു മാർഗം ഒരുക്കുക, മിതവ്യയം പ്രോത്സാഹിപ്പിക്കുക എന്നിവയായിരുന്നു. തുടർന്ന്, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾക്കുമുള്ള ഗ്രാന്റ്–ഇൻ–എയ്ഡ്, വായ്പകൾ, നിക്ഷേപങ്ങൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി സമാഹരിച്ച ഫണ്ടുകൾ, വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നിശ്ചിത കാലത്തേയ്ക്ക് പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്ടിഎസ്ബി) അക്കൗണ്ടിലേക്ക് താൽക്കാലികമായി ക്രെഡിറ്റ് ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ എന്നിവയ്ക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ സ്വന്തം ഫണ്ട് നിക്ഷേപിക്കുന്നതിനും സർക്കാർ അനുമതി നൽകുന്നു. ടിഎസ്ബി അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത തുകകൾ, ' 8031–മറ്റ് സേവിംഗ്സ് ഡെപ്പോസിറ്റുകൾ' എന്നതിന് താഴെ '102 സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റുകൾ' എന്ന മൈനർ ഹെഡിന് താഴെ ' 99' എന്ന സബ് ഹെഡ്ഡിന് കീഴിൽ ബുക്ക് ചെയ്യുന്നു. ടേം ഫിക്സഡ് ഡെപ്പോസിറ്റുകൾക്ക് കീഴിലുള്ള നിക്ഷേപങ്ങൾ '8031-00-102-98–ഫിക്സഡ് & ടൈം ഡെപ്പോസിറ്റുകൾ' എന്നതിന് കീഴിൽ ബുക്ക് ചെയ്യുന്നു.

സംസ്ഥാന ട്രഷറിയിലുള്ള ഏതൊരു വ്യക്തിയുടെയും ടിഎസ്ബി അക്കൗണ്ട്, കേരള ട്രഷറി കോഡിന്റെ അനുബന്ധം 3–ൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. 2023 മാർച്ച് 31 ലെ കണക്കനുസരിച്ച്, 8031-00-102-99 എന്ന ശീർഷകത്തിൻ കീഴിൽ ടിഎസ്ബി അക്കൗണ്ടുകളിൽ ₹833.56 കോടിയുണ്ട്. '8031-00-102-98' എന്ന അക്കൗണ്ട് ശീർഷകത്തിൻ കീഴിൽ 2023 മാർച്ച് 31 വരെ ട്രഷറികളിലെ ടേം ഫിക്സഡ് ഡിപ്പോസിറ്റ് അക്കൗണ്ടുകൾക്ക് കീഴിൽ ₹73,900.05 കോടിയുണ്ട്.

### 4.7.2 ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള ഫണ്ടുകളുടെ തിരിച്ചെടുക്കൽ

ടിഎസ്ബി അക്കൗണ്ടിൽ നിന്ന് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് ഫണ്ട് തിരിച്ചെടുക്കുന്നതിനെക്കുറിച്ച് ഒരു പഠനം ഓഡിറ്റ് നടത്തുകയുണ്ടായി. ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട ചില പ്രധാന നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

- **ടിഎസ്ബി അക്കൗണ്ടുകളിൽ നിന്ന് ഒരു പൊതു അക്കൗണ്ട് ശീർഷകത്തിലേയ്ക്ക് ക്രമ വിരുദ്ധമായി ഫണ്ട് തിരിച്ചെടുക്കുന്ന രീതി.**

സംസ്ഥാന സർക്കാർ 2023 മാർച്ച് 23 ലെ ഉത്തരവുകൾ പ്രകാരം, വിവിധ സർക്കാർ വകുപ്പുകളുടെയും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും ടിഎസ്ബി അക്കൗണ്ടുകളിൽ പാർക്ക് ചെയ്തിരുന്ന ₹6,859.18 കോടി, 2023 മാർച്ച് 31–ന് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക്, **പട്ടിക 4.4–ൽ** നൽകിയിരിക്കുന്നതു പോലെ തിരിച്ചെടുത്തു.

**പട്ടിക 4.4 : സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്ത ഫണ്ടുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ടിഎസ്ബി അക്കൗണ്ട് തരം[32] | തിരിച്ചെടുക്കൽ നടത്തിയ ടിഎസ്ബി അക്കൗണ്ടുകളുടെ എണ്ണവും തിരിച്ചെടുത്ത തുകയും | | ടിഎസ്ബി അക്കൗണ്ടുകളിൽ നിന്നുള്ള ഫണ്ടുകൾ '2075–00–911–94' ൽ വരവു വച്ചത് | |
|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക |
| 1 | എസ്ടിഎസ്ബി | 12,186 | 5,156.39 | 12,185 | 5,156.39 |
| 2 | പിഎസ്ടിഎസ്ബി | 207 | 640.18 | 25 | 24.94 |
| 3 | എൽജിടിഎസ്ബി | 2,697 | 1,032.62 | 2,697 | 1,032.62 |
| 4 | ജെവിടിഎസ്ബി | 11 | 1.54 | 11 | 1.54 |
| 5 | എസ്ഡിടിഎസ്ബി | 4 | 0.19 | 4 | 0.19 |
| 6 | പ്രവർത്തനരഹിതമായ എസ്ടിഎസ്ബി | 3,040 | 24.84 | 3,040 | 24.84[33] |
| 7 | പ്രവർത്തനരഹിതമായ പിഎസ്ടിഎസ്ബി | 172 | 3.42 | 172 | 3.42 |
| **ആകെ** | | **18,317** | **6,859.18** | **18,134** | **6,243.94** |

*ഉറവിടം : ട്രഷറി വകുപ്പ് നൽകിയ വിവരങ്ങൾ പ്രകാരം*

32 എസ്ടിഎസ്ബി–സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക്, പിഎസ്ടിഎസ്ബി–പ്ലാൻ സ്കീം ടിഎസ്ബി, എൽജിടിഎസ്ബി – ലോക്കൽ ഗവൺമെന്റ് ടിഎസ്.ബി, ജെവിടിഎസ്ബി – ജോയിന്റ് വെഞ്ച്വർ ടിഎസ്ബി, എസ്ഡിടിഎസ്ബി – സെക്യൂരിറ്റി ഡെപ്പോസിറ്റ് ടിഎസ്ബി

33 '2075-00-911'എന്ന ശീർഷകത്തിൻ കീഴിൽ '94' ഒഴികെയുള്ള സബ്ഹെഡുകളിൽ വരവു വച്ച ₹ 0.06 കോടിയും ഉൾപ്പെടുന്നു.

തിരിച്ചെടുത്ത ₹6,859.18 കോടിയിൽ, ₹6,243.94 കോടിയും '2075-00-911-94 അധികമായി നൽകിയ തുകയുടെ കിഴിവ് – നിർജ്ജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ തിരിച്ചു നൽകൽ' എന്ന ഒരു പൊതുവായ അക്കൗണ്ടിംഗ് ശീർഷകത്തിലേയ്ക്കാണ് തന്നാണ്ടിൽ തിരിച്ചെടുത്തത്.

ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ്സ് ഓഫ് അക്കൗണ്ട്സിലെ പൊതു നിർദ്ദേശങ്ങളുടെ ഖണ്ഡിക 3.10 അനുസരിച്ച്, മുൻ വർഷം/വർഷങ്ങളെ സംബന്ധിച്ച റവന്യൂചെലവിലെ ഓവർപേയ്മെൻറുകളുടെ റിക്കവറി, എവിടെ നിന്നാണോ ആദ്യം ചെലവ് നടത്തിയത്, അതാത് മേജർ/സബ് മേജർ ഹെഡിന് താഴെയുള്ള പ്രത്യേക മൈനർ ഹെഡിന് (കിഴിവ്–അധികം തുക നൽകിയത് വസൂലാക്കൽ) കീഴിൽ രേഖപ്പെടുത്തണം. അതേ സാമ്പത്തിക വർഷത്തിലെ ഓവർ പേയ്മെന്റിന്റെ റിക്കവറികൾ, ബന്ധപ്പെട്ട ചെലവിന്റെ ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ ചെലവ് കുറയ്ക്കുന്നതായി രേഖപ്പെടുത്തണം.

പൊതു നിർദ്ദേശങ്ങളുടെ ഖണ്ഡിക 4.3 പ്രകാരം, മൂലധന ചെലവിന്റെ കാര്യത്തിൽ, തുടക്കത്തിൽ മൂലധന ചെലവ് നടത്തിയ വിവിധ മൂലധന മേജർ / സബ് മേജർ ഹെഡുകൾക്ക് കീഴിൽ, പ്രത്യേക സബ് ഹെഡുകൾ (ഡിഡക്റ്റ് റെസീപ്റ്റ്സ് ആൻഡ് റിക്കവറീസ് ഓൺ ക്യാപിറ്റൽ അക്കൗണ്ട്) തുറക്കേണ്ടതാണ്.

'2075-00-911' എന്ന പൊതുവായ അക്കൗണ്ട് ശീർഷകത്തിലേയ്ക്ക് വിവിധ റവന്യൂ, മൂലധന ഹെഡുകളുടെ കീഴിൽ ഡെബിറ്റ് ചെയ്ത തുകകളുടെ ക്രെഡിറ്റ് ബാക്ക് നടത്തുന്നത്, കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് പ്രസിദ്ധീകരിച്ച ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ് ഓഫ് അക്കൗണ്ട് (എൽഎംഎംഎച്ച്) ലെ 3.10, 4.3 എന്നീ ഖണ്ഡികകളിലെ പൊതു നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇത് സർക്കാരിന്റെ സാമ്പത്തിക നിലയുടെ എല്ലാ പ്രധാന സൂചകങ്ങളെയും വികലമാക്കുകയും ചെയ്യും.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച്, നിശ്ചിത പരിധിയിൽ കൂടുതൽ മിച്ചം/അധികം ഉള്ള എല്ലാ അക്കൗണ്ടിംഗ് ശീർഷകങ്ങളെക്കുറിച്ചും, ധനവിനിയോഗ കണക്കുകളിൽ കമന്റ് ഉൾപ്പെടുത്തേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഡെബിറ്റ് ചെയ്ത ഒറിജിനൽ അക്കൗണ്ടിംഗ് ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുന്നതിനുപകരം പൊതുവായ ഒരു അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനാൽ, ധനവിനിയോഗ കണക്കുകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള പല പദ്ധതികളും ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കപ്പെടുകയോ, അല്ലെങ്കിൽ കൂടുതൽ കാണിക്കുന്നതിന് ഇടയാക്കുകയോ ചെയ്യും.

പിഎസ്ടിഎസ്ബി അക്കൗണ്ടുകളിൽ നിന്ന് തിരിച്ചെടുക്കുന്ന ഫണ്ട്, ഉറവിട പദ്ധതി ശീർഷകത്തിലേയ്ക്ക് തന്നെ തിരികെ അടയ്ക്കുന്നതിനായുള്ള ഒരു ഓട്ടോമേറ്റഡ് സംവിധാനം എൻഐസി വികസിപ്പിച്ചുവെന്നും 2023-24 മുതൽ നടപ്പിലാക്കുമെന്നും സംസ്ഥാന സർക്കാർ (മാർച്ച് 2024) മറുപടി നൽകി.

### കേരള സാമൂഹിക സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ (കെഎസ്എസ് പിഎൽ) ടിഎസ്ബി അക്കൗണ്ടിൽ നിന്നുള്ള ഫണ്ട് തിരിച്ചെടുക്കൽ

വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകളും, ക്ഷേമ പെൻഷനുകളും വിതരണം ചെയ്യുന്നതിനായി 2018 ജൂണിൽ സ്ഥാപിതമായ ഒരു സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ് കെഎസ്എസ്പിഎൽ. പെൻഷൻ വിതരണത്തിനായി 2235-60-102-89 ന് കീഴിൽ സംസ്ഥാന ബജറ്റിൽ സർക്കാർ ഫണ്ട് നൽകുന്നു. ഈ ഫണ്ടുകൾ പൊതു കണക്കിൽ സൂക്ഷിക്കുന്ന കെഎസ്എസ് പിഎൽ ന്റെ എസ്ടിഎസ്ബി അക്കൗണ്ടുകളിലേക്ക് റിലീസ് ചെയ്യുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി, പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിൽ നിന്ന് കെഎസ്എസ് പിഎൽ വായ്പയായി ഫണ്ട് സമാഹരിക്കുന്നു. ഈ ഫണ്ടും ഇതേ എസ്ടി എസ്ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു.

- കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് , 2235-60-102-89 എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്തുകൊണ്ട്, 31.03.2023–ന് സർക്കാർ ₹1,651.92 കോടി അനുവദിച്ചതായും, കെഎസ്എസ്പിഎൽ ന്റെ എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, അതേ ദിവസം തന്നെ ഈ തുക പൊതു കണക്കുകളിൽ നിന്ന് തിരിച്ചെടുക്കുകയും യഥാർത്ഥ ശീർഷകമായ '2235-60-102-89' നു പകരം '2075-00-911-94' എന്ന ശീർഷകത്തിലേക്ക് തിരികെ (ഡിഡക്റ്റ് ഡെബിറ്റ്) എഴുതുകയും ചെയ്തു. ഇത് 2022-23 വർഷത്തെ ധനവിനിയോഗ കണക്കുകളിൽ മേജർ ഹെഡ് 2235 ൽ ₹1,651.92 കോടിയുടെ അധികച്ചെലവ് കാണിക്കുന്നതിനും 2075 എന്ന ശീർഷകത്തിൽ അത്രയും തന്നെ തുക കുറച്ച് കാണിക്കുന്നതിനും ഇടയായി.

- 31.03.2023–ന്, കെഎസ്എസ്പിഎൽ ന്റെ എസ്ടിഎസ്ബി അക്കൗണ്ടിൽ നിന്ന് ₹1,116.87 കോടി തിരിച്ചെടുക്കുകയും '2075-00-911-94' എന്ന ശീർഷകത്തിലേക്ക് തിരികെ (ഡിഡക്റ്റ് ഡെബിറ്റ്) എഴുതുകയും ചെയ്തു. ഇത് കെഎസ്എസ്പിഎൽ, സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിൽ നിന്ന് വായ്പയായി സമാഹരിച്ച്, കെഎസ്എസ് പിഎൽ ന്റെ എസ്ടിഎസ്ബി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുകയായിരുന്നു. ഈ ഫണ്ട് (കെഎസ്എസ്പിഎൽ സമാഹരിച്ചത്) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുക്കുന്നത് ക്രമവിരുദ്ധമാണ്. കൂടാതെ, ഈ തുക സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ളതിനാലും, ഇതിന്റെ മുതലും പലിശയും സംസ്ഥാന സർക്കാർ നൽകുന്നതിനാലും, ഈ തുക സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിന് പുറത്തുള്ള കടമെടുപ്പാണ്. വർഷത്തിന്റെ അവസാന ദിവസം ഇത്തരത്തിൽ തിരിച്ചെടുക്കുന്നതിലൂടെ, റവന്യൂകമ്മിയും ധനക്കമ്മിയും സർക്കാർ അത്രയും തന്നെ കുറച്ചുകാണിക്കുന്നതിന് ഇടയാക്കി.

- **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെഎസ്ഇബി) ലിമിറ്റഡിന് നൽകിയ ഫണ്ടുകളുടെ തിരിച്ചെടുക്കൽ**

2023 മാർച്ച് 29 ലെ ജി.ഒ.(ആർറ്റി)നം. 71/2023/പവർ പ്രകാരം, കേരള വാട്ടർ അതോറിറ്റി നൽകേണ്ട വൈദ്യുതി ചാർജായ ₹171.67 കോടി സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് (കെഎസ്ഇബിഎൽ) അനുവദിച്ച ഉത്തരവായി. 31-03-2023 ന് തുക '2801-80-101-92' (എൻ.പി) എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്ന് ഡെബിറ്റ് ചെയ്ത് കെഎസ്ഇബിയുടെ എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു. എന്നിരുന്നാലും, അതേ ദിവസം തന്നെ ഈ തുക തിരിച്ചെടുക്കുകയും യഥാർത്ഥ ശീർഷകമായ '2801-80-101-92' (എൻപി ) എന്നതിനുപകരം '2075-00-911-94' എന്ന ശീർഷകത്തിലേക്ക് തിരികെ (ഡിഡക്റ്റ് ഡെബിറ്റ്) എഴുതുകയും ചെയ്തു. ഇതിന്റെ ഫലമായി '2801-80-101-92 ഇലക്ട്രിസിറ്റി ബോർഡുകൾക്കുള്ള സഹായം' എന്ന ശീർഷകത്തിൽ ചെലവ് കൂടുതലായി കാണിക്കുന്നതിന് ഇടയായി. അങ്ങനെ, 2022-23 വർഷത്തെ ധന വിനിയോഗ കണക്കുകളിൽ ₹179.27 കോടിയുടെ (171.67 + 7.60) മിച്ചത്തിനു പകരം ₹7.60 കോടിയുടെ മിച്ചം മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളൂ, ഇത് വസ്തുതാപരമായി തെറ്റാണ്.

- **കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ ഫണ്ടുകളുടെ തിരിച്ചെടുക്കൽ**

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എസ്ടിഎസ്ബി അക്കൗണ്ട് നമ്പർ 711101400000002 ലേക്ക് മേജർ ഹെഡ് '2408–ഭക്ഷ്യം'–ന് കീഴിലുള്ള മൈനർ ഹെഡ് '101– സംഭരണവും വിതരണത്തിനും' കീഴിലുള്ള സബ്ഹെഡ് '94–റേഷൻ സബ്സിഡി'–യിൽ ഡെബിറ്റ് ചെയ്ത് ('2408-01-101-94') സിവിൽ സപ്ലൈസ് കമ്മീഷണർ തുകകൾ കൈമാറ്റം ചെയ്യുന്നു. 31.03.2023 ന് എസ്ടിഎസ്ബി അക്കൗണ്ടിൽ നിന്ന് ₹86.88 കോടി തിരിച്ചെടുത്ത് '2408-01-101-94' എന്ന ശീർഷകത്തിന് പകരം, '2075-00-911-94' എന്ന ശീർഷകത്തിലേക്ക് തിരികെ (ഡിഡക്റ്റ് ഡെബിറ്റ്) എഴുതുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി '2408-01-101-94' എന്ന ശീർഷകത്തിൽ ചെലവ് ₹86.88 കോടി കൂടുതലായി കാണിക്കുന്നതിനും 2075 എന്ന മേജർ ഹെഡിൽ ₹86.88 കോടി കുറച്ച് കാണിക്കുന്നതിനും ഇടയാക്കി.

- **കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് (കെബിപിഎസ് ) നൽകിയ ഫണ്ടുകളുടെ തിരിച്ചെടുക്കൽ**

സർക്കാർ 2202-02-106-99–സെക്കൻഡറി വിദ്യാഭ്യാസം – പാഠപുസ്തക പ്രസിദ്ധീകരണം എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്തുകൊണ്ട് പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ചാർജുകൾക്കായി കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് ഫണ്ട് നൽകുന്നു. കെബിപിഎസിന്റെ എസ്ടിഎസ്ബി അക്കൗണ്ടിലേക്കാണ് തുക വരവ് വയ്ക്കുന്നത്. 2023 മാർച്ച് 31ന് എസ്ടിഎസ്ബി അക്കൗണ്ടിൽ നിന്ന് ₹28.83 കോടി തിരിച്ചെടുക്കുകയും '2202-02-106-99' എന്ന ശീർഷകത്തിന് പകരം '2075-00-911-94 'എന്ന

ശീർഷകത്തിലേക്ക് തിരികെ (ഡിഡക്റ്റ് ഡെബിറ്റ്) എഴുതുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി '2202-02-106-99' എന്ന ശീർഷകത്തിൽ ചെലവ് ₹28.83 കോടി അധികമായി കാണിക്കുന്നതിനും, 2075 എന്ന മേജർ ഹെഡിൽ തത്തുല്യമായ തുക കുറച്ചു കാണിക്കുന്നതിനും ഇടയായി.

- **നിക്ഷേപത്തിൽ ₹ 200 കോടി കൂടുതൽ കാണിച്ചത്**

30.03.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം, കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെഎഫ്‌സി) അംഗീകൃത ഓഹരി മൂലധനം ₹500 കോടിയിൽ നിന്ന് ₹1,000 കോടിയായി വർദ്ധിപ്പിക്കാനും, അതിന്റെ പെയ്ഡ് അപ്പ് ക്യാപിറ്റലിലേക്ക് ₹200 കോടി നിക്ഷേപിക്കാനും അനുമതി നൽകിയിരുന്നു. 4885-01-190-98 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ - നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്ത് ₹200 കോടി പൊതുകണക്കുകളിലുള്ള കെഎഫ്‌സിയുടെ എസ്ടിഎസ്ബി അക്കൗണ്ടിൽ 2023 മാർച്ച് 31 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. അതേ ദിവസം തന്നെ, മൂലധന ശീർഷകമായ 4885-ന് കീഴിൽ ഡിഡക്റ്റ് ഡെബിറ്റ് ചെയ്യുന്നതിന് പകരം റവന്യൂ ചെലവിന്റെ ശീർഷകമായ 2075-ലേക്ക് ഡിഡക്റ്റ് ഡെബിറ്റ് ചെയ്തു. ഇത് മൂലധനച്ചെലവും നിക്ഷേപവും ₹200 കോടി അധികമായി കാണിക്കുന്നതിനും, റവന്യൂചെലവ് ₹200 കോടി കുറച്ചു കാണിക്കുന്നതിനും ഇടയായി.

## 4.8 പൊതു ശീർഷകങ്ങളിൽ ബന്ധമില്ലാത്ത ചെലവ് ചേർത്തത്

### 4.8.1 മൈനർ ഹെഡ് 800- മറ്റു വരവുകളുടേയും മറ്റു ചെലവുകളുടേയും വിവേചനരഹിതമായ പ്രവർത്തനം

കണക്കുകളിൽ ഉചിതമായ മൈനർ ഹെഡുകൾ നിലവിലില്ലാതിരിക്കുന്ന സാഹചര്യത്തിലാണ് മറ്റ് വരവുകളും മറ്റ് ചെലവുകളുമായി ബന്ധപ്പെട്ട മൈനർ ഹെഡ് 800-ഉപയോഗിക്കുന്നത്. കണക്കുകളുടെ സുതാര്യത നഷ്ടപ്പെടുമെന്നതിനാൽ മൈനർ ഹെഡ് 800-ന്റെ പതിവായുള്ള ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

- **മൈനർ ഹെഡ് 800- മറ്റു ചെലവുകൾ**

2022-23 ൽ, മൊത്തം റവന്യൂ ചെലവിന്റേയും മൂലധന ചെലവിന്റെയും (₹1,55,947.49 കോടി) 4.65 ശതമാനം വരുന്ന ₹7,248.36 കോടിയുടെ ചെലവുകൾ, റവന്യൂ, മൂലധന വിഭാഗങ്ങളിലെ 67 മേജർ ഹെഡുകളുമായി ബന്ധപ്പെട്ട '800 – മറ്റു ചെലവുകൾ' എന്ന മൈനർ ഹെഡിൽ വർഗ്ഗീകരിച്ചിരിക്കുന്നു. 2021-22 കാലയളവിലെ മൊത്തം റവന്യൂ, മൂലധന ചെലവുകൾ ₹1,60,371.24 കോടി ആണ്. ഇപ്പറഞ്ഞതിൽ, മൊത്തം ചെലവിന്റെ 5.87 ശതമാനമായിരുന്ന 68 മുഖ്യശീർഷകങ്ങളുടെ കീഴിൽ ബുക്ക് ചെയ്ത ₹ 9,413.23 കോടിയുടെ ചെലവുകൾ, മൈനർ ഹെഡ് '800- മറ്റ് ചെലവുകളുടെ' കീഴിലായിരുന്നു വർഗ്ഗീകരിച്ചിരുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച് മൈനർ ഹെഡ്-800- ന്റെ കീഴിലെ ചെലവ് 23 ശതമാനം കുറഞ്ഞു. **പട്ടിക 4.5** ൽ കാണിച്ചിരിക്കുന്നതു പോലെ ഒൻപത് മേജർ ഹെഡുകളിൽ ₹ 100 കോടിയിൽ അധികം വരുന്ന ചെലവുകൾ, മൈനർ ഹെഡ് 800 നു കീഴിൽ 2022-23 ൽ വർഗ്ഗീകരിച്ചു എന്ന് നിരീക്ഷിച്ചു.

**പട്ടിക 4.5: മൈനർ ഹെഡ് 800–ന്റെ കീഴിൽ ₹100 കോടിയിലധികം വന്ന ചെലവ്**

*(₹കോടിയിൽ)*

| ക്രമ നമ്പർ | മേജർ ഹെഡ് | മൈനർ ഹെഡ് 800 ന കീഴിലെ ചെലവ് |
|---|---|---|
| 1 | 2075 – പലവക പൊതു സർവ്വീസുകൾ | 3666.86 |
| 2 | 2210 – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 901.79 |
| 3 | 5075 – മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് | 534.06 |
| 4 | 4515 – മറ്റ് ഗ്രാമവികസന പരിപാടികൾക്കുള്ള മൂലധന ചെലവ് | 385.69 |
| 5 | 2217 – നഗര വികസനം | 192.78 |
| 6 | 2515– മറ്റു ഗ്രാമ വികസന പരിപാടികൾ | 169.65 |
| 7 | 3054 –റോഡുകളും പാലങ്ങളും | 155.09 |
| 8 | 2014 – നീതിന്യായ നിർവ്വഹണം | 119.75 |
| 9 | 4250 – മറ്റ് സാമൂഹ്യ സേവനങ്ങൾക്കായുള്ള മൂലധന ചെലവ് | 103.86 |

കൂടാതെ, മൈനർ ഹെഡ് 800 ന് കീഴിൽ ബുക്ക് ചെയ്ത തിരഞ്ഞെടുത്ത കേസുകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ, **പട്ടിക 4.6** ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, കുറച്ച് സന്ദർഭങ്ങളിൽ ഇടപാടുകൾ വകകൊള്ളിക്കാൻ മൈനർ ഹെഡ് 800–നേക്കാൾ അനുയോജ്യമായ മറ്റു മൈനർ ഹെഡുകൾ ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡിൽ( എൽഎംഎംഎച്ച് )ലഭ്യമായിരുന്നു എന്ന് കണ്ടെത്തി.

**പട്ടിക 4.6: അനുയോജ്യമായ മൈനർ ഹെഡിന് പകരം മൈനർ ഹെഡ് 800–ന് കീഴിൽ ബുക്ക് ചെയ്തത്**

*(₹കോടിയിൽ)*

| ക്രമ നമ്പർ | സംസ്ഥാന ബഡ്ജറ്റ് പ്രകാരമുള്ള അക്കൗണ്ട് ശീർഷകം | തുക | ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ് പ്രകാരമുള്ള അനുയോജ്യമായ മൈനർ ഹെഡ് |
|---|---|---|---|
| 1 | 2040–00–800–99 ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) | 0.90 | 2040–00–188 സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം |
| 2 | 3055–00–800–94 ഇ– ഗവേണൻസിന്റെ നടപ്പാക്കൽ– പരിശീലനവും കാര്യശേഷി വികസനവും | 1.04 | 3055–00–003 ട്രെയിനിംഗ് |
| 3 | 6250–60–800–94 റീഹാബിലിറ്റേഷൻ പ്ലാന്റേഷനുള്ള ലോൺ | 1.00 | 6250–60–190 പൊതുമേഖലകൾക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ |
| 4 | 2075–00–800–98 രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ–ധനസഹായം | 1.50 | 2075–00–188 സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം |

| ക്രമ നമ്പർ | സംസ്ഥാന ബഡ്ജറ്റ് പ്രകാരമുള്ള അക്കൗണ്ട് ശീർഷകം | തുക | ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ് പ്രകാരമുള്ള അനുയോജ്യമായ മൈനർ ഹെഡ് |
|---|---|---|---|
| 5 | 2203–00–800–91 സി–ആപ്റ്റ്– കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് | 3.70 | 2203–00–188 സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം |
| 6 | 2210–06–800–81 പ്രധാനമന്ത്രി ജന ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സംസ്ഥാന പദ്ധതി | 807.00 | 2210–80–101 ആയുഷ്മാൻ ഭാരത്– പ്രധാനമന്ത്രി ജന ആരോഗ്യയോജന |
| 7 | 2210–06–800–80 പ്രധാനമന്ത്രി ജന ആരോഗ്യ യോജന / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി – സി എസ് എസ് | 93.00 | 2210–80–101 ആയുഷ്മാൻ ഭാരത്– പ്രധാനമന്ത്രി ജന ആരോഗ്യയോജന |

- **മൈനർ ഹെഡ് 800 – മറ്റു വരവുകൾ**

2022-23 കാലയളവിൽ മൊത്തം റവന്യൂ വരവുകളുടെ (₹1,32,724.65 കോടി)1.10 ശതമാനമായ ₹1,459.48 കോടിയുടെ വരവുകൾ, 48 മേജർ ഹെഡുകളിലായി മൈനർ ഹെഡ് 800– 'മറ്റു വരവുകളിലാണ്'' വർഗ്ഗീകരിച്ചത്. മുൻ വർഷകാലയളവിൽ മൊത്തം റവന്യൂ വരവുകളുടെ (₹1,16,640.24 കോടി) 1.77 ശതമാനം വരുന്ന ₹2,066.08 കോടി, 48 മേജർ ഹെഡുകളിലായി 800– 'മറ്റു വരവുകളിലാണ്''കണക്കുകളിൽ വർഗ്ഗീകരിച്ചിരുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച മൈനർ ഹെഡ് 800– ന്റെ കീഴിൽ ബുക്ക് ചെയ്ത വരവുകൾ 29.36 ശതമാനം കുറഞ്ഞു.

**പട്ടിക 4.7** ൽ കാണിച്ചിരിക്കുന്നതു പോലെ, മൂന്ന് മേജർ ഹെഡുകളിൽ ₹ 100 കോടിയിലധികം വരുന്ന വരവുകൾ, മൈനർ ഹെഡ് 800 ന് കീഴിലാണ് 2022-23 ൽ വർഗ്ഗീകരിച്ചിരുന്നത് എന്ന് നിരീക്ഷിച്ചു.

**പട്ടിക 4.7: മൈനർ ഹെഡ് 800–ന്റെ കീഴിൽ ₹100 കോടിയിലധികം വന്ന വരവുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | മേജർ ഹെഡ് | മൈനർ ഹെഡ് 800– ൽ ബുക്ക് ചെയ്ത വരവുകൾ |
|---|---|---|
| 1 | 0029– ഭൂനികുതി | 491.24 |
| 2 | 0030– മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 151.86 |
| 3 | 0425– സഹകരണം | 126.43 |

### 4.8.2 ഒമ്നിബസ് ഒബ്ജക്ട് ഹെഡ് 34– മറ്റു ചെലവുകളുടെ പ്രവർത്തനം

വർഗ്ഗീകരണത്തിന്റെ ആറാമത്തെ ശ്രേണിയായതിനാൽ, ഒബ്ജക്ട് ഹെഡ് ചെലവിന്റെ ഉദ്ദേശ്യം/സ്വഭാവം എന്നിവയെ കാണിക്കുന്നു. ശമ്പളം, ഗ്രാന്റ്– ഇൻ–എയ്ഡ്, യാത്രാ ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ വാടക ചെലവുകൾ തുടങ്ങിയ ഇൻപുട്ടുകളുടെ അടിസ്ഥാനത്തിൽ, ഒരു പദ്ധതിയുടെ ചെലവിന്റെ സ്വഭാവത്തെ സൂചിപ്പിക്കുന്ന, ചെലവിന്റെ നിയന്ത്രണത്തിനു വേണ്ടിയുള്ള ഒബ്ജക്ട് ഹെഡുകളുടെ, വിശകലനത്തിന്റെ ആവശ്യകതയെക്കുറിച്ച് കേരള

ബഡ്ജറ്റ് മാനുവലിന്റെ (കെ.ബി.എം.)ഖണ്ഡിക 9(7) ൽ പ്രതിപാദിച്ചിരിക്കുന്നു. എല്ലാ സർക്കാർ വകുപ്പുകൾക്കും സ്വീകരിക്കാവുന്ന സർക്കാർ ചെലവുകളുടെ സാമാന്യ ഇനങ്ങളെ പ്രതിനിധാനം ചെയ്യുന്ന 99 മാതൃക ഒബ്ജക്ട് ഹെഡുകളുടെ ഒരു പട്ടിക കെ.ബി.എം.ന്റെ അനുബന്ധം 3 ൽ കൊടുത്തിരിക്കുന്നു. സാമ്പത്തിക കണക്കുകളുടെ വാല്യം– I ലെ സ്റ്റേറ്റ്മെന്റ് – 4 (ബി)യിൽ, ഇത്തരം ഒബ്ജക്ട് ഹെഡുകളിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവുകളെ കണ്ടെത്തി ചെലവിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അവയെ പ്രദർശിപ്പിച്ചിരിക്കുന്നു.

മറ്റൊരു ഒബ്ജക്ട് ഹെഡിന്റെ കീഴിലും, ശരിയായ രീതിയിൽ ബുക്ക് ചെയ്യാൻ പറ്റാത്ത എല്ലാ ചെലവുകളെയും ഉൾച്ചേർക്കുന്ന ഒരു റസീഡ്യുവറി ശീർഷകം ആണ് ഒബ്ജക്ട് ഹെഡ് 34–'മറ്റ് ചെലവുകൾ' എന്ന് കെ.ബി.എം.–ന്റെ ഖണ്ഡിക 29 നിർവചിച്ചിരിക്കുന്നു. അക്കൗണ്ടുകളിൽ ഉചിതമായ ഒബ്ജക്ട് ഹെഡ് ലഭ്യമല്ലാത്ത അവസരങ്ങളിൽ മാത്രമാണ് 34–മറ്റു ചെലവുകൾ എന്ന ഒബ്ജക്ട് ഹെഡ് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഒബ്ജക്ട് ഹെഡ്– 'മറ്റ് ചെലവുകളുടെ' സ്ഥിരവും വിവേചന രഹിതവുമായ ഉപയോഗം അക്കൗണ്ടുകളുടെ സുതാര്യത ഇല്ലാതാക്കുകയും സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് 4 (ബി) യിൽ അക്കൗണ്ട് ചെയ്യുന്നതിന് വേണ്ടി ചെലവിന്റെ യഥാർത്ഥ സാമ്പത്തിക സ്വഭാവം തിരിച്ചറിയുന്നതിൽ നിന്നും തടയുകയും ചെയ്യുന്നു. ഒബ്ജക്ട് ഹെഡ് – 34 'മറ്റു ചെലവുകളുടെ' കീഴിൽ 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ബുക്ക് ചെയ്ത ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 4.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.8: ഒബ്ജക്ട് ഹെഡ് 34–'മറ്റ് ചെലവുകൾ ' ക്ക് കീഴിൽ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ബുക്ക് ചെയ്ത ചെലവുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | ആകെ ചെലവ് * | ഒബ്ജക്ട് ഹെഡ് –മറ്റു ചെലവുകളുടെ കീഴിൽ ബുക്ക് ചെയ്ത ചെലവുകൾ |
|---|---|---|---|
| 1 | 2018-19 | 1,17,746.93 | 1,704.60 |
| 2 | 2019-20 | 1,13,174.72 | 1,332.94 |
| 3 | 2020-21 | 1,36,335.98 | 2,236.30 |
| 4 | 2021-22 | 1,60,371.24 | 2,264.14 |
| 5 | 2022-23 | 1,55,947.49 | 2,463.12 |
| * | ആകെ ചെലവിൽ റവന്യൂ, മൂലധന ചെലവുകൾ ഉൾപ്പെട്ടിരിക്കുന്നു. വായ്പകളുടേയും മുൻകൂറുകളുടേയും വിതരണം ഉൾപ്പെട്ടിട്ടില്ല. | | |

*ഉറവിടം : സാമ്പത്തിക കണക്കുകൾ 2022–23 ഉം വിഎൽസി ഡേറ്റയും*

2018-19 മുതൽ 2022-23 വരെയുള്ള അഞ്ചു വർഷകാലയളവിൽ, 2022-23 വർഷത്തിൽ ഒബ്ജക്ട് ഹെഡ് – മറ്റു ചെലവുകളിൽ ബുക്ക് ചെയ്ത ചെലവുകൾ, ഏറ്റവും ഉയർന്നതായിരുന്നുവെന്ന് പട്ടിക സൂചിപ്പിക്കുന്നു.

2023 മാർച്ച് മാസത്തിൽ, 34 –'മറ്റ് ചെലവുകൾ' എന്ന ഒബ്ജക്ട് ഹെഡിന്റെ കീഴിൽ ബുക്ക് ചെയ്ത ₹10 ലക്ഷത്തിലധികം ചെലവുകളുള്ള 311 കേസുകളുടെ വൗച്ചറുകൾ ഓഡിറ്റ് പരിശോധിച്ചു. 116 ഡിഡിഒ കളുടെ ₹244.57 കോടിയുടെ 311 കേസുകൾ പരിശോധിച്ചപ്പോൾ, 79 ഡിഡിഒ കളുടെ 171 കേസുകളിൽ ആവശ്യമായ ചെലവുകൾ ബുക്ക് ചെയ്യുന്നതിന് ഉചിതമായ ഒബ്ജക്ട് ഹെഡുകൾ ലഭ്യമായിരുന്നുവെങ്കിലും ₹140.92 കോടിയുടെ ചെലവ് 34 –'മറ്റ് ചെലവുകൾ'എന്ന ഒബ്ജക്ട് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തതായി നിരീക്ഷിച്ചു. തെറ്റായി വർഗ്ഗീകരിച്ച കേസുകളുടെ പട്ടിക **അനുബന്ധം 4.2** ൽ നൽകിയിരിക്കുന്നു.

വിവിധ ഡിഡിഒ കൾ ഒബ്ജക്ട് ഹെഡുകളിൽ ചെലവുകൾ തെറ്റായി വർഗ്ഗീകരിച്ചതു കാരണം കണക്കുകളിൽ ചെലവിന്റെ യഥാർത്ഥ സാമ്പത്തിക സ്വഭാവം പ്രതിഫലിച്ചില്ല.

ചെലവുകൾ ബുക്ക് ചെയ്യുന്നതിന് മുൻപ് കെബിഎം – ൽ നൽകിയിരിക്കുന്ന ഒബ്ജക്ട് ഹെഡുകളുമായി ബന്ധപ്പെട്ട് ചെലവിന്റെ സാമ്പത്തിക സ്വഭാവം തിട്ടപ്പെടുത്തുന്നതിന് എല്ലാ നിയന്ത്രണാധികാരികൾക്കും /ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും നിർദ്ദേശങ്ങൾ സർക്കാർ നൽകേണ്ടതാണ്.

## സി . അളവുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

## 4.9 പ്രധാനപ്പെട്ട സസ്പെൻസ്, ഡി.ഡി.ആർ ശീർഷകങ്ങൾക്ക് കീഴിലെ ബാക്കി നിൽക്കുന്ന തുക

ട്രഷറികൾ/പിഎഒ എന്നിവ തീർപ്പാക്കൽ പട്ടിക നൽകാത്തത്, ആർ.ബി.ഐയിൽ നിന്നും ക്ലിയറൻസ് മെമ്മോകൾ ലഭിക്കാത്തത്, വൗച്ചറുകൾ ലഭിക്കാത്തത് തുടങ്ങിയ വിവരങ്ങളുടെ അഭാവത്തിൽ, അന്തിമ അക്കൗണ്ട് ശീർഷകത്തിൽ രേഖപ്പെടുത്താൻ കഴിയാത്ത വരവിന്റെയും ചെലവിന്റെയും ഇടപാടുകൾ രേഖപ്പെടുത്തുവാനായി, സർക്കാർ അക്കൗണ്ടുകളിൽ ചില ഇടനില/ ക്രമപ്പെടുത്തൽ അക്കൗണ്ടിംഗ് ശീർഷകങ്ങളായ 'സസ്പെൻസ് ശീർഷകങ്ങൾ' തുറക്കുന്നു. ഇവയ്ക്കു കീഴിലെ കണക്കുകൾ അന്തിമ അക്കൗണ്ട് ശീർഷകങ്ങളിൽ രേഖപ്പെടുത്തുമ്പോൾ, ഇത്തരം അക്കൗണ്ട് ശീർഷകങ്ങളെ മൈനസ് ഡെബിറ്റ് അല്ലെങ്കിൽ മൈനസ് ക്രെഡിറ്റിലൂടെ തീർപ്പാക്കുന്നു. ഈ തുകകൾ തീർപ്പാക്കിയില്ലെങ്കിൽ, സസ്പെൻസ് ശീർഷകത്തിനു കീഴിലെ നീക്കിയിരിപ്പ് വർദ്ധിക്കുകയും സർക്കാരിന്റെ വരവ് ചെലവുകൾ കൃത്യമായി കാണിക്കാതിരിക്കുകയും ചെയ്യും.

ഒരേ അക്കൗണ്ടിങ് സർക്കിളിലോ മറ്റേതെങ്കിലും അക്കൗണ്ടിങ് സർക്കിളിലോ ഡെബിറ്റ്/ ക്രെഡിറ്റിലൂടെ പിന്നീട് മാറ്റാനുള്ള ക്രമീകരണ അക്കൗണ്ട് ശീർഷകങ്ങളാണ് റെമിറ്റൻസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നത്.

സസ്പെൻസ്, റെമിറ്റൻസ് ശീർഷകങ്ങളിലെ തനി നീക്കിയിരിപ്പ് സാമ്പത്തിക കണക്കുകളിൽ നിന്നും ലഭിക്കുന്നു. ഈ ശീർഷകങ്ങളിലെ നീക്കിയിരിപ്പുകൾ, വിവിധ ശീർഷകങ്ങളുടെ ബാക്കിനിൽക്കുന്ന ഡെബിറ്റ്, ക്രെഡിറ്റ് ബാലൻസുകൾ വെവ്വേറെ സംഗ്രഹിക്കുന്നതിലൂടെ ലഭിക്കും.

സസ്പെൻസ്, റമിറ്റൻസ് ഇനങ്ങളുടെ തീർപ്പാക്കൽ സംസ്ഥാന ട്രഷറികൾ/ പൊതുമരാമത്ത്, വനം ഡിവിഷനുകൾ മുതലായവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ചാണ് നടത്തുന്നത്. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ചില പ്രധാന സസ്പെൻസ്, റമിറ്റൻസ് ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ **പട്ടിക 4.9** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.9 : സസ്പെൻസ്, റമിറ്റൻസ് ശീർഷകങ്ങളുടെ കീഴിലെ നീക്കിയിരിപ്പ്**

***(₹ കോടിയിൽ)***

| മൈനർ ശീർഷകം | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|
| **മേജർ ശീർഷകം 8658 സസ്പെൻസ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** |
| 101 പിഎഒ സസ്പെൻസ് | 359.03 | 0.48 | 392.72 | 0.82 | 440.62 | 0.20 |
| തനി | | 358.55 | | 391.90 | | 440.42 |
| 102 സസ്പെൻസ് അക്കൗണ്ട്സ് – സിവിൽ | 704.46 | 13.11 | 951.21 | 14.78 | 25.04 | 11.22 |
| തനി | | (-) 691.35 | | 936.43 | | 13.82 |
| 107 ക്യാഷ് സെറ്റിൽമെന്റ് സസ്പെൻസ് അക്കൗണ്ട് | 0 | | 0 | | 0 | |
| തനി | | 0 | | 0 | | 0 |
| 109 – റിസർവ്വ് ബാങ്ക് സസ്പെൻസ് – ഹെഡ്ക്വാർട്ടേഴ്സ് | 4.57 | | 2.69 | | 2.50 | |
| തനി | | 4.57 | | 2.69 | | 2.50 |
| 110 റിസർവ്വ് ബാങ്ക് സസ്പെൻസ് – സിഎഒ | 4.48 | | 7.84 | | (-) 423.28 | |
| തനി | | 4.48 | | 7.84 | | (-) 423.28 |
| 112 ഉറവിടത്തിൽ കുറവ് ചെയ്ത നികുതി (റ്റിഡിഎസ്) സസ്പെൻസ് | | 5.59 | | 1,099.52 | | 176.29 |
| തനി | | 5.59 | | 1,099.52 | | 176.29 |
| 123 എഐഎസ് ഉദ്യോഗസ്ഥരുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | | 0.16 | | 0.19 | | 0.25 |
| തനി | | 0.16 | | 0.19 | | 0.25 |
| മേജർ ഹെഡ് 8782 ക്യാഷ് റമിറ്റനൻസ് | | | | | | |
| 102 പി.ഡബ്ല്യൂ റമിറ്റൻസ് | 732.54 | 92.26 | 1,015.06 | | 484.12 | |
| തനി | | 640.28 | | 1,015.06 | | 484.12 |
| 103 ഫോറസ്റ്റ് റമിറ്റൻസ് | 1.68 | - | - | | - | |
| തനി | | 1.68 | | - | | - |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

101– 'പി.എ.ഒ സസ്പെൻസ്' – ന്റെ കീഴിലെ ബാലൻസ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ വർദ്ധിക്കുന്ന പ്രവണത കാണിക്കുന്നു. ഈ ശീർഷകങ്ങളിലെ ബാലൻസ് തീർപ്പാക്കേണ്ടതായതിനാൽ ഈ വർദ്ധനവ് സർക്കാർ കണക്കുകളുടെ കൃത്യതയെ ബാധിക്കും.

## 4.10 നീക്കിയിരിപ്പ് പണത്തിന്റെ പൊരുത്തപ്പെടുത്തൽ

അക്കൗണ്ടന്റ് ജനറൽ (എ & ഇ) യുടെ കണക്കിലെ സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ് പണത്തിന്റെയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ് പണത്തിന്റെയും തുകകളിൽ വ്യത്യാസമുണ്ടാകാൻ പാടുള്ളതല്ല.

എന്നാൽ, മാർച്ച് 2023ന് അവസാനിച്ച വർഷത്തേയ്ക്കുള്ള കേരള സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ് പണം അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ബുക്കുകളിൽ ₹ 146.16 കോടി (ഡെബിറ്റ്) ആയിരുന്നപ്പോൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്ത നീക്കിയിരിപ്പ് പണം ₹ 0.72 കോടി (ക്രെഡിറ്റ്) ആയിരുന്നുവെന്ന് 2022-23 വർഷത്തേയ്ക്കുള്ള സാമ്പത്തിക കണക്കുകൾ പരിശോധിച്ചപ്പോൾ വെളിപ്പെട്ടു. അങ്ങനെ, 31 മാർച്ച് 2023 ന് ₹ 145.44 കോടിയുടെ (ക്രെഡിറ്റ്) വ്യത്യാസം ഉണ്ടായിരുന്നു. ഈ വ്യത്യാസത്തിൽ ₹ 0.04 കോടി (തനി ക്രെഡിറ്റ്) 2022-23ൽ ക്ലിയർ ചെയ്തു. ₹ 145.40 കോടിയുടെ (തനി ഡെബിറ്റ്) വ്യത്യാസം പൊരുത്തപ്പെടുത്തി വരുന്നു.

## 4.11 ഡി.ഡി. ആർ ശീർഷകങ്ങൾക്ക് കീഴിലെ പ്രതിലോമ നീക്കിയിരിപ്പുകൾ

മൈനസ് ബാലൻസ് വരാൻ പാടില്ലാത്ത അക്കൗണ്ട് ശീർഷകങ്ങളിൽ പ്രതിഫലിക്കുന്ന മൈനസ് ബാലൻസുകളെയാണ് പ്രതിലോമ നീക്കിയിരിപ്പുകൾ എന്നു പറയുന്നത്. 2023 മാർച്ച് 31 ൽ എട്ട് ശീർഷകങ്ങളിൽ പ്രതിലോമ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. തന്നാണ്ടിൽ കണക്കുകളിൽ പ്രതിഫലിക്കുന്ന മൈനസ് നീക്കിയിരിപ്പുകൾ **പട്ടിക 4.10** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.10 : 2022–23 വർഷകാലയളവിൽ അക്കൗണ്ടുകളിൽ പ്രതിഫലിക്കുന്ന മൈനസ് നീക്കിയിരിപ്പുകൾ**

*(₹ കോടിയിൽ)*

| മേജർ ഹെഡ്ഡുകൾ | മേജർ ഹെഡ്ഡ് വിവരണം | മൈനസ് നീക്കിയിരിപ്പ് | കുടിശ്ശികയായ വർഷം |
|---|---|---|---|
| 6408 | ഭക്ഷ്യം, സംഭരണം വെയർഹൗസിംഗ് എന്നിവയ്ക്കുള്ള വായ്പകൾ | (-)0.07 | 2019-20 |
| 6425 | സഹകരണങ്ങൾക്കുള്ള വായ്പകൾ | (-)0.16 | 2019-20 |
| 6250 | മറ്റ് സാമൂഹിക സേവനങ്ങൾ സംബന്ധിച്ച വായ്പകൾ | (-)0.01 | 2021-22 |
| 6851 | ഗ്രാമീണ ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ | (-)0.41 | 2019-20 |
| 6885 | വ്യവസായങ്ങൾക്കും ധാതുവ്യവസായങ്ങൾക്കുമുള്ള മറ്റ് വായ്പകൾ | (-)0.08 | 2018-19 |
| 7610 | സർക്കാർ ജീവനക്കാർക്കും മററുമുള്ള വായ്പകൾ | (-)2.21 | 2010-11 |
| 7615 | പലവക വായ്പകൾ | (-).03 | 1995-96 |
| 8448 | ലോക്കൽ ഫണ്ട് നിക്ഷേപങ്ങൾ | (-)227.81 | 2015-16 |
| **ആകെ** | | **(-)230.78** | |

മുൻകൂർ നൽകിയ തുകയെക്കാൾ കൂടുതൽ തിരിച്ചടവുണ്ടെന്ന് ലോൺ ഹെഡുകളിലെ മൈനസ് നീക്കിയിരിപ്പ് സൂചിപ്പിയ്ക്കുന്നു. ഡെപ്പോസിറ്റ് ഹെഡുകളിലെ മൈനസ് നീക്കിയിരിപ്പ് നിക്ഷേപിച്ച തുകയേക്കാൾ കൂടുതൽ പിൻവലിച്ചു എന്നതിനേയും സൂചിപ്പിക്കുന്നു. ഈ ഹെഡുകൾക്ക് കീഴിലെ മൈനസ് നീക്കിയിരിപ്പുകൾക്ക് കാരണം തെറ്റായ വർഗ്ഗീകരണമാണ്. അതിനാൽ, പ്രതിലോമ നീക്കിയിരുപ്പുകൾ തീർപ്പാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 4.12 ഉപദേശം കൂടാതെ പുതിയ സബ് ഹെഡ്ഡുകൾ/ ഡീറ്റെയിൽഡ് അക്കൗണ്ട് ഹെഡ്ഡുകൾ ആരംഭിക്കുന്നത്

ഇന്ത്യൻ ഭരണഘടനയുടെ 150–ാം അനുച്ഛേദമനുസരിച്ച് സംസ്ഥാനത്തിന്റെ കണക്കുകൾ ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഉപദേശിക്കുന്ന പ്രകാരമുള്ള രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്. ഭരണഘടന ആവശ്യപ്പെടുന്ന പ്രകാരം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഉപദേശം ആരായാതെ, 2022-23 കാലയളവിൽ കേരള സംസ്ഥാന സർക്കാർ, ബഡ്ജറ്റിൽ 38 പുതിയ സബ് ഹെഡ്ഡുകൾ ആരംഭിച്ചു. (റവന്യൂവിഭാഗത്തിൽ 30–ഉം, മൂലധന വായ്പാ ഹെഡ്ഡുകളിൽ 8–ഉം). 2022-23 കാലയളവിൽ കേരള സർക്കാർ ഈ ഹെഡ്ഡുകളുടെ കീഴിൽ ബഡ്ജറ്റ് വകയിരുത്തൽ ലഭ്യമാക്കുകയും, ഈ ഹെഡ്ഡുകളിലെ റവന്യൂവിഭാഗത്തിനു കീഴിൽ ₹ 4.73 കോടിയുടെയും, മൂലധന വിഭാഗത്തിനു കീഴിൽ ₹ 2.21 കോടിയുടെയും ചെലവ് നേരിടുകയും ചെയ്തു.

## 4.13 അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 150 അനുസരിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശമനുസരിച്ച്, ഇന്ത്യയുടെ രാഷ്ട്രപതി, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അക്കൗണ്ടിന്റെ രൂപം നിശ്ചയിക്കുന്നു. കൂടാതെ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, ഉത്തരവാദിത്ത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി, സർക്കാർ അക്കൗണ്ടിംഗിനും സാമ്പത്തിക റിപ്പോർട്ടിംഗിനും വേണ്ടിയുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കാൻ, 2002–ൽ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് അഡ്വൈസറി ബോർഡ് (ജിഎഎസ്എബി) രൂപീകരിച്ചു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശങ്ങൾക്കനുസരിച്ച്, ഇന്ത്യയുടെ രാഷ്ട്രപതി മൂന്ന് ഇന്ത്യൻ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാൻഡേർഡുകൾ (ഐജിഎഎസ്) ഇതുവരെ പ്രസിദ്ധീകരിച്ചു. ഈ അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ കേരള സർക്കാരിന്റെ പാലനവുമായി ബന്ധപ്പെട്ട 2022-23 കാലയളവിലെ ന്യൂനതകൾ **പട്ടിക 4.11**ൽ വിശദമാക്കിയിരിക്കുന്നു.

### പട്ടിക 4.11 അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം

| ക്രമ നമ്പർ | ഐ.ജി.എ.എസിന്റെ സംക്ഷിപ്തം | സംസ്ഥാന സർക്കാരിന്റെ പാലനം | ന്യൂനതയുടെ ഫലം |
|---|---|---|---|
| | **ഐ.ജി.എ.എസ്–1 :** *സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ –വെളിപ്പെടുത്തൽ മാനദണ്ഡങ്ങൾ* | | |
| 1 | സർക്കാർ നൽകുന്ന ഗ്യാരണ്ടികളുടെ സെക്ടർ തിരിച്ചതും വർഗ്ഗം തിരിച്ചതുമായ വെളിപ്പെടുത്തലുകൾ സാമ്പത്തിക കണക്കുകളിൽ ചേർക്കണം എന്നാണ് ഐ.ജി.എ.എസ്.–1 ആവശ്യപ്പെടുന്നത് | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ 9–ഉം 20ഉം പത്രികകൾ) | സംസ്ഥാന സർക്കാർ ലഭ്യമാക്കിയ വിവരമനുസരിച്ച്, പത്രികകൾ 9ഉം 20ഉം ഐ.ജി.എ.എസ് –1ന്റെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കി. |
| | **ഐ.ജി.എ.എസ്–2 :** ധനസഹായത്തിന്റെ അക്കൗണ്ടിംഗും വർഗ്ഗീകരണവും | | |
| 2 | ഐ.ജി.എ.എസ്.–2 പ്രകാരം, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശപ്രകാരം ഇന്ത്യയുടെ രാഷ്ട്രപതി പ്രത്യേകമായി അനുവദിക്കുന്ന കേസുകളിലൊഴികെ, ധനസഹായവുമായി ബന്ധപ്പെട്ട ചെലവ്, അത് ആസ്തി സൃഷ്ടിക്കുന്ന കാര്യം ഉൾപ്പെട്ടതാണെങ്കിൽ പോലും, റവന്യൂചെലവ് ആയാണ് കണക്കാക്കേണ്ടത്. | ഭാഗീകമായി പാലിച്ചു. (സാമ്പത്തിക കണക്കുകളുടെ പത്രിക 10) | സർക്കാർ നൽകിയ ധനസഹായത്തിന്റെ അക്കൗണ്ടിംഗും വർഗ്ഗീകരണവും, ഐ.ജി.എ.എസ്.–2 നിബന്ധനകൾ പാലിച്ച്, സ്റ്റേറ്റ്മെന്റ് 10–ലുംഅനുബന്ധം III ലും കാണിച്ചിരിക്കുന്നു.എന്നിരുന്നാലും, തരമായി നൽകിയ ഗ്രാന്റ്–ഇൻ–എയ്ഡിനെ സംബന്ധിച്ച വിശദവിവരങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടില്ല. |
| | **ഐ.ജി.എ.എസ്–3 :** സംസ്ഥാന സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | | |
| 3 | കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകിയ വായ്പകൾ, മുൻകൂറുകൾ എന്നിവ സംബന്ധിച്ച വെളിപ്പെടുത്തൽ ഐ.ജി.എ.എസ്–3 ആവശ്യപ്പെടുന്നു. | ഭാഗീകമായി പാലിച്ചു. (സാമ്പത്തിക കണക്കുകളുടെ പത്രികകൾ നമ്പർ 7ഉം 18ഉം) | സർക്കാർ ജീവനക്കാർക്ക് നൽകിയ വായ്പകളേയും മുൻകൂറുകളേയും സംബന്ധിച്ച് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) സൂക്ഷിക്കുന്ന വിശദമായ കണക്കുകളിൽനിന്നും, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) ക്ക് സമർപ്പിക്കപ്പെട്ട കണക്കുകളിൽ നിന്നും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്സാമ്പത്തിക കണക്കുകളിലെ സ്റ്റേറ്റ്മെന്റ് നമ്പർ 7ലും 18ലും റിപ്പോർട്ട് ചെയ്തിരിക്കുന്ന വായ്പകളുടെയും മുൻകൂറുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ്മെന്റുകൾ 7ലും 18ലും വിവരിച്ച 31 മാർച്ച് 2023 ലെ നീക്കിയിരിപ്പുകൾ, കടമെടുത്ത സ്ഥാപനങ്ങളുമായി/ സംസ്ഥാന സർക്കാരുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. സംസ്ഥാന സർക്കാർ വിശദമായ കണക്കുകൾ സൂക്ഷിക്കുന്ന ചില വായ്പകളും മുൻകൂറുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംസ്ഥാന സർക്കാർ തന്നിട്ടില്ല. (പാലനത്തിന്റെ ദൈർഘ്യം ഉൾപ്പെടുത്തിയിട്ടില്ല) |

## ഡി. വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

രേഖപ്പെടുത്തിയ ഇടപാടുകൾ ഉചിതമായി വർഗ്ഗീകരിക്കുകയും ആവശ്യമായ ഇടങ്ങളിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് കണക്കുകളിലെ വെളിപ്പെടുത്തൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വരവുകളും ചെലവുകളും ഉചിതമായ അക്കൗണ്ട് ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നതെന്നും കണക്കുകളിലെ കുറിപ്പുകളിലും അടിക്കുറിപ്പുകളിലുമുള്ള വെളിപ്പെടുത്തലുകൾ ഉചിതവും പര്യാപ്തവും ആണെന്നും ഇത് സൂചിപ്പിക്കുന്നു.

## 4.14 ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 293 (1) അനുസരിച്ചാണ് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് നിയന്ത്രിച്ചിരിക്കുന്നത്. ഇതനുസരിച്ച് സംസ്ഥാന സർക്കാരുകൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഈടിൽ ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ നിന്നും കടം എടുക്കാവുന്നതാണ്. ഇത്തരം കടം എടുപ്പുകളുടെ പരിധി ഇന്ത്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 293 (3) അനുസരിച്ച് നിയന്ത്രിച്ചിരിക്കുന്നു. ഇതനുസരിച്ച് ഏതൊരു വായ്പയും എടുക്കുന്നതിന് ഭാരത സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. അതിനാൽ, പൊതുവിപണിയിൽ നിന്നുള്ള വായ്പകളും, പൊതുകണക്കിലെ കൈമാറ്റങ്ങളിലൂടെ സംഭവിക്കുന്ന മറ്റു ബാധ്യതകളുമുൾപ്പെടെ, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള കടമെടുപ്പുകളുടെ, തിരിച്ചടവിന്റെയും വരവിന്റെയും എസ്റ്റിമേറ്റുകൾ കാണിക്കുന്ന സാമ്പത്തിക സ്റ്റേറ്റുമെന്റുകൾ സംസ്ഥാന സർക്കാർ ഭാരതസർക്കാരിനു സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിന്റെ പരിധി ഭാരതസർക്കാർ നിശ്ചയിക്കുകയും, വായ്പ എടുക്കുവാനുള്ള അനുമതി നൽകുകയും ചെയ്യുന്നു. ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം എസ്റ്റിമേറ്റു ചെയ്യുന്ന ജിഎസ്ഡിപിയുടെ നാലു ശതമാനമായി 2022–23 ലെ സംസ്ഥാനത്തിന്റെ തനി കടമെടുപ്പിന്റെ പിരിധി, 2022 ഏപ്രിലിൽ ഭാരത സർക്കാർ നിശ്ചയിച്ചു.

ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2.8.1 ൽ നൽകിയിരിക്കുന്നു. ഇതുപ്രകാരം ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ വീട്ടുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് ₹ 29,475.97 കോടിയുടെ ബാധ്യത 2023 മാർച്ച് അവസാനത്തിൽ ബാക്കി നിൽക്കുന്നു. ഈ കടമെടുപ്പുകൾ തനതു റവന്യൂ വിഭവങ്ങളിൽ നിന്നും വീട്ടുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന ബഡ്ജറ്റിൽ ഇത്തരം കടമെടുപ്പുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളുടെ പ്രവണത **ചാർട്ട് 4.1** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 4.1 : 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിലെ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളുടെ പ്രവണത**




2022-23 ൽ സംസ്ഥാന സർക്കാരിന്റെ ഓഫ് ബഡ്ജറ്റ് കടമെടുപ്പ് ₹ 6,253.87 കോടി കുറഞ്ഞുവെങ്കിലും, 2023 മാർച്ച് അവസാനം ബാക്കിനിൽക്കുന്ന ഓഫ് ബഡ്ജറ്റ് കടമെടുപ്പുമൂലമുള്ള സംസ്ഥാന സർക്കാരിന്റെ മൊത്തം സഞ്ചിത ബാധ്യത 21.44 ശതമാനം വർദ്ധിച്ചു. സംസ്ഥാന ബഡ്ജറ്റിൽ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളെപ്പറ്റി വെളിപ്പെടുത്താത്തത്, പൊതുവായ ധനകാര്യ മാനേജ്മെന്റിനെയും നിയമസഭയുടെ മേൽനോട്ട ചുമതലയേയും ദുർബലപ്പെടുത്തുന്നതിനും, സർക്കാരിന്റെ നിർണ്ണായകമായ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് പണം മുടക്കുന്ന പ്രധാന സ്രോതസ്സുകളെ നിയമസഭയുടെ നിയന്ത്രണത്തിനതീതമാക്കുന്നതിനും ഇടയാക്കും.

## 4.15 സിസിഒ മാരും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ)യും തമ്മിൽ വരവുകളുടെയും ചെലവുകളുടെയും പൊരുത്തപ്പെടുത്തൽ

എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥരും, സർക്കാരിന്റെ വരവുകളും ചെലവുകളും, കേരളത്തിലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കണക്കാക്കിയ സംഖ്യകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. 2022-23 വർഷക്കാലയളവിൽ, സംസ്ഥാന സർക്കാർ ₹ 90,680.28 കോടി വരുന്ന തുകയുടെ വരവുകളും (പൊരുത്തപ്പെടുത്തേണ്ട മൊത്തം വരവുകളായ ₹ 1,03,019.59 കോടിയുടെ 88.02 ശതമാനം), ₹ 1,42,817.30 കോടി വരുന്ന ചെലവുകളും (പൊരുത്തപ്പെടുത്തേണ്ട മൊത്തം ചെലവുകളായ ₹ 1,49,340.54 കോടിയുടെ 95.63 ശതമാനം) പൊരുത്തപ്പെടുത്തി.

2021-22 കാലയളവിൽ, സംസ്ഥാന സർക്കാർ ₹ 66,442.18 കോടി വരുന്ന വരവുകളും (പൊരുത്തപ്പെടുത്തേണ്ട മൊത്തം വരവുകളായ ₹ 69,939.14 കോടിയുടെ 95.00 ശതമാനം), ₹ 1,38,431.10 കോടി വരുന്ന ചെലവുകളും (പൊരുത്തപ്പെടുത്തേണ്ട ചെലവുകളായ ₹ 1,48,850.65 കോടിയുടെ 93.00 ശതമാനം) പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) അക്കൗണ്ട് ചെയ്ത കണക്കുകളുമായി സംസ്ഥാന സർക്കാരിന്റെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുത്താത്തത്, സംസ്ഥാന സർക്കാർ അക്കൗണ്ടുകളിലെ വരവ് ചെലവ് കണക്കുകളുടെ തെറ്റായ വർഗ്ഗീകരണത്തിലേക്ക് നയിക്കും.

## 4.16 സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സിന്റെയും / പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റേയും സമർപ്പണം

സിഎജിയുടെ ഡിപിസി ആക്ട്, അനുഛേദം 19(2) അനുസരിച്ച്, പാർലമെന്റ് നിയമാനുസരണം സ്ഥാപിച്ച കോർപ്പറേഷനുകളുടെ അക്കൗണ്ടിന്റെ ഓഡിറ്റിനെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കർത്തവ്യങ്ങളും, അധികാരങ്ങളും, അതാത് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വകുപ്പുകളനുസരിച്ചായിരിക്കും. സിഎജിയുടെ ഡിപിസി ആക്ടിലെ അനുഛേദം 19(3) അനുസരിച്ച്, ഗവർണർ/അഡ്മിനിസ്ട്രേറ്റർക്ക് പൊതുജന താൽപര്യാർത്ഥം സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണപ്രദേശത്തിന്റെയോ നിമയസഭയുണ്ടാക്കിയ നിയമങ്ങൾക്കനുസരിച്ച് സ്ഥാപിച്ച കോർപ്പറേഷനുകളുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യാൻ സിഎജിയോട് അപേക്ഷിക്കാവുന്നതും, അത്തരം അപേക്ഷ കിട്ടിയാൽ സിഎജിയ്ക്ക് അത്തരം കോർപ്പറേഷന്റെ അക്കൗണ്ട് ഓഡിറ്റ് ചെയ്യാവുന്നതും, ആ ഓഡിറ്റിനുവേണ്ടി അത്തരം കോർപ്പറേഷനുകളുടെ ബുക്കുകളും അക്കൗണ്ടുകളും പരിശോധിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

അനുഛേദം 19 കൂടാതെ, ഏതെങ്കിലും ബോഡിയുടെയോ അതോറിറ്റിയുടെയോ അക്കൗണ്ട് ഓഡിറ്റു ചെയ്യാൻ ഒരു നിയമമനുസരിച്ചും സിഎജിയെ ചുമതലപ്പെടുത്തിയിട്ടില്ലെങ്കിലും, പ്രസിഡന്റിനോ, സംസ്ഥാന ഗവർണർക്കോ, നിയമനിർമ്മാണ സഭ നിലവിലുള്ള കേന്ദ്രഭരണ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർക്കോ, കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ അഭ്യർത്ഥിക്കാവുന്നതും, ബന്ധപ്പെട്ട സർക്കാരുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളും ഉപാധികളുമനുസരിച്ച് അത്തരം ബോഡിയുടെയോ അതോറിറ്റിയുടെയോ അക്കൗണ്ടിന്റെ ഓഡിറ്റ് സിഎജിയ്ക്ക് ഏറ്റെടുക്കാനാവുന്നതും, അത്തരം ഓഡിറ്റിനു വേണ്ടി ആ ബോഡിയുടെയോ അതോറിറ്റിയുടെയോ ബുക്കിന്റെയും അക്കൗണ്ടിന്റെയും പരിശോധന സിഎജിയുടെ ഡിപിസി ആക്ടിന്റെ അനുഛേദം 20(1) അനുസരിച്ച് നടത്താവുന്നതുമാണ്.

ധനകാര്യ ഓഡിറ്റ് പൂർത്തിയാകുമ്പോൾ, മുകളിൽ പറഞ്ഞിട്ടുള്ള സ്വയം ഭരണ സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും, സിഎജി ഏക ഓഡിറ്റർ ആയിട്ടുള്ള ഇടങ്ങളിൽ, ഓഡിറ്റ് സാക്ഷ്യപത്രം നൽകാവുന്നതാണ്. ഓഡിറ്റ് സാക്ഷ്യപത്രം കൂടാതെ, അക്കൗണ്ടിന്റെ ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ ഭാഗമായി പ്രത്യേക ഓഡിറ്റ് റിപ്പോർട്ടും (എസ്എആർ) ഓഡിറ്റ് ഓഫീസ് നൽകുന്നു. ഇത്തരം പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകൾ സംസ്ഥാന നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) ആക്ട്, 1971ലെ അനുഛേദം 19(2), 19(3), 20(1) എന്നിവയുടെ കീഴിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ, 26 സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുണ്ട്. ഓഡിറ്റിന്

ച്ചമതലപ്പെടുത്തിയതിന്റെ സ്ഥിതി, അക്കൗണ്ടുകൾ ഓഡിറ്റ് പരിശോധനയ്ക്കായി നൽകിയത്, പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് (എസ്എആർ) തയ്യാറാക്കിയതും, അത് നിയമസഭയിൽ സമർപ്പിച്ചതും തുടങ്ങിയ വിവരങ്ങൾ **അനുബന്ധം 4.3** ൽ കാണിച്ചിരിക്കുന്നു.

സിഎജി യുടെ ഡിപിസി ആക്ടിന്റെ അനുച്ഛേദം 19, 20 എന്നിവ പ്രകാരം ഓഡിറ്റ് അധികാര പരിധിക്ക് കീഴിൽ വരുന്ന സ്വയം ഭരണ സ്ഥാപനങ്ങൾ എല്ലാ വർഷവും ജൂൺ 30 ന് മുമ്പ് അവരുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. സി.എ.ജി.–യ്ക്ക് വാർഷിക കണക്കുകൾ നൽകേണ്ടിയിരുന്ന 24 സ്വയം ഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ, 79 അക്കൗണ്ടുകൾ സമർപ്പിക്കുന്നതിൽ, **പട്ടിക 4.12**ൽ കാണിച്ചിരിക്കും വിധം, ഒന്നു മുതൽ പത്ത് വർഷം വരെയുള്ള കുടിശ്ശിക ഉണ്ടായിരുന്നു. സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 4.4** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.12: സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ കുടിശ്ശികയുടെ വിവരം**

| അക്കൗണ്ടുകൾ കുടിശ്ശികയായ വർഷം | സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | കുടിശ്ശികയുടെ കാലാവധി | കുടിശ്ശികയിലുള്ള അക്കൗണ്ടുകളുടെ എണ്ണം |
|---|---|---|---|
| 2013-14 | 01 | 10 | 10 |
| 2015-16 | 02 | 8 | 16 |
| 2016-17 | 01 | 7 | 7 |
| 2017-18 | 01 | 6 | 6 |
| 2018-19 | 02 | 5 | 10 |
| 2019-20 | 02 | 4 | 8 |
| 2020-21 | 01 | 3 | 3 |
| 2021-22 | 05 | 2 | 10 |
| 2022-23 | 09 | 1 | 9 |
| | **24** | | **79** |

സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും, അക്കൗണ്ടുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്ക് ഉത്തരവാദിത്തം ചുമത്തുന്നതിനും, സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുവാൻ ഭരണ വകുപ്പുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.

## 4.17 വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യ സംരംഭങ്ങൾ

ചില സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യപരവും അർദ്ധവാണിജ്യപരവുമായ സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, സർക്കാരിന് അവയുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി, നിർദ്ദിഷ്ട മാതൃകയിൽ വർഷം തോറും പ്രൊഫോർമ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടതാണ്. വകുപ്പുകൾ നിയന്ത്രിക്കുന്ന വാണിജ്യ അർദ്ധവാണിജ്യ സംരംഭങ്ങളുടെ പൂർത്തീകരിച്ച കണക്കുകൾ, മൊത്തത്തിലുള്ള സാമ്പത്തിക അവസ്ഥയേയും പ്രവർത്തനങ്ങൾ നടത്തുന്നതിലെ കാര്യക്ഷമത

യേയും പ്രതിഫലിപ്പിക്കുന്നു.

കണക്കുകൾ യഥാസമയം പൂർത്തീകരിക്കാത്തതു കാരണം, സർക്കാരിന്റെ നിക്ഷേപത്തിന്റെ ഫലങ്ങൾ സംസ്ഥാന നിയമസഭയുടെ അധികാര പരിധിയ്ക്ക് പുറത്തു നിൽക്കുകയും, ഓഡിറ്റ് പരിശോധനയിൽ നിന്നും രക്ഷപ്പെട്ടു പോകുകയും ചെയ്യുന്നു. തൽഫലമായി, ഉത്തരവാദിത്തം ഉറപ്പാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനുമാവശ്യമായ തിരുത്തൽ നടപടികൾ യഥാസമയം കൈക്കൊള്ളാൻ കഴിയുന്നില്ല. കൂടാതെ, കണക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം പൊതുപണത്തിന്റെ ദുർവിനിയോഗത്തിനും നഷ്ടത്തിനും ഇടയാക്കും.

വകുപ്പുകളുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ കണക്കുകൾ, നിശ്ചിത സമയത്തിനുള്ളിൽ തയ്യാറാക്കി അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)ന് സമർപ്പിക്കുന്നുണ്ടെന്ന് സർക്കാർ വകുപ്പുകളുടെ തലവൻമാർ ഉറപ്പാക്കണം.

ഇത്തരം നാല് സംരംഭങ്ങളിൽ, സർക്കാർ നടത്തിയ നിക്ഷേപങ്ങളും, പ്രൊഫോർമ അക്കൗണ്ടുകൾ തയ്യാറാക്കുന്നതിലെ കുടിശ്ശികയും സംബന്ധിച്ച വകുപ്പ് അടിസ്ഥാനത്തിലുള്ള സ്ഥിതി **പട്ടിക 4.13** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.13 : വകുപ്പുതലത്തിൽ കൈകാര്യം ചെയ്യുന്ന വാണിജ്യ, അർദ്ധ-വാണിജ്യ സംരംഭങ്ങളിലെ പ്രൊഫോർമാ അക്കൗണ്ടുകൾ പൂർത്തീകരിക്കുന്നതിന്റെയും സർക്കാർ നിക്ഷേപത്തിന്റെയും വിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സംരംഭത്തിന്റെ പേര് | കണക്കുകൾ പൂർത്തീകരിച്ച വർഷം | അവസാനം പൂർത്തീകരിച്ച കണക്കുകൾ പ്രകാരം സർക്കാർ നിക്ഷേപം | അവസാനം പൂർത്തീകരിച്ച കണക്കുകൾ പ്രകാരമുള്ള ലാഭം/ നഷ്ടം | കഴിഞ്ഞ നാല് വർഷത്തെ സർക്കാർ നിക്ഷേപം (2019-20 മുതൽ 2022-23 വരെ) | | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | സംസ്ഥാന ജലഗതാഗത വകുപ്പ് | 2020-21 | 776.63 | (-) 59.24 | 2019-20 | 0.66 | |
| | | | | | 2020-21 | 0.71 | |
| | | | | | 2021-22 | 0.89 | |
| | | | | | 2022-23* | - | |
| 2 | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് | 2016-17 | ഇല്ല | 563.76 | 2019-20 മുതൽ 2022-23 വരെയുള്ള കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല | | 2017-18ലെ പുതുക്കിയ കണക്കുകൾ ലഭ്യമാക്കാനുണ്ട് |
| 3 | ടെസ്റ്റ് ബുക്ക് ഓഫീസ് | 1986-87 | 21.26 | (-) 5.61 | ഇല്ല | | 1987-88 മുതലുള്ള പ്രൊഫോർമ അക്കൗണ്ടുകൾ കുടിശ്ശികയിലാണ് |

| ക്രമ നമ്പർ | സംരംഭത്തിന്റെ പേര് | കണക്കുകൾ പൂർത്തീകരിച്ച വർഷം | അവസാനം പൂർത്തീകരിച്ച കണക്കുകൾ പ്രകാരം സർക്കാർ നിക്ഷേപം | അവസാനം പൂർത്തീകരിച്ച കണക്കുകൾ പ്രകാരമുള്ള ലാഭം/ നഷ്ടം | കഴിഞ്ഞ നാല് വർഷത്തെ സർക്കാർ നിക്ഷേപം (2019–20 മുതൽ 2022–23 വരെ) | അഭിപ്രായം |
|---|---|---|---|---|---|---|
| 4 | നെട്ടുകാൽത്തേരിയിലെ ഓപ്പൺ പ്രിസൺ കറക്ഷണൽ ഹോമിന്റെ റബ്ബർ തോട്ടങ്ങൾ | 2020-21 | മറുപടി ലഭിച്ചില്ല | 0.15 | മറുപടി ലഭിച്ചില്ല | പുതുക്കിയ അക്കൗണ്ടുകൾ ലഭ്യമാകാനുണ്ട് |

* *സ്ഥാപനത്തിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാകാനുണ്ട്.*

ടെസ്റ്റ് ബുക്ക് ഓഫീസിന്റെ കണക്കുകൾ 1987-88 മുതൽ കുടിശ്ശികയിലായിരുന്നു. 1975-76 മുതൽ 1986-87 വരെയുള്ള കാലയളവിലെ ടെസ്റ്റ് ബുക്ക് ഓഫീസിന്റെ പ്രൊഫോർമാ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്നു വയ്ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു (ഡിസംബർ 2008). 1987-88 മുതൽ 2003-04 വരെയുള്ള കാലയളവിലെ പ്രൊഫോർമാ കണക്കുകൾ തയ്യാറാക്കുന്നതിന്റെ തീരുമാനം സർക്കാർ ഇതുവരെയും എടുത്തില്ല. ഏറ്റവും പുതിയ കണക്കുകളുടെ അഭാവത്തിൽ, ടെക്സ്റ്റ് ബുക്ക് ഓഫിസിന്റെ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

## 4.18 ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ

കേരളാ ഫിനാൻഷ്യൽ കോഡിന്റെ 297–ാം വകുപ്പനുസരിച്ച്, പൊതുപണം, സ്റ്റാമ്പ്, സ്റ്റോർ, മറ്റു വസ്തുക്കൾ എന്നിവയുടെ അപഹരണവും നഷ്ടവും കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I )/ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), വകുപ്പ് തലവൻമാർ എന്നിവരെ അറിയിക്കേണ്ടതാണ്.

₹ 20.16 കോടി ഉൾപ്പെട്ട ധനദുർവിനിയോഗം, പണാപഹരണം മുതലായവയുടെ 92[34] കേസുകളുമായി ബന്ധപ്പെട്ട അന്തിമ നടപടി സംസ്ഥാന സർക്കാരിൽ തീർപ്പാക്കാനുണ്ട്.

**പട്ടിക 4.14: ധനദുർവിനിയോഗം, നഷ്ടം, അപഹരണം തുടങ്ങിയവയുടെ വിവരങ്ങൾ**

| എ. തീർപ്പാക്കാനുള്ള കേസുകളുടെ കാലപ്പഴക്കം | | | | ബി. തീർപ്പാക്കാനുള്ള കേസുകളുടെ ഇനം | | |
|---|---|---|---|---|---|---|
| വർഷം | കേസുകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹ ലക്ഷത്തിൽ) | | കേസുകളുടെ ഇനം/ സ്വഭാവം | കേസുകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹ ലക്ഷത്തിൽ) |
| അഞ്ച് വർഷത്തിൽ കുറവ് | 21 | 766.44 | | മോഷണം | 6 | 15.62 |
| 5 – 10 | 10 | 266.68 | | | | |

[34] ഇതിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ കേസുകളും സർക്കാർ വകുപ്പുകൾ ചട്ടപ്രകാരം റിപ്പോർട്ട് ചെയ്ത കേസുകളും ഉൾപ്പെടുന്നു.

| എ. തീർപ്പാക്കാനുള്ള കേസുകളുടെ കാലപ്പഴക്കം | | | ബി. തീർപ്പാക്കാനുള്ള കേസുകളുടെ ഇനം | | |
|---|---|---|---|---|---|
| വർഷം | കേസുകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹ ലക്ഷത്തിൽ) | കേസുകളുടെ ഇനം/ സ്വഭാവം | കേസുകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹ ലക്ഷത്തിൽ) |
| 10 – 15 | 13 | 713.32 | ധനദുർവിനിയോഗങ്ങൾ/ വസ്തുക്കൾ നഷ്ടപ്പെട്ടത് | 86 | 2,000.17 |
| 15 – 20 | 10 | 104.38 | | | |
| 20 – 25 | 16 | 81.32 | | | |
| 25 വർഷവും അതിനു മുകളിലും | 22 | 83.65 | | | |
| **ആകെ** | **92** | **2,015.79** | **ആകെ തീർപ്പാക്കാനുള്ള കേസുകൾ** | **92** | **2,015.79** |

*ഉറവിടം : സംസ്ഥാന സർക്കാർ വകുപ്പുകൾ റിപ്പോർട്ടു ചെയ്ത കേസുകൾ*

തീർപ്പാക്കാത്ത കേസുകളുടെ അന്തിമ തീർപ്പാക്കലിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തത് **പട്ടിക 4.15** ൽ ക്രോഡീകരിച്ചിരിക്കുന്നു. വകുപ്പുതല വിവരങ്ങൾ **അനുബന്ധം 4.5** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.15: ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ ഉൾപ്പെട്ട കേസുകൾ തീർപ്പാക്കാത്തതിന്റെ കാരണങ്ങൾ**

| ക്രമ നമ്പർ | തീർപ്പാക്കാത്ത കേസുകളുടെ കാലതാമസത്തിനുള്ള കാരണം | കേസുകളുടെ എണ്ണം | തുക (₹ ലക്ഷത്തിൽ) |
|---|---|---|---|
| 1. | വകുപ്പുതല, ക്രിമിനൽ അന്വേഷണം നടത്തേണ്ടവ | 12 | 41.87 |
| 2. | വകുപ്പുതല നടപടി ആരംഭിച്ചത് പക്ഷെ പൂർത്തിയാക്കാത്തവ | 48 | 1,518.77 |
| 3. | പണം തിരിച്ചു പിടിക്കാനോ എഴുതിത്തള്ളാനോ ഉള്ള ഉത്തരവ് കാത്തിരിക്കുന്നത് | 11 | 19.88 |
| 4. | വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്നത് | 21 | 435.27 |
| **ആകെ** | | **92** | **2,015.79** |

*ഉറവിടം : സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും കിട്ടിയ വിവരങ്ങൾ*

കൃത്യവിലോപം നടത്തുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടു വരുന്നതിനും, മറ്റുള്ളവരെ കൃത്യവിലോപത്തിൽ നിന്ന് തടയുന്നതിനും വേണ്ടി, ദുരുപയോഗ കേസുകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 4.19 സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ

ഓഡിറ്റ് റിപ്പോർട്ടിൽ വന്ന ഖണ്ഡികകൾക്ക് സ്വമേധയാൽ ഉള്ള ഒരു വിശദീകരണക്കുറിപ്പ്, ബന്ധപ്പെട്ട വകുപ്പുകൾ, നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ച് രണ്ടു മാസത്തിനുള്ളിൽ, നൽകേണ്ടതാണെന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി)/ധനകാര്യ വകുപ്പ് ആവശ്യപ്പെടുന്നു. റിപ്പോർട്ടുകൾ സമർപ്പിച്ചതിനു ശേഷം, രണ്ട് മാസത്തിനുള്ളിൽ വകുപ്പുകൾ മേൽ നടപടിക്കുറിപ്പ് (എടിഎൻ) എജിയ്ക്ക് (വെറ്റിംഗിനും, അതിനു ശേഷം പിഎസിയ്ക്ക് അയയ്ക്കുന്നതിനും വേണ്ടി) നൽകേണ്ടതുമാണ്.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി)യുടെ നിർദ്ദേശപ്രകാരം, ധനകാര്യ വകുപ്പ്, എല്ലാ വകുപ്പുകൾക്കും ഓഡിറ്റ് റിപ്പോർട്ടിൽ വന്ന എല്ലാ ഖണ്ഡികകൾക്കും അവലോകനങ്ങൾക്കും, അവ പിഎസി പരിശോധിച്ചോ ഇല്ലയോ എന്നു കണക്കാക്കാതെ തന്നെ, സ്വമേധയാ നടപടിയെടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

2017-18 മുതൽ 2020-21 വരെയുള്ള കാലയളവിലെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള എടിഎൻ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടില്ല. വിവരങ്ങൾ **പട്ടിക 4.16** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.16 : സർക്കാരിൽ നിന്നും എടിഎൻ ലഭിക്കാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം**

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | മൊത്തം എടിഎന്നുകളുടെ എണ്ണം |
|---|---|---|
| 1 | 2017-18 | 3 |
| 2 | 2018-19 | 7 |
| 3 | 2019-20 | 19 |
| 4 | 2020-21 | 11 |
| | **ആകെ** | **40** |

2016-17 വരെയുള്ള കാലയളവിലെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ ചർച്ച 2023 ജൂലൈ 5 ന് പൂർത്തിയാക്കി.

## 4.20 നിഗമനങ്ങൾ

- സ്വയം ഭരണ സ്ഥാപനങ്ങൾ (24 എണ്ണം) സിഎജി യ്ക്ക് വാർഷിക കണക്കുകൾ സമർപ്പിക്കുവാനുണ്ട്. കണക്കുകൾ സമർപ്പിക്കുന്നതിനുള്ള കുടിശ്ശിക ഒരു വർഷം മുതൽ പത്ത് വർഷം വരെയാണ്. ധനദുർവിനിയോഗം/ പൊതുപ്പണം നഷ്ടപ്പെടുത്തൽ തുടങ്ങിയ കേസുകളിൽ, വകുപ്പുതല നടപടി ആരംഭിക്കുന്നതിനും, ബാധ്യത നിശ്ചയിക്കുന്നതിനും, തിരിച്ചുപിടിക്കൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും, കാലതാമസം ഉണ്ടായി.
- കഴിഞ്ഞ വർഷവുമായി തുലനം ചെയ്യുമ്പോൾ മൈനർ ഹെഡ് 800 – മറ്റു ചെലവുകൾക്ക് കീഴിൽ ബുക്ക് ചെയ്ത ചെലവുകളും, 800 – മറ്റു വരവുകൾക്ക് കീഴിൽ ബുക്ക് ചെയ്ത വരവുകളും, യഥാക്രമം 23 ശതമാനവും 29 ശതമാനവും കുറഞ്ഞത് ഒരു ശുഭ സൂചകമാണ്.

## 4.21 ശുപാർശകൾ

1. **ധനസഹായം അനുവദിക്കുന്ന ഭരണ വകുപ്പുകൾ ധനസഹായ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന സമയപരിധി അനുസരിച്ച് വിനിയോഗ സാക്ഷ്യപത്രം ശേഖരിക്കുന്നുവെന്നും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വീണ്ടും ധനസഹായം അനുവദിക്കുന്നില്ലായെന്നും, ധനവകുപ്പ് ഉറപ്പാക്കണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ സർക്കാർ ഉത്തരവാദിത്തം ചുമ**

ത്തണമെന്നും ശുപാർശ ചെയ്യുന്നു. കൂടാതെ, കുടിശ്ശികയായ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന്, പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (പി.എഫ്.എം.എസ്) ലഭ്യമായ എക്സ്പെൻഡീച്ചർ അഡ്വാൻസ് ട്രാൻസ്ഫർ (ഇഎടി) പോലെയുള്ള ഒരു മോഡ്യൂൾ ഗവൺമെന്റിന് സ്വീകരിക്കാവുന്നതാണ്.

2. സ്വയം ഭരണ സ്ഥാപനങ്ങളുടെയും, വകുപ്പുകൾ നടത്തുന്ന സംരംഭങ്ങളുടെയും സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിനായി, അവയുടെ വാർഷിക കണക്കുകളുടെ ക്രോഡീകരണവും സമർപ്പിക്കലും ത്വരിതപ്പെടുത്തുന്നതിനായുള്ള ഒരു സംവിധാനം ധനകാര്യ വകുപ്പ് വികസിപ്പിക്കേണ്ടതുണ്ട്.

# അദ്ധ്യായം V
# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

# അദ്ധ്യായം V
# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

സർക്കാർ കമ്പനികൾ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ എന്നിവയുടെ സാമ്പത്തിക പ്രകടനം അവരുടെ കണക്കുകളിൽ നിന്ന് വെളിപ്പെടുത്തുന്നത് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു. 2022–23 വർഷത്തിൽ (അല്ലെങ്കിൽ നടപ്പുവർഷത്തിൽ പൂർത്തീകരിച്ച മുൻവർഷങ്ങളിലെ കണക്കുകൾ) സിഎജി നടത്തിയ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ (പിഎസ്‌യു) ധനകാര്യപത്രികകളുടെ സപ്ലിമെന്ററി ഓഡിറ്റിന്റെ ഫലമായി പുറപ്പെടുവിച്ച സുപ്രധാന അഭിപ്രായങ്ങളും ചർച്ച ചെയ്യപ്പെടുന്നു.

## 5.1 സർക്കാർ കമ്പനികളുടെ നിർവചനം

2013–ലെ കമ്പനി നിയമത്തിലെ വകുപ്പ് 2(45) പ്രകാരം അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ 51 ശതമാനത്തിൽ കുറയാതെ കേന്ദ്ര സർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ സർക്കാരുകളോ അല്ലെങ്കിൽ ഭാഗികമായി കേന്ദ്ര സർക്കാരും ഭാഗികമായി ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരുകളും കൈവശം വയ്ക്കുകയും ഒരു സർക്കാർ കമ്പനിയുടെ അനുബന്ധ സ്ഥാപനമായ ഒരു കമ്പനി ഉൾപ്പെടുകയും ചെയ്യുന്ന കമ്പനിയെയാണ് സർക്കാർ കമ്പനി എന്നു നിർവചിച്ചിരിക്കുന്നത്.

കൂടാതെ, പ്രത്യക്ഷമായോ പരോക്ഷമായോ കേന്ദ്ര സർക്കാരിന്റെയോ, ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ, ഭാഗികമായി കേന്ദ്ര സർക്കാരിന്റെയോ, ഭാഗികമായി ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരുകളുടെയോ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ മറ്റേതെങ്കിലും കമ്പനിയെ[35] സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് കമ്പനിയായി നിർവചിച്ചിരിക്കുന്നു.

## 5.2 ഓഡിറ്റിന്റെ അധികാരം

2013–ലെ കമ്പനി നിയമത്തിലെ വകുപ്പ് 143(5) മുതൽ 143(7) വരെയുള്ള വ്യവസ്ഥകൾ പ്രകാരവും 1971–ലെ സിഎജിയുടെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമത്തിലെ വകുപ്പ് 19 പ്രകാരവും അതിനു കീഴിലുള്ള ചട്ടങ്ങൾ പ്രകാരവുമാണ് സർക്കാർ കമ്പനികളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു കമ്പനികളുടെയും ഓഡിറ്റ് നടത്തുന്നത്. 2013–ലെ കമ്പനി നിയമപ്രകാരം സിഎജി, ചാർട്ടേഡ് അക്കൗണ്ടന്റുമാരെ കമ്പനികളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരായി നിയമിക്കുകയും കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ട

[35] 2014 സെപ്റ്റംബർ 4ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് കോർപ്പറേറ്റ് കാര്യ മന്ത്രാലയം പുറപ്പെടുവിച്ച കമ്പനീസ് (റിമൂവൽ ഓഫ് ഡിഫിക്കൽറ്റീസ്) ഉത്തരവ് 7, 2014.

രീതിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, ഒരു സപ്ലിമെന്ററി ഓഡിറ്റ് നടത്താനും സിഎജിക്ക് അവകാശമുണ്ട്. ചില സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളെ നിയന്ത്രിക്കുന്ന നിയമങ്ങളിൽ അവരുടെ കണക്കുകൾ സിഎജി മാത്രമേ ഓഡിറ്റ് ചെയ്യാവൂ എന്നു ആവശ്യപ്പെടുന്നു.

## 5.3 സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവന

പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ കമ്പനികളും നിയമാനുസൃത കോർപ്പറേഷനുകളും ഉൾപ്പെടുന്നു. ജനങ്ങളുടെ ക്ഷേമം കണക്കിലെടുത്ത് വാണിജ്യ സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്താനും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഒരു പ്രധാന സ്ഥാനം നേടാനുമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത്. 2023 മാർച്ച് 31 ലെ കണക്കനുസരിച്ച്, 130 സർക്കാർ കമ്പനികൾ (ഒമ്പത് പ്രവർത്തന രഹിതമായ സർക്കാർ കമ്പനികൾ ഉൾപ്പെടെ), 15 സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ (ഒമ്പത് പ്രവർത്തന രഹിതമായ കമ്പനികൾ ഉൾപ്പെടെ), നാല് നിയമാനുസൃത കോർപ്പറേഷനുകൾ[36] എന്നിവ ഉൾപ്പെടെ 149 പൊതുമേഖലാ സ്ഥാപനങ്ങൾ സിഎജിയുടെ ഓഡിറ്റ് അധികാരപരിധിയിൽ കേരളത്തിലുണ്ട്.

സ്റ്റോക്ക് എക്സ്ചേഞ്ചിൽ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ലിസ്റ്റ് ചെയ്തിട്ടില്ല. പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്[37]അവയുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം മൂലധനത്തിലും (₹ 95.92 കോടി) ദീർഘകാല വായ്പകളിലും (₹ 51.79 കോടി) ആയി ₹ 147.71 കോടിയുടെ നിക്ഷേപം ഉണ്ട്. പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാത്തതിനാൽ ഇതൊരു നിർണായക മേഖലയാണ്.

പ്രവർത്തനക്ഷമമായ 131 പൊതുമേഖലാ സ്ഥാപനങ്ങളുടെ[38] സാമ്പത്തിക പ്രകടനത്തിന്റെ വിശകലനമാണ് ഈ അദ്ധ്യായത്തിൽ കൈകാര്യം ചെയ്യുന്നത്. ജിഎസ്ഡിപിയുമായുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അനുപാതം സംസ്ഥാന സമ്പദ് വ്യവസ്ഥയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വ്യാപ്തിയെ കാണിക്കുന്നു. 2023 മാർച്ച് 31–ന് അവസാനിച്ച മൂന്ന് വർഷ കാലയളവിലേക്കുള്ള ജിഎസ്ഡിപിയുടെയും പിഎസ്‌യു കളുടെ വിറ്റുവരവിന്റെയും വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 5.1**ൽ നൽകിയിരിക്കുന്നു.

[36] കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവ

[37] കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, കുന്നത്തറ ടെക്സ്റ്റൈൽസ് ലിമിറ്റഡ്, വഞ്ചിനാട് ലെതേഴ്സ് ലിമിറ്റഡ്, ദി കേരള പ്രേമോ പൈപ്പ് ഫാക്ടറി ലിമിറ്റഡ്, ദി കേരള ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ് ഫാക്ടറി ലിമിറ്റഡ്, കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കഞ്ചിക്കോട് ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കേരള സ്കൂൾ ടീച്ചേഴ്സ് ആൻഡ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്, പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്, ആശ്വാസ് പബ്ലിക് അമെനിറ്റീസ് കേരള ലിമിറ്റഡ്, കേരള ഗാർമെന്റ്സ് ലിമിറ്റഡ്, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്, സിഡ്കോ മോഹൻ കേരള ലിമിറ്റഡ്, സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് എന്നിവ

[38] 131 കമ്പനികളിൽ 121 സർക്കാർ കമ്പനികളും ആറ് സർക്കാർ നിയന്ത്രിത മറ്റ് കമ്പനികളും നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾപ്പെടുന്നു.

**പട്ടിക 5.1: പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെയും കേരളത്തിന്റെ ജിഎസ്ഡിപിയുടെയും താരതമ്യം**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | 2020-21 | 2021-22 | 2022-23 |
|---|---|---|---|
| വിറ്റുവരവ് | 34,769.57 | 35,767.90 | 38,781.41 |
| ജിഎസ്ഡിപി | 7,71,724 | 9,34,542 | 10,46,188 |
| ജിഎസ്ഡിപിയിൽ വിറ്റുവരവിന്റെ ശതമാനം | 4.51 | 3.83 | 3.71 |

*ഉറവിടം: പിഎസ്‌യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ*

2021-22 മുതൽ 2022-23 വരെയുള്ള കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 8.43 ശതമാനം വർദ്ധിച്ചുവെന്നും 2021-22നെ അപേക്ഷിച്ച് 2022-23 കാലയളവിൽ ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് 11.95 ശതമാനം വർദ്ധിച്ചുവെന്നും മുകളിലുള്ള പട്ടികയിൽ നിന്ന് കാണാൻ കഴിയും.

## 5.4 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപവും ബഡ്ജറ്റ് പിന്തുണയും

### 5.4.1 പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി നിക്ഷേപങ്ങളും വായ്പകളും

പ്രവർത്തന ക്ഷമമായ 131 പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 2023 മാർച്ച് 31–ന് സംസ്ഥാന സർക്കാർ നൽകിയ വായ്പകൾ ഉൾപ്പെടെ മേഖല തിരിച്ചുള്ള മൊത്തം മൂലധനം, സംസ്ഥാന സർക്കാരിന്റെ മൂലധന സംഭാവന, ദീർഘകാല വായ്പകൾ എന്നിവ **പട്ടിക 5.2** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.2: പൊതുമേഖലാ സ്ഥാപനങ്ങളിലെ മേഖല തിരിച്ചുള്ള നിക്ഷേപം**

*(₹ കോടിയിൽ)*

| മേഖലയുടെ പേര് | മൊത്തം ഓഹരി മൂലധനം | സംസ്ഥാന സർക്കാർ ഓഹരി മൂലധനം | മൊത്തം ദീർഘകാല വായ്പകൾ | സംസ്ഥാന സർക്കാർ വായ്പകൾ | മൊത്തം ഓഹരി മൂലധനവും ദീർഘകാല വായ്പകളും |
|---|---|---|---|---|---|
| കൃഷിയും അനുബന്ധവും | 88.43 | 69.71 | 102.88 | 24.29 | 191.31 |
| ധനകാര്യം | 1,409.32 | 1,326.22 | 6,926.17 | 9.08 | 8,335.49 |
| അടിസ്ഥാന സൗകര്യങ്ങൾ | 1,726.19 | 1,024.15 | 4,340.87 | 583.99 | 6,067.06 |
| നിർമ്മാണം | 2,268.73 | 2,140.34 | 1,708.89 | 1,536.25 | 3,977.62 |
| ഊർജ്ജം | 3,499.37 | 3,499.05 | 7,336.90 | 65.91 | 10,836.27 |
| സേവനങ്ങൾ | 2,173.95 | 1,955.99 | 24,288.43 | 10,083.11 | 26,462.38 |
| **ആകെ** | **11,165.99** | **10,015.46** | **44,704.14** | **12,302.63** | **55,870.13** |

*ഉറവിടം: താൽക്കാലിക കണക്കുകൾ ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ*

പ്രധാനമായും സേവന, ഊർജ്ജ മേഖലകളിലായിരുന്നു നിക്ഷേപത്തിന്റെ ഊന്നൽ. ₹ 55,870.13 കോടിയുടെ മൊത്തം നിക്ഷേപത്തിന്റെ 47.36 ശത

മാനവും (₹ 26,462.38 കോടി) 19.40 ശതമാനവും (₹ 10,836.27 കോടി) ഈ മേഖലകൾക്ക് യഥാക്രമം ലഭിച്ചു.

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഓഹരി മൂലധനം, വായ്പകൾ, ഗ്രാന്റുകൾ/ സബ്‌സിഡികൾ എന്നിവയ്ക്കായി സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ബഡ്ജറ്റ് പിന്തുണയുടെ വിശദാംശങ്ങൾ **പട്ടിക 5.3** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.3: സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ബജറ്റ് പിന്തുണയുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|
| | | പൊതു മേഖലാ സ്ഥാപനങ്ങളുടെ എണ്ണം | തുക | പൊതു മേഖലാ സ്ഥാപനങ്ങളുടെ എണ്ണം | തുക | പൊതു മേഖലാ സ്ഥാപനങ്ങളുടെ എണ്ണം | തുക |
| 1 | ഓഹരി മൂലധനം | 20 | 215.52 | 16 | 119.54 | 17 | 728.35 |
| 2 | നൽകിയ വായ്പകൾ | 32 | 2,362.18 | 30 | 2,202.65 | 21 | 1,553.24 |
| 3 | സബ്‌സിഡി / ഗ്രാന്റുകൾ നൽകിയത് | 37 | 13,514.25 | 32 | 7,471.87 | 32 | 11,422.72 |
| 4 | **ആകെ** | **89** | **16,091.95** | **78** | **9,794.06** | **70** | **13,704.31** |
| 5 | ഒഴിവാക്കിയ വായ്പയും പലിശയും | 0 | 0 | 0 | 0 | 0 | 0 |
| 6 | നൽകിയ ഗ്യാരണ്ടികൾ | 18 | 22,244.31 | 17 | 5,270.36 | 19 | 32,604.93 |
| 7 | ഗ്യാരണ്ടി ബാധ്യത | 20 | 19,099.32 | 18 | 5,009.78 | 18 | 29,654.51 |

*ഉറവിടം: പിഎസ്‌യു കൾ നൽകിയ വിവരങ്ങളിൽ നിന്ന് സമാഹരിച്ചത്*

### 5.4.2 പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരിമൂലധന നിക്ഷേപത്തിന്റെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ

സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ഒരു പൊതുമേഖലാ സ്ഥാപനവും അവരുടെ ഓഹരികൾ ലിസ്റ്റ് ചെയ്തിട്ടില്ല

### 5.4.3 നിക്ഷേപം പിൻവലിക്കൽ, പുനഃക്രമീകരണം, സ്വകാര്യവൽക്കരണം

2022-23 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം ഉണ്ടായിട്ടില്ല.

### 5.4.4 ഊർജ്ജ വിതരണ കമ്പനികൾ

2023 മാർച്ച് 31 വരെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) എന്ന ഒരു പൊതുമേഖലാ സ്ഥാപനം മാത്രമേ ഊർജ്ജ മേഖലയിൽ ഉണ്ടായിരുന്നുള്ളൂ. സംസ്ഥാന സർക്കാർ കെഎസ്ഇബിഎൽന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2022-23ൽ വായ്പകൾക്കും ഗ്രാന്റുകൾക്കും/ സബ്‌സിഡികൾക്കും വേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം യഥാക്രമം ₹20.19 കോടിയും ₹30.61 കോടിയുമാണ്.

### 5.4.5 കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകളുമായുള്ള പൊരുത്തപ്പെടുത്തൽ

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ രേഖകൾ പ്രകാരമുള്ള ഓഹരി മൂലധനം, വായ്പകൾ, ബാക്കി നിൽക്കുന്ന ഗ്യാരണ്ടികൾ എന്നിവയുടെ കണക്കുകൾ കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകളുമായി യോജിക്കണം. കണക്കുകൾ യോജിക്കുന്നില്ലെങ്കിൽ, ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളും ധനകാര്യ വകുപ്പും കൂടി വ്യത്യാസങ്ങൾ പൊരുത്തപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട, 2023 മാർച്ച് 31 ലെ 105 പൊതുമേഖലാ സ്ഥാപനങ്ങളുടെ നില **പട്ടിക 5.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.4: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ രേഖകൾ പ്രകാരവും കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകൾ പ്രകാരവുമുള്ള ഓഹരി മൂലധനം, വായ്പകൾ, ഗ്യാരണ്ടികൾ എന്നിവ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | സാമ്പത്തിക കണക്കുകൾ പ്രകാരമുള്ള തുക | പൊതു മേഖലാ സ്ഥാപനങ്ങളുടെ രേഖകൾ പ്രകാരമുള്ള തുക | സാമ്പത്തിക കണക്കുകളിലെ തുകയുമായി തുലനം ചെയ്യുമ്പോൾ പിഎസ്‌യുകളുടെ രേഖകൾ പ്രകാരമുള്ള അധിക തുക (എണ്ണം) | പിഎസ്‌യുകളുടെ രേഖകൾ പ്രകാരമുള്ള തുകയുമായി തുലനം ചെയ്യുമ്പോൾ സാമ്പത്തിക കണക്കുളിലെ അധിക തുക (എണ്ണം) |
|---|---|---|---|---|---|
| 1 | ഓഹരി മൂലധനം | 7,153.56 | 9,879.22 | 4,503.66 (51) | 1,778 (34) |
| 2 | വായ്പകൾ | 16,208.17 | 12,225.20 | 36.37(13) | 4,019.34 (42) |
| 3 | ബാക്കി നിൽക്കുന്ന ഗ്യാരണ്ടികൾ | 24,847.41 | 32,683.02 | 10,983.95(15) | 3,148.34 (8) |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക കണക്കുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമാഹരിച്ചത്. പിഎസ് യുകളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു.*

ഈ വ്യതിയാനങ്ങൾ വളരെ നാളുകളായി തുടരുന്നു. പ്രമുഖമായ വ്യതിയാനങ്ങൾ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലാണ് കണ്ടത്. വ്യതിയാനത്തിന്റെ (പിഎസ് യു തിരിച്ചുള്ള) വിശദാംശങ്ങൾ ചീഫ് സെക്രട്ടറിയുടെയും കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും ശ്രദ്ധയിൽ കൊണ്ട് വന്നിട്ടുണ്ട് (2022 ഡിസംബർ). ഓഹരി മൂലധനത്തിന്റെയും വായ്പകളുടെയും ഗ്യാരണ്ടികളുടെയും അടിസ്ഥാനത്തിൽ പിഎസ്‌യുകളിലെ രേഖകളിലേയും ഗവൺമെന്റ് കണക്കുകളിലേയും സുതാര്യതയെയും സാമ്പത്തിക ഉത്തരവാദിത്തത്തെയും പ്രതികൂലമായി ബാധിക്കുന്ന കൃത്യതയില്ലാത്ത സാമ്പത്തിക റിപ്പോർട്ടിംഗ് ഒഴിവാക്കുന്നതിനായി സമയോചിതമായി പൊരുത്തപ്പെടുത്തൽ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

## 5. 5 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം

### 5.5.1 പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ ലാഭം

2023 സെപ്റ്റംബർ 30 വരെ സമർപ്പിച്ച ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം, 58 പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ മൊത്തം ലാഭം ₹1,368.72 കോടിയാകുന്നു. എന്നാൽ 2022 സെപ്റ്റംബർ 30 ന് അവസാനിച്ച കാലയളവിൽ 55 പൊതുമേഖലാ സ്ഥാപനങ്ങൾ ₹ 654.99 കോടിയുടെ ലാഭം നേടി. 2021-22 ലെ 55 പൊതുമേഖലാ സ്ഥാപനങ്ങളിലെ റിട്ടേൺ ഓൺ ഇക്വിറ്റിയായ 10.32 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2022-23 ലെ മുകളിൽ സൂചിപ്പിച്ച 58 പൊതുമേഖലാ സ്ഥാപനങ്ങളുടെ (മൂന്ന് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ) റിട്ടേൺ ഓൺ ഇക്വിറ്റി 32.37 ശതമാനമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം ₹ 654.99 കോടിയിൽ നിന്ന് ₹1,368.72 കോടിയായി വർദ്ധിച്ചതാണ് റിട്ടേൺ ഓൺ ഇക്വിറ്റിയുടെ വർദ്ധനവിന് കാരണം.

58 ലാഭത്തിലുള്ള പിഎസ്‌യുകളും, 66 നഷ്ടത്തിലുള്ള പിഎസ്‌യുകളും, ലാഭമോ നഷ്ടമോ ഇല്ലാത്ത നാല് കമ്പനികളും ഉൾപ്പെടെ പ്രവർത്തനത്തിലുള്ള 128 പൊതുമേഖലാ സ്ഥാപനങ്ങളുടെയും (ആദ്യ കണക്കുകൾ സമർപ്പിക്കാത്ത മൂന്ന് പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) മൊത്തത്തിലുള്ള റിട്ടേൺ ഓൺ ഇക്വിറ്റിയും മൊത്തത്തിലുള്ള തനി ആദായവും ഓഹരി ഉടമകളുടെ ഫണ്ടും 2022-23 കാലയളവിൽ നെഗറ്റീവ് ആയിരുന്നു.

₹ 100 കോടിയിലധികം ലാഭം നേടിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ **പട്ടിക 5.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.5: പരമാവധി ലാഭം നൽകിയ ആദ്യത്തെ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ**

| മേഖല | പിഎസ്‌യു വിന്റെ പേര് | കണക്കുകളുടെ കാലയളവ് | പലിശയ്ക്കും നികതിക്കും ശേഷമുള്ള തനി ലാഭം (₹ കോടിയിൽ) | ലാഭം ഉണ്ടാക്കുന്ന പിഎസ്‌യുകളുടെ മൊത്തം ലാഭത്തിലുള്ള ലാഭത്തിന്റെ ശതമാനം |
|---|---|---|---|---|
| ഊർജ്ജം | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2021-22 | 736.27 | 53.79 |
| ധനകാര്യം | ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2021-22 | 105.49 | 7.71 |
| **ആകെ** | | | **841.76** | **61.50** |

*ഉറവിടം: പിഎസ്‌യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ലാഭത്തിന്റെ (₹ 1,368.72 കോടി) 61.50 ശതമാനം വരുന്ന ₹ 841.76 കോടിയുടെ തനി ലാഭം ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവനയാണ്.

### 5.5.2 പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന ലാഭവിഹിതം

സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനും പ്രഖ്യാപിച്ച ലാഭ വിഹിതത്തിന്റെയും നേടിയ ലാഭത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 5.6** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.6: നേടിയ ലാഭവും പ്രഖ്യാപിച്ച ലാഭ വിഹിതവും**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | പിഎസ്‌യുകളുടെ എണ്ണം | അടച്ചു തീർത്ത മൂലധനം | തനി ലാഭം | പ്രഖ്യാപിച്ച ലാഭ വിഹിതം |
|---|---|---|---|---|
| സർക്കാർ കമ്പനി[39] | 6 | 293.58 | 206.47 | 14.50 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ[40] | 1 | 626.50 | 50.19 | 21.33 |
| **ആകെ** | **7** | **920.08** | **256.66** | **35.83** |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ, മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22ൽ ₹ 3.23 കോടി ലാഭ വിഹിതം പ്രഖ്യാപിച്ചപ്പോൾ, ഏഴ് പൊതുമേഖലാ സ്ഥാപനങ്ങൾ (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) അവരുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം 2022-23 ൽ ₹ 35.83 കോടിയുടെ ലാഭ വിഹിതം പ്രഖ്യാപിച്ചു. തനി ലാഭത്തിന്റെ ശതമാനം എന്ന നിലയിൽ പിഎസ്‌യുകളുടെ ലാഭവിഹിതം 2021-22ലെ 22.11 ശതമാനത്തിൽ നിന്ന് 2022-23ൽ 13.96 ശതമാനമായി കുറഞ്ഞു.

## 5.6 കടം തിരിച്ചടവ്

### 5.6.1 പലിശ കവറേജ് അനുപാതം

കുടിശ്ശികയുള്ള കടത്തിന് പലിശ അടയ്ക്കാനുള്ള ഒരു കമ്പനിയുടെ കഴിവ് നിർണ്ണയിക്കാൻ പലിശ കവറേജ് അനുപാതം ഉപയോഗിക്കുന്നു. ഒരു കമ്പനിയുടെ പലിശയ്ക്കും നികുതികൾക്കും മുമ്പുള്ള വരുമാനം (ഇബിഐടി) അതേ കാലയളവിലെ പലിശ ചെലവുകൾ കൊണ്ട് ഹരിച്ചാണ് ഇത് കണക്കാക്കുന്നത്. ഈ അനുപാതം കുറവാണെങ്കിൽ, കടത്തിന്റെ പലിശ അടയ്ക്കാനുള്ള കമ്പനിയുടെ കഴിവും കുറയുന്നു. പലിശ കവറേജ് അനുപാതം ഒന്നിന് താഴെയായിരിക്കുന്നത് കമ്പനി അതിന്റെ പലിശയുടെ ചെലവുകൾ നേരിടുന്നതിന് മതിയായ വരുമാനം ഉണ്ടാക്കുന്നില്ല എന്നതിനെ സൂചിപ്പിക്കുന്നു. 2022-23 കാലയളവിൽ ദീർഘകാല വായ്പകൾ/ ഹ്രസ്വകാല വായ്പകൾ / ക്യാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് മുതലായവയ്ക്ക് പലിശ ചെലവുകളുള്ള 67 പൊതുമേഖലാ സ്ഥാപനങ്ങളുടെ പോസിറ്റീവ്, നെഗറ്റീവ് പലിശ കവറേജ് അനുപാതത്തിന്റെ വിശദാംശങ്ങൾ **പട്ടിക 5.7** ൽ നൽകിയിരിക്കുന്നു.

[39] ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (2021–22), ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് (2021–22), കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (2020–21), കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (2021–22), കേരള സ്റ്റേറ്റ് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (2021–22), ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (2022–23) എന്നിവ

[40] കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (2022–23)

**പട്ടിക 5.7: പലിശ കവറേജ് അനുപാതം**

| വിശദാംശങ്ങൾ | പലിശ കവറേജ് അനുപാതം <1 ഉള്ള പിഎസ്‌യുകൾ | | | പലിശ കവറേജ് അനുപാതം ≥ 1ഉള്ള പിഎസ്‌യുകൾ | | |
|---|---|---|---|---|---|---|
| | പിഎസ് യു കളുടെ എണ്ണം | പലിശ (₹ കോടിയിൽ) | ഇബിഐഡി (₹ കോടിയിൽ) | പിഎസ്‌യു കളുടെ എണ്ണം | പലിശ (₹ കോടിയിൽ) | ഇബിഐഡി (₹ കോടിയിൽ) |
| സർക്കാർ കമ്പനികൾ | 34 | 356.19 | (-)307.57 | 30 | 3,349.96 | 4,836.30 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | 1 | 495.73 | (-)511.45 | 2 | 372.38 | 460.49 |
| **ആകെ** | **35** | **851.92** | **(-)819.02** | **32** | **3,722.34** | **5,296.79** |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

പലിശ ബാധ്യതയുള്ള 32 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് (രണ്ട് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ) ഒന്നിന് തുല്യമോ അതിലധികമോ ആയ പലിശ കവറേജ് അനുപാതം ഉണ്ടായിരുന്നുവെന്ന് നിരീക്ഷിച്ചു. ഇത് പലിശ ബാധ്യത നിറവേറ്റുന്നതിന് മതിയായ വരുമാനം ഈ പിഎസ്‌യുകൾക്ക് ലഭ്യമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. അതുപോലെ, 35 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) പലിശ കവറേജ് അനുപാതം ഒന്നിൽ താഴെ ആയിരുന്നു. ഇത് പലിശ ബാധ്യത തീർക്കുന്നതിന് മതിയായ വരുമാനം കണ്ടെത്തുവാൻ ഈ പിഎസ്‌യുകൾക്ക് സാധിച്ചില്ല എന്നതിനെ സൂചിപ്പിക്കുന്നു.

## 5.7 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം

### 5.7.1 വിനിയോഗിച്ച മൂലധനത്തിന്മേലുള്ള വരവ്

ഒരു കമ്പനിയുടെ ലാഭക്ഷമതയും അതിന്റെ മൂലധനം ഉപയോഗപ്പെടുത്തുന്നതിലെ കാര്യക്ഷമതയും അളക്കുന്ന അനുപാതമാണ് വിനിയോഗിച്ച മൂലധനത്തിന്മേലുള്ള വരവ് (ആർഒസിഇ). കമ്പനിയുടെ പലിശയ്ക്കും നികുതിയ്ക്കും മുമ്പുള്ള വരുമാനത്തെ (ഇബിഐറ്റി) വിനിയോഗിച്ച മൂലധനം[41] ഉപയോഗിച്ച് ഹരിച്ചാണ് വിനിയോഗിച്ച മൂലധനത്തിന്മേലുള്ള വരവ് കണക്കാക്കുന്നത്. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകീകരിച്ച ആർഒസിഇ **പട്ടിക 5.8** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.8: വിനിയോഗിച്ച മൂലധനത്തിന്മേലുള്ള വരവ് (ആർഒസിഇ)**

*(₹ കോടിയിൽ)*

| വർഷം | പിഎസ്‌യു കളുടെ എണ്ണം | ഇബിഐഐടി | വിനിയോഗിച്ച മൂലധനം | ആർഒസിഇ (ശതമാനത്തിൽ) |
|---|---|---|---|---|
| 2020-21 | 126 | (-) 862.32 | 26,411.34 | (-) 3.26 |
| 2021-22 | 131[42] | (-) 14.98 | 29,336.30 | (-) 0.05 |
| 2022-23 | 131[43] | 4,487.81 | 51,601.96 | 8.70 |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

---

41 വിനിയോഗിച്ച മൂലധനം = അടച്ചു തീർത്ത മൂലധനം + സ്വതന്ത്ര കരുതലും സർപ്ലസുകളും + ദീർഘകാല വായ്പകൾ – സഞ്ചിത നഷ്ടം – മാറ്റിവച്ച റവന്യൂചെലവ്

42 ആദ്യ കണക്കുകൾ പൂർത്തീകരിക്കാത്ത ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ

43 ആദ്യ കണക്കുകൾ പൂർത്തീകരിക്കാത്ത മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ

- 2020-21ലും 2021-22ലും യഥാക്രമം 126 പിഎസ്‌യുകളുടെയും 122 പിഎസ്‌യുകളുടെയും മൊത്തം ഇബിഐറ്റിയും ആർഒസിഇയും നെഗറ്റീവ് ആയിരുന്നു. 2022-23ൽ 128 പിഎസ്‌യുകളുടെ ഇബിഐറ്റിയും ആർഒസിഇയും പോസിറ്റീവായി മാറി. 2021-22 മായി തുലനം ചെയ്യുമ്പോൾ 2022-23 ൽ മൊത്തം ഇബിഐറ്റി മെച്ചപ്പെട്ടു.
- കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ദീർഘകാല വായ്പകളെ നൽകുവാനുള്ള പൊതു നിക്ഷേപത്തിൽ ഉൾപ്പെടുത്തിയത് കാരണം മൂലധനത്തിന്റെ വിനിയോഗത്തിൽ ₹ 22,265.60 കോടിയുടെ മൊത്തം വർദ്ധനവുണ്ടായി.
- കെഎസ്ഇബിഎൽന്റെ പ്രവർത്തനത്തിൽ നിന്നുള്ള വരുമാനം മെച്ചപ്പെട്ടതു കാരണം 2022-23ലെ മൊത്തത്തിലുള്ള നെഗറ്റീവ് ഇബിഐറ്റി ₹ 4,502.79 കോടി മെച്ചപ്പെട്ടു. എന്നിരുന്നാലും, വായ്പ തിരിച്ചടവിലെ ചെലവ്, ഡിപ്രീസിയേഷൻ, ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ ചെലവുകൾ, സാമ്പത്തികമായ ചെലവ് എന്നിവയിലെ വർദ്ധനവ് കാരണം കെഎസ്ഇബിഎൽ ന് ₹ 1,023.62 കോടിയുടെ നഷ്ടം നേരിട്ടു (2022-23).

### 5.7.2 പിഎസ്‌യുകളുടെ മൂലധനത്തിന്മേലുള്ള വരവ്

ലാഭം സൃഷ്ടിക്കുന്നതിന് വേണ്ടി ഒരു കമ്പനിയുടെ ആസ്തികൾ എത്രത്തോളം ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതിനെ വിലയിരുത്തുന്നതിനുള്ള സാമ്പത്തിക പെർഫോമൻസിന്റെ അളവുകോലാണ് മൂലധനത്തിന്മേലുള്ള വരവ് (ആർഒഇ). തനി വരുമാനത്തെ (അതായത് നികുതിക്ക് ശേഷമുള്ള തനി ലാഭം) ഓഹരി ഉടമകളുടെ ഫണ്ട് കൊണ്ട് ഹരിച്ചാണ് ആർഒഇ കണക്കാക്കുന്നത്. ഇതിനെ ശതമാനത്തിലാണ് കാണിക്കുന്നത്. തനി വരുമാനവും ഓഹരി ഉടമകളുടെ ഫണ്ടും പോസിറ്റീവ് നമ്പറുകളാണെങ്കിൽ ഏത് കമ്പനിക്കും ഇത് കണക്കാക്കാം.

അടച്ചു തീർത്ത മൂലധനം, സ്വതന്ത്ര കരുതൽധനം എന്നിവയുടെ തുകയിൽ നിന്ന് സഞ്ചിത നഷ്ടവും, മാറ്റിവെച്ച വരുമാന ചെലവും കിഴിച്ചതിന് ശേഷമാണ് ഒരു കമ്പനിയുടെ ഓഹരിയുടമകളുടെ ഫണ്ട് കണക്കാക്കുന്നത്. എല്ലാ ആസ്തികളും വിറ്റഴിക്കുകയും എല്ലാ കടങ്ങളും വീട്ടുകയും ചെയ്തതിനു ശേഷം കമ്പനിയുടെ ഓഹരി ഉടമകൾക്കായി എത്രമാത്രം അവശേഷിക്കുന്നുവെന്നതിനെ ഇത് വെളിപ്പെടുത്തുന്നു. ഓഹരി ഉടമകളുടെ ഫണ്ട് പോസിറ്റീവ് ആണെങ്കിൽ കമ്പനിക്ക് അതിന്റെ ബാധ്യതകൾ നികത്താൻ മതിയായ ആസ്തികൾ ഉണ്ടെന്നും ഓഹരി ഉടമകളുടെ ഫണ്ട് നെഗറ്റീവ് ആണെങ്കിൽ ബാധ്യതകൾ ആസ്തികളേക്കാൾ കൂടുതലാണെന്നും വെളിപ്പെടുത്തുന്നു.

നികുതിക്ക് ശേഷമുള്ള തനി ലാഭവും ഓഹരി ഉടമകളുടെ ഓഹരി മൂലധനവും നെഗറ്റീവ് ആയിരുന്നുവെന്ന് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകീകരിച്ച ആർഒഇ കാണിക്കുന്നു. അതിനാൽ അവസാന മൂന്ന് കൊല്ലങ്ങളിൽ വരുമാനം ഒന്നും ലഭ്യമല്ലായിരുന്നു.

## 5.8 പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം

### 5.8.1 പിഎസ്‌യുകൾ നേരിട്ട നഷ്ടം

2023 സെപ്റ്റംബർ 30 വരെ സമർപ്പിച്ച ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം, 66 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) നേരിട്ട നഷ്ടമായ ₹ 1,873.89 കോടിയും, 2022 സെപ്റ്റംബർ 30 വരെ കണക്കുകൾ സമർപ്പിച്ച 63 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നേരിട്ട നഷ്ടമായ ₹ 4,065.38 കോടിയുമായുള്ള താരതമ്യം **പട്ടിക 5.9** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.9 : 2023 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷ കാലയളവിൽ നഷ്ടം നേരിട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം**

*(₹ കോടിയിൽ)*

| വർഷം[44] | നഷ്ടം നേരിട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം | വർഷത്തെ തനി നഷ്ടം | സഞ്ചിത നഷ്ടം | തനി മൂല്യം [45] |
|---|---|---|---|---|
| 2020-21 | 68 | 4,496.12 | 16,651.62 | (-) 9,058.15 |
| 2021-22 | 63 | 4,065.38 | 18,047.00 | (-)10,412.90 |
| 2022-23 | 66 | 1,873.89 | 10,834.15 | (-) 6,378.68 |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

- 66 പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ടായ മൊത്തം നഷ്ടമായ ₹ 1,873.89 കോടിയിൽ, **പട്ടിക 5.10** ൽ കാണിച്ചിരിക്കുന്നതുപോലെ, രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) ₹ 1,113.99 കോടിയുടെ ഗണ്യമായ നഷ്ടം വരുത്തി.
- നഷ്ടം ഉണ്ടായ 66 പൊതുമേഖലാ സ്ഥാപനങ്ങളിൽ 54 സ്ഥാപനങ്ങളിൽ 2023 മാർച്ച് 31 ന് ഓഹരി മൂലധനമായി ₹ 3,546.30 കോടിയുടെ നിക്ഷേപം സംസ്ഥാന സർക്കാർ നടത്തുകയുണ്ടായി.

**പട്ടിക 5.10: ₹ 100 കോടിയിലധികം നഷ്ടം നേരിട്ട പൊതുമേഖലാ സ്ഥാപനങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | കമ്പനിയുടെ/കോർപ്പറേഷന്റെ പേര് | കണക്കുകളുടെ കാലയളവ് | നികുതിക്കും പലിശക്കും ശേഷമുള്ള തനി നഷ്ടം |
|---|---|---|---|
| 1 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2015-16 | 1,007.18 |
| 2 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | 106.81 |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

[44] പ്രവർത്തന ഫലങ്ങളിൽ എത്തിച്ചേരുന്നതിനായി ലഭ്യമായ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകളിൽ നിന്നുള്ള തുകകൾ ഈ റിപ്പോർട്ടിൽ പരിഗണിച്ചിരിക്കുന്നു.

[45] തനി മൂല്യം = അടച്ചു തീർത്ത മൂലധനം + സ്വതന്ത്ര കരുതൽധനം + സഞ്ചിത ലാഭം/ (നഷ്ടം) – മാറ്റിവയ്ക്കപ്പെട്ട റവന്യൂചെലവ്

- 66 പിഎസ്‌യുകളിൽ 40 പിഎസ്‌യുകൾ ₹ 1,684.48 കോടിയുടെ നഷ്ടത്തിനൊപ്പം തനി മൂല്യത്തിന്റെ നഷ്ടവും (₹ 9,347.25 കോടി) റിപ്പോർട്ട് ചെയ്തത് ഗോയിംഗ് കൺസേൺ ആശയത്തിനെ വികലമാക്കുന്നു.

66 പിഎസ്‌യുകളിൽ 45 പിഎസ്‌യുകളുടെ തനി മൂല്യം അടച്ചു തീർത്ത മൂലധനത്തിന്റെ പകുതി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് പിഎസ്‌യുകളുടെ ആരോഗ്യപരമല്ലാത്ത അവസ്ഥയുടെ സാധ്യതയെ സൂചിപ്പിക്കുന്നു. 29 പിഎസ്‌യുകളിൽ പലിശ കവറേജ് അനുപാതം ഒന്നിൽ കുറവായിരുന്നു എന്നത് പലിശയുടെ ചെലവിനെ നേരിടുന്നതിനായി ആവശ്യമായ വരുമാനം പിഎസ്‌യുകൾ നേടുന്നില്ല എന്നതിനെ സൂചിപ്പിക്കുന്നു. അതുപോലെ, ബാക്കി നിൽക്കുന്ന ബാധ്യതയെക്കാൾ പിഎസ്‌യുകളുടെ ആസ്തികൾക്ക് മൂല്യം കുറവായതിനാൽ സാമ്പത്തിക ബാധ്യതകൾ നേരിടുന്നതിനുള്ള പിഎസ്‌യുകളുടെ ബുദ്ധിമുട്ടുകളുടെ സാധ്യതയെ ഒൻപത് പിഎസ്‌യുകളുടെ കടം ആസ്തി ശതമാനം ഒന്നിൽ കൂടുതലായിരുന്നുവെന്നത് സൂചിപ്പിക്കുന്നു.

### 5.8.2 പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധന നഷ്ടം

2023 സെപ്റ്റംബർ 30 വരെ സമർപ്പിച്ച ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം, പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 77 സ്ഥാപനങ്ങളിൽ ₹ 18,026.49 കോടിയുടെ സഞ്ചിത നഷ്ടം ഉണ്ടായിരുന്നു.

ഈ 77 പൊതുമേഖലാ സ്ഥാപനങ്ങളിൽ 44 സ്ഥാപനത്തിന്റെയും തനി മൂല്യം സഞ്ചിത നഷ്ടത്താൽ പൂർണ്ണമായും ഇല്ലാതാവുകയും[46] അവയുടെ തനിമൂല്യം നെഗറ്റീവ് ആകുകയും ചെയ്തു. ഈ 44 പൊതുമേഖലാ സ്ഥാപനങ്ങളുടെ തനി മൂല്യം ₹ (-)11,227.04 കോടിയും ഓഹരി മൂലധന നിക്ഷേപം ₹ 5,954.33 കോടിയും ആയിരുന്നു. മൂലധന ശോഷണം നടന്ന ഈ 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 40 സ്ഥാപനങ്ങൾ ₹ 1,684.48 കോടിയുടെ നഷ്ടവും 3 പൊതുമേഖലാ സ്ഥാപനങ്ങൾ ₹ 736.97 കോടിയുടെ ലാഭവും ഒരു പൊതുമേഖലാ സ്ഥാപനം (വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്) ലാഭ- നഷ്ടരഹിതവുമായിരുന്നെന്ന്, ഖണ്ഡിക 5.8.1ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം റിപ്പോർട്ട് ചെയ്തു.

മൊത്തത്തിൽ, പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളുടെ (ആദ്യ അക്കൗണ്ടുകൾ ഇതുവരെയും പൂർത്തീകരിക്കാത്ത മൂന്ന് കമ്പനികൾ ഉൾപ്പെടെ) തനി മൂല്യം നെഗറ്റീവ് ആയിരുന്നു (₹-2,098.34 കോടി). അവയുടെ അടച്ചുതീർത്ത മൂലധനം ₹ 10,889.88 കോടിയും ആണ്.

ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം, തനി മൂല്യം ഇല്ലാതായ 44 പിഎസ്‌യുകളുടെ യഥാർത്ഥ മൊത്തം ചെലവും വരവും യഥാക്രമം ₹ 24,465.48 കോടിയും ₹ 24,641.65 കോടിയും ആയിരുന്നു. 44 പിഎസ്‌യുകളുടെ തനി മൂല്യം ഇല്ലാതായെങ്കിലും യഥാർത്ഥ വരവുകൾ ചെലവിനെ ചെറിയ രീതിയിൽ അധികരിച്ചു എന്നത് ശ്രദ്ധേയമാണ്. ഇത് ഈ സ്ഥാപനങ്ങളിൽ

[46] നിരന്തരമായി തനിമൂല്യത്തിൽ നഷ്ടം സംഭവിക്കുന്ന പിഎസ്‌യുകളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെയും ബാധ്യതകളുടെയും ഫണ്ടിംഗിൽ പ്രധാനമായും മൂലധന വായ്പകളും കേരള സർക്കാരിൽ നിന്നും ലഭിക്കുന്ന ടേം ലോണുകളും കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന സബ്സിഡികളും ധനസഹായങ്ങളും ഉൾപ്പെടുന്നു.

സാമ്പത്തിക സ്ഥിരതയ്ക്കും മെച്ചപ്പെട്ട അവസ്ഥയിലേക്ക് തിരിച്ചുവരുന്നതിനും സാധ്യമായ മാർഗ്ഗങ്ങളുടെ സൂചന നൽകുന്നു.

നെഗറ്റീവ് തനി മൂല്യമുള്ള 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ ലഭിച്ച ധനകാര്യ പത്രികകളുടെ അവലോകനത്തിൽ 19 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്ന് മുതൽ 13 വർഷം വരെയുള്ള കാലയളവിൽ നെഗറ്റീവ് തനി മൂല്യം നിലനിന്നിരുന്നതായി കണ്ടെത്തി. അടുത്തിടെ രൂപീകൃതമായ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ തന്നെ നെഗറ്റീവ് തനിമൂല്യം റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന 23 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവലോകന കാലയളവിലുടനീളം തുടർച്ചയായ നെഗറ്റീവ് തനി മൂല്യം ഉണ്ടായിരുന്നു. ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം നെഗറ്റീവ് തനി മൂല്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് **അനുബന്ധം 5.1**–ൽ കാണിച്ചിരിക്കുന്നു. തനിമൂല്യം നഷ്ടപ്പെട്ട പിഎസ്‌യുകളുടെ കണക്കുകളുടെ കുടിശ്ശികയുടെ കാലം തിരിച്ചുള്ള വിശകലനം **പട്ടിക 5.11**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.11: നെഗറ്റീവ് തനി മൂല്യമുള്ള 44 പിഎസ്‌യുകളുടെ കണക്കുകളുടെ കാലം തിരിച്ചുള്ള കുടിശ്ശിക**

| വിശദവിവരങ്ങൾ | പിഎസ്‌യുകളുടെ എണ്ണം | കുടിശ്ശികയിലുള്ള കണക്കുകളുടെ എണ്ണം |
|---|---|---|
| 2022–23 ലെ കണക്കുകൾ സമർപ്പിച്ച | 4 | |
| ഒന്ന് മുതൽ മൂന്ന് വർഷം വരെ | 32 | 59 |
| നാല് മുതൽ ആറ് വർഷം വരെ | 5 | 23 |
| ഏഴ് മുതൽ എട്ട് വർഷം വരെ | 3 | 22 |
| **ആകെ** | **44** | **104** |

## 5.9 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ്

2013ലെ കമ്പനി നിയമത്തിലെ വകുപ്പ് 139 (5), (7) എന്നിവ പ്രകാരം സർക്കാർ കമ്പനിയുടെയും സർക്കാർ നിയന്ത്രിത മറ്റ് കമ്പനിയുടെയും നിയമാനുസൃത ഓഡിറ്റർമാരെ സിഎജിയാണ് നിയമിക്കുന്നത്. ഒരു സപ്ലിമെന്ററി ഓഡിറ്റ് നടത്തി സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ റിപ്പോർട്ടിന്മേൽ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനും റിപ്പോർട്ട് സപ്ലിമെന്റ് ചെയ്യുന്നതിനും സിഎജിക്ക് അവകാശമുണ്ട്. ചില കോർപ്പറേഷനുകളെ നിയന്ത്രിക്കുന്ന നിയമങ്ങൾ പ്രകാരം അവരുടെ കണക്കുകൾ സിഎജി ഓഡിറ്റ് ചെയ്യേണ്ടതും റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കേണ്ടതുമാണ്.

## 5.10 പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ സിഎജിയാലുള്ള നിയമനം

ഒരു സർക്കാർ കമ്പനിയുടെയോ സർക്കാർ നിയന്ത്രിത മറ്റ് കമ്പനിയുടെയോ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരെ സാമ്പത്തിക വർഷം ആരംഭിച്ച് 180 ദിവസത്തിനുള്ളിൽ സിഎജി നിയമിക്കണമെന്ന് 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 139 (5) വ്യവസ്ഥ ചെയ്യുന്നു.

ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളുടെ 2022-23 വർഷത്തേക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരെ 2022 സെപ്റ്റംബർ മുതൽ സിഎജി നിയമിക്കുകയുണ്ടായി.

## 5.11 പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ സമർപ്പിക്കൽ

### 5.11.1 സമയബന്ധിതമായി സമർപ്പിക്കേണ്ടതിന്റെ ആവശ്യകത

2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 394 അനുസരിച്ച്, ഒരു സർക്കാർ കമ്പനിയുടെ പ്രവർത്തനത്തെയും കാര്യങ്ങളെയും കുറിച്ചുള്ള വാർഷിക റിപ്പോർട്ട് അതിന്റെ വാർഷിക പൊതുയോഗം[47] കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ തയ്യാറാക്കേണ്ടതാണ്. അത്തരം തയ്യാറെടുപ്പുകൾക്ക് ശേഷം എത്രയും പെട്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പിനും സിഎജിയുടെ അഭിപ്രായങ്ങൾക്കും ഒപ്പമോ അല്ലെങ്കിൽ ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായോ വാർഷിക റിപ്പോർട്ട് സംസ്ഥാന നിയമസഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളെ നിയന്ത്രിക്കുന്ന അതാത് നിയമങ്ങളിലും ഏതാണ്ട് സമാനമായ വ്യവസ്ഥകൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും കമ്പനികളിൽ നിക്ഷേപിച്ചിട്ടുള്ള പൊതു ഫണ്ടുകളുടെ വിനിയോഗത്തിന് ആവശ്യമായ നിയമ സംബന്ധമായ നിയന്ത്രണം ഈ സംവിധാനം നൽകുന്നു.

എല്ലാ കമ്പനികളും ഓരോ കലണ്ടർ വർഷത്തിലും ഒരു പ്രാവശ്യം ഓഹരി ഉടമകളുടെ വാർഷിക പൊതുയോഗം നടത്തേണ്ടതാണെന്ന് 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 96 വ്യവസ്ഥചെയ്യുന്നു. ഓരോ വാർഷിക പൊതുയോഗത്തിനും അടുത്ത പൊതുയോഗത്തിനും ഇടയിൽ 15 മാസത്തിൽ കൂടുതൽ കാലയളവ് ഉണ്ടാവരുതെന്നും പ്രസ്താവിച്ചിരിക്കുന്നു. സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവനകൾ വാർഷിക പൊതുയോഗത്തിന്റെ പരിഗണനയ്ക്കായി പ്രസ്തുത വാർഷിക പൊതുയോഗത്തിൽ സമർപ്പിക്കണമെന്ന് 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 129 വ്യവസ്ഥ ചെയ്യുന്നു.

2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 129 ലെ വ്യവസ്ഥകൾ പാലിക്കാത്തതിന് ഉത്തരവാദികളായ കമ്പനിയുടെ ഡയറക്ടർമാർ ഉൾപ്പെടെയുള്ള വ്യക്തികളുടെ മേൽ പിഴയും തടവും പോലുള്ള ശിക്ഷകൾ ചുമത്തുവാൻ 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 129 (7) വ്യവസ്ഥ ചെയ്യുന്നു.

ഇനിപ്പറയുന്ന ഖണ്ഡികയിൽ വിശദമാക്കിയിരിക്കുന്നതുപോലെ, നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ 2023 സെപ്റ്റംബർ 30 വരെ കുടിശ്ശികയിലാണ്[48].

[47] ആദ്യ വാർഷിക പൊതുയോഗം, കമ്പനിയുടെ ആദ്യ സാമ്പത്തിക വർഷം അവസാനിക്കുന്ന തീയതി മുതൽ ഒൻപത് മാസത്തിനുള്ളിലും മറ്റ് സന്ദർഭങ്ങളിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിലും, അതായത് സെപ്റ്റംബർ 30നുള്ളിൽ നടത്തേണ്ടതാണ്.

[48] 2013ലെ കമ്പനി നിയമപ്രകാരം 2022–23 സാമ്പത്തിക വർഷത്തേയ്ക്കുള്ള കമ്പനികളുടെ വാർഷിക പൊതുയോഗം നടത്തേണ്ട അവസാന തീയതി 2023 സെപ്റ്റംബർ 30 ആണ്.

### 5.11.2 പൊതുമേഖലാ സ്ഥാപനങ്ങൾ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള സമയപരിധി

2023 മാർച്ച് 31 വരെ, സിഎജിയുടെ ഓഡിറ്റിന്റെ പരിധിയിൽ 121 സർക്കാർ കമ്പനികളും ആറ് സർക്കാർ നിയന്ത്രിത മറ്റ് കമ്പനികളും നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾപ്പെടെ പ്രവർത്തനക്ഷമമായ 131 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. മൊത്തം 16 പൊതുമേഖലാ സ്ഥാപനങ്ങൾ (ചുവടെ ചർച്ച ചെയ്തിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) 2022-23 സാമ്പത്തിക വർഷത്തേക്കുള്ള അവരുടെ കണക്കുകൾ നിശ്ചിത കാലയളവിനുള്ളിൽ ഓഡിറ്റിനായി സമർപ്പിച്ചു. 115 സർക്കാർ കമ്പനികളിൽ നിന്ന് 2022-23 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഒക്ടോബർ മുതൽ 2023 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 112 പൊതുമേഖലാ സ്ഥാപനങ്ങളുടെ 197 കണക്കുകൾ (മുൻവർഷങ്ങളിലെ കണക്കുകൾ ഉൾപ്പെടെ) സിഎജിയുടെ ഓഡിറ്റിനായി സമർപ്പിക്കപ്പെട്ടു. 2022-23 ലെ സർക്കാർ കമ്പനികളുടെയും സർക്കാർ നിയന്ത്രിത മറ്റ് കമ്പനികളുടെയും കണക്കുകൾ സമർപ്പിക്കുന്നതിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ **പട്ടിക 5.12**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.12 : കണക്കുകൾ സമർപ്പിക്കുന്നതിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | സർക്കാർ കമ്പനികൾ | സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ | സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | മൊത്തം |
|---|---|---|---|---|
| 31.03.2023 വരെ സിഎജിയുടെ ഓഡിറ്റിന്റെ പരിധിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം എണ്ണം | 130 | 15 | 4 | 149 |
| പ്രവർത്തനത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ– ലിസ്റ്റുചെയ്യാത്തവ | 121 | 6 | 4 | 131 |
| ലിസ്റ്റ് ചെയ്ത കമ്പനികൾ | 0 | 0 | 0 | 0 |
| സിഎജിയുടെ ഓഡിറ്റിനായി 2022–23 വർഷത്തെ കണക്കുകൾ സമർപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം | 14 | 1 | 1 | 16 |
| 2022–23 വരെയുള്ള അക്കൗണ്ടുകൾ കുടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം (കുടിശ്ശികയിലുള്ള അക്കൗണ്ടുകളുടെ എണ്ണം) | 107 (256) | 5 (5) | 3 (9) | 115 (270) |

| വിശദാംശങ്ങൾ | | സർക്കാർ കമ്പനികൾ | സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ | സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | മൊത്തം |
|---|---|---|---|---|---|
| പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകളുടെ കുടിശ്ശികയുടെ കാലം തിരിച്ചുള്ള വിശകലനം | ഒരു വർഷം (2022–23) | 40 (40) | 5 (5) | 2 (2) | 47 (47) |
| | രണ്ടു വർഷം (2021–22, 2022–23) | 32 (64) | 0 (0) | 0 (0) | 32 (64) |
| | മൂന്നു വർഷം മുതൽ അഞ്ചു വർഷം വരെ (2018–19 മുതൽ 2022–23 വരെ) | 29 (108) | 0 (0) | 0 (0) | 29 (108) |
| | ആറ് വർഷവും അതിൽ കൂടുതലും (2017–18 നു മുൻപ്) | 6 (44) | 0 (0) | 1 (7) | 7 (51) |

*ഉറവിടം: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

മുകളിലുള്ള പട്ടികയിൽ നിന്ന് ഇവ കാണാൻ കഴിയും:

- ആകെ പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങൾ മാത്രമാണ് 2022-23 വർഷത്തേക്കുള്ള അവരുടെ കണക്കുകൾ ഓഡിറ്റിനായി സിഎജിക്ക് സമർപ്പിച്ചത്, ഇത് ഓഡിറ്റ് അധികാരപരിധിയിലുള്ള മൊത്തം കമ്പനികളുടെ 12.21 ശതമാനത്തെമാത്രമാണ് പ്രതിനിധീകരിക്കുന്നത്. 2022-23 വർഷത്തേക്ക് 115 കമ്പനികളിൽ നിന്നായി 270 കണക്കുകൾ കുടിശ്ശികയിലാണ്.

- ആറോ അതിലധികമോ വർഷമായി (അതായത്, 2017-18 ന് മുന്നേ) ഏഴ് കമ്പനികളിൽ നിന്ന് 51 കണക്കുകളും മൂന്ന് വർഷം മുതൽ അഞ്ച് വർഷമായി (അതായത്, 2018-19 മുതൽ 2022-23 വരെ) 29 കമ്പനികളിൽ നിന്ന് 108 കണക്കുകളും, 2 വർഷമായി (അതായത്, 2021-22, 2022-23) 32 കമ്പനികളിൽ നിന്ന് 64 കണക്കുകളും കുടിശ്ശികയിലാണെന്ന് കാലം തിരിച്ചുള്ള വിശകലനത്തിൽ നിന്നും വെളിപ്പെട്ടു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ പൂർത്തീകരിക്കുന്നതിലെ കുടിശ്ശിക സംബന്ധിച്ച വിഷയം പതിവായി ശ്രദ്ധയിൽപെടുത്താറുണ്ടെങ്കിലും (ജൂലൈ 2023) കേരള സർക്കാരിന്റെ പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ് (2023 ഓഗസ്റ്റ്) എല്ലാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും നിശ്ചിത സമയത്തിനുള്ളിൽ കണക്കുകൾ പൂർത്തീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ആശങ്കയ്ക്ക് ഇടവരുത്തുന്നു.

## 5.12 സിഎജിയുടെ മേൽനോട്ടം – കണക്കുകളുടെ ഓഡിറ്റും സപ്ലിമെന്ററി ഓഡിറ്റും

### 5.12.1 സാമ്പത്തിക റിപ്പോർട്ടിംഗിന്റെ ചട്ടക്കൂട്

2013–ലെ കമ്പനി നിയമത്തിലെ ഷെഡ്യൂൾ III – ൽ വ്യക്തമാക്കിയ ഫോർമാറ്റിലും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിർബന്ധിത അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പാലിച്ചും, അക്കൗണ്ടിംഗ് സ്റ്റാൻഡേർഡുകളെ സംബന്ധിച്ച ദേശീയ ഉപദേശക കമ്മിറ്റിയുമായി കൂടിയാലോചിച്ചും വേണം കമ്പനികൾ അവരുടെ സാമ്പത്തിക പ്രസ്താവനകൾ തയ്യാറാക്കേണ്ടത്. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സിഎജിയുമായി കൂടിയാലോചിച്ച് രൂപീകരിച്ച ചട്ടങ്ങൾക്കു കീഴിലും അത്തരം കോർപ്പറേഷനുകളെ നിയന്ത്രിക്കുന്ന നിയമത്തിലെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നിർദ്ദിഷ്ട വ്യവസ്ഥയിലും നിർദ്ദേശിച്ചിട്ടുള്ള ഫോർമാറ്റിൽ അവരുടെ കണക്കുകൾ തയ്യാറാക്കേണ്ടതുണ്ട്.

### 5.12.2 സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരാൽ സർക്കാർ കമ്പനികളുടെ കണക്കുകളുടെ ഓഡിറ്റ്

2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 139 പ്രകാരം സിഎജി നിയമിച്ച സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ സർക്കാർ കമ്പനികളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുകയും 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 അനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു.

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരെ ഏൽപ്പിച്ച ചുമതലകൾ ശരിയായും കാര്യക്ഷമമായും നിർവഹിക്കുന്നു എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തോടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ പ്രകടനം നിരീക്ഷിച്ചുകൊണ്ട്  സിഎജി മേൽനോട്ടം വഹിക്കുന്നു. ഇനിപ്പറയുന്ന അധികാരം  പ്രയോഗിച്ചുകൊണ്ട് സിഎജി ഇതു നിറവേറ്റുന്നു.

- 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ്  143 (5) പ്രകാരം  സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർക്ക് നിർദ്ദേശങ്ങൾ നൽകുന്നു;
- 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 (6) പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ റിപ്പോർട്ടിനെ സപ്ലിമെന്റ് ചെയ്യുകയോ അഭിപ്രായം നൽകുകയോ ചെയ്യുന്നു.

### 5.12.3 സർക്കാർ കമ്പനികളുടെ കണക്കുകളുടെ സപ്ലിമെന്ററി ഓഡിറ്റ്

കമ്പനി നിയമം, 2013 അല്ലെങ്കിൽ മറ്റ് പ്രസക്തമായ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക റിപ്പോർട്ടിംഗ് ചട്ടക്കൂടിന് അനുസൃതമായി ധനകാര്യ പത്രികകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക  ഉത്തരവാദിത്തം ഒരു സ്ഥാപനത്തിന്റെ മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ സ്റ്റാൻഡേർഡ് ഓഡിറ്റിംഗ് സമ്പ്രദായങ്ങൾക്കും സിഎജിയുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായി ഒരു സ്വതന്ത്രമായ ഓഡിറ്റിനെ അടിസ്ഥാനമാക്കി, 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 പ്രകാരം ധനകാര്യ പത്രികകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുന്നതിന്,

2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 139 പ്രകാരം സിഎജി നിയമിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർക്ക് ഉത്തരവാദിത്തമുണ്ട്. 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ ഓഡിറ്റ് റിപ്പോർട്ട് സിഎജിക്ക് സമർപ്പിക്കേണ്ടതുണ്ട്.

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ റിപ്പോർട്ടിനൊപ്പം തിരഞ്ഞെടുത്ത സർക്കാർ കമ്പനികളുടെ സാക്ഷ്യപ്പെടുത്തിയ കണക്കുകൾ ഒരു സപ്ലിമെന്ററി ഓഡിറ്റ് നടത്തി സിഎജി അവലോകനം ചെയ്യുന്നു. അത്തരം അവലോകനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസക്തമായ ഓഡിറ്റ് നിരീക്ഷണങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവ 2013 ലെ കമ്പനി നിയമത്തിന്റെ 143 (6) വകുപ്പ് പ്രകാരം വാർഷിക പൊതുയോഗത്തിന്റെ മുമ്പാകെ സമർപ്പിക്കുന്നതിനായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

## 5.13 സിഎജിയുടെ മേൽനോട്ട ചുമതലയുടെ ഫലം

### 5.13.1 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 പ്രകാരമുള്ള സർക്കാർ കമ്പനികളുടെ കണക്കുകളുടെ ഓഡിറ്റ്

2022 ഒക്ടോബർ മുതൽ 2023 സെപ്റ്റംബർ വരെയുള്ള കാലയളവിൽ പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ, 112 പൊതുമേഖലാ സ്ഥാപനങ്ങൾ (103 സർക്കാർ കമ്പനികൾ, ആറ് സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ, മൂന്ന് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ) ഓഡിറ്റ് ചെയ്ത 197 കണക്കുകൾ കേരളത്തിലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കി. 2011-12 മുതൽ 2022-23 വരെയുള്ള കാലയളവിലെ ധനകാര്യ പത്രികകളും ഇതിൽപ്പെടുന്നു. ലഭിച്ച 197 കണക്കുകളിൽ 16 കണക്കുകൾ 2022-23 വർഷത്തേക്കുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച 197 കണക്കുകളിൽ 109 ധനകാര്യ പത്രികകൾ സിഎജി ഓഡിറ്റിൽ അവലോകനം ചെയ്യുകയും 21 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 24 കമന്റ് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. 58 പൊതുമേഖലാ സ്ഥാപനങ്ങൾക്കു 88 നോൺ റിവ്യൂ സർട്ടിഫിക്കറ്റുകളും നൽകി. അവലോകനത്തിന്റെ ഫലങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

### 5.13.2 ധനകാര്യ പത്രികകളുടെ ഭേദഗതി

വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുന്നതിന് മുമ്പ് സിഎജി നടത്തിയ സപ്ലിമെന്ററി ഓഡിറ്റിന്റെ ഫലമായി നാല് സർക്കാർ കമ്പനികൾ അവരുടെ ധനകാര്യ പത്രികകളിൽ ഭേദഗതി വരുത്തി. ഭേദഗതികളുടെ സാമ്പത്തികമായ സ്വാധീനം ₹ 35.17 കോടി ലാഭത്തിലും ₹ 35.72 കോടി ആസ്തികളിലും ബാധ്യതകളിലുമായി കാണപ്പെട്ടു.

### 5.13.3 ഓഡിറ്റർമാരുടെ റിപ്പോർട്ടിന്റെ പരിഷ്കരണം

സിഎജി നടത്തിയ ധനകാര്യപത്രികകളുടെ സപ്ലിമെന്ററി ഓഡിറ്റിന്റെ ഫലമായി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ 19 ധനകാര്യപത്രികകളിലെ റിപ്പോർട്ടുകൾ പരിഷ്കരിച്ചു.

പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ റിപ്പോർട്ടിന് അനുബന്ധമായി പുറപ്പെടുവിച്ച സിഎജിയുടെ സുപ്രധാന അഭിപ്രായങ്ങളും സിഎജി ഏക ഓഡിറ്ററായ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുടെ കാര്യത്തിലുള്ള സിഎജിയുടെ സുപ്രധാന അഭിപ്രായങ്ങളും 2023 മാർച്ച് 31ന് അവസാനിച്ച വർഷത്തേക്കുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രത്യേക വാണിജ്യ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകമായി സമാഹരിച്ചിട്ടുണ്ട്.

## 5.14 മാനേജ്മെന്റ് കത്തുകൾ

ഓഡിറ്ററും കോർപ്പറേറ്റ് സ്ഥാപനത്തിന്റെ ഭരണത്തിന്റെ ഉത്തരവാദിത്തമുള്ളവരും തമ്മിൽ, ധനകാര്യ പത്രികകളുടെ ഓഡിറ്റിൽ നിന്ന് ഉരുത്തിരിയുന്ന കാര്യങ്ങളിൽ, ആശയവിനിമയം സ്ഥാപിക്കുക എന്നത് ഫിനാൻഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ പത്രികകളെ കുറിച്ചുള്ള വസ്തുനിഷ്ഠമായ നിരീക്ഷണങ്ങൾ, 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143 (5) പ്രകാരം സിഎജിയുടെ അഭിപ്രായങ്ങളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അഭിപ്രായങ്ങൾ കൂടാതെ, ധനകാര്യപത്രികകളിലോ റിപ്പോർട്ടിംഗ് പ്രക്രിയയിലോ സിഎജി നിരീക്ഷിച്ച ക്രമക്കേടുകൾ അല്ലെങ്കിൽ പോരായ്മകൾ, തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനായി മാനേജ്മെന്റ് കത്ത് മുഖേന മാനേജ്മെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടിംഗ് ട്രീറ്റ്മെന്റ് നയങ്ങളുമായി ബന്ധപ്പെട്ട പോരായ്മകൾ, വെളിപ്പെടുത്തലുകളിൽ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പാലിക്കാത്തത്, തെറ്റുകൾ തിരുത്തുന്നതിന് ഓഡിറ്റിന് നൽകുന്ന ഉറപ്പുകൾ പാലിക്കാത്തത് എന്നിവ സംബന്ധിച്ച് സിഎജി 21 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 24 മാനേജ്മെന്റ് കത്തുകൾ തന്നാണ്ടിൽ നൽകുകയുണ്ടായി.

## 5.15 നിഗമനങ്ങൾ

ഈ അദ്ധ്യായത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും നിക്ഷേപത്തിൽ നിന്നുള്ള വരുമാനവും സൂചിപ്പിക്കുന്ന അനുപാതങ്ങൾ അനുസരിച്ചുള്ള സാമ്പത്തിക പെർഫോമൻസിനെ അവതരിപ്പിച്ചിരിക്കുന്നു. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ തങ്ങൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഉചിതമായും കാര്യക്ഷമമായും നിർവഹിക്കുന്നുണ്ട് എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തോടെ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ പ്രകടനം നിരീക്ഷിച്ചുകൊണ്ട് സിഎജിയുടെ മേൽനോട്ട ചുമതലയും ഈ അദ്ധ്യായത്തിൽ കൈകാര്യം ചെയ്യപ്പെടുന്നു.

- പ്രവർത്തനത്തിലുള്ള 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 77 സ്ഥാപനങ്ങളിൽ ആകെ ₹ 18,026.49 കോടിയുടെ സഞ്ചിത നഷ്ടമുണ്ടായെന്നും ഈ 77 പൊതുമേഖലാ സ്ഥാപനങ്ങളിൽ, 44 സ്ഥാപനങ്ങളുടെ തനി മൂല്യം സഞ്ചിത നഷ്ടംമൂലം പൂർണ്ണമായും ഇല്ലാതായെന്നും അവയുടെ തനി മൂല്യം നെഗറ്റീവ് ആണെന്നും വിശകലനം വെളിപ്പെടുത്തി. ₹ 5,954.33 കോടി യുടെ ഓഹ

രിമൂലധന നിക്ഷേപം ഉള്ള ഈ 44 പൊതുമേഖലാ സ്ഥാപനങ്ങളുടെ തനി മൂല്യം (-) ₹ 11,227.04 കോടിയാണ്.

- നെഗറ്റീവ് തനി മൂല്യമുള്ള 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ ലഭിച്ച ധനകാര്യ പത്രികകളുടെ അവലോകനത്തിൽ, പത്തൊൻപത് പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്ന് മുതൽ 13 വർഷം വരെയുള്ള കാലയളവിൽ നെഗറ്റീവ് തനി മൂല്യം നിലനിർത്തിയെന്നും, അടുത്തിടെ രൂപീകൃതമായ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ തന്നെ നെഗറ്റീവ് തനി മൂല്യം റിപ്പോർട്ട് ചെയ്തുവെന്നും വെളിപ്പെട്ടു. ശേഷിക്കുന്ന 23 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവലോകന കാലയളവിലുടനീളം തുടർച്ചയായി നെഗറ്റീവ് തനിമൂല്യം ആയിരുന്നു.
- 2022-23 കാലയളവിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മൊത്തത്തിലുള്ള തനി ആദായവും ഓഹരി ഉടമകളുടെ ഫണ്ടും നെഗറ്റീവ് ആയിരുന്നതിനാൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള ഓഹരി മൂലധനത്തിന്മേലുള്ള വരവ് നെഗറ്റീവ് ആയിരുന്നു.
- മൊത്തം 16 പൊതുമേഖലാ സ്ഥാപനങ്ങൾ (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കണക്കുകൾ ഓഡിറ്റിനായി നിശ്ചിത കാലയളവിനുള്ളിൽ സമർപ്പിച്ചു, ഇത് മൊത്തം പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ 12.21 ശതമാനത്തെ മാത്രമാണ് പ്രതിനിധീകരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ കുടിശ്ശികയുള്ള 115 പൊതുമേഖലാ സ്ഥാപനങ്ങളിൽ 270 കണക്കുകൾ കുടിശ്ശികയിലുള്ളതായി പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകളുടെ കാലം തിരിച്ചുള്ള വിശകലനത്തിൽ കാണപ്പെട്ടു.

## 5.16 ശുപാർശകൾ

1. **നഷ്ടത്തിന്റെ മൂലകാരണം പരിഹരിക്കുന്നതിന്, നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ്സ് മോഡലുകളിൽ സർക്കാർ തീരുമാനം എടുക്കേണ്ടതുണ്ട്. പൊതു ഖജനാവിൽ കൂടുതൽ ഞെരുക്കം ഒഴിവാക്കുന്നതിനായി നഷ്ടം നേരിടുന്ന പിഎസ് യുകളുടെ, പ്രത്യേകിച്ച് തനി മൂല്യം പൂർണ്ണമായും ഇല്ലാതായ കമ്പനികളുടെ, പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന്, സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുന്നത് പരിഗണിക്കേണ്ടതാണ്.**
2. **സംസ്ഥാന സർക്കാരും അതത് പൊതുമേഖലാ സ്ഥാപനങ്ങളും ഓഹരി മൂലധനം, വായ്പ, ഗ്യാരണ്ടി എന്നിവയുമായി ബന്ധപ്പെട്ട വ്യതിയാനങ്ങൾ സമയബന്ധിതമായി പൊരുത്തപ്പെടുത്തണം.**

3. **എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കണക്കുകൾ പൂർത്തിയാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള നിയമപരമായ സമയപരിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശക്തമായ നിരീക്ഷണവും ഉത്തരവാദിത്ത സംവിധാനവും സർക്കാർ സ്ഥാപിക്കണം. ഇത് സ്ഥാപനങ്ങൾക്കുള്ളിലെ സുതാര്യതയും സാമ്പത്തിക അച്ചടക്കവും വർദ്ധിപ്പിക്കും.**



**(എസ്. സുനിൽ രാജ്)**

തിരുവനന്തപുരം, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ

01 JULY 2024 (ഓഡിറ്റ് II), കേരളം

മേലൊപ്പിട്ടത്



**(ഗിരീഷ് ചന്ദ്ര മുർമു)**

ന്യൂഡൽഹി, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ

03 JULY 2024

# അനുബന്ധങ്ങൾ

**അനുബന്ധം 1.1**
**കേരളത്തിന്റെ രൂപരേഖ**
**(സൂചിക : ഖണ്ഡിക 1.1; പുറം 1)**
**എ. പൊതുവിവരം**

| ക്രമ നമ്പർ | വിവരങ്ങൾ | | കണക്കുകൾ |
|---|---|---|---|
| 1. | വിസ്തീർണ്ണം | | 38,863 സ്ക്വ. കി.മീ |
| 2. | ജനസംഖ്യ | | |
| | എ. 2013–ൽ | | 3.39 കോടി |
| | ബി. 2023–ൽ | | 3.58 കോടി |
| 3 | ജനസാന്ദ്രത (2011 സെൻസസ്സ് പ്രകാരം) (അഖിലേന്ത്യാ ജനസാന്ദ്രത = 422.26 ആളുകൾ ഒരു സ്ക്വ. കി.മീ.ൽ) | | 921 |
| 4 | ദാരിദ്ര്യ രേഖയ്ക്ക താഴെയുള്ള ജനസംഖ്യ (അഖിലേന്ത്യാ ശരാശരി = 21.92 ശതമാനം) | | 7.05 ശതമാനം |
| 5 | സാക്ഷരതാ (2011 സെൻസസ്സ് പ്രകാരം) (അഖിലേന്ത്യാ ശരാശരി = 73.00 ശതമാനം) | | 94 ശതമാനം |
| 6 | ശിശുമരണ നിരക്ക് (ജീവനോടെ ജനിക്കുന്ന 1000 കുട്ടികളിൽ) (അഖിലേന്ത്യാ ശരാശരി = ജീവനോടെ ജനിക്കുന്ന 1000 കുട്ടികളിൽ 28) | | 5.05 |
| 7. | പ്രതീക്ഷിത ജീവിത ദൈർഘ്യം (അഖിലേന്ത്യാ ശരാശരി = 70 വർഷങ്ങൾ) | | 75.2 |
| 8. | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി.എസ്. ഡിപി) 2022–23 നിലവിലുള്ള വിലയിൽ ₹–ൽ | | ₹10,46,188.14 |
| 9. | പ്രതിശീർഷ ജിഎസ്ഡിപി സംയുക്ത വാർഷിക വളർച്ചാനിരക്ക് (2012–13 മുതൽ 2022–23 വരെ) | കേരളം | 9.23 |
| 10. | ജിഎസ്ഡിപി സംയുക്ത വാർഷിക വളർച്ചാ നിരക്ക് (2012–13 മുതൽ 2022–23 വരെ) | കേരളം | 9.76 |
| 11. | ജനസംഖ്യ വർദ്ധനവ് (2013 മുതൽ 2023 വരെ) | കേരളം | 5.61 |
| 12 | പ്രതിശീർഷ ജിഡിപി (₹ൽ) | കേരളം | 2,95,787 |
| | | അഖിലേന്ത്യാ | 1,96,983 |

**അനുബന്ധം 1.2**
**കേരള സർക്കാരിന്റെ സാമ്പത്തിക നിലയെ**
**പറ്റിയുള്ള കാലാനുക്രമ വിവരം**
**(സൂചിക : ഖണ്ഡികകൾ 1.5.1; പുറം 9, ഖണ്ഡികകൾ 1.6.3 ; പുറം 13)**

(₹ കോടിയിൽ)

| | ഇനങ്ങൾ | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|---|---|---|---|
| | **ഭാഗം എ : വരവുകൾ** | | | | | | | | | | |
| 1. | **റവന്യൂ വരവുകൾ** | **92854.47** | | **90224.67** | | **97616.83** | | **116640.24** | | **132724.65** | |
| (i) | **നികുതി വരുമാനം** | **50644.10** | **(55)** | **50323.14** | **(56)** | **47660.84** | **(48)** | **58340.52** | **(50)** | **71,968.16** | **(54)** |
| | വിൽപ്പന, വ്യാപാര നികുതികൾ | 19225.75 | (38) | 19649.64 | (39) | 17689.17 | (37) | 22487.42 | (39) | 26,875.78 | (37) |
| | സംസ്ഥാന എക്സൈസ് | 2521.40 | (5) | 2255.28 | (4) | 2329.22 | (5) | 2032.23 | (4) | 2,875.95 | (4) |
| | വാഹന നികുതി | 3708.61 | (7) | 3721.14 | (7) | 3386.28 | (7) | 4037.10 | (7) | 5,386.81 | (8) |
| | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3693.17 | (7) | 3615.01 | (7) | 3489.59 | (7) | 4857.33 | (8) | 6,216.71 | (9) |
| | ഭൂനികുതി | 202.78 | | 332.42 | | 493.35 | | 470.84 | (1) | 718.90 | (1) |
| | മറ്റു നികുതികൾ | 240.11 | | 263.39 | | 196.12 | | 229.75 | | 312.84 | |
| | സംസ്ഥാന ചരക്കു സേവന നികുതി | 21014.71 | (42) | 20446.95 | (41) | 20028.31 | (42) | 24169.81 | (41) | 29,513.28 | (41) |
| | ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിക്കുന്ന മറ്റ് നികുതികളും തീരുവകളും | 37.57 | | 39.31 | | 48.80 | | 56.04 | | 67.89 | |
| (ii) | **നികുതിയേതര വരുമാനം** | **11783.24** | **(13)** | **12265.22** | **(14)** | **7327.31** | **(8)** | **10462.51** | **(9)** | **15,117.95** | **(11)** |
| (iii) | **കേന്ദ്ര നികുതികളിലേയും തീരുവകളിലേയും സംസ്ഥാന വിഹിതം** | **19038.17** | **(20)** | **16401.05** | **(18)** | **11560.40** | **(12)** | **17820.09** | **(15)** | **18,260.68** | **(14)** |
| (iv) | **കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായം** | **11388.96** | **(12)** | **11235.26** | **(12)** | **31068.28** | **(32)** | **30017.12** | **(26)** | **27,377.86** | **(21)** |
| 2. | **പലവക മൂലധന വരവുകൾ** | **46.50** | | **27.48** | | **34.15** | | **60.27** | | **49.94** | |
| 3. | **വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവ്** | **210.54** | | **295.32** | | **263.82** | | **479.24** | | **409.29** | |
| 4. | **മൊത്തം വരവും കടം ഒഴികെയുള്ള മൂലധന വരവുകളും (1+2+3)** | **93111.51** | | **90547.47** | | **97914.80** | | **117179.75** | | **1,33,183.88** | |
| 5. | **പൊതുകടം വരവുകൾ** | **33445.92** | | **60407.05** | | **69735.36** | | **64932.14** | | **54,007.17** | |
| | ആഭ്യന്തര കടം (ഓവർഡ്രാഫ്റ്റും വേയ്സ് ആന്റ് മീൻസ് മുൻകൂറുകളും ഒഴികെ) | 232965.63 | (70) | 22511.19 | (37) | 33493.87 | (48) | 32592.64 | (50) | 35,737.73 | (66) |
| | ഓവർഡ്രാഫ്റ്റ് ഒഴികെ വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾക്ക് കീഴിലെ തനി ഇടപാടുകൾ | 9698.12 | (29) | 35745.17 | (59) | 29222.75 | (42) | 22874.48 | (35) | 15745.01 | (29) |
| | ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 452.17 | (1) | 2150.69 | (4) | 7018.74 | (10) | 9465.02 | (15) | 2524.43 | (5) |
| 6. | **സഞ്ചിതനിധിയിലെ മൊത്തം വരവുകൾ (4+5)** | **126557.43** | | **150954.52** | | **167650.16** | | **182111.89** | | **187191.05** | |
| 7. | **ആകസ്മിക നിധി വരവുകൾ** | .. | | .. | | .. | | .. | | .. | |
| 8. | **പൊതുകണക്ക് വരവുകൾ** | **254069.02** | | **261788.85** | | **350861.93** | | **355961.24** | | **3,37,441.36** | |
| 9. | **സംസ്ഥാനത്തിന്റെ ആകെ വരവ് (6+7+8)** | **380626.45** | | **412743.37** | | **518512.09** | | **538073.13** | | **5,24,632.41** | |

**ബ്രാക്കറ്റിലെ കണക്കുകൾ ഓരോ ഉപശീർഷകങ്ങളിലെ ആകെ തുകയുടെ ശതമാനത്തിന് (പൂർണ്ണമാക്കി) പ്രതിനിധീകരിക്കുന്നു.**

## അനുബന്ധം 1.2 തുടരുന്നു

(₹ കോടിയിൽ)

| | ഇനങ്ങൾ | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|---|---|---|---|
| **10.** | **റവന്യൂ ചെലവ്** | **110316.39** | **(92)** | **104719.92** | **(92)** | **123446.33** | **(89)** | **146179.51** | **(90)** | **141950.93** | **(89)** |
| | പദ്ധതി | 13890 | (13) | 12036 | (11) | 17939.54 | (15) | 18433.01 | (13) | 17358.53 | (12) |
| | പദ്ധതിയേതരം | 96426 | (87) | 92684 | (88) | 105506.79 | (85) | 127746.49 | (87) | 124592.40 | (88) |
| | പൊതുസേവനങ്ങൾ (പലിശ കൊടുക്കൽ ഉൾപ്പെടെ) | 50827.13 | (46) | 55504.03 | (53) | 50360.72 | (41) | 70110.00 | (48) | 69831.68 | (49) |
| | സാമൂഹ്യ സേവനങ്ങൾ | 38210.77 | (35) | 34044.77 | (33) | 44832.44 | (36) | 50695.61 | (35) | 50275.91 | (35) |
| | സാമ്പത്തിക സേവനങ്ങൾ | 12379.77 | (11) | 9107.25 | (9) | 18760.72 | (15) | 15713.81 | (11) | 12280.82 | (9) |
| | ധനസഹായവും, അംശദാനവും | 8898.72 | (8) | 6063.87 | (6) | 9492.45 | (8) | 9660.09 | (7) | 9562.52 | (7) |
| **11.** | **മൂലധന ചെലവ്** | **7430.54** | **(6)** | **8454.80** | **(7)** | **12889.65** | **(9)** | **14191.73** | **(9)** | **13996.56** | **(9)** |
| | പദ്ധതി | 6779 | (91) | 7953 | (94) | 11935.76 | (93) | 13207.69 | (93) | 13260.46 | (95) |
| | പദ്ധതിയേതരം | 652 | (9) | 502 | (6) | 953.89 | (7) | 984.04 | (7) | 736.10 | (5) |
| | പൊതുസേവനങ്ങൾ | 197.96 | (3) | 157.42 | (2) | 259.84 | (2) | 268.26 | (2) | 306.89 | (2) |
| | സാമൂഹ്യ സേവനങ്ങൾ | 1784.29 | (24) | 1090.64 | (13) | 2277.90 | (18) | 3342.63 | (24) | 3030.08 | (22) |
| | സാമ്പത്തിക സേവനങ്ങൾ | 5448.29 | (73) | 7206.74 | (85) | 10351.91 | (80) | 10580.84 | (74) | 10659.59 | (76) |
| **12.** | **വായ്പകളും മുൻകൂറുകളും നൽകിയത്** | **2322.89** | **(2)** | **1210.22** | **(1)** | **2548.51** | **(2)** | **2854.29** | **(2)** | **2790.93** | **(2)** |
| 13 | ആകെ (10+11+12) | 120069.82 | | 114384.94 | | 138884.49 | | 163225.53 | | 158738.42 | |

**ഭാഗം ബി : ചെലവ്**

| | ഇനങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| **14.** | **പൊതുകടം തിരിച്ചടവ്** | **18195.99** | **44001.28** | **38927.85** | **35900.00** | **35,980.76** |
| | ആഭ്യന്തരകടം (ഓവർഡ്രാഫ്റ്റും വെയ്സ് ആന്റ് മീൻസ് മുൻകൂറുകളും ഒഴികെ) | 7805.12 | 8072.02 | 8449.99 | 12275.14 | 19392.26 |
| | ഓവർഡ്രാഫ്റ്റ് ഒഴികെ വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾക്ക കീഴിലെ തനി ഇടപാടുകൾ | 9698.12 | 35215.35 | 29752.57 | 22874.48 | 15745.01 |
| | ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 692.75 | 713.91 | 725.29 | 750.38 | 843.49 |
| **15.** | **ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം** | ... | ... | ... | ... | ... |
| **16.** | **സഞ്ചിത നിധിയിൽ നിന്നുള്ള ആകെ ചെലവുകൾ (13+14+15)** | **138265.81** | **158386.22** | **177812.33** | **199125.53** | **194719.18** |
| **17.** | **ആകസ്മിക നിധിയിൽ നിന്നുള്ള ചെലവുകൾ** | **...** | **75** | **0** | **0** | **0** |
| **18.** | **പൊതുകണക്കിൽ നിന്നുള്ള ചെലവുകൾ** | **242890.37** | **254475.08** | **337817.00** | **336440.12** | **3,27,399.50** |
| **19.** | **സംസ്ഥാനത്തിന്റെ ആകെ ചെലവ് (16+17+18)** | **381156.18** | **412936.30** | **515629.33** | **535565.65** | **522118.68** |
| **ഭാഗം സി: മറ്റു കമ്മികൾ** | | | | | | |
| **20.** | **റവന്യൂ കമ്മി(110)** | **17461.92** | **14495.25** | **25829.50** | **29539.27** | **9226.28** |
| **21.** | **ധനകമ്മി (413)** | **26958.31** | **23837.47** | **40969.69** | **46045.78** | **25554.54** |
| **22.** | **പ്രാഥമിക കമ്മി(2123)** | **10210.39** | **4622.77** | **19994.33** | **22742.96** | **378.18** |
| **ഭാഗം ഡി: മറ്റു വിവരങ്ങൾ** | | | | | | |
| 23. | പലിശ ചെലവ് (റവന്യൂ ചെലവിൽ ഉൾപ്പെട്ടത്) | 16747.92 | 19214.70 | 20975.36 | 23302.82 | 25,176.36 |
| 24. | തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം | 19382.62 | 12132.04 | 20504.85 | 16258.55 | 15843.71 |
| 25 | വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ എടുത്തത്/ പ്രത്യേക ഡ്രോയിംഗ് സൗകര്യം (ദിവസങ്ങൾ) | 67 | 234 | 195 | 110 | 54 |

**ബ്രാക്കറ്റിലെ കണക്കുകൾ ഓരോ ഉപശീർഷകങ്ങളിലെ ആകെ തുകയുടെ ശതമാനത്തിനെ (പൂർണ്ണമാക്കി) പ്രതിനിധീകരിക്കുന്നു.**

**അനുബന്ധം 1.2 തുടരുന്നു** (₹ കോടിയിൽ)

| | ഇനങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 26. | ഓവർഡ്രാഫ്റ്റ് എടുത്തത് (ദിവസങ്ങൾ) | ഇല്ല | 57 | 35 | 14 | 1 |
| 27. | വേയ്സ് ആന്റ് മീൻസ്/ഓവർ ഡ്രാഫ്റ്റിനുള്ള പലിശ | 3.55 | 28.21 | 26.95 | 13.90 | 5.66 |
| 28. | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) നിലവിലെ വിലയിൽ | 788285.58 | 812934.63 | 771723.89 | 934541.75 | 1046188.14 |
| 29. | നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ (വർഷാവസാനം) | 241614.51 | 265362.36 | 308386.01 | 357392.76 | 358030.38 |
| 30. | നിലവിലുള്ള ഗ്യാരണ്ടികൾ (വർഷാവസാനം) | 26834.65 | 27757.01 | 31714.27 | 44369.85 | 50374.49 |
| 31. | ഗ്യാരണ്ടി നൽകിയ ഉയർന്ന തുക (വർഷത്തിൽ) | 46796 | 43433,30 | 49076.88 | 60604.04 | 75895.65 |
| 32. | പൂർത്തീകരിക്കാത്ത പദ്ധതി/ പണികളുടെ എണ്ണം | 270 | 295 | 354 | 274 | 233 |
| 33. | പൂർത്തീകരിക്കാത്ത പദ്ധതി/ പണികളിൽ തടയപ്പെട്ട മൂലധനം | 1292 | 1302 | 1362.35 | 1199.78 | 85.45 |

| | ഇനങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| **ഭാഗം ഇ : സാമ്പത്തികാരോഗ്യ സൂചകങ്ങൾ** | | | | | | |
| I | **വിഭവ സമാഹരണം** | | | | | |
| | തനതു നികുതി വരുമാനം/ ജിഎസ്ഡിപി | 6.42 | 6.19 | 6.18 | 6.24 | 6.88 |
| | തനതു നികുതിയേതര വരുമാനം/ ജിഎസ്ഡിപി | 1.49 | 1.51 | 0.95 | 1.12 | 1.45 |
| | കേന്ദ്ര സഹായങ്ങൾ/ ജിഎസ്ഡിപി | 3.86 | 3.40 | 5.52 | 5.12 | 4.36 |
| II | **ചെലവിന്റെ പരിപാലനം** | | | | | |
| | മൊത്തം ചെലവ്/ ജിഎസ്ഡിപി | 15.23 | 14.07 | 18.00 | 17.47 | 15.17 |
| | മൊത്തം ചെലവ്/ റവന്യൂ വരവുകൾ | 129.31 | 126.78 | 142.28 | 139.94 | 119.6 |
| | റവന്യൂ ചെലവ്/ മൊത്തം ചെലവ് | 91.88 | 91.55 | 88.88 | 89.56 | 89.42 |
| | സാമൂഹ്യ സേവനങ്ങൾക്കുള്ള റവന്യൂ ചെലവ്/ മൊത്തം ചെലവ് | 31.82 | 29.76 | 32.28 | 31.06 | 31.67 |
| | സാമ്പത്തിക സേവനങ്ങൾക്കുള്ള റവന്യൂ ചെലവ്/ മൊത്തം ചെലവ് | 10.31 | 7.96 | 13.51 | 9.63 | 7.74 |
| | മൂലധനചെലവ്/ മൊത്തം ചെലവ് | 6.19 | 7.39 | 9.28 | 8.69 | 8.82 |
| | സാമൂഹ്യ സാമ്പത്തിക സേവനങ്ങൾക്കുള്ള മൂലധന ചെലവ് /മൊത്തം ചെലവ് | 6.02 | 7.25 | 9.09 | 8.53 | 8.62 |

**അനുബന്ധം 1.2 അവസാനിക്കുന്നു**

| ഇനങ്ങൾ | | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| **ഭാഗം ഇ : സാമ്പത്തികാരോഗ്യ സൂചകങ്ങൾ** | | | | | | |
| III | **സാമ്പത്തിക അസന്തുലിതാവസ്ഥയുടെ പരിപാലനം** | | | | | |
| | റവന്യൂ കമ്മി/ജിഎസ്ഡിപി | -2.22 | -1.78 | -3.35 | -3.16 | -0.88 |
| | ധനക്കമ്മി/ജിഎസ്ഡിപി | -3.42 | -2.93 | -5.31 | -4.93 | -2.44 |
| | പ്രാഥമിക കമ്മി/ ജിഎസ്ഡിപി | -1.3 | -0.57 | -2.59 | -2.43 | -0.04 |
| | റവന്യൂ കമ്മി/ധനകമ്മി | 64.77 | 60.81 | 63.05 | 64.15 | 36.1 |
| IV | **സാമ്പത്തിക ബാധ്യതകളുടെ പരിപാലനം** | | | | | |
| | സാമ്പത്തിക ബാധ്യതകൾ/ ജിഎസ്ഡിപി | 30.65 | 32.64 | 39.96 | 38.24 | 36.80 |
| | സാമ്പത്തിക ബാധ്യതകൾ/ റവന്യൂ വരവുകൾ | 260.21 | 294.11 | 315.91 | 306.41 | 290.1 |
| V | **മറ്റ് സാമ്പത്തികാരോഗ്യ സൂചകങ്ങൾ** | | | | | |
| | മുതൽ മുടക്കിൽ നിന്നുള്ള ആദായം (ശതമാനം) | 1.60 | 1.14 | 1.18 | 2.33 | 0.46 |
| | സാമ്പത്തിക ആസ്തികൾ/ ബാധ്യതകൾ | 0.4 | 0.4 | 0.4 | 0.4 | 0.41 |

**അനുബന്ധം 1.3**
**കേരള സർക്കാരിന്റെ 2023 മാർച്ച് 31 ലെ സംഗ്രഹിത സാമ്പത്തിക സ്ഥിതി**
**(സൂചിക: ഖണ്ഡിക 1.5.2; പുറം 12 )**

(₹ കോടിയിൽ)

| 2022 മാർച്ച് 31 ന് | ബാധ്യതകൾ | | 2023 മാർച്ച് 31 ന് |
|---|---|---|---|
| **210791.59** | **ആഭ്യന്തര കടം** | | **227137.07** |
| 1,83,522.00 | പലിശ വാഹക വിപണി വായ്പകൾ | 1,99,142.00 | |
| 0.04 | പലിശ രഹിത വിപണി വായ്പകൾ | 0.04 | |
| 447.83 | ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുള്ള വായ്പകൾ | 267.03 | |
| 117.79 | ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുള്ള വായ്പകൾ | 100.98 | |
| 2973.45 | നബാർഡിൽ നിന്നുള്ള വായ്പകൾ | 2,797.58 | |
| 495.97 | ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ | 696.58 | |
| 667.09 | മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | 532 | |
| 22566.54 | കേന്ദ്ര സർക്കാരിന്റെ ദേശീയ ലഘു സമ്പാദ്യ നിധിയിലേക്ക് പ്രത്യേക കടപത്രങ്ങൾ നൽകിയത് | 23,599.99 | |
| 0.88 | നഷ്ടപരിഹാരങ്ങളും മറ്റ് ബോണ്ടുകളും | 0.87 | |
| 0 | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓവർഡ്രാഫ്റ്റുകൾ ഒഴികെയുള്ള വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ | 0 | |
| 0 | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റുകൾ | 0 | |
| **23688.27** | **കേന്ദ്ര ഗവൺമെന്റിന്റെ വായ്പകളും മുൻകൂറുകളും** | | **25,369.21** |
